

മലയാളരാജ്യം
ആഴ്ചപതിപ്പ്



THE MALAYALA RAJYAM
ILLUSTRATED WEEKLY

6th April 1953.

Three Annas



മജ്നു

ഒരു ഹാസ്യനടൻ, കഥാകൃത്ത്, സംവിധായകൻ എന്നീ നിലകളിലെല്ലാം ഹിന്ദീ സിനിമാരംഗത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു കലാകാരനത്രെ മജ്നു. മജ്നു ഇതിനകം എത്ര സിനിമാകളിൽ അഭിനയിച്ചിട്ടുണ്ടെന്നു് ആ നടനതന്നെ നല്ല ഓർമ്മയില്ല. അത്രയധികം ചലച്ചിത്രങ്ങളിൽ മജ്നു ഇതിനകം അഭിനയിച്ചിട്ടുണ്ടു്. അമൃതസരസ്സിൽ നിരവധി സിനിമാതിയേറ്ററുകളുടെ ഉടമസ്ഥാവകാശമുള്ള ഒരു കുടുംബത്തിലാണു മജ്നു ജനിച്ചതുതന്നെ. വളരെ ചെറുപ്പത്തിൽതന്നെ ധാരാളം സിനിമകളും അദ്ദേഹം ദർശിച്ചു. ചലച്ചിത്രകലയുടെ വിവിധവശങ്ങളെക്കുറിച്ചു് ശാസ്ത്രീയമായ പരിജ്ഞാനമാർജ്ജിക്കുന്നതിനു മജ്നുവിനു് മോഹമുദിക്കുകയും അതിനുവേണ്ടി ഹോളീവുഡ്സ്റ്റുഡിയോലേക്കു പോകുന്നതിനും മജ്നു തീരുമാനിക്കുകയും ചെയ്തു. എന്നാൽ സാമ്പത്തികവൈഷമ്യങ്ങളാൽ അദ്ദേഹത്തിന്റെ അഭിലാഷം സാഫല്യമടഞ്ഞില്ല. തുടർന്നു് ഗ്രാൻഡ് സക്സ് കമ്പനിയിൽ ഒരു ബാഹ്യനായി ചേർന്ന മജ്നു ഇന്ത്യയിലെ പല പട്ടണങ്ങളിലും പര്യടനം നടത്തി. അതിനുശേഷം ലാഹോറിലെ ഷോറിഫിലിംകമ്പനിയിൽ ചേർന്ന മജ്നു സിനിമയിൽ ചെറിയ ഭാഗങ്ങൾ അഭിനയിച്ചു. പക്ഷേ ഇന്ത്യാ-പാകിസ്ഥാൻ വിഭജനം സംബന്ധിച്ചുണ്ടായ കുഴപ്പങ്ങൾമൂലം ലാഹോറിലെ ഷോറി ഫിലിംസിന്റെ പ്രവർത്തനം അവസാനിപ്പിക്കേണ്ട പരിതഃസ്ഥിതി അതു വിളിച്ചുവരുത്തി. കുറേത്തൊരുകാലത്തേക്കു മജ്നുവും തൊഴിലില്ലായ്മയുടെ വിഭേയനായിത്തീരുകയുംചെയ്തു.

1913 നവംബർ രണ്ടാംതീയതിയാണു് മജ്നുവിന്റെ ജനനം. മജ്നുവിന്റെ മാതാവു് ഒരു സ്കൂൾ ഇൻസ്പെക്ടറസ്സായിരുന്നു. സുപ്രസിദ്ധ ബാറിസ്റ്റർമെൻറൻ കളിക്കാരനായ ജോഫ്രി ലിവ്സ് മജ്നുവിന്റെ ഒരു സഹോദരനാണു്. സിനിമാ കണ്ടതിനുശേഷം വീട്ടിൽ മടങ്ങിയെത്തിയാൽ സിനിമാനടന്മാരെ അനുകരിച്ചു് അഭിനയിക്കുന്നതു് മജ്നുവിന്റെ ഒരു സ്വഭാവവിശേഷമായിരുന്നു. ഡൽഹിയിലെ ഒരു ബോർഡിംഗ് സ്കൂളിൽ വിദ്യാഭ്യാസംചെയ്തതിനുശേഷം മജ്നു നിയോഗിക്കപ്പെട്ടെങ്കിലും പഠിത്തത്തിൽ മജ്നുവലിയ താല്പര്യം പ്രദർശിപ്പിച്ചില്ല. ഒടുവിൽ ഒരു സിനിമാനടനാകുന്നതിനായി മജ്നു വിദ്യാലയജീവിതമുപേക്ഷിച്ചു് ബോംബെയിലേക്കു തിരിച്ചു. ബോംബെയിലെ പല സ്റ്റുഡിയോകളിലും അലഞ്ഞുതിരിഞ്ഞിട്ടും മജ്നുവിനെ ആരും ശ്രദ്ധിച്ചില്ല. കൈവശമുണ്ടായിരുന്ന പണമെല്ലാം ചെലവായതുകൊണ്ടു് മജ്നു ബോംബെയിലെ "ഡോക്ക്യാർഡിൽ" ഒരു കൂലിക്കാരനായിവേലയുംചെയ്തു. കൂലിവേലചെയ്തു് കുറച്ചു പണമുണ്ടാക്കിയിട്ടു് മജ്നു കൽക്കട്ടയിലേക്കു പുറപ്പെട്ടു. വളരെ സാഹസപ്പെട്ടതിനുശേഷം കൽക്കട്ടയിലെ ബ്രിട്ടീഷു ഡൊമിനിയൻ പിക്ചേഴ്സിൽ മജ്നുവിനു ഒരു ജോലി ലഭിച്ചു. ഒരു സ്റ്റുഡിയോയിൽ ജോലിചെയ്യുവാൻ സൌകര്യംലഭിച്ചുതുതന്നെ മജ്നുവിനു് ഒരു മഹാഭാഗ്യമായി തോന്നി. പക്ഷേ മജ്നുവിന്റെ മാതാവു് അദ്ദേഹത്തെ സ്റ്റുഡിയോയിൽനിന്നു തിരിച്ചുവിളിച്ചുകൊണ്ടുപോയി പള്ളിക്കൂടത്തിൽചേർത്തു് പഠിപ്പിക്കുവാൻ ശ്രമിച്ചു. മാതൃമമ്മ വിദ്യാർത്ഥികളുടെകൂടി വക്ഷൂഷണനും പ്രകൃതക്കാരനായിരുന്ന മജ്നു. പ്രസ്തുത കാരണത്താൽ മജ്നുവിനെ അദ്ധ്യാപകർ സ്കൂളിൽനിന്നു ബഹിഷ്കരിച്ചു. അങ്ങിനെ വീട്ടിൽ കഴിഞ്ഞുകൊണ്ടിരുന്നപ്പോഴാണു് 1929-ൽ ആർ. എൽ. ഷോറി അമേരിക്കയിൽനിന്നു മടങ്ങിവന്നു പഞ്ചാബിൽ സിനിമാനിർമ്മാണം ആരംഭിച്ചതു്. ആർ. എൽ. ഷോറി നിർമ്മിച്ച "മരണത്തിനുശേഷമുള്ള ജീവിതം" എന്ന ചിത്രത്തിൽ അഭിനയിക്കുന്നതിനു് മജ്നുവിനു് സന്ദർഭം നൽകുകയും ചെയ്തു. അതിനുശേഷം മജ്നു കുറച്ചുനാളുകൂടി ശ്രീ കെ. ഷോറിയുടെ സഹായത്തോടുകൂടി "നിർഭാഗ്യരായ കുടുംബങ്ങൾ" എന്നൊരു ചിത്രവും നിർമ്മിച്ചു. പക്ഷേ ശ്രീ കെ. ഷോറി തമസംവിനാ ബോംബയിലേക്കുതിരിച്ചു. മജ്നുവും ഷോറിയെ അനുഗമിക്കുകയുണ്ടായി. മജ്നു "മോഡേൺമജ്നു" എന്നൊരു കഥ എഴുതുകയും ശ്രീ കെ. ഷോറി അതു് ഒരു ചലച്ചിത്രമായി നിർമ്മിക്കുകയുംചെയ്തു. തുടർന്നു് ഷോറിയെ പഞ്ചാബ് ഫിലിംസ് സ്റ്റുഡിയോയിലെ ഡയറക്ടറായി ഷോറിയേയും അസിസ്റ്റന്റ് ഡയറക്ടറായി മജ്നുവിനേയും നിയമിക്കുകയുണ്ടായി. അല്പകാലത്തെ സേവനത്തിനുശേഷം മജ്നുവും ഷോറിയുംകൂടി സ്വന്തം ചിത്രങ്ങളുടെ നിർമ്മാണവും ആരംഭിച്ചു. "സിറ്റി ആഫ് സൈലൻസ്" "തംജ്" മുതലായ ചിത്രങ്ങളും അക്കാലത്തു അവർ നിർമ്മിച്ച മജ്നു ഇതിനിടയിൽ മെഡിക്കൽക്കോളേജിൽ പഠിച്ചുകൊണ്ടിരുന്ന ഒരു യുവതിയിൽ അനുരക്തനാകുകയും അവരെ വിവാഹംകഴിക്കുകയുംചെയ്തു.

ശ്രീ കെ. ഷോറി ഒരു ഹോളീവുഡ്പര്യടനംനടത്തിയശേഷം മടങ്ങിവന്നതിനുശേഷം ലാഹോറിൽ ഒരു സ്റ്റുഡിയോ സ്ഥാപിച്ചു. പ്രസ്തുത സ്റ്റുഡിയോയിൽ ഷോറി ആദ്യമായി നിർമ്മിച്ചതു "ഷാലിമാർ" എന്ന ചിത്രമായിരുന്നു. ബീഗംപാറാ, പ്രമീല, അൽ അസീർ തുടങ്ങിയ പ്രഗൽഭതാരങ്ങളും ഈ ചിത്രത്തിൽ അഭിനയിക്കുകയുംചെയ്തു. ഒരു ആഫ്ഗാൻ നിർമ്മാതാവിനുവേണ്ടി മജ്നു മറ്റൊരു ചിത്രം സംവിധാനം ചെയ്യുകയുംചെയ്തു. പക്ഷേ വിഭജനംതുടർന്നുണ്ടായ കലാപങ്ങളാലും കുഴപ്പങ്ങളാലും ഷോറിയും മജ്നുവും ലാഹോർ ഉപേക്ഷിച്ചു് ബോംബയിൽ എത്തിച്ചേരുകയും അവിടെ ചലച്ചിത്രനിർമ്മാണം ആരംഭിക്കുകയുംചെയ്തു. ഷോറി നിർമ്മിച്ച പല ചിത്രങ്ങൾക്കും കഥകളും എഴുതിയിരിക്കുന്നതു് മജ്നുവാണു്. "ഏക് ദോതീൻ" "സാമിനി കീ-ഹാവ്" "ഇഞ്ചി" "ലാറാലപ്പാ" "ചർച്ചിൽ" "ദേസ്തേ" മുതലായ ചിത്രങ്ങളും മജ്നുവിന്റെ കലാപരമായ കഴിവുകൾക്കു് സാക്ഷ്യംവഹിക്കുന്നുണ്ടു്.

മജ്നുവിൽനിന്നു സിനിമാലോകത്തിനു് ഇനിയും മഹത്തായ പല സംഭാവനകളും ലഭിക്കാവുന്നതാണു്. ആത്മാർത്ഥതയോടും നിഷ്കളങ്കതയോടുംകൂടിയാണു് മജ്നു എന്തും പ്രവർത്തിക്കുന്നതും പറയുന്നതും. അകൃത്രിമത്വത്തിന്റെയും ആത്മാർത്ഥതയുടേയും പ്രതിരൂപമായ മജ്നുവിനു് നിരവധി സുഹൃത്തുക്കളും ആരാധകരുമുണ്ടു്. കഷ്ടപ്പാടുകളോടും പ്രതികൂലസാഹചര്യങ്ങളോടും നിരന്തരമായി മല്ലടിച്ചുണ്ടു് മജ്നു ഇന്നത്തെ നിലയിലേക്കു് ഉയർന്നുവന്നിട്ടുള്ളതും മജ്നുവിന്റെ കലാപരമായ കഴിവുകൾക്കുകൂടുതൽ ആദരവും ശോഭയും ലഭിക്കാനിടയാക്കട്ടെ

★

"തിരുമാല"

ഭാവനാശക്തിയുള്ള സംവിധായകൻ, നല്ലൊരു കഥാകൃത്തു് കഴിവുള്ള സംഘടകവിദഗ്ദ്ധന്മാർ അഭിനയപാടവമുള്ള കുറച്ചു നടീനടന്മാർ ഇത്രയുംപേർ ഒന്നുചേർന്നാൽ ഏതൊരു ചലച്ചിത്രവും സാങ്കേതികമായും കലാപരമായും വിജയിക്കേണ്ടതാണു്. എന്നാൽ മലയാളചലച്ചിത്രങ്ങളെ സംബന്ധിച്ചിടത്തോളം മേല്പറഞ്ഞ ഒരേരോ കാര്യത്തിലും അവപരാജയത്തിന്റെ പാരമ്പര്യംതന്നെയാണു പുലർത്തിക്കാണുന്നതു്. കൈരളിക്കു് ആഭ്യന്തരവിഭവങ്ങളുടേയും ബിസിനസുകാരുടേയും കലാകാരന്മാരുടേയും കവിയുടേയും എം. എൽ. എ-യുടേയും സംയുക്തപ്രവർത്തനത്തിന്റെ അനന്തരഫലമായി ലഭിച്ച കലാസൃഷ്ടിയത്രെ കലാസാഗർ ഫിലിംസിന്റെ "തിരുമാല". കലാസാഗരത്തിൽനിന്നു ശ്രദ്ധമെടുത്ത "തിരുമാല യ്ക്കു്" പ്രതീക്ഷാനുസരണമുള്ള വിജയം ലഭിക്കാതെ പോയതു് നിർഭാഗ്യകരമായിപ്പോയി. ഈ ചിത്രത്തിന്റെ പരാജയത്തിനു പരോക്ഷമായ ചില കാരണങ്ങളുണ്ടെന്നു കേൾക്കുന്നു. തിരുമാലയിലെ മമ്മപ്പധാനമായ 3000 അടിയോളം സെൻസർ ബോർഡുകാർ നിർദ്ദയവും അന്യായവുമായി 'കട്ട്'ചെയ്തുകളഞ്ഞു. നവലോകത്തിനുശേഷം തിരുമാലയെപ്പോലെ മറ്റൊരു മലയാളചലച്ചിത്രത്തേയും ഇത്രമാത്രം വൈകൃതമാക്കിയിട്ടില്ലെന്നും കേൾക്കുന്നു. കേരളത്തിനു പ്രത്യേകമായ ഒരു സെൻസർബോർഡ് ഇല്ലാതെപോയതാണു് ഈ ദുരവസ്ഥയ്ക്കു കാരണവും. മദ്രാസിലെ തമിഴന്മാരെ ഉൾക്കൊള്ളിച്ചുകൊണ്ടു പേരിനു് ഒരു മലയാളിയുമായി ശ്രീ കെ. ഷോറി നിർമ്മിച്ച പല ചിത്രങ്ങൾക്കും കഥകളും എഴുതിയിരിക്കുന്നതു് മജ്നുവാണു് "ഏക് ദോതീൻ" "സാമിനി കീ-ഹാവ്" "ഇഞ്ചി" "ലാറാലപ്പാ" "ചർച്ചിൽ" "ദേസ്തേ" മുതലായ ചിത്രങ്ങളും മജ്നുവിന്റെ കലാപരമായ കഴിവുകൾക്കു് സാക്ഷ്യംവഹിക്കുന്നുണ്ടു്. മജ്നുവിൽനിന്നു സിനിമാലോകത്തിനു് ഇനിയും മഹത്തായ പല സംഭാവനകളും ലഭിക്കാവുന്നതാണു്. ആത്മാർത്ഥതയോടും നിഷ്കളങ്കതയോടുംകൂടിയാണു് മജ്നു എന്തും പ്രവർത്തിക്കുന്നതും പറയുന്നതും. അകൃത്രിമത്വത്തിന്റെയും ആത്മാർത്ഥതയുടേയും പ്രതിരൂപമായ മജ്നുവിനു് നിരവധി സുഹൃത്തുക്കളും ആരാധകരുമുണ്ടു്. കഷ്ടപ്പാടുകളോടും പ്രതികൂലസാഹചര്യങ്ങളോടും നിരന്തരമായി മല്ലടിച്ചുണ്ടു് മജ്നു ഇന്നത്തെ നിലയിലേക്കു് ഉയർന്നുവന്നിട്ടുള്ളതും മജ്നുവിന്റെ കലാപരമായ കഴിവുകൾക്കുകൂടുതൽ ആദരവും ശോഭയും ലഭിക്കാനിടയാക്കട്ടെ

★

(ശേഷം 34-ാംപേജിൽ)

മുഖചിത്രം

ശ്രീ. കെ. ജി. ശങ്കർ

ഈ ചിത്രം 57-ാമത്തെ വയസ്സിൽ എടുത്തതാണു്. പ്രതിഭാനപുരത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഹോട്ടൽ രാഷ്ട്രീയപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തിരുന്ന കാലത്തു് അതായതു് 19 വർഷങ്ങൾക്കുമുമ്പുള്ളതാണു്.

മലയാളരാജ്യം

ആഴ്ചപ്പതിപ്പ്

പുസ്തകം ൨൪ | കൊല്ലം, ൧൧൨൮ മീനം ൨൮-൦൯ തിങ്കളാഴ്ച | ലക്കം ൩൩൦

ദിവംഗതനായ ശ്രീ: ശങ്കർ

★

സേവനനിരതമായ ഒരു ജീവിതം

ശ്രീ: കെ. ജി. ശങ്കർ നിര്യാതനായിരിക്കുന്നു.

1953 മാർച്ച്മാസം 27-൦൯ രാത്രി 2 മണിക്കാണ് ശ്രീ: ശങ്കർ ഇഹലോകവാസം വെടിഞ്ഞതു്.

വടകോട്ടവീട്ടിൽ ശ്രീ: ഗോവിന്ദപ്പിള്ളയുടേയും ഉണിച്ചക്കംവീട്ടിൽ ശ്രീമതി ഈശ്വരിഅമ്മയുടേയും ഏഴു പുത്രസന്താനങ്ങളിൽ ഏറ്റവും ഇളയപുത്രനായ ശ്രീ: ശങ്കർ 1069 മിഥുനമാസത്തിലെ ചോതിനക്ഷത്രത്തിലാണ് ജന്മമെടുത്തതു്. 1128 മീനം 14-൦൯ അദ്ദേഹം ദിവംഗതനായി.

ശ്രീ: ശങ്കർ "നവപ്രബുദ്ധ കേരളത്തിലെ ഒരു ഗണനീയവ്യക്തിയായിരുന്നു" എന്നു മലയാളമനോരമ അഭിപ്രായപ്പെട്ടിട്ടുള്ളതു പരമാർത്ഥം മാത്രമാണു്. "തിരുവിതാംകൂറിലെ സ്വാതന്ത്ര്യസമരകാലത്തും ജനകീയ ഭരണകാലത്തും ശ്രീ: ശങ്കർ ശയ്യാവലംബിയായിപ്പോയിരുന്നില്ലെങ്കിൽ ഈ രാജ്യത്തിന്റെ രാഷ്ട്രീയഗതി ഇന്നത്തെപ്പോലെ അവതാളത്തിലാകുമായിരുന്നോ" എന്നു് കേരളകൗമുദി സന്ദേഹിക്കുന്നു. "സ്റ്റേറ്റുകോൺഗ്രസ്സ് പ്രക്ഷോഭണകാലത്തും ഉത്തരവാദഭരണലബ്ധിക്കുശേഷവും കെ.ജി. ശങ്കറിനെപ്പോലുള്ള ഒരു ആദർശസമ്പന്നന്റെ സേവനങ്ങളും ജനങ്ങൾക്കു് ലഭ്യമല്ലാത്തവിധത്തിൽ അദ്ദേഹം രോഗശയ്യാവലംബിയായിപ്പോയതു പല കാരണവശാൽ പല സന്ദർഭങ്ങളിൽ പലർക്കും അസഹ്യമായ ഖേദത്തിനു കാരണമായിട്ടുണ്ടു്" എന്നാണു് ദേശബന്ധു അഭിപ്രായപ്പെട്ടിരിക്കുന്നതു്. "അതിലേറെ ഖേദകരമായിരുന്നു രോഗവിവശനായി കൂട്ടിലടയ്ക്കപ്പെട്ട സിംഹത്തെപ്പോലെ അനീതികൾക്കും അക്രമങ്ങൾക്കും എതിരായി നിസ്സഹായനായി ഗർജ്ജിച്ചുകൊണ്ടു് ശങ്കർകിടന്ന ആ കിടപ്പു്."

ഉദ്ദേശം 20 സംവത്സരങ്ങൾക്കുമുമ്പാണു് ശ്രീ: ശങ്കർ വാതരോഗബാധിതനായതു്. ഒന്നരവ്യാഴവട്ടക്കാലത്തോളം അദ്ദേഹം മക്കവും രോഗഗ്രസ്തനായി കഴിഞ്ഞുകൂടുകയായിരുന്നെങ്കിലും പൊതുക്കാര്യങ്ങളിലുള്ള താല്പര്യം അദ്ദേഹം ഉപേക്ഷിച്ചിരുന്നില്ല. ലോകകാര്യങ്ങൾ സൂക്ഷ്മം പഠിച്ചു് അഭിപ്രായം രൂപീകരിക്കുന്നതിനുള്ള കഴിവു മരണദിനംവരെ അദ്ദേഹത്തിൽ ദൃശ്യമായിരുന്നു.

രണ്ടു് ശതാബ്ദങ്ങൾക്കുമുമ്പുവരെ നാനാമുഖങ്ങളായ പൊതുക്കാര്യങ്ങളിൽ സജീവമായി പ്രവർത്തിച്ചുവന്നിരുന്ന ഒരു പ്രമുഖവ്യക്തിയായിരുന്നു ശ്രീ: കെ. ജി. ശങ്കർ. രാഷ്ട്രത്തിനും സമുദായത്തിനും അഭിമാനകരമായ ഒരു ഭാവി ആ യുവനേതാവിൽ അദ്ദേഹവുമായി സമ്പർക്കത്തിലേർപ്പെട്ടവരെല്ലാം പ്രതീക്ഷിച്ചിരുന്നു.

ഹൈസ്ക്കൂൾ വിദ്യാഭ്യാസാനന്തരം ശ്രീ: ശങ്കർ ബ്രി: ഇൻഡ്യയിലെ ഒരു കോളേജിലാണു് അഭ്യസനം നടത്തിയതു്. വാണിജ്യസംബന്ധമായി ഉന്നതബിരുദം നേടുന്നതിനായി തുടർന്നു് അദ്ദേഹം ബാംബെയിലെ ഒരു കലാലയത്തിൽ ചേർന്നു. പക്ഷേ അതു പൂർത്തിയാക്കുന്നതിനു അദ്ദേഹത്തിനു സൗകര്യം ലഭിച്ചില്ല. 1921-ൽ ശ്രീ: ശങ്കർ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ ഡിഗ്രി കോഴ്സിനു ചേർന്നു.

മഹാത്മാഗാന്ധി അന്നു ഭാരതരാഷ്ട്രീയനഭോമണ്ഡലത്തിൽ ഉദിച്ചുയർന്നു കാലമായിരുന്നു. ഭാരതസ്വാതന്ത്ര്യസമരത്തിനുള്ള അദ്ദേഹത്തിന്റെ ആഹ്വാനം അനുസരിച്ചു നിരവധി യുവകേസരികളും വിദ്യാലയങ്ങളിൽനിന്നും ഇതരസ്ഥാപനങ്ങളിൽനിന്നും ഇറങ്ങി സ്വാതന്ത്ര്യഭടപംക്തിയിൽ ചേർന്നു. ഇടംപ്രഥമമായി തിരുവിതാംകൂർനിന്നു ഗാന്ധിജിയുടെ അനുയായിയായി പൊതുരംഗത്തു പ്രവേശിച്ച യുവാവു് ശ്രീ: കെ. ജി. ശങ്കർ ആയിരുന്നു.

അധികൃതസ്ഥാനങ്ങളിൽനിന്നുണ്ടായ ഭീഷണികളോ ആകർഷകങ്ങളായ പ്രലോഭനങ്ങളോ ഗണ്യമാക്കാതെ ശ്രീ: ശങ്കർ സ്വയം സ്വീകരിച്ച മാർഗ്ഗത്തിലൂടെ അചഞ്ചലനായി പുരോഗമിച്ചു. ഗാന്ധിജിയുടെ സൃഷ്ടിപരപരിപാടിയിലുൾപ്പെട്ട ഖദർപ്രചരണം അയിത്തോച്ചാടനം, മദ്യവർജ്ജനം, സമുദായൈക്യസ്ഥാപനം, രാഷ്ട്രഭാഷാപ്രചരണം എന്നിവയിലാണു് അദ്ദേഹം കൂടുതലായി ശ്രദ്ധപതിപ്പിച്ചിട്ടുള്ളതു്.

സ്വന്തമായി ഒരു ഖദർവസ്ത്രാലയം സ്ഥാപിച്ചു് അദ്ദേഹം നാട്ടുകാരെ ഖദർപ്രേമികളാക്കി പരിവർത്തനംചെയ്തു. തിരുവിതാംകൂറിൽ അക്കാലത്തു് നടന്ന മദ്യവർജ്ജനപ്രക്ഷോഭണത്തിനു അദ്ദേഹം നേതൃത്വം നൽകി. ഹരിജനോദ്ധാരണം സംബന്ധിച്ചുള്ള പ്രവർത്തനങ്ങളിൽ അദ്ദേഹം മാതൃകാപരമായ സേവനമാണു് നൽകിയിട്ടുള്ളതു്. സ്വന്തം കുടുംബവക ക്ഷേത്രത്തിൽ ഹരിജനങ്ങൾക്കു ആരാധനാസ്വാതന്ത്ര്യം നൽകിയും സ്വന്തം ഗൃഹത്തിൽ ഹരിജനങ്ങൾക്കു പന്തിഭോജനം അനുവദിച്ചുമാണു് അദ്ദേഹം തന്റെ ആദർശങ്ങൾ പ്രവർത്തിപഥത്തിൽ പ്രദർശിപ്പിച്ചതു്. തിരുവിതാംകൂറിലെ തൊഴിലാളിപ്രസ്ഥാനത്തിന്റെ ജനയിതാക്കളിൽ പ്രമുഖസ്ഥാനം വഹിച്ചു നേതൃത്വം നൽകിയതും മറന്നുകൂടാത്തതല്ല.

ഗാന്ധിജിയുടെ ആദർശങ്ങൾ പ്രചരിപ്പിക്കുന്നതിൽ ശ്രീ: ശങ്കർ കായക്ലേശമോ ധനവ്യയമോ കൂട്ടാക്കാറില്ലായിരുന്നു. എല്ലാം കോൺഗ്രസ്സ് സമ്മേളനങ്ങളിലും അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. കോൺഗ്രസ്സിന്റെ സന്ദേശങ്ങൾ പ്രചരിപ്പിക്കുക കർത്തവ്യമായിക്കരുതി അദ്ദേഹവും പ്രവർത്തിച്ചുവന്നു. നാട്ടുരാജ്യപ്രജകളുടെ അവകാശസ്ഥാപനത്തിനായി സ്റ്റേറ്റ്സ്പീപ്പിൾസ് കോൺഗ്രസ് സംഘടിപ്പിച്ചു സംസ്ഥാനമൊട്ടുക്കു് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങളും നടത്തിവന്നു. സ്റ്റേറ്റ്സ്പീപ്പിൾസ് കോൺഫറൻസിൽ അദ്ദേഹം സജീവമായ പങ്കു് നിർവ്വഹിച്ചു.

അനീതിയോടും അക്രമത്തോടും നിർദ്ദാക്ഷിണ്യം പോരാടുക ശ്രീ: ശങ്കറിന്റെ സ്വഭാവവിശേഷമായിരുന്നു. പ്രഥമർ രംഗസ്വാമിഅയ്യങ്കാരുമായി കോളേജ്യോഗത്തിലുണ്ടായ സംഘട്ടനം ഇതിനു് ദൃഷ്ടാന്തമാണു്. കൊല്ലത്തെ തൊഴിലാളിസംഘടനയെ നശിപ്പിക്കുന്നതിനുള്ള യൂറോപ്യൻമുതലാളിമാരുടെ ശ്രമങ്ങളോടു് ചെറുത്തുനിന്നു വിജയപൂർവ്വം പോരാടിയ ശ്രീ. ശങ്കറിനെ തൊഴിലാളിലോകത്തിനു് വിസ്മരിക്കാവുന്നതല്ല.

ഗാന്ധിജിയുടെ നേതൃത്വത്തിൽ സമാരംഭിച്ച പ്രക്ഷോഭണം അൽപം ശാന്തമായി അദ്ദേഹം സൃഷ്ടിപരമ

വർത്തനങ്ങളിലേയ്ക്ക് തന്റെ ശ്രദ്ധ തിരിച്ചു. ഈ ശതാബ്ദത്തിന്റെ രണ്ടാംഭാഗം പ്രായേണ ശാന്തമായ ഒരു കാലഘട്ടമായിരുന്നു. അന്നു നാം ശ്രീ: ശങ്കറിനെ കണ്ടെത്തുന്നത് ഒരു വ്യവസായസ്ഥാപനത്തിന്റെ അധിപനായിട്ടാണ്. 1926-ൽ ശ്രീരാമവിലാസം പ്രസ്സ് ശ്രീ. കെ. ജി. പരമേശ്വരൻപിള്ളയുടെ ഉടമസ്ഥതയിൽ സമാരംഭിക്കപ്പെട്ടു. ശ്രീ. ശങ്കർ ആയിരുന്നു സ്ഥാപനത്തിന്റെ മാനേജർ. ആധുനികരീതിയിലുള്ള ഒരു സ്ഥാപനമായി അതിനെ അദ്ദേഹം രൂപാന്തരപ്പെടുത്തി. വൈദ്യുതശക്തി കടംവാങ്ങുന്നതിന് ഒരു ഭരണഘടനയുണ്ടാക്കുന്നതിനുമുമ്പുതന്നെ ശ്രീരാമവിലാസം പ്രസ്സ് വൈദ്യുതശക്തിയിൽപ്രവർത്തനംനടത്തുന്ന ഒരു സ്ഥാപനമാക്കിയതു് ശ്രീ: ശങ്കറിന്റെ ഉത്സാഹത്താലായിരുന്നു.

രാഷ്ട്രീയസേവനത്തിനു് അത്യന്താപേക്ഷിതമായ ഒരു ഉപാധിയാണ് ഒരു വർത്തമാനപത്രം എന്നു ബോധ്യമുണ്ടായിരുന്ന ശ്രീ: ശങ്കർ അടുത്തുതന്നെ പത്രപ്രസിദ്ധീകരണം ആരംഭിച്ചു. 1102-ൽ മലയാളരാജ്യം ഒരു പ്രതിവാരപത്രമായി പത്രലോകത്തു് ആവിർഭവിച്ചു. മാതൃകാപരമായി പത്രപ്രവർത്തനം നടത്തിക്കാണിച്ചതു് ശ്രീ: ശങ്കർതന്നെയായിരുന്നു. കമ്പിവാർത്തകളും രാഷ്ട്രീയവും സാമൂഹ്യവും സാമ്പത്തികവും സാഹിത്യപരവുമായ വിഷയങ്ങളെ പുരസ്കരിച്ചുള്ള വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങളും, ഫോട്ടോകളും, ഹാസ്യചിത്രങ്ങളും എന്നിവയാൽ അലംകൃതമായിരുന്ന ഓരോ ലക്കവും മലയാളികൾക്കു ഞായാറ്റീതോറും അക്ഷമരായി കാത്തുകൊണ്ടിരുന്നു. ശ്രീ: ശങ്കറിന്റെ നേതൃത്വത്തിൽ ശ്രീരാമവിലാസം മുദ്രണാലയവും പുരോഗതിയിൽനിന്നു പുരോഗതിയിലേയ്ക്കു പ്രയാണംചെയ്തുവന്നു.

ഗാന്ധിജിയുടെ പ്രവർത്തനങ്ങളുടെ ശ്രീ: ശങ്കറിന്റെ ഓരോ പ്രവർത്തനത്തിനും പ്രചോദനംനൽകിയതു്. 1930 ഇന്ത്യൻസ്വാതന്ത്ര്യസമരചരിത്രത്തിലെ ഒരു സുപ്രധാനഘട്ടംകുറിക്കുന്നു. സ്വാതന്ത്ര്യസമ്പാദനത്തിനുള്ള ചരിത്രപ്രധാനമായ സത്യാഗ്രഹസമരം സമാരംഭിച്ചതു അന്നായിരുന്നു. സമരവാർത്തകൾ അന്നു് ഗ്രഹിക്കുന്നതിനു് അക്ഷമരായിരുന്ന മലയാളരാജ്യം ബന്ധുക്കൾക്കൊരു അനുഗ്രഹമായി മലയാളരാജ്യം പെട്ടെന്നൊരു സുപ്രഭാതത്തിൽ അനലിനപ്പത്രമായി രംഗപ്രവേശനം ചെയ്തു. മുന്നറിയുകാതെയുള്ള പ്രസ്തുത പരിവർത്തനം ശ്രീ: ശങ്കറിന്റെ സ്വഭാവത്തിനു് അനന്യസാധ്യമായ ഒന്നായിരുന്നു. തിരുവിതാംകൂർസംസ്ഥാനത്തിൽ രാഷ്ട്രീയബോധവും രാഷ്ട്രീയവിജ്ഞാനവും പ്രചരിപ്പിക്കുന്നതിനു് പ്രസ്തുതപത്രം നിർവ്വഹിച്ചിട്ടുള്ള സേവനങ്ങൾ എന്നും കൃതജ്ഞതയോടെ അനുസ്മരിക്കപ്പെടേണ്ടതാണ്.

മലയാളരാജ്യത്തിന്റെ പ്രസിദ്ധീകരണത്തോടുകൂടി ശ്രീ: ശങ്കറിന്റെ വസതി ഒരു സാഹിത്യസദസ്സിന്റെ ആസ്ഥാനമായിത്തീർന്നു. ഈ വി. ടുടങ്ങിയ യുവസാഹിത്യകാരന്മാരുമായി അദ്ദേഹം പുലർത്തിയിരുന്ന വിവിധവിഷയങ്ങളെപ്പറ്റിയുള്ള സരസസംഭാഷണങ്ങളുടെയും, അന്നന്നത്തെ രാഷ്ട്രീയസംഭവങ്ങളെപ്പറ്റിയുള്ള ചർച്ചകളുടെയും, നർമ്മസംഭാഷണങ്ങളുടെയുമായി പല വർഷങ്ങൾക്കു മുമ്പുതന്നെ ശ്രീ: ശങ്കർ മലയാളരാജ്യത്തിനു വേണ്ട ഉപദേശനിർദ്ദേശങ്ങൾ നൽകിവന്നു. ക്രമേണ അതിൽനിന്നും അദ്ദേഹം പിൻവാങ്ങുന്നതിനു നിർബന്ധിതനായെങ്കിലും പല ഉൽഘടഘട്ടങ്ങളിലും അദ്ദേഹത്തിന്റെ ഉപദേശം അതിനു സഹായകമായിട്ടുണ്ട്.

ശ്രീ. ശങ്കറിന്റെ നിർബ്ബന്ധപൂർവ്വമായ ക്ഷണം ആദരിച്ച് ഇന്ത്യയിലെ പല പ്രശസ്തനേതാക്കന്മാരും കൊല്ലംനഗരം സന്ദർശിക്കുന്നതിനും അദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിക്കുന്നതിനും ഇടയായിട്ടുണ്ട്. ബഹുമാന്യാതിഥികളുടെ സ്വീകരണം സംബന്ധിച്ചുള്ള സജ്ജീകരണങ്ങൾ അദ്ദേഹത്തിന്റെ ചുമതലയിലാണു നടത്തപ്പെടാറുള്ളതു്. ശ്രീ. ശങ്കറിന്റെ ക്ഷണപ്രകാരം മഹാത്മജി അദ്ദേഹത്തിന്റെ കുടുംബക്ഷേത്രം സന്ദർശിച്ചു. ആരാധനനടത്തുകയുണ്ടായതു ക്ഷേത്രപ്രവേശനം അനുവദിക്കപ്പെടുംവരെ തൻ ക്ഷേത്രദർശനം നടത്തുകയില്ലെന്നു വ്രതമെടുത്തിരുന്ന കാലത്തായിരുന്നു. അന്നു മഹാത്മജി സപരിവാരന

ഇന്ത്യൻവിമാനസേന

★

ഏപ്രിൽ 1-ാംനു- 20 വയസ്സ് തികഞ്ഞു

★

ഫ്ളൈറ്റ്ലെഫ്റ്റനൻറ് വി പി. ഭേസിൻ

നിശ്ശബ്ദമായ ദൃഢീകരണത്തിൻെറയും ക്രമപ്പെടുത്തലിൻെറയും പുരോഗതിയുടേയും മറെറാരു വർഷം കൂടെ പോയിരിക്കുന്നു. രാജ്യത്തെ ഏററവും പ്രായംകുറഞ്ഞ ഡിഫൻസ് വകുപ്പായ ഇന്ത്യൻവിമാനസേന രാഷ്ട്രസേവനത്തിലുള്ള അതിൻെറ പ്രയാണത്തിൽ മറെറാരു നാഴികക്കല്ലിൽ എത്തിയിരിക്കുന്നു. അതു് ഏപ്രിൽ 1-ാംനു-യാണു്. ഈ ദിനത്തിൽ വിമാനസേന അതിൻെറ രണ്ടു ദശവത്സരങ്ങൾ പൂർത്തിയാക്കിയ ദിവസത്തെ കുറിക്കുന്നു. ആകയാൽ ഈ അവസരത്തിൽ നമ്മുടെ വിമാനസേനയുടെ പൂർവ്വചരിത്രത്തെക്കുറിച്ചു് പരിചിന്തനം ചെയ്യുന്നതു് സമുചിതമായിരിക്കുമല്ലോ.



തമ്പരത്തിലെ ഒരു വ്യോമസേനാ പരിശീലനകേന്ദ്രത്തിലെ ഇൻഡ്യയിലെയും ബർമ്മയിലെയും പരിശീലകന്മാർ ക്ലാസ്സിൽ സംബന്ധിക്കുന്നു: പരിശീലനാനന്തരം അവർ വ്യോമശാസ്ത്രവിദഗ്ദ്ധന്മാരായി സേവനത്തിൽ ഏർപ്പെടുന്നതാണ്.

തുച്ഛമായ പ്രാരംഭത്തിൽനിന്നു് ഇന്നു കാണുന്നതരത്തിലുള്ള വിമാനസേനയുടെ വളർച്ചയിലേയ്ക്കുള്ള ഐ. ഏ. എഫിൻെറ ഉത്ഭവവും വളർച്ചയും എത്രയും താല്പര്യജനകമായിരിക്കും. സ്കീൻകമ്മിററിയുടെ ശുപാർശകളെ തുടർന്നു് ആദ്യവർഷത്തെ ഒരു അനിശ്ചിതാവസ്ഥ നിലവിലിരുന്നു. 1933 ഏപ്രിൽ 1-ാംനു- നിയമനിർമ്മാണനടപടിയനുസരിച്ചു ഇന്ത്യൻ വിമാനസേന രൂപമെടുത്തു. എന്നാൽ അക്കാലത്തെ സാമ്പത്തികാധഃപതനം നിമിത്തം അതിൻെറ പ്രാരംഭഘട്ടത്തിലുള്ള പുരോഗതി സാവകാശത്തിലായിരുന്നു. ആദ്യ ആഫീസറന്മാരും ഹാവായ് സീപ്ലായികളും എന്നറിയപ്പെടുന്ന പത്തൊൻപതുപേരും ഒന്നാമത്തെ ഐ. ഏ. എഫ്. ഫ്ളൈറ്റുമുൾപ്പെട്ട നാല വെസ്റ്റ്ലൻഡ്വാപ്പിതി വിമാനങ്ങളും ചേർന്നു ഒരു വിമാനസേനയായിട്ടാണു് അതു സേവനമാരംഭിച്ചതു്. കറാച്ചിയിലായിരുന്ന പ്രസ്തുത വിമാനസൈന്യത്തിൻെറ ആസ്ഥാനം. രണ്ടു ഫ്ളൈറ്റുകൾകൂടി രൂപീകരിക്കാൻ അഞ്ചുവർഷം വേണ്ടിവന്നു. അങ്ങനെ മൂന്നു ഫ്ളൈറ്റുകളുംചേർന്നു ഐ. ഏ. എഫിൻെറ ഒന്നാമത്തെ സ്ക്വാഡ്രനായിത്തീർന്നു.

1937-ലെ വടക്കുപടിഞ്ഞാറെ അതിർത്തിക്ഷോഭം ഈ പുതിയ സേവനവകുപ്പിനു പുതിയ പ്രവർത്തനങ്ങൾ കൈവരുത്തുകയുണ്ടായി. സൈന്യത്തിൻെറ 'ഓഴി'കളെന്ന നിലയിൽ വർത്തിച്ചുകൊണ്ടു് വർത്തനിരകൾക്കു മീതെക്കൂടി തനതു പാർക്കുകയെന്ന തന്ത്രത്തിൽ പ്രഥമ പ്രായോഗികപരിശീലനം ഇന്ത്യൻപൈലററുകൾക്കു ലഭിച്ചതു ഇവിടെയായിരുന്നു. രണ്ടുവർഷത്തിനുശേഷം അതിർത്തിയിൽ നടന്ന രണ്ടാമത്തെ പ്രവർത്തനങ്ങളിൽ ഐ. ഏ. എഫ്. വൈമാനികർ പാർക്കലിൽ പുതിയ റെക്കർഡുകൾ സൃഷ്ടിക്കുകയും വലിയ ധീരപ്രവൃത്തികൾ നടത്തുകയുംചെയ്തു.

16 ആഫീസറന്മാരും 269 പേരും ഏതാനും വാപ്പിതി വിമാനങ്ങളും ചേർന്നു ഒരു ചെറിയ വിമാനബലത്തോടെയാണ് ഐ. ഏ. എഫ്. രണ്ടാംലോകമഹായുദ്ധത്തിൽ പ്രവേശിച്ചതു്. ഏതായാലും യുദ്ധം ഈ സേനയ്ക്കാവശ്യമായ പ്രോദ്ഗമനം നൽകി. ഉത്തരക്ഷണത്തിൽ വികസനത്തിനും ആധുനീകരണത്തിനുമുള്ള ഒരു പരിപാടി ആരംഭിച്ചു. പ്രഥമപടിയെന്ന നിലയിൽ റിസാൽപൂരിൽ വി. ആർ. കണ്ടെറുകൾക്കുള്ള ഒരു ഫ്ളയിംഗ് ടെയിനിംഗ്സ്കൂൾ ഏർപ്പെടുത്തി. ഇതേത്തുടർന്നു കറാച്ചി, ജുഹു, ഡംഡം, മഗാസു്, കൊച്ചി, വിശാഖപട്ടണം എന്നിവിടങ്ങളിൽ തീരപ്രതിരോധ റിസർവുഫ്ളൈറ്റുകളുടെ ഒരു ശൃംഖലതന്നെ രൂപീകരിച്ചു. ഈ ഫ്ളൈറ്റുകളെ 1942 ഡിസംബറിൽ ഇന്ത്യയെ സമരത്തിനിറക്കിയ പേൾഹാർബർസംഭവം ഇന്ത്യൻവിമാനസേനയുടെ വികസനത്തെക്കിഴക്കേഷ്യയിൽ 1941 ത്തിനു വീണ്ടും പ്രോദ്ഗമനംനൽകി. രണ്ടുവർഷത്തിനുള്ളിൽ ഐ. ഏ. എഫ്. ഒൻപതു സ്ക്വാഡ്രൻഅടങ്ങിയ ഒരു വിമാനസൈന്യമായി മാറി. ഏഴു സ്ക്വാഡ്രനുകളും ഹരിക്കേൻവിമാനങ്ങളുടങ്ങിയതും രണ്ടു സ്ക്വാഡ്രനുകളും വെൻജിയൻസ് ഡൈവ്ബാംബറുകളും അടങ്ങിയതുമായിരുന്നു. യുദ്ധത്തിൽ ജപ്പാൻ പ്രവേശിച്ച് ആദിവസത്തിനുശേഷം നമ്പർ 1 സ്ക്വാഡ്രനെ സയ്വിമാനസേനയുടെ കൂടെ ബർമ്മയിലേയ്ക്കു നിയോഗിച്ചു. ഇന്ത്യൻവിമാനസേനയ്ക്കു പൈലറ്റിൻെറ കാര്യത്തിലും സജ്ജീകരണങ്ങളുടെ കാര്യത്തിലും ഗണ്യമായ നഷ്ടം സംഭവിച്ചുവെങ്കിലും കരസൈന്യവുമായുള്ള സഹകരണത്തിലും സമരതന്ത്രപ്രധാനമായ ബാംബിംഗിലും അതു ഗണ്യമായ സേവനം നടത്തി. പിന്നീടു് ആരക്കാൻസമരത്തിലും ഇംഫാൽസമരത്തിലും ഐ. ഏ. എഫ്. പ്രശസ്തമായി സേവനം അനുഷ്ഠിച്ചു. അങ്ങനെ അതു "പതിനാലാംസൈന്യത്തിൻെറ ദൃഷ്ടികളും ശ്രോത്രങ്ങളുമായി" ഭവിച്ചു.

യുദ്ധത്തിലെ പ്രശസ്ത സേവനത്തെ പരിഗണിച്ചു 'റോയൽ' എന്ന ബഹുമതി ഐ. ഏ. എഫിനു നൽകപ്പെട്ടു. 1950 ജനുവരി 26-ാംനു- ഇന്ത്യ റിപ്പബ്ലിക്കായപ്പോഴും ഈ ബഹുമതി ഉപേക്ഷിക്കപ്പെട്ടു. കാമൺവെൽത്തു അധിനിവേശസൈന്യത്തിലെ ഒരംഗമെന്ന നിലയിൽ 1946-ൽ നാലാം സ്ക്വാഡ്രനെ ജപ്പാനിലേയ്ക്കു നിയോഗിച്ചു.

യുദ്ധവിരാമവും അതിനുശേഷവും

ശത്രുതകളുടെ സമാപനത്തോടെ ഒരു ടാൻസുപോർട്ട് സ്ക്വാഡ്രനും ഉൾപ്പെട്ട പത്തു സ്ക്വാഡ്രനുകളായി നമ്മുടെ വിമാനസേന വളർന്നു. ഇതിനു പുറമെ അസംഖ്യം മെയിൻറനൻസ്സംടെയിനിംഗ് യൂണിറുകളും അതിലുൾപ്പെട്ടിരുന്നു. എന്നാൽ ഇന്ത്യയെപ്പോലെ ഭീമമായ ഒരു രാജ്യത്തിനു മതിയാകുന്നതരത്തിൽ ഈ വിമാനസേന വികസിച്ചിരുന്നതായി പരിഗണിക്കുവാൻ നിവൃത്തിയില്ല. എന്നാൽ സത്വരമായ യുദ്ധാനന്തരഘട്ടത്തിൽ സേവനവകുപ്പിൻെറ ഭരണീകരണത്തിൽ പ്രാധാന്യം ഉൾപ്പിച്ചു. 1947 ആഗസ്റ്റോടെ ഈവഴിക്കു ഗണ്യമായ പുരോഗതിയുമുണ്ടായി.

വിഭജനം മൻകൂട്ടി ദർശിക്കപ്പെടാത്ത പ്രയാസങ്ങളെല്ലാം ഉണ്ടാക്കി. ഐ. ഏ. എഫിനു സംഖ്യാബലത്തിലും സജ്ജീകരണത്തിലും വലിയ നഷ്ടങ്ങൾ സംഭവിച്ചുവെന്നു മാത്രമല്ല അതു ശിഥിലീകൃതമാകുമെന്ന ഒരു സാദ്ധ്യതയെ അഭിമുഖീകരിക്കുകകൂടി ചെയ്തു. എന്നാൽ ഉജ്ജ്വലമായ

(ശേഷം 28-ാംപേജിൽ)

"സർ സി. വി. രാമനും രാമൻഇഫക്റ്റും"

★

— എം. ബാലരാമമേനോൻ —

സർ സി. വി. രാമനെ അറിയുന്നതിനും, വിശേഷിച്ചും ഇന്ത്യാക്കാർക്ക്, പരിചയപ്പെടേണ്ട ആവശ്യമില്ല. ഭാരതം പാരതന്ത്ര്യത്തയിൽപ്പെട്ട് പരുങ്ങിയിരുന്ന കാലത്തു ഭരണാധികാരികളുടെ സഹായമോ സഹകരണമോ പ്രോത്സാഹനംപോലുമോ കൂടാതെ ഗവേഷണങ്ങളും നടത്തി അഖിലലോകപ്രശസ്തിയാർജ്ജിച്ചവരിൽ അഗ്രഗണ്യനാണ് അദ്ദേഹം. ശാസ്ത്രലോകത്തിൽ ഇന്ത്യയ്ക്കു ഒരു സ്ഥാനം നേടിക്കൊടുക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. നോബൽസമ്മാനത്തിൽ അദ്ദേഹം ബഹുമാനിതനായി. രണ്ടു ഭാരതീയർക്കു മാത്രമേ ഈ ദിർഘകാലത്തിനുള്ളിൽ നോബൽസമ്മാനം ലഭിച്ചിട്ടുള്ളൂ—സാഹിത്യത്തിൽ ശ്രീ താഗോറിനും, ഭൗതികശാസ്ത്രത്തിൽ ശ്രീ രാമനും. ഭൗതികശാസ്ത്രത്തിൽ "രാമൻഇഫക്റ്റ്" കണ്ടുപിടിച്ച സർ, സി. വി. രാമനും. രാമൻഇഫക്റ്റും കണ്ടുപിടിച്ചതിന്റെ രജതജൂബിലി ഇയ്യിടയിൽ ആഘോഷിക്കപ്പെടുകയുണ്ടായി. രാജ്യത്തിന്റെ നാനാഭാഗത്തും തൽക്കർത്താവിനെ അനുമോദിക്കുന്നതിനും ശാസ്ത്രജ്ഞന്മാർ സമ്മേളിച്ചു. വൈദേശികരായ ഗവേഷകന്മാരും രാമനെ അനുമോദിച്ചും, അദ്ദേഹത്തിന്റെ കണ്ടുപിടുത്തത്തിന്റെ പ്രാധാന്യത്തെ വിവരിച്ചുംകൊണ്ടുള്ള സന്ദേശങ്ങളും അയച്ചു.

കണ്ടുപിടുത്തത്തിലേക്കുള്ള വഴി

1888-നവംബർ 7-നു തൃശ്ശിനാപ്പള്ളിയിൽ ഒരു അദ്ധ്യാപകന്റെ പുത്രനായി ജനിച്ചു. അദ്ധ്യാപകരുടേയും സഹപാഠികളുടേയും സവിശേഷമായ ശ്രദ്ധയ്ക്കു പാത്രീഭൂതനായും പ്രശസ്തമായ രീതിയിൽ പരീക്ഷകളിൽ വിജയിച്ചും 1907-ൽ മദിരാശി സർവ്വകലാശാലയുടെ എം. എ. ബിരുദം കൈക്കലാക്കിയതിനു ശേഷം, ശീമയ്ക്കുപോകാതെ അക്കാലത്തു ഇന്ത്യക്കാർക്കു കിട്ടാവുന്ന ഉദ്യോഗങ്ങളിൽ ഉത്തമമായ 'ഇന്ത്യൻഫിനാൻഷ്യൽ സർവ്വീസിൽ' പ്രവേശനത്തിനുള്ള മത്സരപ്പരീക്ഷക്കിരുന്നു. ഒന്നാംസ്ഥാനം കരസ്ഥമാക്കിയ രാമൻ 1907-ജൂൺ മാസത്തിൽ കല്ക്കത്തയിൽ അസിസ്റ്റന്റ് എക്കൗണ്ടന്റ് ജനറലായി നിയമിതനായി. പഠിക്കുന്ന കാലത്തുതന്നെ ഗവേഷണങ്ങളും നടത്തുന്നതിനു അദ്ദേഹം തുനിഞ്ഞിരുന്നു. ഗവേഷണങ്ങളും നടത്തുന്നതിനു നൈസർഗ്ഗികമായി ലഭിച്ച വാസന അദ്ദേഹത്തെ എക്കൗണ്ട്സ് വകുപ്പിലെ ഉദ്യോഗസ്ഥനായതിനു ശേഷവും, വിടാതെ പിടികൂടി. ജോലിത്തിരക്കു നല്ലപോലെ ഉണ്ടായിരുന്നെങ്കിലും ഒഴിവുസമയങ്ങളെ ഗവേഷണങ്ങൾക്കായി അദ്ദേഹം വിനിയോഗിച്ചു. കൽക്കത്തയിലെ "ഇന്ത്യൻ അസോസിയേഷൻ ഫോർ ദി കൾട്ടിവേഷൻ ഓഫ് സയൻസ്" എന്ന സ്ഥാപനത്തിലെ പ്രയോഗശാലയിൽ പരീക്ഷണങ്ങളും നടത്തുന്നതിനു അദ്ദേഹത്തിനു സൗകര്യം ലഭിച്ചു. അങ്ങിനെ പത്തുകൊല്ലത്തോളം അദ്ദേഹം ക്ലേശിക്കേണ്ട വേലയും, മനസ്സിനിണങ്ങിയ ക്ലേശിയില്ലാത്ത വേലയും എടുത്തു. ഇക്കാലത്തെ ഗവേഷണങ്ങളിലധികവും 'നാദ'ത്തെ സംബന്ധിച്ചവയായിരുന്നു. അദ്ദേഹത്തിന്റെ ഗവേഷണങ്ങൾ അനുകൽക്കത്ത സർവ്വകലാശാലയിലെ വൈസ്ചാൻസലറായിരുന്ന സർ ആശുതോഷ് മുക്കർജിയുടെ ശ്രദ്ധയെ ആകർഷിച്ചു. സർവ്വകലാശാലയെ അഭിമുഖപ്പെടുത്തുന്നതിലും പരിഷ്കരിക്കുന്നതിലും ജാഗരൂകനായിരുന്ന ആ ദീർഘദർശി, സർവ്വകലാശാലയിൽ ഒരു ഭൗതികശാസ്ത്രപ്രൊഫസ്സറുടെ ആവശ്യം നേരിട്ടപ്പോൾ രാമനെ സമീപിച്ചു. സാമ്പത്തികമായി തനിക്കുണ്ടാകാവുന്ന വമ്പിച്ച നഷ്ടത്തെ ഗണവൽഗണിച്ചു് രാമൻമുക്കർജിയുടെ ക്ഷണനത്തെ സസന്തോഷം സ്വീകരിച്ചു. ആ സംഭവം ലോകത്തിനു നല്ല ഒരു ശാസ്ത്രജ്ഞനെ നൽകി. അതു സംഭവിച്ചില്ലായിരുന്നുവെങ്കിൽ രാമൻ ഇന്നു ആരുമേതുമറിയാത്ത ഒരു റിട്ടയേർഡ് എക്കൗണ്ടന്റ് ജനറലോ മറ്റോ ആയേനേ.

1917-ലാണു രാമൻ കൽക്കത്ത സർവ്വകലാശാലയിലെ ഭൗതികശാസ്ത്രപ്രൊഫസ്സറായതു്. രണ്ടുകൊല്ലത്തിനുശേഷം ഇന്ത്യൻ അസോസിയേഷൻ ഫോർദികൾട്ടിവേഷൻ ഓഫ് സയൻസ്" എന്ന സ്ഥാപനത്തിന്റെ കായ്യദർശിസ്ഥാനവും അദ്ദേഹത്തിൽ നിക്ഷിപ്തമായി. അതോടുകൂടി അദ്ദേഹം ആ സ്ഥാപനത്തിലെ പ്രയോഗശാലകളെ പൂർവ്വാധികം പരിഷ്കരിക്കുന്നതിനും സജ്ജീകരിക്കുന്നതിനും ഒരുമ്പെട്ടു.

1921-ൽ ഓക്സ്ഫോർഡിൽവച്ചു് സമ്മേളിച്ച സർവ്വകലാശാലാ കോൺഗ്രസിലേയ്ക്കുള്ള ഒരു പ്രതിനിധി എന്ന നിലയിലാണ് രാമൻ ആദ്യമായി യൂറോപ്പു സന്ദർശിച്ചതു്. ശാസ്ത്രലോകത്തിൽ ലബ്ധപ്രതിഷ്ഠരായിരുന്ന പല മഹാന്മാരുമായി പരിചയപ്പെടുന്നതിനു ആ സന്ദർശനം സഹായിച്ചു. മറ്റൊരുതരത്തിലും ആ യാത്ര ഉപകാരപ്രദമായി. മധ്യധരണ്യാഴിയിലെ ജലത്തിന്റെ അസാധാരണമായ നീലിമ രാമന്റെ ശ്രദ്ധയെ പിടിച്ചുനിർത്തി. ആ സംഭവമാണ് അതേവരെ നാദസംബന്ധമായ പരീക്ഷണങ്ങളിലേർപ്പെട്ടിരുന്ന രാമന്റെ ഗവേഷണബുദ്ധിയെ പ്രകാശത്തിലേക്കു തിരിച്ചുവിട്ടതു്. ആ യാത്രയ്ക്കുശേഷം പ്രകാശത്തിന്റെ ചിതറലിനെ (scattering) സംബന്ധിച്ചായി രാമന്റെ പരീക്ഷണങ്ങൾ. അതുകൊണ്ടാണ് ഏകദേശം ഏഴെട്ടുകൊല്ലങ്ങൾക്കുശേഷം "രാമൻ ഇഫക്റ്റ്" പുറത്തുവന്നതു്. 1928 ഫെബ്രുവരി 28-നു 'നേച്ചർ' എന്ന വിശ്വോത്തമാസികയ്ക്കയച്ച ഒരെഴുത്തിലും അതേകൊല്ലം മാർച്ച് 16-നു സൊസൈറ്റി ഇൻഡ്യൻ സയൻസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ബാംഗ്ലൂരിൽവെച്ചു് ചെയ്ത ഒരു പ്രസംഗത്തിലും ആണ് രാമൻ തന്റെ പുതിയ കണ്ടുപിടുത്തത്തെക്കുറിച്ചു ആദ്യമായി പ്രസ്താവിച്ചതു്.

രാമൻ ഇഫക്റ്റ്

ഒരു പ്രകാശകിരണം ഒരു കണ്ണാടിയിന്മേൽ പതിക്കുകയാണെങ്കിൽ അതു ചില പ്രത്യേക നിയമങ്ങൾ അനുസരിച്ചു പ്രതിക്ഷിപ്തമാകും. പ്രകാശഭേദ്യമായ ഒരു വസ്തുവിന്മേലാണു പ്രകാശം പതിക്കുന്നതെങ്കിലോ? അതിന്റെ കൂടേഭാഗം വസ്തുവിൽ ലയിക്കും—അതു ചുടായിമാറും. ശേഷമുള്ളതു ഒരു ക്രമവുമില്ലാത്തരത്തിൽ പ്രതിക്ഷിപ്തമാകുകയും ചെയ്യും. ഇത്തരം പ്രതിക്ഷേപത്തിനെയാണ് ചിതറൽ എന്നു പറയുന്നതു്. ഇങ്ങിനെ ചിതറുന്ന പ്രകാശമാണ് ഒരു വസ്തുവിന്റെ വർണ്ണത്തെ നിശ്ചയിക്കുന്നതു്. വെളുത്ത വെളിച്ചം സപ്തവർണ്ണസങ്കലിതമാണല്ലൊ. ഒരു വസ്തുവിന്മേൽ തട്ടിവരുന്ന വെളിച്ചംമുഴുവനായാണ് നാം ആ വസ്തുവിനെ ദർശിക്കുന്നതു്. അതിന്മേൽ വീഴുന്ന വെളിച്ചത്തിലെ എല്ലാ വർണ്ണങ്ങളേയും വിഴുങ്ങിക്കളയുന്നതുകൊണ്ടു് ആ നകുത്തായി നമുക്കതോന്നുന്നു. ഒരുകൂട്ടുപ്പൂരകവർണ്ണത്തിലുള്ള വെളിച്ചത്തെമാത്രം പ്രതിക്ഷേപിക്കുകയും ബാക്കിയുള്ള വർണ്ണങ്ങളെ ലയിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടാണ് അതു ചുകന്നതായി അനുഭവപ്പെടുന്നതു്. എല്ലാപദാർത്ഥങ്ങളും, ഖനരൂപത്തിലായാലും ദ്രവകരൂപത്തിലായാലും വാതകരൂപത്തിലായാലും വേണ്ടില്ല, വെളിച്ചത്തെ ചിതറുന്നു. റാലി പ്രഭു എന്ന ആംഗലശാസ്ത്രജ്ഞൻ പ്രകാശത്തിന്റെ ചിതറലിനെ സൂക്ഷ്മമായി നിരീക്ഷിച്ചതിന്റെഫലമായി സൂര്യന്റെ വെളിച്ചത്തിലെ ഊത-നീലവർണ്ണങ്ങളും ഇതരവർണ്ണങ്ങളേക്കാളും അധികം—മഞ്ഞ, ചുകപ്പു് എന്നീ വർണ്ണങ്ങളുടെ പത്തോ പതിനഞ്ചോ മടങ്ങു ചിതറലിനു വിധേയമാകുന്നുണ്ടെന്നു മനസ്സിലാക്കി. അന്തരീക്ഷവായുവിലെ അണുക്കളും സൂര്യകിരണങ്ങളെ മുമ്പുപറഞ്ഞവിധം ചിതറുന്നു. അങ്ങിനെ ചിതറിയ പ്രകാശത്തിൽ ഊത-നീലവർണ്ണങ്ങളും ഇതരവർണ്ണങ്ങളെ അപേക്ഷിച്ചു അധികമുള്ളതുകൊണ്ടാണ് ആകാശത്തിനു നീലനിറംതോന്നുന്നതു്. ഭൂമിക്കുചുറ്റും വായുമണ്ഡലം ഇല്ലായിരുന്നുവെങ്കിൽ ആകാശം ഇരുണ്ടതായി തോന്നുമായിരുന്നു. ഇപ്പോൾതന്നെ ഏഴെട്ടുനാഴികമുകളിലേക്കുചെന്നാൽ—അവിടെവായു വളരെ വളരെ കുറഞ്ഞിരിക്കുമല്ലൊ—ആകാശം ഇരുണ്ടതായിട്ടാണ് പ്രത്യക്ഷപ്പെടുക.

പലവർണ്ണങ്ങളുടങ്ങിയ പ്രകാശം ചിതറലിനുവിധേയമാകുമ്പോൾ സംഭവിക്കുന്നതാണ് മുകളിൽ വിവരിച്ചതു്. ഇതിനെ 'റാലിസ്കാറ്ററിങ്ങ്' എന്നുവിളിച്ചുവരുന്നു. പലവർണ്ണങ്ങളുടങ്ങിയ വെളിച്ചത്തിനുപകരം ഒരേഒരു വർണ്ണത്തിലുള്ള വെളിച്ചമാണു ചിതറലിനു വിധേയമാകുന്നതെങ്കിലോ? അതിൽ ഭിന്നഭേദവും ആദ്യത്തെവർണ്ണംതന്നെയായിരിക്കും. പക്ഷെ അതിന്റെ ചെറിയൊരംശം നിറംമാറിയും പ്രത്യക്ഷപ്പെടുന്നു. ഇതാണ് 1928-ൽ രാമൻ കണ്ടുപിടിച്ചതു്. ചിതറലിന്റെ ഫലമായി പ്രകാശത്തിനുണ്ടാകുന്ന ഈ വർണ്ണപരിവർത്തനത്തെയാണ് രാമൻ ഇഫക്റ്റ് എന്നുപറയുന്നതു്.

എന്താണ് ഈ വർണ്ണപരിവർത്തനത്തിനുകാരണമെന്നു ചിന്തിച്ചുനോക്കുക? പ്രകാശത്തിന്റെ യഥാർത്ഥസ്വരൂപം ശാസ്ത്രജ്ഞന്മാർക്കിടയിൽ ഇന്നും ഒരു വിവാദവിഷയമാണ്. ചില പരീക്ഷണങ്ങളെ വ്യാഖ്യാനിക്കുവാൻ പ്രകാശത്തിനു തരംഗസ്വഭാവമുണ്ടെങ്കിലേ സാധിക്കൂ. അതേസമയത്തുതന്നെ മറ്റുചില പരീക്ഷണങ്ങളെ വ്യാഖ്യാനിക്കുവാൻ പ്രകാശത്തിനു കണികകളുടെ രൂപംനൽകിയേകഴിയൂ. 'കാണ്ടം സിദ്ധാന്ത' പ്രകാരമുള്ള പ്രകാശത്തിന്റെ ഇത്തരം കണികകൾക്കു 'ഫോട്ടോൺ'കൾ എന്നാണുപേർ. ഓരോ ഫോട്ടോണിനും പക്കൽ കുറച്ചു ഊർജ്ജം (Energy) നിക്ഷിപ്തമാണ്. അതേ ഊർജ്ജത്തെയാണ് നിശ്ചയിക്കുന്നതു പ്രകാശത്തിന്റെ വർണ്ണമാണ്. ഒരേ വർണ്ണത്തിലുള്ള പ്രകാശത്തിന്റെ കണികകളെല്ലാം ഒരേതരമായിരിക്കും. പക്ഷെ പ്രകാശത്തിന്റെ നിറംമാറുന്നതോടെ കണികകളുടെ കയ്യിലുള്ള കെട്ടിയിരിപ്പുമാറും. ഊതത്തിൽനിന്നു രക്തപ്രകാശത്തിലേക്കു ക്രമേണ പുരോഗമിക്കുന്നതോടെ

പഞ്ചവത്സരപദ്ധതിയും കാഷ്ടികപുരോഗതിയും



— വെണ്മണി, എം. എ. ഉമ്മൻ —

ഒരു സാമ്പത്തികസംവിധാനത്തിനു വിധേയമാകാത്ത രാജ്യങ്ങൾ ഇന്നു ഇല്ലതന്നെ. കഴിഞ്ഞ മുന്നു ദശാബ്ദങ്ങളിലായി റഷ്യയ്ക്കുണ്ടായ സാമ്പത്തികമായ അഭിവൃദ്ധി സാമ്പത്തികസംവിധാനത്തിന്റെ നിലയും വിലയും ഉറപ്പിച്ചുകഴിഞ്ഞു. സ്വതന്ത്രഭാരതവും ഒരു പഞ്ചവത്സരപദ്ധതിയുടെ സംരംഭങ്ങൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിരിക്കുകയാണല്ലൊ. വിപ്ലവാത്മകമായ രീതിയിൽക്കുന്നതു ആസൂത്രണംചെയ്തിട്ടില്ലെങ്കിലും തികച്ചും ഗുരുവ്യാപകമായ ഒട്ടേറെ സൃഷ്ടിപരമായ പരിപാടികളോടുകൂടിയാണ് ഈ പ്ലാൻ പ്രവർത്തിക്കുന്നതെന്നു നിസ്സംശയം പറയാവുന്നതാണ്. ആദ്യപദ്ധതികാലം റഷ്യയിൽ ഒരു പരാജയമെങ്കിൽ ഇന്ത്യയിൽ ആ അനുഭവങ്ങൾക്കു വലിയ ന്യായീകരണമുണ്ടായില്ല.

ഫ്രാൻസിലെ മോണറ്റ്പ്ലാൻ, ബ്രിട്ടനിലെ ലേബർഗവർമെന്റിന്റെ സാധാരണനയങ്ങൾക്കപ്പോലും മനസ്സിലാകത്തക്കവിധത്തിൽ ലളിതമായ ഭാഷയിൽ ഫലിതപൂർവ്വം പ്രതിപാദിക്കുന്നതിനു അദ്ദേഹത്തിനുള്ള കഴിവു് അനിതരസാധാരണമാണ്. സമർത്ഥരായ ശാസ്ത്രജ്ഞരെ തിരഞ്ഞെടുക്കുന്നതിനും അദ്ദേഹത്തിനു അസൂയാവഹമായ പാടവമുണ്ട്. അദ്ദേഹത്തിന്റെ കീഴിൽ നൂറുകണക്കിനു പേർ ജോലി എടുത്തിട്ടുണ്ട്. പലരും ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. അദ്ദേഹത്തിന്റെ വിദ്യാർത്ഥികളിൽ പലരും ഇന്നു ഇന്ത്യയിൽ പലയിടത്തുമുള്ള ശാസ്ത്രശാലകളിലും സർവ്വകലാശാലകളിലും പ്രധാനസ്ഥാനങ്ങളെ അലങ്കരിക്കുന്നു.

അറുപത്തഞ്ചുവയസ്സായെങ്കിലും ശാസ്ത്രഗവേഷണത്തിന്റെകാര്യം വരുമ്പോൾ രാമൻ ഇന്നുമൊരു യുവാവാണ്. കാലത്തു് ഏഴരമണിക്കുമുമ്പു അദ്ദേഹം പ്രേസിഡൻസിയിലെത്തുന്നു. പിന്നെ പകൽമുഴുവനും അദ്ദേഹം തന്റെ ജോലിയിൽ വ്യാപൃതനാകുന്നു.

രാമന്റെ വിജയത്തിൽ ഒരുപങ്കു അദ്ദേഹത്തിന്റെ സഹധർമ്മിണിക്കുമുണ്ട്. 1907-ൽ അദ്ദേഹം സാംഭീഷ്ടപ്രകാരം പാണിഗ്രഹണംചെയ്ത ലോകസുന്ദരി സഹധർമ്മിണിയെ ശാസ്ത്രഗവേഷണങ്ങൾക്കു പ്രോത്സാഹിപ്പിക്കുകയും മനസ്സിനെ അതിൽത്തന്നെ ഏകാഗ്രമായിവെയ്ക്കുന്നതിനുള്ള സാഹചര്യങ്ങളും സൃഷ്ടിച്ചുകൊടുക്കുകയുംചെയ്തു. ഭാരതത്തിനു ശാസ്ത്രലോകത്തിൽ അഭിമാനാർഹമായ ഒരുസ്ഥാനം നേടിക്കൊടുത്ത രാമനും അദ്ദേഹത്തിന്റെ സന്തതസഹചാരിയായ പത്നിയും ഇനിയും വളരെനാളും ജീവിച്ചിരിക്കുവാൻ ജഗന്നിയന്താവു് അനുഗ്രഹിക്കുമാറാകട്ടെ.



മേരിക്കയിലേയും പല പ്രശസ്തശാസ്ത്രസമിതികളും അദ്ദേഹത്തിനു സ്വർണ്ണമുദ്രകളും സമ്മാനിച്ചിട്ടുണ്ട്. ഇന്ത്യയിലെയെന്നല്ല യൂറോപ്പിലേയും പ്രമുഖസർവ്വകലാശാലകളിൽ മിക്കവയും അദ്ദേഹത്തെ ഡോക്ടർബിരുദം നൽകി ബഹുമാനിച്ചിട്ടുണ്ട്. ലോകത്തിന്റെ നാനാഭാഗത്തുമുള്ള പല പ്രശസ്തസമിതികളിലേയും അംഗമായ അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പല പ്രാവശ്യവും അദ്ദേഹം യൂറോപ്പും അമേരിക്കയും സന്ദർശിച്ചിട്ടുണ്ട്.

ഉദ്യോഗജീവിതം

1933-ൽ രാമൻ കല്ക്കത്താസർവ്വകലാശാലയിലെ പ്രൊഫസർപദവി രാജിവച്ചു് ബാംഗ്ലൂരിലെ ഇന്ത്യൻഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ ചേർന്നു. അദ്ദേഹത്തിന്റെ ആഭിമുഖ്യത്തിലാണ് അവിടത്തെ ഭൌതികശാസ്ത്രവകുപ്പു സ്ഥാപിതമായതും വികസിതമായതും. കുറച്ചു കൊല്ലംമുമ്പു് അദ്ദേഹം ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു പിരിഞ്ഞു. ഇപ്പോൾ അദ്ദേഹം ബാംഗ്ലൂരിൽ തന്നെയുള്ള രാമൻ റിസർച്ചുഇൻസ്റ്റിറ്റ്യൂട്ടിന്റെ നായകത്വം വഹിക്കുന്നു. മൈസൂർ ഗവർമെന്റു സംഭാവനചെയ്ത സ്ഥലത്തു രാമൻ അദ്ധ്യക്ഷനായ ഇന്ത്യൻ അക്കാഡമി ഓഫ് സയൻസ് എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ആ സ്ഥാപനം ശാസ്ത്രഗവേഷണങ്ങൾക്കുവേണ്ട അഖിലലോകപ്രശസ്തിയിലേക്കു കുതിച്ചുകൊണ്ടിരിക്കുന്നു.

രാമൻ

ഒരു ശാസ്ത്രജ്ഞൻ എന്ന നിലയിൽ മാത്രമല്ല ഒരു വാഗ്മി എന്നനിലയിലും രാമൻ പേരെടുത്തിട്ടുണ്ട്. ശാസ്ത്രീയവിഷയങ്ങളെ ഹൃദ്യമായ ഭാഷയിൽ ലളിതമായ രീതിയിൽ പ്രതിപാദിക്കുന്നതിൽ രാമനുള്ള കഴിവു് അനിതരസാധാരണമാണ്. ഇംഗ്ലണ്ടിലെ റോയൽ സൊസൈറ്റിയിലെ ഒരു 'ഫെല്ലോ'യായി തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ ഭാരതീയൻ രാമനാണ്. അതേ വർഷത്തിൽ ശാസ്ത്രാഭിവൃദ്ധിക്കുള്ള ബ്രിട്ടീഷുസംഘത്തിന്റെ ക്ഷണപ്രകാരം അദ്ദേഹം കനഡ സന്ദർശിച്ചു. ഫിലാഡെൽഫിയയിലെ ഫ്രാങ്ക്ലിൻസ്ഥാപനത്തിന്റെ ശതാബ്ദാഘോഷത്തിൽ ഇന്ത്യയുടെ പ്രതിനിധിയായി അദ്ദേഹം സംബന്ധിച്ചു. 1925-ൽ റഷ്യൻഅക്കാഡമി ഓഫ് സയൻസിന്റെ ക്ഷണത്തെ കൈക്കൊണ്ടു് അദ്ദേഹം റഷ്യയിൽ സഞ്ചരിച്ചു് പ്രസംഗങ്ങൾ ചെയ്തു. രാമൻ ഇഫക്ടു പുറത്തുവന്നതിനുശേഷം ബഹുമതികൾ രാമനിൽ വർഷിക്കപ്പെടുവാൻ തുടങ്ങി. 1929-ൽ ബ്രിട്ടീഷു് ഗവർമെന്റു് അദ്ദേഹത്തിനു സർസ്ഥാനം നൽകി. 1930-ലാണ് അദ്ദേഹത്തിനു ഭൌതികശാസ്ത്രത്തിനുള്ള നോബൽസമ്മാനം ലഭിച്ചതു്. ആ സമ്മാനം സ്വീഡനിലെ രാജാവിൽനിന്നും നേരിട്ടു വാങ്ങിക്കുന്നതിനു് ആ കൊല്ലംവസാനത്തിൽ അദ്ദേഹം വീണ്ടും യൂറോപ്പു സന്ദർശിച്ചു. ഇതിനുംപുറമേ യൂറോപ്പിലേയും അമേരിക്കയിലേയും പല പ്രശസ്തശാസ്ത്രസമിതികളും അദ്ദേഹത്തിനു സുവർണ്ണമുദ്രകളും സമ്മാനിച്ചിട്ടുണ്ട്. ഇന്ത്യയിലെയെന്നല്ല യൂറോപ്പിലേയും പ്രമുഖസർവ്വകലാശാലകളിൽ മിക്കവയും അദ്ദേഹത്തെ ഡോക്ടർബിരുദം നൽകി ബഹുമാനിച്ചിട്ടുണ്ട്. ലോകത്തിന്റെ നാനാഭാഗത്തുമുള്ള പല പ്രശസ്തസമിതികളിലേയും അംഗമായ അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പല പ്രാവശ്യവും അദ്ദേഹം യൂറോപ്പും അമേരിക്കയും സന്ദർശിച്ചിട്ടുണ്ട്.

ബഹുമതികൾ

രാമനു ലഭിച്ചിട്ടുള്ള ബഹുമതികൾ അനവധിയാണ്. 1924-ൽ അദ്ദേഹം ഇംഗ്ലണ്ടിലെ റോയൽ സൊസൈറ്റിയിലെ ഒരു 'ഫെല്ലോ'യായി തിരഞ്ഞെടുക്കപ്പെട്ടു. അതേ വർഷത്തിൽ ശാസ്ത്രാഭിവൃദ്ധിക്കുള്ള ബ്രിട്ടീഷുസംഘത്തിന്റെ ക്ഷണപ്രകാരം അദ്ദേഹം കനഡ സന്ദർശിച്ചു. ഫിലാഡെൽഫിയയിലെ ഫ്രാങ്ക്ലിൻസ്ഥാപനത്തിന്റെ ശതാബ്ദാഘോഷത്തിൽ ഇന്ത്യയുടെ പ്രതിനിധിയായി അദ്ദേഹം സംബന്ധിച്ചു. 1925-ൽ റഷ്യൻഅക്കാഡമി ഓഫ് സയൻസിന്റെ ക്ഷണത്തെ കൈക്കൊണ്ടു് അദ്ദേഹം റഷ്യയിൽ സഞ്ചരിച്ചു് പ്രസംഗങ്ങൾ ചെയ്തു. രാമൻ ഇഫക്ടു പുറത്തുവന്നതിനുശേഷം ബഹുമതികൾ രാമനിൽ വർഷിക്കപ്പെടുവാൻ തുടങ്ങി. 1929-ൽ ബ്രിട്ടീഷു് ഗവർമെന്റു് അദ്ദേഹത്തിനു സർസ്ഥാനം നൽകി. 1930-ലാണ് അദ്ദേഹത്തിനു ഭൌതികശാസ്ത്രത്തിനുള്ള നോബൽസമ്മാനം ലഭിച്ചതു്. ആ സമ്മാനം സ്വീഡനിലെ രാജാവിൽനിന്നും നേരിട്ടു വാങ്ങിക്കുന്നതിനു് ആ കൊല്ലംവസാനത്തിൽ അദ്ദേഹം വീണ്ടും യൂറോപ്പു സന്ദർശിച്ചു. ഇതിനുംപുറമേ യൂറോപ്പിലേയും അ

പ്പും ഫോട്ടോണുകളുടെ കെട്ടിയിരിപ്പും ശക്തിയും ക്രമത്തിൽ കുറഞ്ഞു കുറഞ്ഞു വരുന്നു — ഉദാഹരണത്തിന്റെ ഫോട്ടോണുകളിൽ രക്തവർണ്ണത്തിന്റെ ഫോട്ടോണുകളിലുള്ളതിന്റെ ഇരട്ടി ഊർജ്ജനിക്ഷേപമുണ്ടാകും. ഒരു ഫോട്ടോൺ ഏതെങ്കിലുമൊരു പദാർത്ഥത്തിന്റെ ഒരു അണുവിന്മേൽ ചെന്നുതട്ടുന്നുവെന്നിരിക്കട്ടെ. ഒന്നുകിൽ ആ ഫോട്ടോണിനു യാതൊരു ഊർജ്ജനഷ്ടവും കൂടാതെ ഗതിഭേദംമാത്രം ഉണ്ടായി എന്നു വരാം. അല്ലെങ്കിൽ അതിന്റെ ഊർജ്ജത്തിന്റെ ഒരു ഭാഗം ആ അണു അപഹരിച്ചതിനുശേഷം അതിനു ഗതിഭേദം ഉണ്ടായി എന്നും വരാം. അപൂർവ്വം ചില അവസരങ്ങളിൽ ആ അണുവിന്റെ ഊർജ്ജത്തിൽനിന്നും ഒരംശം തട്ടിപ്പറിച്ചശേഷം ഫോട്ടോൺ അതിന്റെ പാട്ടിനുപോയെന്നുംവരാം. ആദ്യത്തേതാണു സംഭവിക്കുന്നതെങ്കിൽ ഫോട്ടോണിന്റെ ഊർജ്ജത്തിനു മാറ്റം വരുന്നില്ല. അതായതു ആ പ്രകാശത്തിന്റെ നിറം മാറുന്നില്ല. രണ്ടാമത്തേതാണു സംഭവിക്കുന്നതെങ്കിൽ ഫോട്ടോണിന്റെ കെട്ടിയിരിപ്പുള്ള ഊർജ്ജം കുറഞ്ഞുപോകുന്നു. അതായതു പ്രകാശത്തിന്റെ വർണ്ണം ചുമപ്പിന്റെ അടുക്കലേക്കു നീങ്ങുന്നു. മൂന്നാമതു വിവരിച്ചതാണു സംഭവിക്കുന്നതെങ്കിൽ ഫോട്ടോണിലെ ഊർജ്ജനിക്ഷേപം കൂടുന്നു: അതായതു പ്രകാശത്തിന്റെ വർണ്ണം ഊതത്തിന്റെ സമീപത്തിലേക്കു നീങ്ങുന്നു. ഒരു വിശേഷംകൂടിയുണ്ട്. അണുക്കൾക്കു ഊർജ്ജത്തെ തോന്നിയപോലെ കൈമാറിക്കൂടാ. ഊർജ്ജത്തെ സംബന്ധിച്ചിടത്തോളം അവയ്ക്കു ചില നിശ്ചിത പതനങ്ങളുണ്ട്. ആ പതനങ്ങളിൽ മാത്രമേ അവയ്ക്കു വർത്തിക്കുകൂടൂ. ഇല്ലത്തുനിന്നു പുറപ്പെട്ടാൽ അമ്മാത്തെത്തണം; അല്ലാതെ വഴിയിലെവിടെയും തങ്ങിക്കൂടാ. അതുകൊണ്ടു് ആ യാത്രമുഴുവനും നിർവ്വഹിക്കത്തക്കവിധത്തിലെ അവ ഊർജ്ജത്തെ കൈമാറാറുചെയ്യൂ. അപ്പോൾ ഫോട്ടോണുകളുടെ ഊർജ്ജത്തിലുണ്ടാകുന്ന മാറ്റത്തെ അളന്നു തിട്ടപ്പെടുത്തിയാൽ അണുക്കളുടെ ഊർജ്ജപതനങ്ങളുടെ ഒരു ചിത്രം നമുക്കു ലഭിക്കും. ഫോട്ടോണുകളുടെ ഊർജ്ജത്തിലുണ്ടാകുന്ന മാറ്റം അറിയണമെങ്കിലോ? അവയുടെ കയ്യിൽ സ്വതേയുണ്ടായിരുന്ന ഊർജ്ജം എത്രയെന്നറിയണം. അതായതു ഒരേതരത്തിലുള്ള ഫോട്ടോണുകളെ ഉപയോഗിക്കണം. അതുകൊണ്ടാണ് ഏകവർണ്ണത്തിലുള്ള പ്രകാശത്തെത്തന്നെ പരീക്ഷണങ്ങൾക്കു ഉപയോഗിക്കുന്നതു്.

രാമൻഇഫക്ടിന്റെ പ്രാധാന്യവും ഉപയോഗവും

രാമൻ ഇഫക്ടിനെ സംബന്ധിച്ചു് ആറായിരത്തോളം ഗവേഷണ

ന്റെ സാമ്പത്തികസംവിധാനങ്ങൾ, റഷ്യയിലെ പഞ്ചവത്സരപദ്ധതി തുടങ്ങിയ സാമ്പത്തികസംവിധാനങ്ങളെ അപേക്ഷിച്ച്", ഭാരതത്തിന്റെ പ്ലാനിനുള്ള പ്രത്യേകത കാർഷികവികസനത്തിന്", അതിൽ കൊടുത്തിരിക്കുന്ന പ്രാധാന്യമാണ്". ആകെ ചെലവുചെയ്യുന്ന 2069 കോടി രൂപയിൽ 921.84 കോടി രൂപാ അതായത് 44.6% കൃഷിക്കും, ജലസേചനപദ്ധതികൾക്കുമായി വേർതിരിച്ചിരിക്കുന്നതിൽനിന്നും കാർഷികവികസനത്തിന കമ്മീഷൻകൊടുക്കുന്ന സ്ഥാനം പ്രത്യക്ഷമാണല്ലൊ. ഇന്ത്യ തികച്ചും ഒരു കാർഷികരാജ്യമാണെങ്കിലും ഉല്പാദനത്തിൽ ഇന്ത്യ ഏറ്റവും പിൻപന്തിയിൽമാത്രമെ നില്പുള്ളൂ. യുദ്ധവും "വിഭജനവും കൂനിന്മേൽ കുരു എന്നതുപോലെ ഉല്പാദനത്തെ സാരമായി ബാധിച്ചു. ജനസംഖ്യ വർധനവിനോടൊപ്പം ഭക്ഷ്യോല്പാദനവും വർദ്ധിക്കുന്നില്ല. 1901 മുതൽ 1951 വരെ ഇന്ത്യൻയൂണിയനിലെ ജനസംഖ്യ 23.53 കോടിയിൽനിന്നും 35.39 കോടിയായി വർദ്ധിച്ചുകഴിഞ്ഞു. അതായത് അരശതമാനംകൊണ്ട് 52 ശതമാനം വർദ്ധിക്കുന്നു. ഏക്കറിന ഇന്ത്യയിൽനിന്നും ലഭിക്കുന്ന ഉല്പാദനം വളരെ കുറവാണ്". ഒരേക്കറിൽനിന്നും 660 പൗണ്ടു ഗോതമ്പു ലഭിക്കുമ്പോൾ, ജപ്പാനിൽ 1,713 പൗണ്ടും, ജർമ്മനിയിൽ 1,918 പൗണ്ടു ലഭിക്കുന്നു. ഇന്നും ഭാരതം വിദേശഇറക്കുമതിയെ ആശ്രയിച്ചുംകഴിയുക. കേവലം സ്വയംപര്യാപ്തത എന്ന മിതമായ ലക്ഷ്യം സാധിക്കുവാൻതന്നെ കാർഷികവികസനം അനിർവാര്യമാണ്". അതിനാൽ കമ്മീഷൻകൃഷിക്കു കൊടുത്തിരിക്കുന്ന പ്രാധാന്യം ന്യായീകരിക്കാവുന്നതാണ്". കൃഷിവികസനപദ്ധതികൾമൂലം 76 ലക്ഷം ഭക്ഷ്യധാന്യങ്ങൾ ഉല്പാദിപ്പിക്കുവാനാണ് കമ്മീഷന്റെ ഉദ്ദേശം.

സാമ്പത്തികവും സാമൂഹ്യവുമായ പുരോഗതി ഉദ്ദേശിച്ചുള്ള പദ്ധതിയുടെ പരിഹാരത്തെ ആശ്രയിച്ചിരിക്കുന്നുഎന്നതാണ് ഇന്ത്യയെസംബന്ധിച്ചിടത്തോളം പരമാർത്ഥം മാത്രമാണ്". വ്യക്തവും വ്യവസ്ഥാപിതവുമായ ഒരു ഭൂനയം അനിർവാര്യമാണ്". ജന്മികുടിയാൻബന്ധത്തിൽ ഭൂഉടമയും കൃഷിയും പാരമ്പര്യമായ ചില കെട്ടുപാടുകളിൽ ബന്ധിക്കപ്പെട്ടിട്ട് അധഃപതിച്ച ഒരു നിലയിലാണ് പല സംസ്ഥാനങ്ങളിലേയും ഭൂസമ്പ്രദായം. കാർഷികപുരോഗതിയുടെ നട്ടെല്ലാണായി നില്ക്കുന്ന കൃഷിക്കാരനും ഭൂഉടമയുമായിബന്ധമില്ലാത്ത സെമിന്ദാരി മഹൽവാരി, ജഗിർദാരി തുടങ്ങിയഭൂഉടമസമ്പ്രദായങ്ങൾപ്പിട്ടീഷുകാരുടെ ഭരണസൗകര്യത്തിനുവേണ്ടി സൃഷ്ടിച്ച ഒന്നാംശ്രേണിയാണ്". ഉത്തരപ്രദേശഗവൺമെൻറും, ബോംബൈഗവൺമെൻറും ഈ സമ്പ്രദായം നിർത്തലാക്കുന്നതിൽ മുൻകൈ എടുത്തിട്ടുള്ളതു". കമ്മീഷൻ ആ നിയമം അംഗീകരിക്കുകയും ചില ചില്ലറദേഭഗതികളും നിർദ്ദേശിക്കുകയുംചെയ്തു. പരിപൂർണ്ണ ഭൂഉടമത്വത്തിൽ പങ്കുകൃഷി (share-cropping)വരെയുള്ള ബഹുമുഖമായ കുടിയാൻബന്ധം ഈ നിയമത്തിൽനിന്നും ഒഴിയുന്നതിനും, ചൂഷണം നടത്തുന്നതിനും സൗകര്യങ്ങളും സംസിദ്ധമാക്കുന്നു. ജന്മികുടിയാൻകെട്ടുപാടുകളും തുടർന്നുകൊണ്ടുപോകുന്നതിനുള്ള സാഹചര്യങ്ങളും ഇനിയും അവശേഷിക്കുന്നതേയുള്ളൂ. സമൂലമായ വ്യതിയാനം സാധിക്കുകയില്ലെങ്കിലും ഫ്യൂഡലിസ്റ്റ് വ്യവസ്ഥിതികൾക്കു ഒരു മാറ്റം അനിർവാര്യമാണെന്ന നിഷ്പക്ഷരായ ബുദ്ധിയോടുകൂടി ചിന്തിക്കുന്ന ഏവർക്കും സ്പഷ്ടമാണ്".

ചെറുതോതിലും വൻതോതിലുമുള്ള ജലസേചനപദ്ധതികൾ കമ്മീഷൻ ആസൂത്രണം ചെയ്തിട്ടുണ്ട്. വിളവുകളുടെ ഉല്പാദനംവർദ്ധിപ്പിക്കുന്നതിനും പുറമെ, വ്യവസായപുരോഗതിക്കും, തൊഴിലില്ലായ്മയുടെ പരിഹാരത്തിനും ബഹുമുഖനദീതടപദ്ധതികൾ പ്രയോജനീഭവിക്കുന്നു. ഈ നദീതടപദ്ധതികൾ മഹത്തായ ദേശീയആസ്തികളാണ്". വൻതോതിലുള്ള ജലസേചനപദ്ധതികളിൽനിന്നും 80-ലക്ഷം ഏക്കറും, ചെറുതോതിലുള്ള പദ്ധതികളിൽനിന്നും 110-ലക്ഷംഏക്കറും ഈ അഞ്ചുവർഷങ്ങൾക്കുള്ളിൽ കൃഷിക്കു ഉപയുക്തമാക്കാമെന്ന് കമ്മീഷൻ കണക്കാക്കുന്നു.

ജലസേചനപദ്ധതികളോടൊപ്പംതന്നെ ഒരുവിളവുസംവിധാനം (crop planning) കൂടി ആവശ്യമാണ്". അനിയന്ത്രിതമായി, ക്രമംകെട്ട കൃഷിസമ്പ്രദായങ്ങളെക്കാളും ഉല്പാദനവർദ്ധനവിനും മാത്രം ഒരു വിളവുസംവിധാനം അവശ്യം ആവശ്യമാണ്". കമ്മീഷൻ വിളവുസംവിധാനത്തിന് പ്രാധാന്യം നൽകാതിരിക്കുന്നതു നിർഭാഗ്യകരംതന്നെയാണ്".

കൃഷിക്കാരനു കടംവാങ്ങുവാൻ ലഭിക്കാതെ കൃഷിവികസനം ക്ഷിപ്രസാധ്യമല്ല. സഹകരണസംഘങ്ങൾമുഖേന കടംവാങ്ങുവാൻ സൗകര്യങ്ങൾ സാധിക്കുമെന്നാണ് കമ്മീഷന്റെ ബലമായ വിശ്വാസം. കൃഷിക്കാരന്റെ ആവശ്യങ്ങൾക്കനുസരണമായി കടം വാങ്ങുവാൻ സഹായം ചെയ്യുന്നതിനു ഇന്നത്തെ സഹകരണസംഘങ്ങൾ അപര്യാപ്തമായിട്ടാണ് ഇരിക്കുന്നതു". കൃഷിക്കാരന്റെ ഋണനിവാരണത്തിനും പെട്ടെന്നുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നില്ല.

സാമൂഹ്യവികസനപദ്ധതികളും ഗ്രാമോദ്ധാരണപരിപാടികളും (Rural Exterior Service) ഗ്രാമീണരുടെ സാമ്പത്തികസാമൂഹ്യനിലവാരം ഉയർത്തുന്നതിനാവശ്യമുള്ളതാണ്". ഈവകപദ്ധതികളിൽ കൃഷിക്കാരനു വിശ്വാസംജനിപ്പിക്കുന്നതിലാണ് ഇതിന്റെ വിജയമെന്നു കമ്മീഷൻ ചൂണ്ടിക്കാണിക്കുന്നു". ഒരു പരമർത്ഥം മാത്രമാണ്". അജ്ഞതയിൽ ആണ്ടുകിടക്കുന്ന ഗ്രാമീണരിൽ അവിശ്വാസം വളർത്തുക നേതൃത്വമെന്യേ ഗ്രാമീണരായി ഉദ്യോഗസ്ഥന്മാരുടെ ഗതിപ്പാട്ടിക്കളെക്കൊണ്ടു സാധിക്കുക സുഗമമല്ല.

ഉല്പാദനംമുതൽ വിപണനംവരെയുള്ള സകല സംവിധാനങ്ങളും സഹകരണാടിസ്ഥാനത്തിൽ പുരോഗമിപ്പിക്കുവാൻ കമ്മീഷൻ നിർദ്ദേശിക്കുന്നതു പൊടുന്നനവെ സാരമായ വ്യതിയാനങ്ങളും വരുത്തുകയില്ലെങ്കിലും ഭൂമിദേശസാൽക്കരണംതുടങ്ങിയ വിപ്ലവാത്മകമായ സംരംഭങ്ങളെക്കാളും ഔരതീയരുടെ സാമൂഹ്യവ്യവസ്ഥിതിക്കു അനുയോജ്യമാണ്". ഒട്ടേറെ പരിമിതികളും പരാജയങ്ങളും പ്ലാനിംഗ്കമ്മീഷന്റെ നിർദ്ദേശത്തിലുണ്ടെങ്കിലും ചെറുതോതിലുള്ള കുട്ടിച്ചേർത്തുന്തനമായ കൃഷിസമ്പ്രദായങ്ങളും ഏർപ്പെടുത്തുകയും ജലസേചനപദ്ധതികളും പ്രവർത്തിക്കുകയും ചെയ്യുന്നതോടൊപ്പം സമ്പദ്വ്യവസ്ഥിതികളുടെമാറ്റമായി നമ്മുടെ കൃഷിത്തോട്ടം മാറുകയുംചെയ്യുമെന്നു ഊഹിക്കുന്നതിൽ വലിയ തെറ്റില്ല. സാധാരണക്കാരന്റെ സാമ്പത്തികപ്രശ്നങ്ങൾക്കൊണ്ടു കാലാന്തരത്തിൽ കൂടുതലായി പ്രായോഗികമായ സംരംഭങ്ങൾ ഒരോ സംസ്ഥാനങ്ങളുടെ പ്രത്യേകസാഹചര്യങ്ങൾക്കനുസരണമായി നിർവഹിക്കപ്പെടുമെന്നു നമുക്കു ഊഹിക്കാവുന്നതാണ്". ഇൻഡ്യ സമ്പൽസമൃദ്ധമെങ്കിൽ ഇരിക്കുന്ന ഒരു ഭിക്ഷുവിനു സമമാണ്". ഇൻഡ്യയുടെ ഉല്പാദനസാധ്യതകളെ പൂർണ്ണമായിചൂഷണംചെയ്യുവാൻ കാർഷികവും വ്യാവസായികവുമായ പുരോഗതി ഒരുപോലെ സംസിദ്ധമാകേയോഗം "പൂർണ്ണതൊഴിൽ" (Full Employment) എന്ന ആധുനികസാമ്പത്തികശാസ്ത്രജ്ഞന്മാർ വിഭാവനംചെയ്യുന്ന സാമ്പത്തികവ്യവസ്ഥിതി സംജാതമാകുമെന്നുള്ളതു നിശ്ചിതമാണ്". സാവധാനത്തിലെങ്കിലും സൃഷ്ടിപരമായ സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

യോഗശാസ്ത്രം

★

(തുടർച്ച)

— ആർ. സി. ദേവ്, വെണ്മണി —

ജീവാത്മാവിന്റെ നൈസർഗ്ഗിക കഴിവുകളും ജ്ഞാനവും കർമ്മവുമാണ്. കർമ്മവ്യാപാരം സ്വയം ജീവനില്ലാത്ത അതുപോലെ ദൃശ്യപ്രപഞ്ചത്തിലും സംക്രമിക്കുന്നു. ഈ വ്യാപാരവിശേഷത്തിനാണ് യഥാക്രമം 'അന്തർമുഖീ'വൃത്തിപ്രവാഹം 'ബഹിർമുഖീവൃത്തി' എന്നും ആചാര്യന്മാർ പേർനൽകിയിട്ടുള്ളത്. ഇവിടെ ഒരുകാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ആന്തരികവ്യാപാരമുള്ളപ്പോൾ ബഹിർമുഖീവൃത്തി പ്രവർത്തിക്കുന്നതല്ല. ബാഹ്യവ്യാപാരങ്ങളുടെസമയത്തു് അന്തർമുഖീവൃത്തിയുടേയുംസ്ഥിതി ഇതുതന്നെ. ഇങ്ങനെ ജീവശക്തി ബഹിർമുഖമായി പ്രവർത്തിക്കുമ്പോൾ നാം ഇന്ദ്രിയവ്യാപാരനിരതന്മാരും അത്യന്തർമുഖമായി പ്രയാണംചെയ്യുമ്പോൾ ആത്മാനുഭൂതിയിൽ ആഖണ്ഡചിത്തരും ആയത്തീരുന്നു. ഈ രണ്ടുമണ്ഡലങ്ങളിലും മാനവസമുദായത്തിനു ആത്യന്തികമായ ആനന്ദാനുഭൂതി ഉണ്ടാകുന്നതിനുള്ള മാർഗ്ഗങ്ങളാണ് യോഗശാസ്ത്രത്തിൽക്കൂടി പതഞ്ജലിമഹർഷി നമ്മെ പഠിപ്പിക്കുന്നതു്.

മേല്പറഞ്ഞ പരമാനന്ദത്തെ പ്രാപിക്കുന്നതിനു് നാം ചിലകാര്യങ്ങൾ നിർബ്ബന്ധപൂർവ്വം അനുഷ്ഠിച്ചുതീരണം. അവയിൽ ഒന്നു നമ്മുടെസംവ്യാതീതമായ ചിത്തവൃത്തികളെ ഒന്നടക്കാൻ—ഒതുക്കിനിർത്താൻ—ശ്രമിക്കുക എന്നുള്ളതാണ്. അതെന്തിനാണ് എന്നുചോദിച്ചേക്കാം. കാരണമുണ്ട്. നിങ്ങൾക്കു എവിടെയാണെങ്കിലും എപ്പോഴാണെങ്കിലും പ്രാപ്യവ്യമായിട്ടുള്ളതു സുഖമാണല്ലോ. സുഖപ്രാപ്തിത്തന്നെ ഒന്നു ചിന്തിച്ചുനോക്കൂ അവധാനപൂർവം. വാസ്തവത്തിൽ നിങ്ങളുടെ മനസ്സല്ലേ ഇതിന്റെ സകല കർത്തവ്യവും വഹിക്കുന്നതു്. *സകലസാമഗ്രികളും സംപ്രാപ്തമാകട്ടെ, മനസ്സു തൃപ്തിഇല്ലെങ്കിൽ പിന്നെന്തോന്നാണുസുഖം? നേരേമറിച്ചു കിട്ടുന്നതു കുറെ പകിട്ടുകുറഞ്ഞതായിക്കൊള്ളട്ടെ, നിങ്ങൾക്കു സ്വയം ഒരുസംതൃപ്തിതോന്നുന്നുണ്ടെങ്കിൽ അതല്ലേ വാസ്തവത്തിൽ സുഖം? ഇവിടെവച്ചാണ് നാം കേവലഭൗതികവാദമായി പിണങ്ങിപ്പിരിയുന്നതു്. ഇതുമൊക്കെ പറഞ്ഞതിന്റെ അർത്ഥം വാസ്തവികസുഖോപലബ്ധിക്കു വേണ്ടി ചിത്തവൃത്തികളെ വാണിപ്പെട്ടം നിരോധിക്കണം. പോരാ; അവയെ ഏകാഗ്രതയിലേക്കു് ആനയിക്കുകയുംകൂടി ചെയ്യേണ്ടിയിരിക്കുന്നു എന്നാണ്. ഇതും ശ്രദ്ധേയമായ ഒരു വസ്തുതയാണ്. ചിത്തവൃത്തികളെ ഇങ്ങനെ നിരോധിച്ചു ഏകാഗ്രതയുടെ 'ഇളകാത്തകാറ്റിൽ കെടിയിട്ടെങ്കിൽമാത്രമേ മതികെട്ടുകിടക്കുന്നുള്ളിൽപോലും വിജനംപ്രവേശിക്കാൻ സാധിക്കുകയുള്ളു. പിന്നെ ആത്മാനുഭൂതികൊണ്ടുള്ളതൊക്കെപ്പറഞ്ഞാൽ പറയേണ്ടതില്ലല്ലോ.

മഹാത്മാനാരായൺ സ്വാമിയുടെ അഭിപ്രായത്തിൽ ചിത്തം ഒരു സമുദ്രമാണെങ്കിൽ അതിൽ അനന്തമിഷ്മമെന്നോണം ആഞ്ഞടിക്കുന്ന തരംഗപരമ്പരയാണ് ചിത്തവൃത്തികൾ. ഇവയെ അഭ്യാസിച്ചു വിജയിച്ചിരിക്കണം. § 1. പ്രമാണം 2. വിപര്യയം 3. വികല്പം 4. നിദ്ര 5. സ്മൃതി. സകല ചിത്തവൃത്തികളേയും ഈ അഞ്ചുവിഭാഗത്തിൽ ഉൾപ്പെട്ടതാക്കുന്നതാണ്. ഇവയെല്ലാം തന്നെ ഇന്ദ്രിയങ്ങൾവഴിയായിട്ടാണ് പ്രപഞ്ചത്തിലേക്കു പ്രസരിക്കുന്നതു്. ബാഹ്യവ്യാപാരം നിരോധിക്കപ്പെട്ടാലോ, മുൻപറഞ്ഞപോലെ ഇവ അന്തർമുഖമായി പ്രസംഹരിക്കാൻ ആരംഭിക്കുന്നു. യോഗശാസ്ത്രത്തിന്റെ സകല സാധനകളും ഇതേലക്ഷ്യത്തെത്തന്നെ ലാക്കാക്കിയാണ് പ്രവർത്തിക്കുന്നതു്.

ചിത്തത്തിന്റെ ഏകാഗ്രത

മേൽപറഞ്ഞതിൽനിന്നു ചിത്തവൃത്തിനിരോധനത്തിന്റെ ആത്യന്തികഗൗരവം നമുക്കു മനസ്സിലാക്കാൻ കുറെയൊക്കെ കഴിയുന്നതാണ്. ചിത്തവൃത്തികളെ നിരോധിക്കുന്നതെങ്കിൽപിന്നെ ഏകാഗ്രത എന്തിനു് എന്നൊരു മോഹഭംഗിയുക്കാം. പക്ഷേ മനസ്സിനെ ഏകാഗ്രമാക്കാതെ അതിന്റെ വ്യാപാരങ്ങളെ നിരോധിക്കുകതന്നെ സുതരാം അസാധ്യമാണ്. ഇനി മനസ്സിനെ ഏകാഗ്രമാക്കുന്നതിനുള്ള ഉപായങ്ങൾ ഏതെല്ലാമെന്നുനോക്കാം. യോഗശാസ്ത്രം ഇതിലേക്കു എട്ടംഗങ്ങളുള്ള ഒരു ഉപാധി നിർദ്ദേശിക്കുന്നു.

യോഗത്തിന്റെ എട്ടംഗങ്ങൾ †

1. യമം 2. നിയമം 3. ആസനം 4. പ്രാണായാമം 5. പ്രത്യാഹാരം 6. ധാരണ 7. ധ്യാനം 8. സമാധി.

1. യമം—നമുക്കു സുഖത്തിനായാലും ദുഃഖത്തിനായാലും നമ്മുടെ പ്രവൃത്തി എന്നുംപോലെതന്നെ അന്യരുടെ പ്രവൃത്തിയും ഏറെക്കുറെ ഹേതുകമായിത്തീരുന്നുണ്ടല്ലോ. അതുകൊണ്ടാണു ഒരോ വ്യക്തിയിലും അവന്റെ സഹജീവിയുടെ താല്പര്യത്തെക്കൂടെ പരിഗണിക്കേണ്ട ചുമതല സന്നിവിഷ്ടമായിട്ടുണ്ടു് എന്നു പറയപ്പെട്ടതു്. ലോകോപകാരത്തെല്ലാം തന്നെ ഈ തത്വത്തെ ഏറ്റവും വിസ്തൃതമായതോതിൽ വെളിപ്പെടുത്തിയിട്ടുണ്ടു്; സ്വതന്ത്രജീവിതദർശനത്തിൽക്കൂടി. പാരിസരത്തെ ഏതൊരു ദൗത്യമായ ഒരു അന്തരീക്ഷത്തിലേക്കാണെങ്കിലും ഒരു മാനുഷിക തികച്ചും അസാധാരണമാണ്.

ഇതിനുള്ള ഉപകരണമാണ് യമം. യമത്തിൽ അടങ്ങിയിരിക്കുന്ന § 1. അഹിംസ 2. സത്യം 3. അസ്തേയം 4. ബ്രഹ്മചര്യം 5. അപരിഗ്രഹം.

അഹിംസ മനോവാക്കായങ്ങളാൽ ഒരുപ്രാണിയേയും ഉപദ്രവിക്കാതിരിക്കുകയാണ് അഹിംസ. അഹിംസാസിദ്ധിയിൽ സകല പ്രാണികളും സിദ്ധനോടുള്ള വൈരഭാവം ത്യജിക്കുന്നു. * ആധുനികകാലത്തും അഹിംസാസിദ്ധിപ്രാപിച്ച ചുരുക്കം ചില യോഗികൾ ജീവിച്ചിരുന്നു. പരമഭട്ടാരചട്ടമ്പിസ്വാമി തിരുവടികൾ ഇതിലേക്കു ഒരു ഉദാഹരണമാണ്. പല കഥകളും പറഞ്ഞുകേട്ടിട്ടുണ്ടല്ലോതെപ്പാറി. ഒരുസംഭവം. 1089-മാണ്ടാണ് രാത്രിസമയം. സ്വാമികളും കുറെ ശിഷ്യന്മാരുംകൂടി ഇങ്ങനെ പോവുകയാണ് കൊല്ലത്തു തിരുമേശ്വരംക്ഷേത്രത്തിന്റെ കിഴക്കുവശത്തുള്ള ഇടവഴിയിൽക്കൂടി. ക്ഷേത്രത്തിൽ പരേതനായ ജി. രാമൻ മേനോൻ എം. ഏ. ബി. എൽ; വൈദ്യൻ ഒ. എൻ. കൃഷ്ണക്കുറുപ്പ്, വെണ്മണി എം. കെ നാരായണപിള്ള റിട്ട: എക്സൈസ് ഇൻസ്പെക്ടർ തുടങ്ങിയവരും ഉണ്ട്. കുറേച്ചെന്നപ്പോൾ വഴിയിലതാ ഒരുഭയങ്കരൻ മൂർഖൻപാമ്പു് ഫണവുമുയർത്തിനിൽക്കുന്നു. എല്ലാവരും ഭയന്നുപോയി. സ്വാമിയാകട്ടെ വളരെ സ്നേഹപൂർവം അടുത്തുചെന്നു് കാലുകൊണ്ടു മണ്ണും മണ്ണും നീക്കി അതിനെ അടുത്തുള്ള ഒരു കുറ്റിക്കാട്ടിൽ കയറിവിട്ടു യാത്രയുടേയുംചെയ്തു. ഇതൊക്കെ വിശദീകരിക്കുന്നതു നമുക്കു് പ്രയാസമാണ്. പക്ഷേ കൂടെയുണ്ടായിരുന്ന ഏം. ആർ. നാരായണപിള്ളയവർകൾ തന്നെയാണ് ഇതുകാണ്ടും ഇതിടെ ഈ ലേഖകനോടു പറഞ്ഞതു്.

ശ്രീകല്പനായ ഥോറിയോ എന്ന അമേരിക്കൻ തപസ്വി അഹിംസാസിദ്ധിയിൽ തന്റെ അനുഭവങ്ങളെ വിശദീകരിക്കുന്നുണ്ടു്. അദ്ദേഹം "വാൾഡൻ" ജലാശയത്തിന്റെ തീരത്തു് ഏകാന്തമായി തപശ്ചര്യ അനുഷ്ഠിക്കുകയായിരുന്നു. തേനീച്ചകളും കടന്നലുകളും തേളുകളുമൊക്കെ അദ്ദേഹത്തിന്റെ ശരീരത്തിൽ പാറിപ്പിടിച്ചിരിക്കുകയും സൈരവിഹരണത്തിൽ ഏർപ്പെടുകയുംചെയ്യുക കേവലം സാധാരണമായിരുന്നുവത്രേ. ഒരിക്കൽപോലും അവ അദ്ദേഹത്തെ ഉപദ്രവിച്ചിരുന്നതായിട്ടില്ല. ഇതു് അദ്ദേഹം സ്വയം ആത്മകഥയിൽ പറയുന്നുകാര്യമാണ്.

ഇതുപോലുള്ള ഒരു വസ്തുത ബാണഭട്ടന്റെ പ്രസിദ്ധമായ ഹർഷചരിതത്തിലും പ്രസ്താവിച്ചിട്ടുണ്ട്. കരിക്കൽ ഹർഷവർദ്ധനൻ ദിവാകരമിത്രന്റെ തപോഭൂമി സന്ദർശിക്കുകയായി. അവിടെ അനേകം അഹിംസാവ്രതികളുടെ ബ്രഹ്മചാരികളും വിദ്യാഭ്യാസം ചെയ്തുകൊണ്ടിരുന്നു. ആ വനത്തിലെ സിംഹങ്ങളും മറ്റും കേവലം പുത്രക്കളേപ്പോലെയാണത്രേ ആശ്രമോപാന്തത്തിൽ വർത്തിച്ചിരുന്നതു്.

ഇങ്ങനെ ഒട്ടനേകം ഉദാഹരണങ്ങൾ കാണിക്കാനുണ്ടു്. മേൽപറഞ്ഞതിൽനിന്നെല്ലാം അഹിംസയുടെ അമോഘമായ വൈഭവം വേണ്ടവണ്ണം വെളിപ്പെട്ടുകിട്ടുന്നുണ്ടല്ലോ.

സത്യം—മനസ്സു്, വാക്കു്, ക്രിയ ഇവ മൂന്നിലും സത്യപ്രതിഷ്ഠാപനമാണ് ഇതുകൊണ്ടു നിർദ്ദേശിക്കപ്പെടുന്നതു്. യോഗദർശനത്തിനു് ഭാഷ്യം എഴുതിയ വ്യാസമഹർഷി പറയുന്നതു്, സത്യത്തെ സാക്ഷാത്കരിക്കുന്ന ഒരുവന്റെ വാണി അമോഘമായിത്തീരുകയും അവൻ എന്തു പറയുന്നുവോ അതു തീർച്ചയായും അതുപോലെതന്നെ സംഭവിക്കുകയുംചെയ്യും എന്നാണ്.

അസ്തേയം—മനോവാക്കായങ്ങളാൽ

---

* മനഃകൃതം കൃതം ലോകേ ന
ശരീരകൃതം കൃതം
യേനൈവാലിംഗിതാകന്താ
തേനൈവാലിംഗിതാസുതാ.

† യമനിയമാസനപ്രാണായാമ-
പ്രത്യാഹാരധാരണാധ്യാന-
സമാധയോഷ്ടാവംഗാനി.
യോഃ സാധനപാദം. 29

മഹാത്മാനാരായൺസ്വാമിയുടെ വ്യാഖ്യാനമനുസരിച്ചാണ് ഇവിടെ അഷ്ടാംഗയോഗവ്യാഖ്യാനം ചെയ്യപ്പെട്ടുന്നതു്.

§ അഹിംസാ സത്യാസ്തേയബ്രഹ്മചര്യാപരിഗ്രഹാ യമാഃ
യോഗഃ ഭാ: സാധനപാദം. 30

* അഹിംസാപ്രതിഷ്ഠായാം തത്-
സന്നിധൗ വൈരത്യാഗഃ 35

§ പ്രമാണവിപര്യയവികല്പനിദ്രാ സ്മൃതയഃ. യോഗദർശനം. 1-6

ഉൾപ്പെടെ ഒരിക്കലും മോഷ്ടിക്കാതെ ഇരിക്കുക.

ബ്രഹ്മചര്യം—വീര്യരക്ഷ ചെയ്തുകൊണ്ടു ലോകോപകാരാർത്ഥം വീര്യാധ്യയനം ചെയ്യുക.

അപരിഗ്രഹം—ജീവിതാവശ്യത്തിൽകവിഞ്ഞുള്ള ധനോപാർജ്ജനം ആഗ്രഹിക്കാതിരിക്കുക.

ആദ്യമേപറഞ്ഞ കാര്യം ഒന്നുകൂടി ഓർക്കണം. അന്യരുടെ കണ്ണുകളിൽ നിന്നു ദുഃഖമുണ്ടാകാത്ത പരിതഃസ്ഥിതി നിർമ്മിക്കുക യോഗിയുടെ പ്രഥമ കർത്തവ്യമാണ്. മേൽപറഞ്ഞ കാര്യങ്ങളും ജീവിതത്തിൽ പ്രായോഗിക മാക്കണമെന്നതോടുകൂടി ആ കർത്തവ്യം നല്ലപോലെ നിറവേറ്റപ്പെട്ടന്നതാണ്

II നിയമം—സ്വന്തകർമ്മങ്ങളും ദുഃഖഹേതുകമായി തീരാതിരിക്കുന്നതിനുള്ള ഉപായമാണ് നിയമം. നിയമങ്ങളും അഞ്ചുവിധം. (1) ശൗച്ചം (2) സന്തോഷം (3) തപസ്സ് (4) സ്വാദ്ധ്യായം (5) ഈശ്വരപ്രണിധാനം. *

ശൗചം—ബാഹ്യവും ആന്തരികവുമായ ശുദ്ധി.

സന്തോഷം—സ്വപ്രയത്നത്തിനു കിട്ടാനർഹതയുള്ളതിൽ കവിഞ്ഞ ഫലം ആഗ്രഹിക്കാതിരിക്കുക.

തപസ്സ്—സ്വദുഃഖങ്ങളെ സന്തുലിതമായി അഭിവീക്ഷിച്ചുകൊണ്ട് നിയമിതമായ ജീവിതചര്യ പരിപാലിക്കുക.

സ്വാദ്ധ്യായം—ഭക്തിയോടുകൂടി 'ഓം'കാരം ജപിക്കുക; വേദങ്ങളും, ഉപനിഷത്തുകളും തുടങ്ങിയ ഗ്രന്ഥങ്ങളും അദ്ധ്യയനംചെയ്യുക.

ഈശ്വരപ്രണിധാനം—പരമപവിത്രമായ പ്രേമത്തോടുകൂടി പരമഗുരുവായ പരമാത്മാവിന്റെ സന്നിധാനത്തിൽ സമസ്തകർമ്മങ്ങളേയും സമർപ്പണംചെയ്യുക.

III ആസനം—സുഖപൂർവ്വകമായ ഇരുപ്പാണ് ആസനം എന്നു സാമാന്യേന പറയാം. ഇവ 84 ഉണ്ടെന്നു പറയപ്പെട്ടന്നു. രാജയോഗക്രിയകൾക്കു ബാധകമാകുന്ന ആസനമാണ് ഇവിടെ അംഗീകരിക്കുക.

യോഗാസനാനുഷ്ഠാനം പലതരത്തിലും പ്രാധാന്യം അർഹിക്കുന്നുണ്ട്. വിശപ്പിനെ പ്രശാന്തമാക്കാൻ ഇതിനുള്ള ശക്തി അപ്രമേയമാണ് ശാസ്ത്രീയദൃഷ്ട്യാ ഈ വസ്തുത ഇവിടെ പരിശോധിക്കാൻ ആരംഭിക്കുകയാണ്. ഇതേസംബന്ധിച്ച് യോഗിവര്യനും പണ്ഡിതാഗ്രേസരനുമായ നാരായണസ്വാമി സ്വാനുഭവങ്ങളുടെ വെളിച്ചത്തിൽ എഴുതിയിട്ടുള്ള സംഗതികളും ഇവിടെ ചേർക്കുക സമീചീനമായിരിക്കുമല്ലോ.

നാം വെളിയിലേക്കുവിടുന്ന ശ്വാസത്തെ പ്രാണൻ (Expired Air) എന്നും ഉള്ളിലേക്കെടുക്കുന്നതിനെ അപാനൻ (Inspired Air) എന്നും പറയുന്നു. പ്രാണനിൽ ശരാശരി 6·28 ശതമാനം കാർബോണിക് ആസിഡ് ഗ്യാസ് (Carbonic Acid) ഉണ്ടായിരിക്കും. രാത്രിയിലാണ് ഇതു അധികമായി ശരീരത്തിൽനിന്നു ബഹിർഗ്ഗമിക്കുന്നതു. കാർബോണിക് ആസിഡ് ഗ്യാസ് വെളിയിൽപോകുന്നതിന്റെ കൂടെതൽകുറവനുസരിച്ചാണ് നമുക്കു വിശപ്പിന്റെ കൂടുതൽകുറവു അനുഭവപ്പെടുന്നതു. ശാരീരികവ്യാപാരം വർദ്ധിക്കുന്നതനുസരിച്ചു ഈ ഗ്യാസ് ശരീരത്തിൽനിന്നു അധികമായി പുറപ്പെട്ടുകയും വിശപ്പു വർദ്ധിക്കുകയും ചെയ്യുന്നു. അധികമായ ക്ഷുത്പിപാസകരം യോഗാഭ്യാസത്തിനു ബാധകമായിരിക്കും. അതിനെ നിവാരണംചെയ്യുന്നതിനു വേണ്ടിയാണ് മൂന്നാമത്തെ അംഗമായി ആസനം നിർദ്ദേശിച്ചിരിക്കുന്നതു. പാതഞ്ജലയോഗാനുഷ്ഠാനത്തിനു പദ്മാസനം അത്യുത്തമമെന്നായോഗികരും അഭിപ്രായപ്പെട്ടന്നു.

മിതാഹാരം—വിശന്നിരിക്കുമ്പോഴത്തേക്കാൾ കുറുതലായി ഭക്ഷണത്തിനുശേഷമാണ് നമ്മുടെ ശരീരത്തിൽനിന്നു കാർബോണിക് ആസിഡ് പുറപ്പെട്ടന്നതു. പരീക്ഷണാനന്തരം ഒരു വിദ്വാൻ ഇങ്ങിനെ അഭിപ്രായപ്പെട്ടന്നു. ഉപവാസസമയത്തു അദ്ദേഹത്തിന്റെശരീരത്തിനു 1210 ഘനഇഞ്ചു Oxygen മാത്രമേ വേണമായിരുന്നുള്ളു. എന്നാൽ ഭക്ഷണാനന്തരം ദഹനത്തിൽ 1900 ഘനഇഞ്ചു Oxygen ആവശ്യമായിത്തീർന്നു. യോഗികൾ ഉപവസിക്കുകയും അൽപാഹാരംമാത്രം കഴിക്കുകയും ചെയ്യുന്നതു കാർബോണിക് ആസിഡിന്റെ വ്യയത്തെ ചുരുക്കുന്നതിനാണ്.

ശരീരത്തിൽനിന്നു ബഹിർഗ്ഗമിക്കുന്ന കാർബോണിക് ആസിഡ് ഗ്യാസിന്റെ 12 അംശം കാർബണിലും 31 അംശം Oxygen-ൽനിന്നും ഉണ്ടാകുന്നതാണ്. ഇതു വായുവിൽ നാലോ അഞ്ചോ ശതമാനം അടങ്ങിയിരുന്നാൽ അവിടെ യാതൊരു സാധനവും കത്തിഎരിയുന്നതല്ല.

ഉഷ്ണകാലത്തെഅപേക്ഷിച്ചു ശൈത്യകാലത്തു Temperature-ൽശീതം കൂടുതലായിരിക്കുന്നു. ശരീരത്തിൽനിന്നു ഈസമയത്തു കാർബോണിക് ആസിഡ് അധികമായി നഷ്ടപ്പെടുന്നുണ്ട്. അതുകൊണ്ടാണ് ഉഷ്ണകാലത്തേഅപേക്ഷിച്ചു ശീതകാലത്തു കൂടുതൽ വിശപ്പുതോന്നുന്നതു. ബാഹ്യവും ആന്തരികവുമായി Temperature-നു ഏതുമാത്രം സമതയുണ്ടോ അതുമാത്രം വിശപ്പുകുറഞ്ഞിരിക്കും. പ്രാചീനകാലത്തു യോഗികൾ ഗുഹയിൽ താമസിച്ചു തപശ്ചര്യ അനുഷ്ഠിച്ചുവന്നതു ഈ സമതയെ ലാക്കാക്കിയായിരുന്നു. ഭ്രമധ്യരേഖയോടടുത്തു താമസിക്കുന്നവരേക്കാൾ ധ്രുവപ്രദേശനിവാസികൾ അതിമാത്രം ഭക്ഷണലോലുപന്മാരായിക്കാണുന്നതിന്റേയും രഹസ്യം മറ്റൊന്നല്ല.

മിതമായ സംഭോഷണവും കാർബോണിക് ആസിഡിന്റെ നഷ്ടത്തിൽനിന്നും നമ്മെ രക്ഷിക്കുന്നു. മൗനപ്രയത്നം ഏറ്റവും ഉൽകൃഷ്ടമായ ഒരു സാധനാപദ്ധതിയാണ്. മനസ്സിനെ ഭ്രൂമദ്ധ്യാദിസ്ഥാനങ്ങളിൽ ഏകാഗ്രമാക്കുന്നതുകൊണ്ടും മേൽപറഞ്ഞ ഗ്യാസ് നഷ്ടമാകാതെ സൂക്ഷിക്കാവുന്നതാണ്. ക്ഷുത്പിപാസകരം യഥാർഹം പരിശാന്തമായ ഒരു നിലയെ സമീകരിക്കുകയും ചെയ്യും.

ഉത്കടമായ ശാരീരികപരിശ്രമം ചെയ്യുന്നവരേ അപേക്ഷിച്ചു സ്ഥിരമായി ഒരിടത്തിരുന്നുതോലിചെയ്യുന്നവർക്ക് വിശപ്പുകുറഞ്ഞുകാണുന്നു. കാരണം ആപേക്ഷികമായി അവരുടെ ശ്വാസസംഖ്യ കുറഞ്ഞിരിക്കുന്നതുകൊണ്ട് കാർബോണിക് ആസിഡു കുറച്ചേനഷ്ടപ്പെട്ടന്നുള്ളു എന്നതാണ്.

Natural History സംബന്ധിച്ചു ഏതോ ഒരുഗ്രന്ഥത്തിൽനിന്നു Dr. N. C Paul അദ്ദേഹത്തിന്റെ "A Treatise on the Yoga Philosophy" എന്ന ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള ഒരു പരീക്ഷണത്തെ നരസിംഹസ്വാമി ഇപ്രകാരം വിശദീകരിക്കുന്നു.

"ഉഷ്ണമേഖലയിലുള്ള 'Bombus'' എന്ന ജന്തുവിശേഷം ഏകദേശം അരമണിക്കൂർ നിശ്ചലമായി ഒരിടത്തു സ്ഥിതിചെയ്തു. അപ്പോൾ അതിന്റെ ശ്വാസഗതി ഒരുമിനിട്ടിൽ 85 ആയിരുന്നു. 140 മിനിട്ടുകഴിഞ്ഞപ്പോൾ ശ്വാസസംഖ്യ മിനിട്ടിൽ 46 ആയി. 180 മിനിട്ടുകഴിഞ്ഞപ്പോഴേക്കും ശ്വാസസംഖ്യ എണ്ണാൻ നിവൃത്തിയില്ലാതായിത്തീർന്നു."

പർവ്വതപ്രദേശങ്ങളും ജലാശയപ്രാന്തങ്ങളും യോഗസാധനയ്ക്കു പറ്റിയ പരിസരമായി പരിഗണിക്കപ്പെട്ടന്നതു അവിടത്തെ സാന്ദ്രതയും കാർബ്യോണിക് ആസിഡിന്റെ വ്യയത്തെ തടയുന്നു എന്നുള്ളതുകൊണ്ടാണ്.

അമിതാഹാരം—ധനതപശ്ശാസ്ത്രദൃഷ്ട്യാ അതിമാത്രഭക്ഷണം മറ്റുള്ളവർക്ക് ഹാനികരമാണ്. യോഗശാസ്ത്രവും അതിനെ അനുകൂലിക്കുന്നില്ല. അതിമാത്രഭോജനം ആയുർദ്ദൈർഘ്യത്തിനു ഹാനികാരകമാണെന്ന് ഡാക്ടർ പോൾ അനേകഉദാഹരണങ്ങളും ഉദ്ധരിച്ചു സമർത്ഥിക്കുന്നുണ്ട്. കൂടെ അല്പാഹാരികളുടെ ആയുർമ്മാനം ശ്രദ്ധിക്കുക.

	ആയുസ്സ്
1) St. Anthoni	105 വർഷം
2) James the Hermit	104 ,,
3) Arsenius, tutor of the Emperor Arcadius	120 ,,
4) Simon the Stylitic	112 ,,
5) Romauld	120 ,,

ഡാക്ടർ പറയുന്നതു ഒരുദിവസം ഇവരുടെ ഭക്ഷണം 12 ഔൺസുറൊട്ടിയും അതിനുവേണ്ട ജലവും ആയിരുന്നു എന്നാണ്.

12 ഔൺസു റൊട്ടിയിൽ അടങ്ങിയിട്ടുള്ള വസ്തുക്കൾ.

ജലം	2304 grain
Carbon	15348 ,,
Oxygen	1524 ,,
Hydrogen	203 2 ,,
Nytrogen	72 ,,
ലവണം	120 ,,

ഇതിൽനിന്നു നാം എന്താണുമനസ്സിലാക്കിയതു? 24 മണിക്കൂറിനകം മേൽപറഞ്ഞ ആളുകൾക്കു നഷ്ടപ്പെട്ട Carbonic Acid 1500-ൽ പരം ഗ്രയിൻമാത്രമാണ്. അവരുടെ ശ്വാസഗതി മിനിട്ടിൽ 6-ൽ കുറഞ്ഞിരുന്നു. ഭക്ഷണത്തിന്റെ തോതുകുറയുന്നതുകൊണ്ടു ശരീരത്തിന്റെ സ്ഥൂലത്വം കുറയുകയും ആയുസ്സുവർദ്ധിക്കുകയും ചെയ്യുന്നു.

യോഗാസനങ്ങളെക്കുറിച്ചു നാം ഒരു വിഹഗവീക്ഷണം നടത്തിക്കഴിഞ്ഞു. അവയുടെ ഉപയോഗം ഏതാണ്ടു സ്പഷ്ടമായിക്കാണുമെന്നു വിശ്വസിക്കുകയാണ്. ഇനി നമുക്ക് പ്രാണായാമത്തിലേക്കു കടക്കാം.

(തുടരും)

★

"ഒരു തിരുത്തൽ"

★

കഴിഞ്ഞ ആഗ്സ്റ്റ്പതിപ്പിലെ 'ശതാബ്ദപൂർത്തിയെത്തിയ റെയിൽവെ' എന്ന ലേഖനത്തിൽ ഇന്ത്യൻ റെയിൽവെയെ 'ഏഴു മേഖലകളായി' വിഭജിച്ചിരിക്കുന്നു എന്നുള്ളതു 'ആറു മേഖലകളായി' എന്നു തിരുത്തിവായിപ്പാനപേക്ഷ; ഇന്ത്യയിൽ '85-ൽ ഒരാറാം' റെയിൽവേയെ ആദ്യമായിച്ച കഴിയുന്നു എന്നതു '89-ൽ ഒരാറാം' എന്നും —.

(ലേഖകൻ)

★

ലതിക

ഗ്രന്ഥകർത്രി—കെ. ഭാരതിഅമ്മ.

ഒരു ഇൻസ്പെക്ടരുടെ പുത്രിയാണ് ലതിക. പിതാവിന്റെ മരണത്തോടുകൂടി അശരണയായ അവൾ ഒരു ധൂർത്തനായ യുവാവുമിത്തം അനുഭവിക്കുന്ന കഷ്ടതകളും നിയതി അവനുനൽകുന്ന ക്രൂരയാതനകളും ശുഭപര്യവസായിയായ ഉപരികഥകളും ഏറ്റവും തന്മയത്വമായി വർണ്ണിക്കുന്ന ഒരു വിശിഷ്ടനോവൽ.

വില ഗ്രാ: 1. ണ. 8.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

മലയാളരാജ്യം

---

* ശൗചസന്തോഷതപഃ സ്വാദ്ധ്യായേശ്വരപ്രണിധാനാനി നിയമാഃ—യോഃ. സൂ-32

സംസ്കൃതം സംസാരഭാഷയായിരുന്നകാലം

അശ്വതിതിരുനാൾ രാമവർമ്മ, എണ്ണയ്ക്കാട്ടുകൊട്ടാരം

ഈയിടെ ഒരു സുഹൃത്തെന്നോടുചോദിക്കയുണ്ടായി, "ഭാരതത്തിന്റെ രാഷ്ട്രഭാഷയാകുവാൻ സംസ്കൃതത്തിനു സാധ്യതയുണ്ടോ?" എന്ന്. അതുകേട്ടപ്പോൾ വാസ്തവത്തിൽ എനിക്ക് അൽഭുതമാണുതോന്നിയതു്. എഴുത്തു്, അക്ഷരമാല, പദസംഭാവം, അനുപദരീതി, ഉച്ചാരണസമ്പ്രദായം എന്നിവയിലൊന്നുകൊണ്ടും യാതൊരു ഭാരതീയഭാഷയോടും ഒരു ബന്ധവുമില്ലാത്ത ഇംഗ്ലീഷ് ഭാഷയ്ക്കു് രാഷ്ട്രഭാഷയാകുവാൻ സാധിച്ചിട്ടുള്ള ഈ രാജ്യത്തു് കാലദേശവ്യാപ്തികൊണ്ടും, ഉത്തമഗ്രന്ഥസമൃദ്ധികൊണ്ടും സർവ്വലോകബഹുമാനംകൊണ്ടുംമറ്റും ഏതു ഭാഷാസാഹിത്യത്തേയും അധഃകരിക്കുന്ന സംസ്കൃതത്തെ സംബന്ധിച്ചു് അങ്ങനെയൊരു ചോദ്യം പ്രതീക്ഷിക്കാവുന്നതല്ലല്ലോ.

വടക്കേഇന്ത്യയിലെ വളരെയധികം പഴക്കംകുടിയഭാഷ വേദത്തിൽ കാണുന്ന സംസ്കൃതമാണു്. അതിനുശേഷം ഇന്നുകാണുന്ന ഹിന്ദുസ്ഥാനിയടക്കമുണ്ടായിട്ടുള്ള സകല ഭാഷകളും സംസ്കൃതത്തിന്റെ സന്താനപരമ്പരയിലുൾപ്പെടുവയാണു്. തെക്കേ ഇന്ത്യയിലും അനേകായിരത്താണ്ടുമുമ്പുതൽക്കേ സംസ്കൃതത്തിനു പ്രചുരപ്രചാരം സിദ്ധിച്ചിട്ടുണ്ടു്. ഇന്ത്യയ്ക്കുപുറമെ തിബത്ത്, ചൈന, അറബി, ജാവ, സുമാത്ര മുതലായ വിദൂരദേശങ്ങളിൽപോലും പണ്ടേയ്ക്കുപണ്ടേ സംസ്കൃതത്തിനു് പ്രചാരമുണ്ടായിരുന്നുവല്ലോ. ആ സംഗതി അടുത്തസന്ദർഭത്തിൽ രാഷ്ട്രപതി രാജേന്ദ്രപ്രസാദു് സാഭിമാനം പ്രസ്താവിക്കയുണ്ടായല്ലോ. ആയുർവ്വേദവൈദ്യം, ആദ്യം സംസ്കൃതഭാഷാവഴിക്കു ഇന്ത്യയിൽനിന്നു അറബിക്കുക്കും, അവരിൽനിന്നു ഗ്രീക്കുകാക്കും, അവരിൽനിന്നു ഇംഗ്ലീഷുകാക്കും കിട്ടിയെന്നും, അതാണു് ഇന്നത്തെ ഇംഗ്ലീഷ് വൈദ്യത്തിന്റെയെല്ലാം മൂലമെന്നും ചരിത്രം പറയുന്നു. ജ്യോതിഷവിഷയത്തിൽ ഗ്രീക്കുകാക്കും ഇന്ത്യക്കാക്കും വളരെവളരെ മുമ്പുതന്നെ പോഷ്യപോഷകഭാവം ഉണ്ടായിരുന്നുവെന്നതിനു് ജ്യോതിഷഗ്രന്ഥങ്ങളിൽത്തന്നെ ധാരാളം തെളിവുകൾ ഉണ്ടു്. മനുഷ്യജീവിതത്തോടു ബന്ധമുള്ള ഏതുവിഷയങ്ങളെക്കുറിച്ചും ഉൽകൃഷ്ടങ്ങളും നിഷ്കൃഷ്ടങ്ങളുമായ സംസ്കൃതഗ്രന്ഥങ്ങൾ അസംഖ്യമാണു്. ഏതുനാട്ടുഭാഷയിലും പകുതിയിലധികവും തദ്ഭവങ്ങളും തത്സമങ്ങളുമായ സംസ്കൃതശബ്ദങ്ങളാണു്. ഇന്നും ചില നല്ല സംസ്കൃതപണ്ഡിതന്മാരെ ഇന്ത്യയിലെവിടെയും കാണാം. ജർമ്മനി, റഷ്യ, അമേരിക്ക മുതലായ വിദൂരരാഷ്ട്രങ്ങളിൽ സംസ്കൃതത്തിനും ഇപ്പോൾ വിദ്യാഭ്യാസവിഷയങ്ങളുടെ കൂട്ടത്തിൽ മാന്യമായ ഒരു സ്ഥാനമുണ്ടു്. ജപ്പാനിലെ വിദ്യാഭ്യാസത്തിൽ സംസ്കൃതപഠനം നിർബ്ബന്ധമായിത്തന്നെയാണു്. ഇങ്ങനെനോക്കുമ്പോൾ ഒരു ഭാഷയ്ക്കുണ്ടാകേണ്ട എല്ലാസൌഭാഗ്യങ്ങളും ഭാഗ്യങ്ങളും സിദ്ധിച്ചിട്ടുള്ള ഏകഭാഷ സംസ്കൃതംമാത്രമായിരിക്കും. പൊതുജനങ്ങൾക്കും ഗവൺമെന്റിനും വേണമെന്നു തോന്നിയാൽ നമ്മുടെ രാഷ്ട്രഭാഷയാകുവാൻ സംസ്കൃതംപോലെ അത്ര എളുപ്പമുള്ള ഒരു ഭാഷ ഭാരതത്തിൽ വേറെ ഇല്ല. അതുകൊണ്ടു് അതല്ല ചോദ്യത്തിന്റെ തത്പര്യം. സംസ്കൃതത്തെ രാഷ്ട്രഭാഷയാക്കേണ്ട ആവശ്യമുണ്ടോ? അതിനുമാത്രം അതിലെന്തുണ്ടു്. ഇപ്പോഴത്തെ ഇംഗ്ലീഷിനു് എന്താണൊരുകേടു്? അതുതന്നെപോരെ? പോരെങ്കിൽ ഹിന്ദുസ്ഥാനിയാകട്ടെ. ഈ കടിച്ചാൽപൊട്ടാത്ത വ്യാകരണത്തിന്റെ ഏടാകൂടമുള്ള സംസ്കൃതത്തെ രാഷ്ട്രഭാഷയാക്കിയിട്ടെന്തുവേണം? അതു് പ്രയോഗികമാണോ? എന്നിങ്ങനെ ഒരു ചോദ്യപരമ്പരതന്നെ ആ ചോദ്യത്തിൽ അന്തർഭവിച്ചിട്ടുണ്ടെന്നു് കരുതണം. ശരി. ആലോചിച്ചു് മറുപടിപറയേണ്ടൊരു ചോദ്യമാണിതു്. ഒരു രാഷ്ട്രഭാഷയുടെ ആവശ്യമെന്തു് എന്നുമുതലുള്ളതന്നെ തുടങ്ങാം.


ഒരു ഭരണകൂടത്തിൻകീഴിൽ ഏതു വിഭിന്നരാജ്യങ്ങളുണ്ടെങ്കിലും അതെല്ലാംചേർന്നതു് ഒരു രാഷ്ട്രമാണു്. ഇപ്പോൾ ഇന്ത്യയും പാകിസ്ഥാനും രണ്ടു വിഭിന്നരാഷ്ട്രങ്ങളാണു്, ഇനിയെന്നെങ്കിലും നമ്മുടെയൊക്കെ ഭാഗ്യംകൊണ്ടു് ഒരു അഖണ്ഡഭാരതം വരുന്നപക്ഷം അന്നു് അതു് ഒരൊറ്റ രാഷ്ട്രമാവും.

ഒരു രാഷ്ട്രത്തിൽ പ്രത്യേകഭാഷകളും സംസാരിക്കുന്ന പല നാട്ടുകളും വരാമല്ലോ. ഇപ്പോൾതന്നെ ഇന്ത്യയിൽ ഭാഷയെ അടിസ്ഥാനപ്പെടുത്തി നോക്കുന്നതായാൽ മലയാളം, തമിഴ്, തെലുങ്ക്, കന്നഡകമെന്നപോലെ അസംഖ്യം രാജ്യങ്ങളുണ്ടെന്നേ കാണാം. അങ്ങനെയുള്ള രാജ്യങ്ങളെയെല്ലാം ഒരു ഗവൺമെന്റിനു ഭരിക്കാൻ സാധിക്കണമെങ്കിൽ പൊതുവായി ഒരു ഭാഷ അത്യാവശ്യമായിവരുന്നു. കേന്ദ്രഗവൺമെന്റിനും, സംസ്ഥാനഗവൺമെന്റുകൾക്കുംതമ്മിൽ അഭിപ്രായങ്ങളും കൈമാറുന്നതിനു് അല്ലെങ്കിൽ വലിയ വിഷമം നേരിടുമല്ലോ. അതുകൊണ്ടു് ഏതു ഗവൺമെന്റിന്റെ കീഴിൽ നാനാഭാഷകളും സംഗമിക്കുന്ന അനേകം രാജ്യങ്ങളുണ്ടോ, അവിടെയെല്ലാം ഒരു പൊതുഭാഷയുടെ അത്യാവശ്യം നേരിടുന്നു. ഗവൺമെന്റിന്റെ ആ പൊതുഭാഷയെയാണു് രാഷ്ട്രഭാഷയെന്നു പറഞ്ഞുവരുന്നതു്.

അതിനും പുറമേ വേറെയും പല കാര്യങ്ങളും ഒരു പൊതുഭാഷകൊണ്ടുണ്ടാകുവാനുണ്ടു്. കലാകാരന്മാർക്കും കച്ചവടക്കാർക്കും, തീർത്ഥയാത്രക്കാർക്കും മറ്റും മറുനാടുകളിലേക്കു പോകേണ്ടിവരികയെന്നതു് സാധാരണയാണു്. മാതൃഭാഷയ്ക്കുപുറമേ ഒരു സാമാന്യഭാഷ അവർക്കും അത്യന്താപേക്ഷിതമായിത്തീരുന്നു. വാസ്തവത്തിൽ ഒരു പൊതുഭാഷയുടെ ആവശ്യംതന്നെ അതാണു്. രണ്ടു ഭാഷയുമറിയുന്ന ഏതാനും ദ്വിഭാഷികളുണ്ടായാൽ ഭരണകാര്യമെല്ലാം നടന്നുപോകും. മറ്റു ജനങ്ങളുടെ സ്വതന്ത്രകാര്യമാണു്. അതു് അവരുടെ ആത്മാവിന്റെ തൃഷ്ണയാണു്. അതിന്റെ ശമനം ഒരു പൊതുഭാഷ വഴിക്കല്ലാതെ വരുന്നതല്ല. അതിനാൽ ഒരു രാഷ്ട്രമായാലും രണ്ടു രാഷ്ട്രമായാലും, അയത്തിയാരുരാഷ്ട്രമായാലും അന്യോന്യം ബന്ധമുള്ള രാജ്യങ്ങൾക്കെല്ലാംകൂടി പൊതുവിലൊരു ഭാഷ ക്രിയാകഴിയൂ. അതിനു രാഷ്ട്രഭാഷയെന്നോ, സാമാന്യഭാഷയെന്നോ എന്തുവേണമെങ്കിലും പേർ പറയാം.

"യൂറോപ്യൻരാജ്യങ്ങൾക്കു ഫ്രഞ്ചുഭാഷയെന്നപോലെ നമ്മുടെ ഭാരതത്തിനു് ഒരു സാമാന്യഭാഷ എന്നോ മുതല്തന്നെ ഉണ്ടായിരുന്നു. അതാണു് സംസ്കൃതം. വേദംമുതൽ പുരാണം വരെയായി ലോകകതന്ത്രങ്ങൾ, കലകൾ, ധർമ്മശാസ്ത്രങ്ങൾ തുടങ്ങി വൈശികതന്ത്രത്തോളവും, ചൌര്യശാസ്ത്രത്തോളവുമെത്തുന്ന നിത്യജീവിതബന്ധമുള്ള സകല വിഷയങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന ആർഷഗ്രന്ഥങ്ങളുടെയും മുഴുവനും ആ സംസ്കൃതത്തിൽ നിബന്ധിച്ചിട്ടുള്ളവയാണു്. വസിഷ്ഠൻ, വാല്മീകി, വ്യാസൻ മുതലായ ഋഷീശ്വരന്മാരാണു് അവയുടെ കർത്താക്കന്മാരിൽ പ്രധാനപ്പെട്ടവർ. ഇരുപത്തിനാലക്ഷരമുള്ള ഗായത്രീമന്ത്രത്തിലെ ഓരോ അക്ഷരങ്ങളെക്കൊണ്ടാരംഭിക്കുന്ന ഇരുപത്തിനാലായിരം ശ്ലോകങ്ങളുള്ള വാല്മീകിരാമായണമാണു് സംസ്കൃതസാഹിത്യത്തിലെ ആദികാവ്യം. വേദവ്യാസൻചെയ്തിട്ടുള്ള പ്രവൃത്തികൾ നോക്കുന്നതായാൽ ഒരുവ്യാസനെവുമ്പിള്ള. ഈ ഭാരതഖണ്ഡത്തിന്റെ നാനാഭാഗങ്ങളിൽനിന്നും കിട്ടാവുന്നിടത്തോളം ശബ്ദങ്ങളും പദ്യങ്ങളും ശേഖരിച്ചു വകതിരിച്ചു് നാലു വേദങ്ങളും സമ്പാദിച്ചു. ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ മുതലായി പലതും പരിശോധിച്ചു് ഭാഷയ്ക്കു പൊതുവായി ഒരു രൂപം വ്യവസ്ഥചെയ്തു. ലളിതവും പ്രസന്നവുമായ ആ സംസ്കൃതഭാഷയിൽ, താൻ തേടിപ്പിടിച്ചു് നേടിവെച്ചിട്ടുള്ള സകല സംഗതികളും പതിനെട്ടുപുരാണങ്ങളിലും മഹാഭാരതത്തിലുമായി സംക്ഷേപിച്ചു സാധാരണ ജനങ്ങൾക്കു സമ്മാനിച്ചു. എല്ലാം പോയ്പോയ്തരങ്ങളായി കഥാരൂപേണ നിബന്ധിച്ചിട്ടുള്ളതുകൊണ്ടു് ഏതു ജനവിഭാഗത്തിനും ഏറ്റവും സുഗമമാക്കിത്തീർന്നിരുന്നു. സംസ്കൃതസാഹിത്യത്തിൽ ചെറുകഥാപ്രസംഗത്തിനു സിദ്ധിച്ച ഒരു സുവർണ്ണദശയായിരുന്നു ആ പൌരാണികകാലം. പതിനെട്ടുപുരാണങ്ങളിലുംകൂടി നാലുലക്ഷം ശ്ലോകമുണ്ടു്. മഹാഭാരതത്തിൽ ഒന്നേകാൽലക്ഷവും. മൂന്നുകൊല്ലം ഒരേ ഇരുപ്പിൽ പ്രത്യഹിലിരുന്നു് നല്ലൊരു എഴുത്തുകാരനെവച്ചു് പറഞ്ഞുകൊടുത്തു് അങ്ങിനെ നിർമ്മിച്ചതാണു് ആ മഹാഭാരതമെന്നു് അതിൽതന്നെ പറഞ്ഞിട്ടുണ്ടു്. തത്വചിന്താതല്പരന്മാരായ വൈജ്ഞാനികന്മാരേയും വേദവ്യാസൻ വിട്ടുകളഞ്ഞിട്ടില്ല. അവർക്കുവേണ്ടി നിർമ്മിച്ചതാണു് വേദാന്തസൂത്രം. ഇതുപോലെ പിന്നെ എന്തൊക്കെയാണു് വേദവ്യാസൻ ചെയ്തിട്ടുള്ളതെന്നു് ആർ കണ്ടു? വേദവ്യാസന്റെ ആ ജീവിതം അങ്ങനെ ഒരു ഭാരതീയഭാഷയുടെയും തദ്ദേശഭാരതീയസംസ്കാരത്തിന്റേയും സംരക്ഷണത്തിനും ശാശ്വതപ്രതിഷ്ഠയ്ക്കുമായി ഉഴിഞ്ഞുവെച്ചതായിരുന്നു. വേദവ്യാസൻ ഒരാളെക്കുറിച്ചറിയുന്നതിൽ ചിലതിവിടെ പ്രസ്താവിച്ചുവെന്നേയുള്ളൂ. ഇതുപോലെ എത്രയെത്ര ഋഷീശ്വരന്മാരാണു് ആർഷമായ ആ പൊതുഭാഷയ്ക്കു് അനർഘങ്ങളും അതിവിസ്തൃതങ്ങളുമായ ഗ്രന്ഥങ്ങൾ സമർപ്പിച്ചിട്ടുള്ളതെന്നു് ഊഹിപ്പാൻപോലും സാദ്ധ്യമല്ല. ലക്ഷം ശ്ലോകത്തിലുള്ള ഒരു ഗ്രന്ഥമെഴുതുകയെന്നതു് അവർക്കു് ഒരു നേരംപോക്കുമാത്രമായിരുന്നു. ഓരോ ആചാര്യന്മാരും താന്താങ്ങൾക്കു് ഏറ്റവും ഇഷ്ടപ്പെട്ട വിഷയമേതോ അതിനുമാത്രംവേണ്ടി തന്റെ ജീവിതം മുഴുവനും വിനിയോഗിക്കുകയെന്നതു് അവരുടെയെല്ലാം ആദർശമായിരുന്നു. അവരവരുടെ സൂചിരഗവേഷണഫലങ്ങളെ അധർഗ്രന്ഥരൂപത്തിൽ ലോകത്തിനു സംഭാവനയും ചെയ്തിട്ടുണ്ടു്. എത്ര ധർമ്മശാസ്ത്രങ്ങളും; എത്ര വൈദ്യഗ്രന്ഥ

ങ്ങളും! എത്ര അത്ഭുതാവഹങ്ങളും! എത്ര ജ്യോതിഷഗ്രന്ഥങ്ങളും! എത്ര ദർശനസംഹിതകളും! എത്ര നാട്യസംഗീതാദികലാനിബന്ധങ്ങളും! ഏതു നോക്കിയാലും സമുദ്രംപോലെ അപാരമായങ്ങിനെ പരന്നുകിടക്കുന്നതു കാണാം. സംസ്കൃതഭാഷാസാഹിത്യത്തിലെ ഗ്രന്ഥസമൃദ്ധികണ്ടാൽ ഇപ്പോഴും പരിശുദ്ധം എന്നു വെച്ചിട്ടുള്ള ഏതു ഭാഷാസാഹിത്യവും ലജ്ജിച്ചു തലകുനിക്കണം. അച്ചടിയിൽ വന്നിട്ടുള്ള സംസ്കൃതഗ്രന്ഥങ്ങളെപ്പറ്റി നോക്കുന്നതാണെങ്കിൽതന്നെ ഇതാണ് സ്ഥിതി. വലിയ വലിയ ഗ്രന്ഥപ്പുരകളും പലതും ചില വൈദേശികരാജ്യങ്ങളിൽ അഗ്നിക്കിരയായിപ്പോയിട്ടുണ്ടെന്നും കേൾക്കുന്നു. കാറും വെളിച്ചവും തട്ടാത്ത അസംഖ്യം ഗ്രന്ഥങ്ങൾ ഇന്നും ഇരുട്ടറകളിൽ അടിഞ്ഞുകിടപ്പുണ്ട്. ആ സ്ഥിതിക്ക് ആ ഭാഷയുടെ യൗവനകാലത്തെ കഥ എന്തായിരിക്കണം?



പ്രസിഡൻറും എതിരാളിയും — അമേരിക്കൻപ്രസിഡൻറ് ഡൈചാറ്റ് ഐസൻഹൗവറും തിരഞ്ഞെടുപ്പിൽ ഡെമോക്രാറിക്ക് സ്ഥാനാർത്ഥിയായി നിന്നു് അദ്ദേഹവുമായി മത്സരിച്ച അഡ്ലൈസ്റ്റീവൻസണും. പ്രസിഡൻറിൻെറ ക്ഷണപ്രകാരം വൈറ്റ്ഹൗസിൽവച്ചു സന്ദർശനം നടത്തിയപ്പോൾ എടുത്ത ചിത്രം. മി. സ്റ്റീവൻസൻെറ അടുത്തുണ്ടാകുന്ന ലോകപര്യടനമായിരുന്നു സംഭാഷണവിഷയം. സംഭാഷണാനന്തരം 21 കാൺഗ്രസ്സ് അംഗങ്ങളുമായി ഇദ്ദേഹവും ലഞ്ചു കഴിച്ചു.

എത്രകാലമായി സംസ്കൃതം ഭാരതീയഭാരതിയായിത്തീർന്നിട്ടെന്നു് നിശ്ചയമില്ല. ഭാരതത്തിൽ ഏതെങ്കിലും ഒരു നാട്ടിൽ സംസ്കൃതം ഇല്ലാത്ത ഒരു കാലം സമുദ്രജലത്തിൽ മുഴുപ്പില്ലാത്ത കാലവും മറവും നേരിട്ടറിവുള്ള ജാതിബോധംപോലും ഓർമ്മയുണ്ടാകുമെന്നു തോന്നുന്നില്ല. ആദ്യകാലത്തു് വടക്കേ ഇന്ത്യയിലെ നാട്ടുഭാഷതന്നെ സംസ്കൃതമായിരുന്നു. അതിനു തെളിവുകൾ എത്രവേണമെങ്കിലുമുണ്ട്. ഒന്നാമതു്—പാണിനിയുടെ വ്യാകരണം ഒന്നാമനസ്സിരുത്തിനോക്കിയാൽ മതി. ദൂരത്തുനിന്നു വിളിക്കുമ്പോൾ രണ്ടിലധികം മാത്രകളോടുകൂടിയ 'പ്ലുത'സ്വരംവരുമെന്നും മറവും ഒരു ഭാഗത്തു് വിധിച്ചിരിക്കുന്നു. (ദൂരാഭൂതെച) പരിഹസിക്കുമ്പോൾ ചില പ്രത്യേക പ്രയോഗങ്ങളിൽ മദ്ധ്യമപുരുഷനും ഉത്തമപുരുഷനും തമ്മിൽ മാറി പ്രയോഗിക്കേണ്ടതാണെന്നു് ഒരു സൂത്രംകൊണ്ടു വ്യവസ്ഥചെയ്തിരിക്കുന്നു. (പ്രഹാസെച മന്യോപപദേമന്യതേരുത്തമ എകവച്ച) പേരാണെങ്കിൽ 'ശൂർപ്പണഖ' എന്നും, ശൂർപ്പംപോലെയുള്ള — മുറംപോലെയുള്ള നഖമുള്ളവൾ എന്നാണർത്ഥമെങ്കിൽ 'ശൂർപ്പനഖി' എന്നുമാണ വേണ്ടതെന്നു് വേറൊരു സൂത്രത്തിൽ സ്ഥാപിച്ചിട്ടുണ്ട്. (നഖമുഖാൽ സംജ്ഞായാം) ചീത്തപറയുമ്പോൾ 'പ്രാതിദിനീ' ശബ്ദത്തിലെ തകാരം ഉറപ്പിച്ചുച്ചരിച്ചുകൊണ്ടു് എന്നു് പിന്നെയൊരു സൂത്രത്തിൽ മനഃക്ഷോഭംകൊണ്ടും മറവും വരുന്ന ഉച്ചാരണവൈകല്യം കാണിച്ചിരിക്കുന്നു. (നാദിന്യാക്രോശേപുത്രസ്യ) ഗോധയുടെ മകനെ ഗൗധേരനെന്നോ, ഗൗധേയനെന്നോ ആണ് പൊതുവിൽ വിളിക്കുന്നതെന്നും, എന്നാൽ വടക്കർ ഗൗധാരനെന്നു വിളിക്കുന്നുവെന്നും ദിഗ്ഭേദം കൊണ്ടുള്ള ഉച്ചാരണഭേദം നിർദ്ദേശിച്ചിരിക്കുന്നു. (ഗോധായാഡ്ഢക്, ആരഡ്ഢാദിചാം) ഭർത്തൃനെറ പുത്രനെ ത്രിശങ്കു ദേശത്തുകാർ ഭർത്തൃയണനെന്നും മറവു രാജ്യക്കാർ ഭർത്തിയെന്നുമാണത്രെ വിളിച്ചിരുന്നതു്. (ഭർത്തൃതശ്ചൈഗതൌ) പദ്യത്തിൽവേണമെങ്കിൽ 'സൈഷഃ' എന്നു് സന്ധിചെയ്യാം. ഗദ്യത്തിലാണെങ്കിൽ 'സഏഷഃ' എന്നതന്നെവേണം എന്നു് പദ്യഗദ്യഭേദവും പ്രയോഗഭേദനിയാമകമാണെന്നു് കാണിച്ചിരിക്കുന്നു. (സോപിലൊപേചേൽ പാദപൂരണം) സംസാരഭാഷയിൽമാത്രം വരാവുന്നതും കണ്ടെടുത്തോളം സംസ്കൃതഗ്രന്ഥങ്ങളിൽ മിക്കവാറും കാണാത്തതുമായ വൈവിദ്ധ്യങ്ങളും വികല്പങ്ങളും ഒരറ്റത്തുനിന്നുതന്നെവേണമെങ്കിൽ പാണിനീയത്തിൽനിന്നുകിട്ടും. അതിലെത്തന്നെ തപ്പകരണത്തിൽ കാണിച്ചിട്ടുള്ള ത്രിപഭേദങ്ങളും അത്ഭുതഭേദങ്ങളും ഒരു കാലത്തും സംഭാഷണദശയിലിരുന്നിട്ടില്ലാത്ത ഒരുഭാഷയിൽ ഒരിക്കലും സംഭവ്യമേ അല്ല. പാണിനിസമാഹരിച്ചുവെച്ചിട്ടുള്ളതുപോലെ അത്ര വലിയ ഒരു ശബ്ദകോശവും, പ്രയോഗവൈചിത്ര്യങ്ങളും തികച്ചും ജീവചൈതന്യം തുളുമ്പുന്ന യൌവനദശയിലല്ലാതെ ഏതൊരു ഭാഷയിലും ഉണ്ടാവാൻ വയ്യ. സൂക്ഷ്മമായി പരിശോധിച്ചാൽ ഗ്രന്ഥഭാഷയെയല്ല, സംസാരഭാഷയെയാണു് വ്യാകരണദ്വാരാ പാണിനി വ്യവസ്ഥാപിച്ചിട്ടുള്ളതെന്നു വ്യക്തമാവുന്നതാണ്. സംസ്കൃതം ഒരു മൃതഭാഷയാണെന്നു പറയുന്നവക്കും അതിനു ഒരു ഇഹലോകേ ജീവിതം ഉണ്ടായിരുന്നുവെന്നു് സ്ഥിരീകരിക്കുന്നതേതരമില്ലല്ലോ. ആകയാൽ ഒരു കാലത്തു് അതു വടക്കേ ഇന്ത്യയിലെ സംസാരഭാഷയായിരുന്നുവെന്നതിനു് യാതൊരു സംശയവുമില്ല. ഒരുകാലത്തും ആരും സംസാരിക്കാത്ത ഒരുഭാഷ സൃഷ്ടിച്ചു മനുഷ്യർക്കു് ജീവിതത്തിൽവേണ്ടതെല്ലാം അകൃത്രിമഭാഷയിൽ എഴുതിയുണ്ടാക്കിവെച്ചുവെന്നു് അല്പമെങ്കിലും ബുദ്ധിയുള്ളവർക്കു ഊഹിക്കാൻപോലും സാധിക്കുമോ?

രണ്ടാമതു്—വേദവേദാംഗാദി വിദ്യാപരമായ തത്വചർച്ചകളിൽ ഏർപ്പെട്ടു് ജീവിതം നയിക്കുവാൻ സൌകര്യപ്രദമായ ഒരു കഥകളിമുദ്രയെന്നപോലെ മനസ്സിനുതോന്നുന്നതുപോലെ ഭാവിക്കുവാൻ വേദവ്യാഖ്യാതാക്കൾക്കു് ഒരു ഭാഷയുണ്ടായിരുന്നുവെന്നു് അതിനു് ഒരു ഭാഷാസാഹിത്യമുണ്ടായിരുന്നുവെന്നുമാണു് ഇന്നു് ഏറ്റവും പ്രബലമായ അഭിപ്രായം. പണ്ഡിതന്മാരുടെ ഉച്ചാരണം അധികം ശ്രദ്ധാമായിരിക്കും. മറവുള്ളവരുടേതു് കൃത്രിമപ്രകൃതവും. സംസ്കൃതം കേട്ടാൽ ഏല്ലാവർക്കും മനസ്സിലാവും. നമ്മുടെ മലയാളത്തിൽതന്നെ പഠിപ്പുള്ളവരുടേയും പഠിപ്പില്ലാത്തവരുടേയും ഭാഷയ്ക്കുള്ളതുപോലെയോ, കുട്ടികളുടേയും മുതിർന്നവരുടേയും ഭാഷയ്ക്കുള്ളതുപോലെയോ ഒരു വ്യത്യാസം അഭ്യസ്തവിദ്യരുടേയും അനഭ്യസ്തവിദ്യരുടേയും ഭാഷയ്ക്കു തമ്മിൽ കാണേണ്ടതാണു്. അത്രമാത്രം അതുകൊണ്ടേതന്നെയാവണം സംസ്കൃതനാടകങ്ങളിൽ ചിലരുടെ സംഭാഷണം പലതരത്തിലുള്ള പ്രാകൃതത്തിലും, ബാക്കിയെല്ലാവരുടേയും സംസ്കൃതത്തിലുമായി കാണുന്നതു്.

മൂന്നാമതു്—ബുദ്ധദേവനുശേഷം ബുദ്ധധർമ്മങ്ങളും പൊതുജനങ്ങളിൽ പ്രചരിപ്പിക്കുന്നതിനായി പാലിഭാഷയിൽ അസംഖ്യം ഗ്രന്ഥങ്ങളും ഉണ്ടായിട്ടുണ്ടു്. അതെല്ലാം ആ പാലിഭാഷയിൽ ആവണമെന്നുള്ള കാരണവും അന്നത്തെ സാമാന്യഭാഷ അതായിരുന്നുവെന്നുള്ളതാവണമല്ലോ. ആ പാലിക്കും സംസ്കൃതത്തിനും തമ്മിൽ എത്രമാത്രം അടുപ്പമുണ്ടെന്നു് പരിശോധിച്ചുനോക്കേണ്ടതാണു്. സംസ്കൃതവും, പ്രാകൃതങ്ങളും, പാലിയും, പുതിയതും പഴയതുമായ ഒരുതരം ഹിന്ദുസ്ഥാനിയും, അതിനും പുറമെ മറാട്ടി, ഗുജറാത്തി, ബങ്കാളി മുതലായവയും അറിയാവുന്ന ഒരു ഭാഷാശാസ്ത്രജ്ഞൻ അതെല്ലാംവച്ചു് ഒരു തരതമ്യപഠനം നടത്തിനോക്കിയാലറിയാം, ആദ്യത്തിൽ വൈദികസംസ്കൃതവും, അനന്തരം ലൌകികസംസ്കൃതവും, അതിനുശേഷം പാലിയും, പ്രാകൃതങ്ങളും, ഒടുവിൽ ഇപ്പോൾ കാണുന്ന നാട്ടുഭാഷകളും ക്രമേണ മാറിമാറി വ്യവഹാരദശയിലെത്തിച്ചേർന്നിട്ടുള്ളതാണെന്നു്. കാലം പോകുന്തോറും പഴയതു പലതും മാഞ്ഞുപോവുകയും, പുതിയ പുതിയ പദങ്ങളും പ്രയോഗശൈലികളും കടന്നുകൂടുകയും ഏതു ഭാഷയുടേയും സ്വഭാവമാണു്. അതിൽ സംസ്കൃതത്തിൻെറ യൌവനകാലത്തെ നിലയാണു് പാണിനി സൂക്ഷിച്ചുവച്ചിട്ടുള്ളതു്. പാണിനിയുടെ കാലംവരെ ഉണ്ടായിട്ടുള്ളവയിൽ കിട്ടാവുന്നതും, അക്കാലത്തു സംസ്കൃതം മാതൃഭാഷയായിട്ടുള്ള ഓരോ ദേശത്തും നടപ്പുള്ളതുമായ പദങ്ങളും മിക്കതും സമാഹരിച്ചു് അവയെല്ലാം വളരെ കലാഭംഗിയോടുകൂടി ഇണക്കിച്ചേർത്തു നിർമ്മിച്ചിട്ടുള്ള ശബ്ദമയമായ ഒരു 'താജ്മഹാ'ണു് പാണിനിയുടെ അഷ്ടാധ്യായി. (കാൽഡുലിൻെറ ദ്രവിഡിയൻ ഫിലോളജി തമിഴ്, തെലുങ്ക്, കന്നഡകം, മലയാളം എന്ന ദ്രാവിഡഭാഷകൾക്കെല്ലാം പ്രമാണമായിത്തീർന്നിട്ടുള്ളതുപോലെ) പാണിനിയും അക്കാലത്തു് എല്ലാ നാട്ടുകാരും അംഗീകരിച്ചിട്ടുള്ള ഒരു വ്യാകരണമായിരുന്നുവെന്നു് ഊഹിക്കുവാൻ നമ്മെ സഹായിക്കുന്നു. ഒരു വ്യത്യാസമാത്രമുണ്ടാവും. പണ്ഡിതന്മാരുടെ ഉച്ചാരണം അധികം ശുദ്ധമായിരിക്കും. മറവുള്ളവരുടേതു് കൃത്രിമപ്രകൃതവും. സംസ്കൃതം കേട്ടാൽ എല്ലാവർക്കും മനസ്സിലാവും. നമ്മുടെ മലയാളത്തിൽതന്നെ പഠിപ്പുള്ളവരുടേയും പഠിപ്പില്ലാത്തവരുടേയും ഭാഷയ്ക്കുള്ളതുപോലെയോ, കുട്ടികളുടേയും മുതിർന്നവരുടേയും ഭാഷയ്ക്കുള്ളതുപോലെയോ ഒരു വ്യത്യാസം അഭ്യസ്തവിദ്യരുടേയും അനഭ്യസ്തവിദ്യരുടേയും ഭാഷയ്ക്കു തമ്മിൽ കാണേണ്ടതാണു്. അത്രമാത്രം അതുകൊണ്ടേതന്നെയാവണം സംസ്കൃതനാടകങ്ങളിൽ ചിലരുടെ സംഭാഷണം പലതരത്തിലുള്ള പ്രാകൃതത്തിലും, ബാക്കിയെല്ലാവരുടേയും സംസ്കൃതത്തിലുമായി കാണുന്നതു്.

മൂന്നാമതു്—ബുദ്ധദേവനുശേഷം ബുദ്ധധർമ്മങ്ങളും പൊതുജനങ്ങളിൽ പ്രചരിപ്പിക്കുന്നതിനായി പാലിഭാഷയിൽ അസംഖ്യം ഗ്രന്ഥങ്ങളും ഉണ്ടായിട്ടുണ്ടു്. അതെല്ലാം ആ പാലിഭാഷയിൽ ആവണമെന്നുള്ള കാരണവും അന്നത്തെ സാമാന്യഭാഷ അതായിരുന്നുവെന്നുള്ളതാവണമല്ലോ. ആ പാലിക്കും സംസ്കൃതത്തിനും തമ്മിൽ എത്രമാത്രം അടുപ്പമുണ്ടെന്നു് പരിശോധിച്ചുനോക്കേണ്ടതാണു്. സംസ്കൃതവും, പ്രാകൃതങ്ങളും, പാലിയും, പുതിയതും പഴയതുമായ ഒരുതരം ഹിന്ദുസ്ഥാനിയും, അതിനും പുറമെ മറാട്ടി, ഗുജറാത്തി, ബങ്കാളി മുതലായവയും അറിയാവുന്ന ഒരു ഭാഷാശാസ്ത്രജ്ഞൻ അതെല്ലാംവച്ചു് ഒരു തരതമ്യപഠനം നടത്തിനോക്കിയാലറിയാം, ആദ്യത്തിൽ വൈദികസംസ്കൃതവും, അനന്തരം ലൌകികസംസ്കൃതവും, അതിനുശേഷം പാലിയും, പ്രാകൃതങ്ങളും, ഒടുവിൽ ഇപ്പോൾ കാണുന്ന നാട്ടുഭാഷകളും ക്രമേണ മാറിമാറി വ്യവഹാരദശയിലെത്തിച്ചേർന്നിട്ടുള്ളതാണെന്നു്. കാലം പോകുന്തോറും പഴയതു പലതും മാഞ്ഞുപോവുകയും, പുതിയ പുതിയ പദങ്ങളും പ്രയോഗശൈലികളും കടന്നുകൂടുകയും ഏതു ഭാഷയുടേയും സ്വഭാവമാണു്. അതിൽ സംസ്കൃതത്തിൻെറ യൌവനകാലത്തെ നിലയാണു് പാണിനി സൂക്ഷിച്ചുവച്ചിട്ടുള്ളതു്. പാണിനിയുടെ കാലംവരെ ഉണ്ടായിട്ടുള്ളവയിൽ കിട്ടാവുന്നതും, അക്കാലത്തു സംസ്കൃതം മാതൃഭാഷയായിട്ടുള്ള ഓരോ ദേശത്തും നടപ്പുള്ളതുമായ പദങ്ങളും മിക്കതും സമാഹരിച്ചു് അവയെല്ലാം വളരെ കലാഭംഗിയോടുകൂടി ഇണക്കിച്ചേർത്തു നിർമ്മിച്ചിട്ടുള്ള ശബ്ദമയമായ ഒരു 'താജ്മഹാ'ണു് പാണിനിയുടെ അഷ്ടാധ്യായി. (കാൽഡുലിൻെറ ദ്രവിഡിയൻ ഫിലോളജി തമിഴ്, തെലുങ്ക്, കന്നഡകം, മലയാളം എന്ന ദ്രാവിഡഭാഷകൾക്കെല്ലാം പ്രമാണമായിത്തീർന്നിട്ടുള്ളതുപോലെ) പാണിനിയും അക്കാലത്തു് എല്ലാ നാട്ടുകാരും അംഗീകരിച്ചിട്ടുള്ള ഒരു വ്യാകരണമായിരുന്നുവെന്നു് ഊഹിക്കുവാൻ നമ്മെ സഹായിക്കുന്നു. ഒരു വ്യത്യാസമാത്രമുണ്ടാവും. പണ്ഡിതന്മാരുടെ ഉച്ചാരണം അധികം ശുദ്ധമായിരിക്കും. മറവുള്ളവരുടേതു് കൃത്രിമപ്രകൃതവും. സംസ്കൃതം കേട്ടാൽ എല്ലാവർക്കും മനസ്സിലാവും. നമ്മുടെ മലയാളത്തിൽതന്നെ പഠിപ്പുള്ളവരുടേയും പഠിപ്പില്ലാത്തവരുടേയും ഭാഷയ്ക്കുള്ളതുപോലെയോ, കുട്ടികളുടേയും മുതിർന്നവരുടേയും ഭാഷയ്ക്കുള്ളതുപോലെയോ ഒരു വ്യത്യാസം അഭ്യസ്തവിദ്യരുടേയും അനഭ്യസ്തവിദ്യരുടേയും ഭാഷയ്ക്കു തമ്മിൽ കാണേണ്ടതാണു്. അത്രമാത്രം അതുകൊണ്ടേതന്നെയാവണം സംസ്കൃതനാടകങ്ങളിൽ ചിലരുടെ സംഭാഷണം പലതരത്തിലുള്ള പ്രാകൃതത്തിലും, ബാക്കിയെല്ലാവരുടേയും സംസ്കൃതത്തിലുമായി കാണുന്നതു്.

കാക്കുമുള്ള സംസ്കൃതത്തിന്റെ പ്രമാണഗ്രന്ഥമായി നിലനിൽക്കുന്നതായിരിക്കണം. പാണിനിയുടെ കാലത്തിനുശേഷം ജനങ്ങൾക്ക ലാംഖവവക്ഷവാതം കൂടിക്കൂടിവന്നു. അക്കാലത്തുതന്നെ പേഴ്സ്യക്കാരും മറ്റുമായ വിദേശീയരുടെ ബന്ധം ഭാരതീയർക്കുണ്ടായിത്തുടങ്ങിയെന്ന് യവനന്മാരെക്കുറിച്ചും, അവരുടെ ലിപിയെക്കുറിച്ചും മറ്റും പറഞ്ഞുകാണുന്നതിൽ നിന്നൂഹിക്കണം. പിന്നെ ക്രമേണ പല പുതിയ രാജ്യക്കാരുമായി ബന്ധം വന്നുചേർന്നപ്പോൾ ഭാഷയ്ക്കും ഓരോ പരിണാമങ്ങളും വന്നുചേർന്നിരിക്കണം. പുറമേനിന്നു വരുന്നവർക്ക് എത്രതന്നെയായാലും ഇന്ത്യക്കാരെപ്പോലെ ഇത്ര വ്യക്തവും ശ്രുതിശുദ്ധവുമായ ഉച്ചാരണം സംഭവ്യമാകയില്ല. അപ്പോൾ അവരുടെ പാകത്തിൽ സംസ്കൃതപദങ്ങളെ പ്രാകൃതപ്പെടുത്തി ഉച്ചരിച്ചുകാണും. അങ്ങിനെ പോയിപ്പോയി കുറച്ചുനാളുകഴിയുമ്പോഴേയ്ക്കും സംസ്കൃതത്തിൽനിന്ന് കുറെയകന്ന ഒരു ഭാഷ സാധാരണയായിത്തീർന്നിരിക്കും. അതായിരിക്കണം പ്രാകൃതാദിഭാഷകളുടെ ഉല്പത്തിക്കുള്ള നിദാനം.

സംസ്കൃതത്തിലെ ചില പദങ്ങളുടെ സാജാത്യം കണ്ടു ഭ്രമിച്ച് പ്രാകൃതത്തിൽനിന്നാണ് സംസ്കൃതം ഉണ്ടായിട്ടുള്ളതു് എന്നു് ചിലർ അഭിപ്രായപ്പെടുന്നുണ്ട്. ആ യുക്തിപ്രകാരം ഹിന്ദുസ്ഥാനിയിൽനിന്നാണ സംസ്കൃതം ഉണ്ടായതു് എന്നുകൂടി സമർത്ഥിക്കാവുന്നതുമാണ്. എന്നാൽ ഏതു കാലത്തും കുറെ പ്രാകൃതമായ ഉച്ചാരണം ഉണ്ടാകുമെന്ന സംഗതി ഞാൻ മറക്കുന്നുമില്ല. അതെന്തെങ്കിലുമാകട്ടെ, ഏതായാലും ഒരുകാലത്തു് സംസ്കൃതം വടക്കെ ഇന്ത്യയിലെ വ്യവഹാരഭാഷയായിരുന്നുവെന്നു തീർച്ചയാണ്.

ദക്ഷിണേന്ത്യയിലുംകൂടെ, സംസ്കൃതം ഒരിക്കലും ഒരു വ്യവഹാരഭാഷയായിട്ടില്ല. എന്നാൽ വളരെവളരെ മുമ്പുതന്നെ ഇവിടത്തെ വിദ്യാഭ്യാസഭാഷയായിരുന്നു അതെന്ന് തീർച്ചയുമാണ്. തമിഴ്, തെലുങ്ക്, കന്നഡം, മലയാളം എന്നീ പ്രധാനപ്പെട്ട നാലു ദ്രാവിഡഭാഷകളും ഉള്ളതിൽ തമിഴിന്നാണ് വേണ്ടത്ര പരിഷ്കാരങ്ങളും ആദ്യമായി സിദ്ധിച്ചിട്ടുള്ളതു്. തമിഴ് സാഹിത്യത്തിന്റെ സുവർണ്ണാദ്ധ്യായമായി കരുതിവരുന്ന സംഘത്തമിഴ് കാലം രണ്ടായിരം കൊല്ലത്തിന മുമ്പാണ്. ആ തമിഴിലെ ഒരു പ്രാചീനവ്യാകരണഗ്രന്ഥമായ 'തൊൽകാപ്പിയം' പല അംശങ്ങളിലും സംസ്കൃതവ്യാകരണത്തിന്റെ അനുകരണവും, തജ്ജന്യമുമാണ്. അന്ന് അതിൽ തമിഴ്പദങ്ങളെ വിഭജിച്ചതിൽ സംസ്കൃതജന്യങ്ങളായ പദങ്ങളെ 'വടമൊഴി'യെന്നൊരു പ്രത്യേക വിഭാഗമായി ഗണിച്ചിരിക്കുന്നു. രണ്ടായിരം കൊല്ലം മുമ്പുതന്നെ ആ തമിഴിൽ നല്ലൊരു വിഭാഗം സംസ്കൃതശബ്ദങ്ങളും കടന്നുകൂടിയിട്ടുണ്ടായിരുന്നുമെങ്കിൽ, അതിനേറെയും എത്രയോ മുമ്പുതന്നെ തമിഴ്നാട്ടിൽ സംസ്കൃതം പ്രചാരമായിട്ടുണ്ടെന്നു തീർച്ചയാണല്ലോ.


ഹനുമാന്റെ ഭാഷാവ്യുല്പത്തി

തെക്കേ ഇന്ത്യക്കാരനായ ഹനുമാൻ സംസ്കൃതവ്യാകരണം നല്ലവണ്ണം അറിയുമായിരുന്നുവെന്ന് വാല്മീകി സൂചിപ്പിച്ചിരിക്കുന്നു. രാമായണത്തിൽ ഹനുമാനെ ആദ്യമായി പ്രവേശിപ്പിക്കുന്നതു തന്നെ വ്യാകരണം നടത്തിക്കുന്നതായിട്ടാണ്. ശ്രീരാമൻ ലക്ഷ്മണനോടു പറയുകയാണ്—"ഈ ഹനുമാനെ ശബ്ദശാസ്ത്രം മുഴുവനുമറിയാം. ഇയാളുടെ സംഭാഷണത്തിൽ ഒരിടറ അശുദ്ധവും പുറപ്പെട്ടിട്ടില്ല" എന്ന്. എന്തിനധികം, ഹിമാലയത്തിൽ കടലിറങ്ങിയിരുന്ന് ഹനുമാനെ ലങ്കയിൽ ത്രികൂടശൃംഗത്തിലിരുന്ന് വിഭീഷണനെ രാമനാമം ജപിക്കുന്നതും രാമായണകഥ പ്രക്ഷേപണം ചെയ്യുന്നതും, സപ്തഹത്തിൽ, രാമായണഗ്രന്ഥത്തിന്റെ മുമ്പിൽ സ്ഥിതിചെയ്യുന്നതും കണ്ടും കേട്ടും ഇരുന്നവരാണ് പണ്ടത്തെ ഭാരതീയരെല്ലാം. അന്നത്തെ ആ റേഡിയോപ്രക്ഷേപണത്തിൽ വിദൂരാംശമായി പ്രവൃത്തിച്ചിട്ടുള്ളതു് സംസ്കൃതഭാഷയല്ലാതെ മറ്റൊന്നുമല്ല.

ശ്രീശങ്കരാചാര്യപാദർ നമ്മുടെ കാലടിയിൽനിന്നു പുറപ്പെട്ടുചെന്നു് അദ്വൈതമതത്തിന്റെ വെന്നിക്കൊടി ഹിമാലയത്തിൽ ബദരീനാഥക്ഷേത്രത്തിന്റെ നടയിൽ നാട്ടിയിട്ടുണ്ടെങ്കിൽ അതു സാധിച്ചിട്ടുള്ളതു് ഈ സംസ്കൃതഭാഷവഴിയിട്ടുണ്ട്.

തെലുങ്ക്, കന്നഡം, മലയാളം എന്നീ ദക്ഷിണാത്യഭാഷകൾക്കു് ആദ്യമായുണ്ടായ വ്യാകരണഗ്രന്ഥങ്ങളും "ആന്ധ്രശബ്ദചിന്താമണി", "കന്നടകഭാഷാഭൂഷണം", "ലീലാതിലകം" എന്നിവയാണ്. അവപോലും സംസ്കൃതഭാഷയിലുണ്ടായതിനുശേഷം അതുമായുള്ള ഭാഷാസമ്പർക്കംകൊണ്ടും ഭാഷാസമ്പർക്കംകൊണ്ടും മറ്റേതൊന്നിനേയും അധഃകരിക്കത്തക്കവിധം അൽഭുതം തോന്നിക്കുന്ന 'തലയെടുപ്പ്' ഉള്ളതുമായ ഒരു രൂപഭാവസമ്പത്തുണ്ടാക്കുന്നതാണ്. ആ സ്ഥിതിക്ക് ഒരു ഭാരതീയനും സംസ്കൃതത്തെ ഉപേക്ഷിക്കുവാൻ തീരെ സാധിക്കുകയില്ല. അതു് ഓരോ ഭാരതീയന്റെയും പ്രാണവായുവാണ്. അതിനെ മനുഷ്യനന്തനന്തരിച്ച് അധികമധികമത്തീയശക്തികളും അവയ്ക്ക് ഉണ്ടാകുവാനുണ്ട്. അതിനാൽ മാതൃഭാഷയും സംസ്കൃതവും എതൊരു ഇന്ത്യക്കാരനും അത്യന്താപേക്ഷിതമെന്നുവരുന്നു. രാഷ്ട്രഭാഷ ഇംഗ്ലീഷ് തന്നെയായാലും ഹിന്ദുസ്ഥാനിയായിക്കിയാലും സംസ്കൃതംവിട്ടുവാൻ ഭാരതീയർക്കു നിവൃത്തിയില്ല. രാഷ്ട്രാന്തരീയഭാഷകളിലൊന്നാണെന്ന നിലയ്ക്കും സാഹിത്യശാസ്ത്രഗ്രന്ഥസമൃദ്ധികൊണ്ടും ഇന്ന് ഇംഗ്ലീഷിനുള്ള സ്ഥാനം ഏറ്റവും വലിയതുതന്നെ. എന്നാൽ ഉപരിവിദ്യാഭ്യാസത്തിലുമുപരിവിദ്യാഭ്യാസം ചെയ്ത് വിദൂരദേശങ്ങളുമായി ബന്ധപ്പെടുവാനോ, വൈദേശികസംസ്കാരവും കൂടി സമ്പാദിക്കുവാനോ ആഗ്രഹിക്കുന്നവർക്കുമാത്രമതി ആ ഇംഗ്ലീഷ് വിദ്യാഭ്യാസം എന്നുവച്ചാൽ തരക്കേടൊന്നും വരാനില്ല. അതു് കാളേജുവിദ്യാഭ്യാസത്തിൽ വേണമെന്നുള്ളവർക്കുമാത്രം പഠിപ്പിച്ചാൽ ധാരാളമാണ്. എന്നാലും ഹിന്ദി രാഷ്ട്രഭാഷയാക്കിയാൽ, മാതൃഭാഷ ഹിന്ദുസ്ഥാനിയല്ലാത്ത രാജ്യങ്ങളിൽ ഇടത്തരക്കാക്കെല്ലാം ചുരുങ്ങിയതു മൂന്നുഭാഷ—മാതൃഭാഷയും, ഹിന്ദുസ്ഥാനിയും, സംസ്കൃതവും — പഠിക്കണമെന്നാണെവന്നുചേരുന്നതു്. സംസ്കൃതത്തെ രാഷ്ട്രഭാഷയാക്കുന്നപക്ഷം രണ്ടുഭാഷയേ നിർബന്ധമായി പഠിക്കേണ്ടിവരികയുള്ളൂ. മാതൃഭാഷയും—സംസ്കൃതവും. ഭാഷയെക്കുറിച്ചോ, സാഹിത്യത്തെക്കുറിച്ചോ എന്തെങ്കിലും മനസ്സിലാക്കണമെന്ന് ആഗ്രഹിക്കുന്നവരെല്ലാം എത്രവിധത്തിലും മാതൃഭാഷയ്ക്കുപുറമേ ഒരുഭാഷകൂടിപ്പഠിക്കുക അത്യാവശ്യമാണ്. ഒന്നിന്റെ മർമ്മം അറിവു അറിവില്ല. ആകയ്ക് അധികമധികം ഭാഷകളും അറിയുമോ അവയ്ക്ക് അന്യോന്യവും സംസ്കാരവും വളർന്നുവരും. പക്ഷേ, അതെല്ലാം പ്രത്യേകം വാസനയുള്ള അപൂർവ്വംചില ഭാഗ്യശാലികൾക്കേ സാധിക്കൂ, മാതൃഭാഷയൊഴിക്ക ഒരുഭാഷകൂടി പഠിപ്പിക്കുകയെന്നതു സാധാരണക്കാർക്കൊക്കെ സാധിക്കും. അതുകൊണ്ട് പൊതുവിദ്യാഭ്യാസത്തിൽ രണ്ടുഭാഷ പഠിക്കുവാനുള്ള ഏർപ്പാടാണ് ഉണ്ടായിരിക്കേണ്ടതു്. രണ്ടാമത്തെഭാഷ മാതൃഭാഷാവിജ്ഞാനത്തെ പുഷ്ടിപ്പെടുത്തുന്നതായിരിക്കയും വേണം. ഭാരതത്തിൽ എല്ലാവരുടേയും മാതൃഭാഷകളെ പക്ഷഭേദംകൂടാതെ പോഷിപ്പിക്കുവാനുള്ള കഴിവു് സംസ്കൃതത്തിനുള്ളതുപോലെ മറ്റൊന്നിനുമില്ലതാനും. സംസ്കൃതത്തിന്റെ പിൻബലമുണ്ടെങ്കിലേ ഹിന്ദുസ്ഥാനിക്കും മേല്പോട്ട കയറിപ്പോകുവാൻ കഴികയുള്ളൂ.

കുറച്ചുകാലംമുമ്പുവരെ വിദ്യാലയങ്ങളിൽ എലിമെന്ററിക്ലാസ്സുകളിൽ മാതൃഭാഷയും, ഇംഗ്ലീഷും പഠിപ്പിക്കുക, ഹൈസ്കൂൾക്ലാസ്സുകളിൽ ഇംഗ്ലീഷിനു പുറമേ സംസ്കൃതമോ മാതൃഭാഷയൊഴിക്ക പഠിക്കുക ഇതായിരുന്നു ഏർപ്പാടു്. അതു കുറെ ഭേദപ്പെടുത്തിയിരുന്നു. രാഷ്ട്രഭാഷ ഹിന്ദിയാവണമെന്ന അഭിപ്രായം ആവിർഭവിച്ചതോടുകൂടിയാണ് സ്ഥിതിയെല്ലാം മാറിയതു്. മാതൃഭാഷയും ഹൈസ്കൂൾക്ലാസുകളിലും നിർബന്ധംവേണമെന്നപക്ഷം അതിനുമുമ്പുതന്നെ വേരുന്നിവന്നിരുന്നു. ഒടുവിൽ, ഇംഗ്ലീഷ് എല്ലാക്ലാസുകളിലും വേണമെന്ന് അതിനെക്കുറിച്ചറിയുന്നവർ, അങ്ങിനെയുമല്ലെങ്കിൽ മാതൃഭാഷയും എല്ലാക്ലാസിലും വേണമെന്ന് മാതൃഭാഷാഭക്തരും



ടക്കിഷ് പാർലമെന്ററി ഡെലിഗേഷൻ നംഗൽഅണയുടെ ഒരു ചെറു മാതൃക പരിശോധിക്കുന്നു.

ന്മേൽ, ഹിന്ദിയെ രാഷ്ട്രഭാഷയാക്കി യേകഴിയൂ എന്ന് രാഷ്ട്രീയവാദികളും, സംസ്കൃതം വിട്ടുകളയുന്നതു അപരാധമാണെന്ന് സംസ്കൃതപണ്ഡിതന്മാർ, ഇങ്ങനെയോരോന്നിനേറെയും വക്രാലത്തുപിടിച്ച് സംസാരിക്കുന്നവരായി ആളുകളെല്ലാം. എന്നിട്ട് ഒരു നാലഞ്ചുകൊല്ലംമുമ്പ് ഒരു തീരുമാനമുണ്ടായതിതാണ്: — ',എല്ലാവരും മാതൃഭാഷയും ഇംഗ്ലീഷും ആദ്യംമുതൽ ഹൈസ്കൂൾവിദ്യാഭ്യാസം കഴിയുന്നതുവരെയും പഠിക്കണം. മൂന്നാമതൊരുഭാഷ, ഹിന്ദിയോ സംസ്കൃതമോ ഒന്ന്, ഹൈസ്കൂൾക്ലാസ്സുകളിൽ നിർബ്ബന്ധവുമാണ്. ഇതുമൂലം മൂന്നുഭാഷ പഠിക്കുവാൻ കഷ്ടപ്പെടുകയാണ് ഇപ്പോൾ സകല വിദ്യാർത്ഥികളും. ഹിന്ദിയോ സംസ്കൃതമോ എന്നുവച്ചതിൽ സംസ്കൃതം ഉപേക്ഷിച്ച് ഹിന്ദിയാണ് എല്ലാവരും സ്വീകരിക്കുന്നതു്. അതു രാഷ്ട്രഭാഷയാക്കുവാൻപോവുകയാണല്ലോ. അങ്ങിനെയിപ്പോൾ ഒന്നരണ്ടുകൊല്ലമായിട്ട പല ഹൈസ്കൂളുകളിലും സംസ്കൃതത്തിനു് അടിയറവുതന്നെയും വന്നിരിക്കുന്നു. മൂന്നുഭാഷ ഒപ്പം പഠിക്കുക, സംസ്കൃതം തീരെ പഠിപ്പിക്കാതിരിക്കുക എന്ന ഈ സ്ഥിതി ഇതേനിലയിൽ തുടർന്നുപോകുന്നത് അനർത്ഥകരമാണ്. ഒരു ഭാഷയിൽ നല്ല ജ്ഞാനം സിദ്ധിച്ചതിനുശേഷം വേറെ ഒരു ഭാഷ പഠിക്കുവാൻ വളരെ എളുപ്പമാണ്. ആദ്യം മാതൃഭാഷമാത്രം എഴുതുവാനുംവായിക്കുവാനും കഴിവുസമ്പാദിക്കുക, അതിനുശേഷം മറ്റൊരുഭാഷ ആ മാതൃഭാഷയെ അടിസ്ഥാനമാക്കി പഠിപ്പിക്കുക. രണ്ടാമത്തെ ഭാഷയിൽ അറിവ് വേണ്ടുവോളം വന്നതിനുശേഷമേ മൂന്നാമതൊരുഭാഷ പഠിക്കുവാൻ മുതിരാവൂ. രണ്ടാംഭാഷ സംസ്കൃതമാണെങ്കിൽ മൂന്നാംഭാഷ പഠിക്കുവാൻ വളരെകൂച്ച സഹായംമാത്രമേപുറമേനിന്നു വേണ്ടിവരികയുള്ളൂ. സംസ്ഥാനത്തിൽ 'വിദ്യാഭ്യാസം' 'ശിരോമണി'യും ജയിച്ചിട്ടുള്ളവർ പലരും സ്വയം പരിശ്രമിച്ചു ബി. ഒ. എൽ-പരീക്ഷയുംമാറാം ജയിക്കുന്നതിൻറെ ഒരു പ്രധാനരഹസ്യം അതാണ്. ഇപ്പോൾ ഹിന്ദിയും ഇംഗ്ലീഷുംമാറാം തന്നത്താൻ പഠിക്കുവാൻ പല 'സ്വബോധിനി'കളുമുണ്ടല്ലോ. അതെല്ലാം ഒരു ഭാഷ നല്ലപോലെ പഠിച്ചിട്ടുള്ളവർക്ക വേണ്ടത്ര ഫലം ചെയ്തേക്കും. അവർക്കുചെയ്കയുമുള്ളൂ. അതുകൊണ്ടു മാതൃഭാഷയ്ക്കു പുറമെ കുറച്ചെങ്കിലും മേല്പോട്ട് പഠിച്ചുകയറണമെന്നുള്ളവർക്കെല്ലാം നിർബ്ബന്ധമായി ഒരിന്ത്യൻഭാഷ പഠിക്കുവാൻ ഏർപ്പാടുണ്ടാവണം. അതു സംസ്കൃതമായാലത്തെപ്പോലെ മറേതായാലും ഗുണമുണ്ടാവുകയുമില്ല.

ഇന്ത്യയിലൊട്ടുകെ നോക്കിയാൽ ഹിന്ദുസ്ഥാനി മാതൃഭാഷയായിട്ടുള്ളവർ ആകെയുള്ള ജനസംഖ്യയിൽ നാലിലൊന്നുണ്ടാകുമോ എന്നു സംശയമാണ്. ബാക്കിയുള്ളവരെയെല്ലാം പ്രത്യേകിച്ചു തെക്കേഇന്ത്യക്കാരെ, രാഷ്ട്രഭാഷയുടെ പേരുംപറഞ്ഞിട്ടാണ് ഹിന്ദി പഠിപ്പിക്കേണ്ടതു്. എല്ലാവർക്കും കാമധേനുവായ സംസ്കൃതഭാഷയുണ്ടായിരിക്കെ അങ്ങിനെചെയ്യുന്നതിൽ ഔചിത്യമതിയോ? സംസ്കൃതത്തെ രാഷ്ട്രഭാഷയാക്കുകയും, അതു ഹൈസ്കൂൾക്ലാസ്സുകളിൽ നിർബ്ബന്ധമാക്കിവയ്ക്കുകയും ചെയ്യുന്നതായാൽ ഇന്ത്യാരാഷ്ട്രത്തിൽ മുഴുവനും വിദ്യാഭ്യാസരീതിക്ക് ഒരു ഐകരൂപ്യം വരുത്താൻ സാധിക്കും. ഇപ്പോഴത്തെപ്പോലെ ഹിന്ദുസ്ഥാനിക്കാരുടെ രാജ്യത്തു ഒരുവിധം, തമിഴരുടെടെക്കിൽ മറ്റൊരുവിധം, ബാക്കിയുള്ള നാട്ടുകളിൽ വേറെയൊരുവിധം എന്നിങ്ങനെ ഭാഷകളും പഠിപ്പിക്കുന്നവിഷയത്തിൽ പല രീതിയും കല്പിക്കേണ്ടതായിവരികയില്ല. എന്റെ ഭാഷ രാഷ്ട്രഭാഷയായെന്ന് ചിലർക്ക് ദുരഭിമാനംകൊള്ളുവാനോ മാറാള്ളവരുടെ ഭാഷ ഞങ്ങളിൽ വെച്ചുകെട്ടിയെന്നു ചിലർക്ക് ലജ്ജയോ കോപമോ ഭാവിക്കുന്നതിനോ ഇടവരികയുമില്ല. അമൂല്യങ്ങളും ഉജ്വലങ്ങളുമായ പരസ്സഹസ്രം ഉത്തമഗ്രന്ഥരത്നങ്ങളും ഉൾക്കൊള്ളുന്ന ആ ആർഷസംസ്കാരഭണ്ഡാഗാരം തുറക്കുവാനുള്ള മണിത്താക്കോലുമാണല്ലോ സംസ്കൃതം.

സംസ്കൃതത്തെ രാഷ്ട്രഭാഷയാക്കുന്നതിൽ പലരും പ്രധാനപ്രതിബന്ധമായി ഉന്നയിക്കുന്ന കാരണം അതിൻറെ വ്യാകരണത്തെസ്സംബന്ധിച്ചതാണ്. "സംസ്കൃതവ്യാകരണം അതിഗഹനമാണ്. ഒരു തൊരടിക്കാട്ടതന്നെയാണതു്. ഇത്ര വിഷമംപിടിച്ച ഒരു വ്യാകരണം ഈ ലോകത്തിൽ യാതൊരു ഭാഷയ്ക്കും കാണുകയില്ല. അതു പഠിച്ചു് പിഴക്കുടാതെ പ്രയോഗിക്കുകയെന്നതു് അപൂർവം ചില മഹാബുദ്ധിമാന്മാർക്കേ കഴിയുകയുള്ളൂ. അത്തരത്തിലുള്ള ഒരു ഭാഷയെ ഭരണഭാഷയാക്കുകയെന്നുള്ളതു് ഒരിക്കലും പ്രായോഗികമല്ല" എന്നെല്ലാമാണ് പലരും ധരിച്ചുവെച്ചിട്ടുള്ളതു്. സംസ്കൃതം പഠിച്ചവരിൽപ്പോലും ആ അഭിപ്രായക്കാർ പലരുമുണ്ട്. പത്തും പന്ത്രണ്ടുംകൊല്ലം സംസ്കൃതം പ്രധാനവിഷയമായെടുത്തു പഠിച്ചിട്ടുകൂടി പിഴക്കുടാതെ പത്തുവാക്യമെഴുതുവാൻ കഴിയുന്നില്ലെങ്കിലോ! പിന്നെ അങ്ങനത്തെ ഒരു ഭാഷയെ രാഷ്ട്രഭാഷയാക്കിയാലത്തെക്കഥ ഉരിക്കാമല്ലോ. സംസ്കൃതത്തിലെ എം. എ. പരീക്ഷയ്ക്കുപോലും ചോദ്യങ്ങൾക്കു ഉത്തരമെഴുതുന്നതു് ഇംഗ്ലീഷിൽമതിയെന്നുവച്ചിരിക്കയാണ്. ഈവക പരമാർത്ഥമെല്ലാം പ്രത്യക്ഷമായി കണ്ടും കൊണ്ടു സംസ്കൃതത്തെ രാഷ്ട്രഭാഷയാക്കുവാൻ സമ്മതംമൂളുകയാണെങ്കിൽ അതു ബുദ്ധിപൂർവമാകുമോ എന്നാണ് ചോദ്യം. ഇല്ല, ഒരിക്കലുമില്ല. പക്ഷെ, ശരിയായി പഠിപ്പിക്കുകയോ, മനസ്സിരുത്തി പഠിക്കുകയോ ചെയ്യാതെ പത്തുണ്ടെന്നല്ല, പന്തിരുനാലുനാല്പത്തെട്ടുകൊല്ലംതന്നെ കോഴ്സുകഴിച്ചാലും സംസ്കൃതം എന്നുവയ്യുണ്ട, ഇംഗ്ലീഷോ മലയാളമോതന്നെയായാലും അതുകൊണ്ടു യാതൊരു ഫലവുമുണ്ടാവുകയില്ല. അക്ഷരപ്പിഴയും അനവയത്തെറ്റും കൂടാതെ പത്തുവരി എഴുതുവാൻ കഴിയാത്ത ഇംഗ്ലീഷ് എം. എ-ക്കാരും മലയാളം എം. എ-ക്കാരും ഇല്ലേ? അതൊന്നും ഭാഷയുടെ ദോഷമല്ല. ആളുകളുടെ കുറ്റമാണ്. വിദ്യാഭ്യാസത്തിൽ വരുത്തിക്കൂട്ടിയ പരിഷ്കൃതിപ്പിഴയാണതു്. ഒരു വിദ്യാർത്ഥിയെ നാലുവയസ്സുമുതൽ ഇരുപതോ ഇരുപത്തഞ്ചോ വയസ്സുവരെ മാതൃഭാഷ പഠിപ്പിക്കണമെന്നും, ആ പാവത്തിനു് അതു പഠിക്കണമെന്നവന്നാലത്തെ കഥ ഇന്നാലോചിച്ചുനോക്കേണ്ടതാണ്. എന്നിട്ടും 'വിദ്യാഭ്യാസം' എന്ന നാലക്ഷരം ശരിക്കുച്ചരിക്കുവാനോ എഴുതുവാനോ വയ്യെന്നുവന്നാലത്തെ കഥയോ? ആവകസംഗതിയൊന്നും ആലോചിക്കാതിരിക്കുകയാണുഭേദം

(തുടരും)

റബ്ബർ മുദ്രകൾ

വിവിധ ഡിസൈനുകളിലുള്ള റബ്ബർമുദ്രകൾ വളരെക്കുറഞ്ഞ ചെലവിൽ ഉപയോഗിക്കത്തക്കവിധം ഉറപ്പുള്ളതും ഭംഗിയുള്ളതും മിതമായ ചാർജ്ജിൽ ഇവിടെ ചെയ്തുകൊടുക്കുന്നതാണ്.

മാനേജർ

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

ഒരു വല്ലാത്ത ജീവിതം

— ശിവിക്രമൻ —

"മുഷ്ത്താഖ്."

"സാർ"

"ഈ ഫയലിൽ കാണുന്ന വീട്ടുകാര്യത്തിന് എന്തു സമാധാനമാണ് നിങ്ങൾക്കു പറയാനുള്ളത്?" ആ മേലുദ്യോഗസ്ഥൻ ശൗര്യവത്തോടും രോഷത്തോടും ചോദിച്ചു.

"ഇതിൽ ഞാൻ കുറക്കാരനല്ല....."

"വേണ്ട, മുഷ്ത്താഖ്. കുറ്റം മറ്റാരുടെയെങ്കിലും തലയിലിടാൻ ശ്രമിക്കേണ്ട. എനിക്കറിയാം നിങ്ങളെയൊക്കെ നല്ലപോലെ. നിങ്ങളെയൊക്കെ ഇവിടെവെച്ചു പുലർത്തുന്ന ഞങ്ങളെത്തന്നെയാണിതിനൊക്കെക്കൊണ്ടുപ്പെടുത്തേണ്ടതു്..." തുടർന്നു നിശ്ശബ്ദത.

തന്റെ നിരപരാധിത്വത്തെ വെളിപ്പെടുത്താൻ മുഷ്ത്താഖിനൊരവസരം ലഭിച്ചില്ല. മുമ്പും ഇങ്ങിനെയൊക്കെ സംഭവിച്ചിട്ടുണ്ട്. പക്ഷേ അന്നൊക്കെ തന്നെ ഒരു ഉദ്യോഗക്കയറ്റത്തിനു് അനർഹനാക്കുന്നതു കൊണ്ടു മേലുദ്യോഗസ്ഥന്മാർ തൃപ്തിപ്പെടുമായിരുന്നു. ഇത്തവണയോ?

"നാളെ ഇതിനു് ശരിയായ സമാധാനം ബോധിപ്പിക്കണം." ആ തീർമാനവും കേട്ടു മുഷ്ത്താഖ് ആഡംബരപൂർവം അലങ്കരിക്കപ്പെട്ട ആ മുറിയിൽനിന്നു പുറത്തുവന്നു.

ഉദ്യോഗം പോകുന്നതിലല്ല; ചെയ്യാത്ത കുറ്റത്തിനു ആക്ഷേപിക്കപ്പെടുകയും ശിക്ഷയനുഭവിക്കുകയും വേണ്ടിവരിക. മാത്രമല്ല, തന്നെയും തന്നെപ്പോലുള്ളവരെയും പറഞ്ഞയയ്ക്കുന്നതു കുറേനാണു് ആ ഉയർന്ന ഉദ്യോഗസ്ഥൻ "തലവേദന" അനുഭവിക്കേണ്ടിവരുന്നുവെന്നു കേൾക്കുക: അതൊക്കെയാണു് മുഷ്ത്താഖിനെ വല്ലാതെ വേദനിപ്പിച്ചതു്.

സുഖിക്കാനുള്ള സകല സാഹചര്യങ്ങളും ഉണ്ടാവുക; ജോലിയൊന്നുമില്ലാതിരിക്കുക. ചായയും സിഗരറ്റുമായി 11 മണിമുതൽ അഞ്ചുമണിവരെ ആകാശക്കോട്ട കെട്ടിയും ഉറങ്ങിയും വല്ലപ്പോഴും ചില ഫയലുകളിൽ ഒപ്പിട്ടും അങ്ങിനെ ദിവസങ്ങൾ കഴിക്കുകയാണു് ആ ഉയർന്ന ഉദ്യോഗസ്ഥന്റെ ചുമതല. മാസം ഒന്നാംതീയതിതോറും വലിയ സംഖ്യയുള്ള ഒരു ചെക്ക് 'പ്രതിഫല'വും. അതിലൊന്നും മുഷ്ത്താഖിനു് ആക്ഷേപമില്ല. മി: ബാലകൃഷ്ണന്റെ ഭംഗിയിൽനിന്നും സന്തോഷിക്കുകമാത്രം ചെയ്ത ഒരാളാണ് മുഷ്ത്താഖ്.

അഞ്ചുകൊല്ലത്തെ കെട്ടുപിണഞ്ഞ ജീവിതം—അതൊരു നിസ്സാര സംഗതിയൊന്നുമല്ല. ഒരിരുപത്താറു കൊല്ലുമുമ്പാണ് മുഷ്ത്താഖും ബാലകൃഷ്ണനും ഒരേദിവസം ആ ഗവ മെണ്ടുകോയ്മുലയത്തിൽ ജോലിയിൽ പ്രവേശിച്ചതു്. അതുകൊണ്ടുതന്നെ മറാരെക്കാളും ആ രണ്ടു വ്യക്തികൾ തമ്മിൽ അടുത്തു.

ജീവിതത്തിലെ സുഖമെന്തെന്നന്വേഷിച്ചറിഞ്ഞു ആസ്വദിക്കാൻവേണ്ടവനാണ് ബാലകൃഷ്ണൻ. ജനിച്ചുപോയ അപരാധത്തിനു ശിക്ഷയായി ജീവിക്കണമെന്നുമാത്രം കരുതി ജോലിയന്വേഷിച്ചെത്തിയതാണ് മുഷ്ത്താഖ്. ഒരു വലിയ തറവാട്ടിന്റെ അഭിമാനസ്തംഭം, ലോകമേ തറവാടായ ഒരു മനുഷ്യൻ. അങ്ങിനെ പോകണം ആ രണ്ടു വ്യക്തികളുടെ മേഖലകൾ തമ്മിലുള്ള അന്തരങ്ങൾ: എന്നിട്ടും അവർ തമ്മിൽ അടുത്തു. കിട്ടുന്നതെന്തും ചിലവിനു തികയാത്ത ബാലകൃഷ്ണന്റെ ആശ്രയസങ്കേന്ദ്രം കുടിയായിരുന്നു, എന്തു കിട്ടിയാലും കിട്ടുന്നതിന്റെ പകുതി മാത്രം ചിലവാക്കുന്ന മുഷ്ത്താഖ്. അങ്ങിനെയങ്ങിനെ എന്തൊക്കെ! അതെപ്പറ്റിയൊക്കെ ഓർമിക്കാൻ ശ്രമിക്കുന്നതുകൂടെ, മുഷ്ത്താഖിനെ സംബന്ധിച്ചിടത്തോളം വെറും ബാലിശമാത്രമാണ്.

ഒരഞ്ചുകൊല്ലങ്ങൾക്കുശേഷം, വിചാരിക്കാതെയാണ് ബാലകൃഷ്ണന് ഒന്നിനു പുറകെ ഒന്നായി ഉദ്യോഗക്കയറ്റം കിട്ടിക്കൊണ്ടിരുന്നതു്. അതോടെ ആ രണ്ടു വ്യക്തികൾ തമ്മിലുള്ള അകൽച്ചയും വളർന്നുകൊണ്ടേയിരുന്നു. ഇന്നവർ രണ്ടു ധ്രുവങ്ങളാണ്. എന്നിട്ടും ബാലകൃഷ്ണന്റെ ഉദ്യോഗക്കയറ്റങ്ങളെപ്പറ്റിയും മറ്റും പലരും പറഞ്ഞു കേൾക്കാറുള്ള അപവാദങ്ങളെപ്പറ്റിക്കുടെ മുഷ്ത്താഖ് തികച്ചും അശ്രദ്ധനാണ്. പക്ഷെ ഇന്നത്തെ അനുഭവമോ? ചെയ്യാത്ത കുറ്റത്തിനു വിശദീകരണം ബോധിപ്പിക്കേണ്ടിവരിക; അതു ക്ഷമിക്കാം, ബാലകൃഷ്ണൻ തന്നോടു ഒരു മനുഷ്യനോടെന്നപോലെ സംസാരിക്കുകയെങ്കിലും ചെയ്തിരുന്നെങ്കിൽ! അല്ലെങ്കിലും മനുഷ്യരുടെ ചിന്തകൾ ബാലിശങ്ങളാണ്.

ഇരുപത്താറുകൊല്ലങ്ങൾക്കുശേഷം ഇന്നും ഒരപ്പർഡിവിഷൻ ക്ലാക്കായി മാത്രം കഴിയുന്നതിൽ മുഷ്ത്താഖ് സംതൃപ്തനാണ്. വളരെക്കാലത്തിനിടയ്ക്കു് ഇന്നാദ്യമായാണയാളുടെ ഹൃദയം അസ്വസ്ഥമാകുന്നതു്. ഇതിനു മുമ്പും ഏതാണ്ടിതുപോലൊക്കെ ചില പ്രാവശ്യവും സംഭവിച്ചിട്ടുണ്ട്. അന്നൊക്കെ അക്ഷോഭ്യനായിത്തന്നെ അയാളതൊക്കെ നേരിട്ടു. എങ്ങിനെയോ തന്റെ ജീവിതത്തോടു ബന്ധപ്പെട്ടുപോയ ബാലകൃഷ്ണനിൽനിന്നുണ്ടായതുകൊണ്ടാവണം ഇന്നതിനാലാവാം ആ ഹൃദയം വല്ലാതെ മുറിപ്പെട്ടുപോയതു്.

ഇരുപത്താറുകൊല്ലത്തെ 'ത്യാഗമോഹന'മായ ജീവിതത്തിനു ലഭിച്ച പാരിതോഷികം! ജീവിതമെന്നു പറയുന്നതിനെക്കാൾ ഒരു യജ്ഞമെന്നു പറയുന്നതായിരിക്കും നല്ലതു്. ഒരു പീടികയുടെ മേലേത്തട്ടിലെ ഒരു ഓറ മുറി; അടുത്തുള്ള ഹോട്ടൽ, ഓഫിസ്, കടൽക്കര ഇവയും ഇവയോടൊക്കെ ബന്ധപ്പെട്ടുകിടക്കുന്ന ചുറ്റുപാടുകളും. ഇത്രയുമാണ് ഇരുപത്താറുകൊല്ലത്തെ മുഷ്ത്താഖിന്റെ ജീവിതത്തിനു സാക്ഷ്യം വഹിച്ചതു്.

രാവിലെ 7 മണിക്കെഴുന്നേല്ക്കുക. കുളിച്ചു ചായകഴിച്ചു 8 മണിയോടുകൂടി ഓഫീസ്സിലേയ്ക്കു പുറപ്പെടും. 9 മണിമുതൽ 6 മണിവരെ ഓഫീസ്സിലിരിക്കും. അതിനിടയ്ക്കു ഉച്ചഭക്ഷണത്തിനു വേണ്ടുന്ന സമയംകഴിച്ചാൽ പിന്നിട്ടുള്ള സമയം തികച്ചും അയാളുടെ തല തടിച്ച ഫയൽക്കെട്ടുകൾക്കുമുകളിൽ ഞങ്ങിനിൽക്കുന്നതുകാണാം. 7 മണിക്കു മുമ്പായി ഒരുകെട്ടു ഫയലുകളോടെ മുഷ്ത്താഖ് താമസസ്ഥലത്തെത്തും. ഡ്രസ്സ് മാറി പുറത്തേക്കിറങ്ങും. ബീച്ചിലും മറ്റും അല്പം നടന്നു ഉണ്ണകഴിച്ചു് എട്ടരമണിക്കുള്ളിൽ മുറിയിലെത്തി ഫയലുകളുടെ മുമ്പിലിരിക്കും. പതിനൊന്നോ പന്ത്രണ്ടോ ചിലപ്പോൾ രണ്ടോ മൂന്നോ മണിവരെ അങ്ങിനെ നോക്കിയും കുത്തിയും കുറിച്ചും കഴിക്കും. പിന്നീടാകാം. വീണ്ടും രാവിലെ 7 മണിക്കുണരും. അങ്ങിനെ മറ്റൊരു ദിവസത്തെ പതിപാടികൾ ആവർത്തിക്കുകയായി. അങ്ങിനെ ദിവസങ്ങൾ, ആഴ്ചകൾ, മാസങ്ങൾ—കൊല്ലങ്ങൾ. ഒന്നല്ല, പത്തല്ല, ഇരുപതല്ല, ഇരുപത്താറുകൊല്ലങ്ങൾ. ഒരൊറ്റ ഞായറാഴ്ചകൂടിയും മുഷ്ത്താഖ് ഓഫീസ്സിൽ പോവാതിരുന്നിട്ടില്ല. അയാളുടെ കറുത്ത ഷർവാണി, കുടുങ്ങിയ വെളുത്ത പൈജാമ, തുക്കിത്തൊപ്പി ഇതൊക്കെ പലർക്കും സുപരിചിതങ്ങളാണ്. പരിചയക്കാരെ ആരെയെങ്കിലും കണ്ടാൽ വായിൽനിന്നു ബീഡി എടുത്തു, സ്വതേയുള്ളതിൽ കുറച്ചും നന്നു അധികം തല ഇടത്തുവശം ചരിച്ചു 'എന്താ, ബ്രദർ' എന്നുചോദിക്കും. ആ കുശലപ്രശ്നം അതോടെ അവസാനിക്കുകയുംചെയ്യും. ലോകത്തിൽ എല്ലാവരും അദ്ദേഹത്തിനു സഹോദരന്മാരും സഹോദരികളും മാത്രമാണ്. തന്റെ ഏറ്റവും അടുത്തസുഹൃത്തു്, അല്ലെങ്കിൽ ബന്ധുആരെന്നന്വേഷിച്ചാൽ മുഷ്ത്താഖ് ആ അനശ്വരതയിലേക്ക് കൈചൂണ്ടിക്കാട്ടും.

ഈ ലോകത്തിൽ ആരോടും മുഷ്ത്താഖിനു് വിരോധമില്ല. അസൂയ എന്തെന്നയാൾക്കറിഞ്ഞുകൂടാ. പക്ഷേ മനുഷ്യരെപ്പറ്റി പൊതുവെ അയാൾക്കാരാക്ഷേപമേയുള്ളൂ; വെറും ബാലിശമായ ചിന്തകൾമാത്രമേ മനുഷ്യർക്കുള്ളൂ എന്നു്.


II

അന്നു് കുറേ അധികമണിക്കൂറെന്നു, ഫയലുകളൊന്നുമെടുക്കാതെ മുഷ്ത്താഖ് ഓഫീസ് വിട്ടു. അയാളുടെ തലച്ചോറിൽ ചിന്തകളുടെ ഒരു സമരംതന്നെ നടക്കുകയാണ്. മേലുദ്യോഗസ്ഥന്റെ ശാസന അയാളുടെ കൗതുകങ്ങളിൽ മാറ്റൊലിക്കൊള്ളുകയാണു്.

അന്നാദ്യം ഒരു സിനിമകാണുവാൻ തീരുമാനിച്ചു, വളരെക്കാലങ്ങൾക്കുശേഷം ആദ്യമായിട്ടു, ഒരു പക്ഷേ ആ നിഴൽച്ചിത്രങ്ങൾക്കെങ്കിലും തന്നെ ആശ്വസിപ്പിക്കാൻ കഴിഞ്ഞുവെന്നുവരാം. മുഷ്ത്താഖ് സോഫയ്യുതന്നെ ടിക്കറ്റുവാങ്ങി.

സിനിമയുടങ്ങി. ആദ്യത്തെരംഗംതന്നെ ഭാര്യയുടെ ചരിത്രത്തെപ്പറ്റി സംശയംതോന്നുന്ന ഭർത്താവു് ശർമിണിയായ ഭാര്യയെ ഉപേക്ഷിക്കുന്നതാണ്. ആ കഥാകൃത്തിന്റെ ഭാവനയെപ്പറ്റി, അല്ല ബാലിശങ്ങളായ ചിന്തകളെപ്പറ്റി മുഷ്ത്താഖിനു് സഹതാപമാണ് തോന്നിയതു്. അല്ലെങ്കിൽ മനുഷ്യർക്കിടയിൽ അതും അതിലപ്പുറവും സംഭവിക്കുന്നതിൽ ഒട്ടും അത്ഭുതമില്ലെന്നും. അടുത്ത നിമിഷത്തിൽതന്നെ മുഷ്ത്താഖിനു തോന്നി.

നിരാധാരയായി അലഞ്ഞുനടന്ന ആ സ്ത്രീ പെറുണ്ടായ ആൺകുഞ്ഞു ഒരു തെണ്ടിയായി വളരുകയാണ്. അവൻ യാചിക്കുന്നുണ്ട്, പെരുപ്പുതുന്നുക, മിനുക്കുക തുടങ്ങിയ ജോലികൾ ചെയ്യുന്നുണ്ട്. ആ ദയനീയരംഗങ്ങൾ ഹൃദയസ്പൃക്കാംവിധം ചിത്രീകരിക്കുവാൻ സംവിധായകൻ ശ്രമിച്ചിട്ടുണ്ട്. ആ നിഷ്കളങ്കനായ കുട്ടിയോടു് ആക്രമം സഹതാപംതോന്നും. ഏതോ ഒരു കുട്ടിയുടേതുപോലെതന്നെയുള്ള ഒരു ജീവിതം താനും നയിച്ചിട്ടുണ്ടെന്നു്. പഴയ ഓർമകളിൽ തപ്പിനോക്കിയപ്പോൾ മുഷ്ത്താഖിനു് ഓർമ്മവന്നു. മുഷ്ത്താഖ് അയാളുടെ അച്ഛനമ്മമാരെ കണ്ടിട്ടോ കേട്ടിട്ടോ ഇല്ല. ഒരുപക്ഷേ അവരെപ്പറ്റി അന്വേഷിച്ചുറിയുവാൻ അയാളും പിൽക്കാലത്തുഗ്രഹിച്ചിട്ടുമില്ല.



പാക്കിസ്ഥാനിൽനിന്ന ആഗതരായ പ്രതിനിധിസംഘം രാജഘട്ടത്തിലെ സമാധിയിൽ പുഷ്പമാല്യം അർപ്പിക്കുന്നു.

"ആ പട്ടണത്തിൽ മാത്രം പല പിള്ളേരുടെകൂടെ തെണ്ടിനടന്നകാലം.[3] മറ്റുള്ളവരിൽനിന്ന കാറപ്പെട്ടുനിൽക്കുവാൻ ആഗ്രഹിച്ചുവെന്നതിനു പലപ്പോഴും സമപ്രായക്കാരുടെ ശകാരങ്ങളും തല്ലും ഏറ്റുവാങ്ങിവന്നിട്ടുണ്ട്. അങ്ങിനെ തെണ്ടിത്തിരഞ്ഞു മിവസങ്ങൾ കഴിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഒരു ദേശീയമുസ്ലീം നേതാവ് തന്നെ അദ്ദേഹത്തിന്റെ വീട്ടിൽകൊണ്ടുപോയി പണിക്കുനിത്തിയതു്. ആ നേതാവ് നൽകിയ പേരാണ മുഷ്താഖ്" എന്നതു്, പണിക്കാരൻപയ്യൻ ക്രമേണ ആ വലിയവീട്ടിലെ കുട്ടികളുടെ കൂട്ടുകാരനായി; പിന്നീട്ട സഹപാഠിയും. പഠിപ്പിൽ മുഷ്താഖ് ഉത്സാഹിയായിരുന്നു. അതുകൊണ്ടുതന്നെ തുടർന്നുടനെ പ്രോത്സാഹനം ലഭിച്ചുകൊണ്ടുമിരുന്നു.

മുഷ്താഖ് കോളേജിൽ പഠിച്ചുകൊണ്ടിരിക്കെയാണ് ആ മുസ്ലീം രാഷ്ട്രീയപ്രവർത്തകൻ മരിച്ചതു്. അതു് മറ്റാരെക്കാളും മുഷ്താഖിനെയാണ ബാധിച്ചതു്. ഈ ലോകത്തിൽ അയാൾക്ക് ആരെങ്കിലും കടപ്പെട്ടിട്ടുണ്ടെങ്കിൽ അതു മൺമറഞ്ഞ ആ മനുഷ്യസ്നേഹിയോടുമാത്രമാണ്. അതിനുശേഷവും പലതും സംഭവിച്ചു. മുഷ്താഖ് ആ വിട്ടുവിടേണ്ടിവന്നു. എങ്കിലും അയാൾ ഒരു വിധത്തിൽ കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കി. അങ്ങിനെ പൂർണകാം നീണ്ടുപോവുകയാണ്. മുഷ്താഖിന്റെ ശ്രദ്ധയെ അവശ്യമില്ലാതെ കൊണ്ടു പടം വളരെ ഓടിക്കഴിഞ്ഞിരുന്നു. അയാൾ വീണ്ടും ശ്രദ്ധയെ വെള്ളിത്തിരയിലേക്ക തിരിച്ചുവിട്ടു.

'ഇടവേള' കഴിഞ്ഞു പടം വീണ്ടും ഓടിത്തുടങ്ങുമ്പോഴേക്കും ആ തെണ്ടിച്ചെക്കൻ ഒരു യുവാവായി വളർന്നു കഴിഞ്ഞിരിക്കുന്നു. മാത്രമല്ല അവൻ ഒരു വലിയ പണക്കാരന്റെ സുന്ദരിയായ മകളിൽ അനുരക്തനാവുകകൂടി ചെയ്യുന്നു. ആ സ്നേഹം ബാലിശമാണെന്നവനു തോന്നിത്തുടങ്ങുമ്പോൾ അവൻ തന്നത്താൻപാട്ടുകയാണ്—"ഞാൻ ഒരു തെണ്ടിയാണ് ...നക്ഷത്രവീഥികളിൽക്കൂടെ ചരിക്കുന്ന ഒരു മേഘശകലത്തെപ്പോലെ ഞാനും ലക്ഷ്യമില്ലാതെ ഇങ്ങിനെ തെണ്ടിത്തിരയുന്നു....." അങ്ങിനെ പോകുന്നു ആ പാട്ട്. ഏതായാലും ആ പാട്ടിന്റെപിന്നിൽ തിക്കുതാനുഭവങ്ങൾപേറിനടക്കുന്ന ഒരു ഭാവനാസമ്പന്നന്റെ മുദ്രികയുണ്ട്. അല്ലെങ്കിൽതന്നെ ഇഹലോകത്തിൽ തെണ്ടികളല്ലാതെ ആരുണ്ട്? പക്ഷെ ആരും അവനവനെസ്സംബന്ധിക്കുന്ന പരമാർത്ഥങ്ങളെപ്പറ്റി അറിയുന്നില്ല; അതിനുശ്രമിക്കുന്നുമില്ല. അവയുടെ കൊല്ലുന്ന അലക്ഷ്യമായ തെണ്ടിത്തിരയലിനെപ്പറ്റി മുഷ്താഖും തന്നെ ഓർത്തുപോയി. സ്നേഹത്തിന്റെയും അനുരാഗത്തിന്റെയും ചില മിന്നലൊളികൾ അയാളും കണ്ടിട്ടുണ്ട്.....

നന്ദിനി ഒരു സുന്ദരിയായിരുന്നു. കോളേജിലെ നിശ്ശബ്ദജീവിയായ മുഷ്താഖിനെ അവൾ പലപ്പോഴും നോക്കാറുണ്ടായിരുന്നു. അവരുടെ കണ്ണുകൾ പലപ്പോഴും ഇടയാറുണ്ട്. മന്ദഹാസങ്ങൾ കൈമാറിയിട്ടുണ്ട്. അന്നൊക്കെ ഒരു സഹപാഠിയെന്ന തിൽക്കവിഞ്ഞു നന്ദിനിയെപ്പറ്റി അയാൾ വിചാരിക്കുകകൂടി ചെയ്യുമായിരുന്നില്ല. അങ്ങിനെയിരിക്കെ മുഷ്താഖിനു് ഒരു കത്തുകിട്ടി. അയാൾ അൽഭുതപ്പെട്ടു. അന്നാദ്യമായി തന്റെ മേൽവിലാസത്തിൽ ഒരു കത്തുവന്നപ്പോൾ മുഷ്താഖിനു തന്റെ ജീവിതത്തിൽ ആകെക്കൂടിലഭിച്ച കത്താണതു്. മുഷ്താഖ് അതു ധൃതഗതിയിൽ വായിച്ചു. നന്ദിനിയുടെ ഹൃദയംതുറന്ന കാട്ടുവാനുള്ള അവളുടെ പരിശ്രമമായിരുന്നു അതു്. ഭാഷയിലെ പല മനോഹരപദങ്ങളും നിരത്തിവെച്ചിട്ടുണ്ട്. ഒരിംഗ്ലീഷുകവി എഴുതിയ ഒരു സുന്ദരകവിതയുടെ ചില ഭാഗങ്ങളും ചുവടെ ചേർത്തിട്ടുമുണ്ടായിരുന്നു. അതുകഴിഞ്ഞുടനെ വായിച്ചപ്പോൾ മുഷ്താഖുതന്നെ ചിരിച്ചുപോയി. പക്ഷേ ഒരുകാര്യം തീർച്ചയായിരുന്നു; ആ കത്തു് ഒരു ശതമാനവും ആത്മാർത്ഥതയിൽനിന്നുമായും ഉണ്ടായതാണ്. എന്നാൽ ആ ആത്മാർത്ഥതയ്ക്കുവിടെയാണ സ്ഥാനം! അനന്തസ്സും ആഭിജാത്യവുമുള്ള ഒരായന്തഃവാട്ടിലെ സുന്ദരിയായ ഒരു യുവതിയാണ നന്ദിനി. അനന്തസ്സും ആഭിജാത്യവുമെന്നല്ലാം താഴ്ന്നതെന്നുമില്ലാത്ത ഒരു മുസ്ലീംയുവാവു് മുഷ്താഖും. അവർക്കിടയിലുള്ള വിടവു നികത്താനുള്ള യാതൊരുശ്രമങ്ങളും ഈ ലോകം പൊറുപ്പിക്കുകയില്ല. എന്നിരിക്കെ നന്ദിനിയുടെ ചിന്തകൾ എത്രമാലിശമാണ്?

പിറേദിവസം ക്ലാസിൽവന്ന നന്ദിനിയെ മുഷ്താഖ് സൂക്ഷിച്ചുനോക്കി. പരിഭ്രമവും, സംശയവും, സന്തോഷവും അങ്ങിനെ എല്ലുവികാരങ്ങളും തെളിഞ്ഞുകാണപ്പെട്ട ആ മുഖത്തു് ഒരായിരം ചോദ്യങ്ങൾ മുഷ്താഖ് കണ്ടെത്തി. പുരുക്കത്തിൽ മുഷ്താഖിന്റെ ഹൃദയത്തിൽ ഒരു 'വേദനയായി അവശേഷിക്കുവാനെ നന്ദിനിക്കു കഴിഞ്ഞുള്ളൂ. അല്ലെങ്കിൽ മുഷ്താഖിന്റെ ഹൃദയം നൈസർഗികമായ സ്നേഹത്തിന്റെ ശാശ്വതമായ ഒരിരിപ്പിടമായിമാറി...

സിനിമകഴിയാറായി. തെണ്ടിയായ ചെറുപ്പക്കാരനു കുറച്ചുകൊല്ലത്തെ ജയിൽവാസത്തിനുശേഷം അവനനുഗ്രഹിച്ച യുവതിയെ ലഭിക്കുമെന്ന ഘട്ടത്തിൽ പടം അവസാനിച്ചു. അതിലുള്ള അസംഭാവ്യതയെപ്പറ്റി മുഷ്താഖ് ആലോചിച്ചതേയില്ല. കാരണം അതൊക്കെ വെള്ളിത്തിരയിൽ നടക്കുന്ന സംഗതികളല്ലെ?

കൂട്ടത്തിൽ ഭാരമേറിയ ഒരു ഹൃദയവുമായാണ് മുഷ്താഖ് സിനിമാഹാളിൽനിന്നു പുറത്തിറങ്ങിയതു്. അന്നേദിവസം രാത്രി വളരെ വൈകിയിട്ടും അയാൾക്കുറക്കം വന്നതേയില്ല.

III

പിറേന്നു നിശ്ചിതസമയത്തിലും കുറച്ചു വൈകിയിട്ടാണ് മുഷ്താഖ് ഓഫീസ്സിലെത്തിയതു്. അതും ആദ്യമായിട്ട്. ഒപ്പിട്ടുന്ന പട്ടിക ഓഫീസ്സുടെ അടുത്തെത്തിക്കഴിഞ്ഞിരുന്നു. അയാൾ ഒപ്പിടാൻ ബദ്ധപ്പെട്ടില്ല. തന്റെ സീറ്റിൽ അയാൾ എന്തോ ആലോചിച്ചുകൊണ്ടിരുന്നു.

ഓഫീസ്സുടെ ശിപായിവന്നു മുഷ്താഖിനോടു പറഞ്ഞു; "അയ്യാ ഉങ്കളെ കൂപ്പിടാർ, സാർ."

അതുമുഷ്താഖ് പ്രതീക്ഷിച്ചിരുന്നുതന്നെയാണ്. അയാളെഴുന്നേറ്റു. ശിപായി തുടരുകയാണ്.

"എന്നമ്മേ, അയ്യാ റൊമ്പം കോപിച്ചിരിക്കിറാർ, സാർ."

അതിൽ തനിക്കൊരു 'മുക്ക്'മില്ലെന്നഭാവത്തിൽ ഒരു പുഞ്ചിരിയോടെ മുഷ്താഖ് ഓഫീസ്സുടെ അടുത്തുചെന്നു.

"മുഷ്താഖ്, നിങ്ങളുടെപേരിലുള്ള ആക്ഷേപങ്ങൾ ഒന്നൊന്നായി വർദ്ധിക്കുകയാണ്."

മുഷ്താഖ് ഒന്നും പറഞ്ഞില്ല.

"നിങ്ങൾക്കൊന്നും പറയാനില്ലേ?" ഗൗരവത്തിലുള്ള ഒരു ചോദ്യം.

"ഇതാ, ഞാൻ വിശദീകരണം എഴുതിക്കൊണ്ടുവന്നിട്ടുണ്ട്." ഷവ്വണിയുടെ കീശയിൽനിന്നും ഒരു കടലാസ്സെടുത്തു മുഷ്താഖ് മേശപ്പുറത്തുവച്ചു.

സൂപ്രിണ്ടർ അതു നിവർത്തി വായിച്ചുകൊണ്ടിരിക്കെത്തന്നെ മുഷ്താഖ് മുറിയിൽനിന്നു പുറത്തിറങ്ങി.

"മുഷ്താഖ്" ഓഫീസർ മുഖമുയർത്തി നോക്കുമ്പോഴേയ്ക്കും മുഷ്താഖ് പോയിക്കഴിഞ്ഞിരുന്നു. വെളിയിൽ നീങ്ങിക്കൊണ്ടിരിക്കുന്ന ആ കറുത്തരൂപത്തിലേക്കുമാത്രം ഉറ്റുനോക്കു



തകഴി കെ. രാമവാര്യർ

24—8—1128. 30—8—1128.
6—4—1953. 12—4—1953.

അശ്വതി—കാർഷികവൃത്തിയിൽ ശ്രദ്ധചെലുത്തും. അല്പമായ അസുഖവും പ്രയാസപ്പെട്ട ഉപജീവനവും ദുഃഖവും ഉണ്ടാകും. സജ്ജനങ്ങളെ ദ്വേഷിക്കും. അധ്വാനത്തിൽ അതിയായ അഭിനിവേശവും പരിഷ്കരമായി സംസാരിക്കയും രീക്ഷ്ണസ്വഭാവവും മറവും ഉണ്ടാകും.

ഭരണി—നിത്യവൃത്തിക്ക ക്ലേശിക്കുമെങ്കിലും സുഖജീവിതത്തിന് ഏതുവിധേനയും ധനം മുടക്കും. കള്ളന്മാരിൽനിന്നോ അഗ്നിയിൽനിന്നോ മറ്റുവിധ പതനാത്മാലോ ഭയം നേരിടും. മനസ്സിൽ പലവിധ വികാരാവേശങ്ങളുടേയും അലകും തല്ലിക്കൊണ്ടിരിക്കും. ദാമ്പത്യസുഖം കുറയും. സന്താനവ്യഥീഡക്കാണും.

കാർത്തിക—അഗ്നിമാന്ദ്യവും നേത്രരോഗവുമുണ്ടാകും. മനസ്സിൽ വിചാരിക്കുന്ന കാര്യങ്ങളും സാധിപ്പാൻ പണം ധാരാളമായി വിനിയോഗിക്കും. ഉത്തരോത്തരം ഭാഗ്യപ്രാപ്തിയുണ്ടാകും. വിനോദയാത്രകൾ നടത്തും. കാല്പനഷ്ടങ്ങളെപ്പറ്റി ഒട്ടും ചിന്തിക്കയില്ല. അലങ്കാരസാധനങ്ങളും വാങ്ങും.

രോഹിണി—വ്യർത്ഥമായ കോപം, കാര്യഹാനി, സ്വജനങ്ങളോട് വിരോധം ഇവകൾക്കിടവരും. സംഘടനാപ്രവർത്തനത്തിൽ ഉത്സാഹവും മറ്റുള്ളവർത്തിന് സുഖഹാനിയും ഇഷ്ടജനവിരഹവും മറവും സംഭവിക്കും. വിശിഷ്ടന്മാരുടെ ഭീതിയുമുണ്ടാകും. ചതിവും നേരിടും.

മകയിരം—ത്രിദോഷകോപംകൊണ്ടുള്ള രോഗദുരിഷ്ടതയും മനോപീഡയും വിട്ടൊഴിയാതെ ഉണ്ടായിരിക്കും. പല പ്രയാസങ്ങളോടുകൂടിയാണെങ്കിലും ശരീരത്തിനാവശ്യമായ പല

ണ്ടിരുന്ന പുകച്ചുരുൾ കൂടി തന്നെനോക്കി ചിരിക്കുകയാണെന്ന ഓഫീസർ വിചാരിച്ചിരിക്കും. ആ "രാജിക്കത്ത്" അയാളിൽ ഉറങ്ങിക്കിടന്നിരുന്ന ഗുണങ്ങളെ ഉണർത്തിയിരിക്കും, ഒരുപക്ഷേ.

പ്രധാന കാര്യങ്ങളും നിർവഹിപ്പാനും ബാഹ്യതകളെ ഒതുക്കുവാനും കൂടി അവസരം ലഭിക്കും.

തിരുവാതിര—മനസ്സിന് സ്വസ്ഥതയും സൈരതയും ലഭിക്കാത്തവിധമുള്ള വിഷമതകളും ക്ലേശങ്ങളുടെ ഉണ്ടാകും. പ്രയോജനകരമായ കൂട്ടുകെട്ടുകളും ആദായമാർഗ്ഗത്തിനും ദോഷനിവാരണത്തിനും സഹായമായി പരിണമിക്കും. മത്സരങ്ങളിൽ ഏർപ്പെടും.

പുണർതം—യാദൃച്ഛികമായ കാര്യസിദ്ധി. ആദായകരമായ പരിശ്രമങ്ങളുടെ ഫലപ്രാപ്തിക്ക വിളംബം. ഗൃഹോപകരണങ്ങൾക്കും ധനം മുടക്കുക, മംഗളകർമ്മങ്ങളെപ്പറ്റി ചിന്തിച്ചുറപ്പിക്കുക. ബുദ്ധിപൂർവമായ പ്രവർത്തിമൂലം മനസ്സമാധാനത്തിൽ എത്തിച്ചേരുക ഇത്യാദി ഫലം.

പൂയം—ഏതു കഴഞ്ഞ പ്രശ്നത്തിനും സ്വസ്ഥിപരമായ പരിഹാരമാർഗ്ഗങ്ങളും കണ്ടുപിടിക്കും. നിരുപദ്രവവിക്ഷയത്തിൽ തികച്ചും നിഷ്പക്ഷത പാലിക്കും. എത്രതന്നെ വാഗ്വാദം സംഭവിപ്രായത്തിൽനിന്നും വ്യതിചലിക്കയില്ല. പ്രസംഗവിഷയത്തിൽ പ്രാവീണ്യം സമ്പാദിക്കും.

ആയില്യം—സ്വാർത്ഥലാഭത്തിനും ഏതു പ്രവർത്തിയിലും കൂട്ടുകൂടാനും കാണിക്കും. ദാമ്പത്യജീവിതത്തിൽ അല്പം വൈപരീത്യം ഉണ്ടാകും. പല എതിർപ്പുകളേയും നേരിടേണ്ടതായി വരും. പുസ്തകപാരായണത്തിൽ അഭിരുചികൂടും. നിസ്സാരമായ കാര്യങ്ങളിൽ കോപിക്കും.

മകം—സ്വന്തം ബുദ്ധി ഉപയോഗിച്ചു പുരോഗമിപ്പാൻ മതിയാകും. ശ്രേഷ്ഠതരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടും. പൊതുജനനടുവിൽ സ്വാധീനശക്തി ചെലുത്തുവാൻ ഏറ്റവും സാധിക്കും. ചില സാഹചര്യങ്ങൾ അഭ്യുദയത്തിന വിലങ്ങുതടിയായി നിൽക്കും. പുതിയ ചില വേഴ്ചയ്ക്കു മുതിരും.

പൂരം—അനർഹമായ സംഭവങ്ങളിലിടയാനും അവയെ പ്രോത്സാഹിപ്പാനും ശ്രദ്ധ പതിയും. തൊഴിൽപരമായ പുരോഗതിയുണ്ടാകും. ഹിതത്തിന വിപരീതമായി പൊരുമാറുന്നവരെ ശത്രുപ്പെടുത്തും. ഗൃഹകാര്യങ്ങളിൽ നിഷ്കർഷയുണ്ടാകും.

ഉത്രം—കുടുംബത്തെങ്കിലും കോപിക്കും. വ്യക്തിമാഹാത്മ്യം ഏതു കാര്യത്തിലും പാലിക്കും. ചിരപ്രതീക്ഷിതങ്ങളായ കാര്യങ്ങൾ സാധിക്കും. പൊതുജനങ്ങളുടെ പ്രീതിയാർജ്ജിക്കും. കാർഷികവിഭവങ്ങളിൽനിന്നും വിചാരിച്ചതിൽ കൂടുതൽ വരുമാനമുണ്ടാക്കും. ധനാഗമമാർഗ്ഗം കൂടുതലായി എടുക്കുവാൻ കഴിയും.

അത്തം—നല്ലപോലെ സൂക്ഷിക്കേണ്ടതായ ഒരു വാരമാണിത്. കാര്യഹാനി, അപമാനം, വ്യയാധിക്യം, മനോവിഷമത ഇവ കൂടുതലായിട്ടുണ്ടാകും.

ചിത്തിര—പ്രവർത്തനങ്ങളിൽചില പ്രതിബന്ധങ്ങളും അവിചാരിതമായുള്ള കഴപ്പങ്ങളും സജ്ജനങ്ങളുമായുള്ള സൈരതക്കേടും മനസ്സിന് അസ്വസ്ഥതയുണ്ടാക്കുന്നതാണ്.

ചോതി—വലിയ ശ്രമപ്രതീക്ഷയ്ക്കൊന്നും അവകാശമില്ലെങ്കിലും മംഗളകർമ്മങ്ങളും നിർവഹിപ്പാനുള്ള സമയങ്ങളും സമീപിക്കയും സുപ്രധാനകൃത്യങ്ങളിൽ ചിലതു നിർവഹിപ്പാനും ഇടയാകും. വ്യയവും ക്ലേശവും കൂടിയിരിക്കും. ഭരണിജർക്ക് നഷ്ടങ്ങൾക്കിടവരുത്തും.

വിശാഖം—സഹകാരികളിൽനിന്നും ചില ചതിവുകൾ, കാര്യഭംഗം ഇവ സംഭവിക്കും. മനോവ്യാകുലതകൾ അകലും. ബന്ധുക്കൾക്ക് ആരെങ്കിലും രോഗപീഡയുണ്ടാകും. സ്ഥാനപരിവർത്തനത്തിനുവേണ്ടി ശ്രമിക്കും. ചില പ്രത്യേകവ്യക്തികളുടെ ആനുകൂല്യം ലഭിക്കും.

അനിഴം—സാമ്പത്തിക വിഷമതകൾ കുറയും. ആരോഗ്യവും ഭാഗ്യപുഷ്ടിയും കാര്യലാഭവും യാദൃച്ഛികലാഭവും പ്രതീക്ഷിക്കാം. ആഗ്രഹങ്ങൾ എന്തെങ്കിലും ഈ കാലത്തു സാധിപ്പാനുണ്ടെങ്കിൽ ശ്രമിക്കണം. ഫലപ്രാപ്തിയും ബഹുമതിയും ലഭിക്കും.

തൃക്കേട്ട—സാരമായ ചില നൂനതകൾ നേരിടും. ശത്രുക്കളിൽനിന്നുള്ള എതിർപ്രവർത്തനം പുഷ്ടിപ്പെടും. പ്രവർത്തനരംഗത്തിൽ വടംവലികളുണ്ടാകും. എന്നാൽ അധികൃതമായ പ്രീണനം ആയുജ്ജിപ്പാൻകഴിയും. അവസരോചിതമായ പൊരുമാറ്റം വിജയത്തിനിടവരുത്തും.

മൂലം—പലവിധ നേട്ടങ്ങളും പ്രതീക്ഷിക്കാം. പരിതഃസ്ഥിതികൾ അനുകൂലങ്ങളായിത്തീരും. പുതിയ ചില പരിപാടികളുമായി സാമൂഹ്യകാര്യങ്ങളിൽ പ്രവേശിക്കും. കർമ്മകുശലത പ്രകാശിക്കും. പ്രശസ്തി കൂടുതലായിലഭിക്കും. ദുർഘടകാര്യങ്ങളിൽ തലയിട്ടു നിവൃത്തിയുണ്ടാക്കും.

പൂരാടം—പൂർവ്വസമ്പത്തുകൾക്കുടവുതട്ടും. ഗൃഹസംബന്ധമായ ചില അരിഷ്ടതകൾനിമിത്തം ഗാർഹികസുഖവും മനോസുഖവും വിരളമായിരിക്കും. ഭാഗ്യപുഷ്ടിക്കുവേണ്ടിയുള്ള പ്രവർത്തനത്തിൽ നിരാശയുളവാകും.

ഉത്രാടം—മനസ്സിനു സന്തോഷകരമായ സംഭവങ്ങൾ ഉണ്ടാകും. പ്രബലമായ സഹായങ്ങളും പ്രതീക്ഷയിൽകവിഞ്ഞു ലഭിക്കും. സ്വാതന്ത്ര്യനിർവഹണത്തിൽ പുരോഗതിയുണ്ടാകും.

തിരുവോണം—പുതിയ ചില ചുറുചുറുപാടുകളാൽ പരിശ്രമത്തിന്റെ ഫലം പെട്ടെന്നു ലഭ്യമാകും. ആദായമാർഗ്ഗത്തിനും പരിപോഷണമുണ്ടാക്കും. ആയോജ്യമായ കൂട്ടുകെട്ടിനുമുള്ള അവസരം വന്നുചേരും. സന്തതസുഹൃത്തിനെ മനസ്സിനു ക്ലേശിപ്പിക്കും.

അവിട്ടം—മനോവിഷമത വിട്ടുമാറും. ധൈര്യം കൂടും. പ്രവർത്തനരംഗത്തിൽ സൂക്ഷ്മത നല്ലപോലെയുണ്ടാകണം. നാല്പേരാലികളുടെ അനുഭവത്തിനു കുറവുണ്ടാകും. സന്തോഷകരമായ യാത്രകളും നടത്തും. ദുസ്സ്വപ്നങ്ങൾ കാണും.

ചതയം—പ്രവർത്തിമണ്ഡലത്തിൽ ഉല്പൂർഷ്ണുപ്രദമായ പല പുതിയ രംഗങ്ങളും ഈ അവസരത്തിൽ ഉണ്ടാകും. ദീർഘകാലപ്രതീക്ഷകളിൽ ചിലതെല്ലാം സാധിതപ്രായമാകും. അന്യദേശത്തുനിന്നും ചില ലാഭങ്ങളും ലഭിക്കും. ആത്മസുഹൃത്തുക്കളുടെ നാശം മനോകുണ്ഠിതത്തിനിടവരുത്തും.

പൂരുരുട്ടാതി—മനസ്സിനു അനുകൂലമായ പരിവർത്തനം ലഭിക്കും. ഭക്ഷണങ്ങൾക്കു ധനം ചെലവിടും. ചുമതലകളിൽ കരുതൽ നല്ലപോലെയുണ്ടായിരിക്കണം. ചില ക്ഷതമേല്പും. വേണ്ടപ്പെട്ടവരുമായി വാക്കുതർക്കമുണ്ടാകും. ഗൃഹദുരിതമുണ്ടാകും.

ഉത്രട്ടാതി—അകാലസംഭരത്തിൽ ഭയപ്പാടുണ്ടാകും. ശ്രേയസ്കരമായ പ്രവർത്തനത്തിനുവേണ്ടി സാഹസപ്പെടും. വിശ്വാസജനങ്ങളിൽനിന്നും ചില വിപരീതാനുഭവമുണ്ടാകും. അകന്നവർത്തിച്ചിരുന്നവർ അടുക്കും.

രേവതി—സാമ്പത്തികമായ വിഷമതകൾ നല്ലപോലെയുണ്ടാകും. മനസ്സിലെ ബാധിച്ചിരുന്ന പല കാര്യങ്ങൾക്കും സമാധാനം കണ്ടെത്തും. ഭാഗ്യവും യോഗവും ലഭിക്കേണ്ടതായ ഒരു സന്ദർഭമാണ് ഇതു്. ഉയർന്ന കൂട്ടുകെട്ട് ഉണ്ടാകും.

—o—


താരാഭായി

താരാഭായി ഒരു രാജപുത്രി. അവളുടെ കാമുകനായ യുവാവു് നിരവധി ജീവിതവൈക്ലബ്യങ്ങളിൽ വീർപ്പുമുട്ടിക്കഴിയവെ, ദുർവൃത്തനായ ഒരു പ്രഭു അവളെ മോഹിക്കുന്നു. യാതനകൾ നിറഞ്ഞ ഒരു നീണ്ട കാലത്തിനുശേഷം ഭാഗ്യവശാൽ ആ കാമുകീകാമുകന്മാരുടെ പുനഃസമാഗമം ഉണ്ടാകുന്നു.


വില രൂ. 1 ണ. 8

മാനേജർ,
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

ചിമാനത്തേ








മുകളിലത്തെ വരി—ഇടത്തുനിന്ന്—1) വ്യോമസേനാ
ന്റെ. 2) ഒരു വ്യോമസൈനൃഅക്കാഡമിയുടെ ആക
മീതെ.
താഴത്തെവരി—1) പ്രസിഡൻറ് രാജേന്ദ്രപ്രസാദ് ഉ
ഭവനോദ്യാനത്തിൽവച്ചു സ്വീകരിക്കുന്നു. 2) ടക്കീ
സന്ദർശിക്കുന്നു. സ്മാരകത്തിൻറെ മുള്ളിലെ വീക്ഷണ
ദിനം ആസ്വോദിക്കുന്നു. ഇൻഡ്യൻസവ്സൈനൃാധി
വൈസ് അഡ്മിറൽ പൈസിയുമായി സംഭാഷണ







നാവികഗംഗവിഭ്യാത്മികം പരിശീലനാർത്ഥം പറക്ക
ാഥത്തിൽനിന്നുള്ള വീക്ഷണം. 3) ലഡാക്കിന

ൻഡ്യയിലെ സിവിസ്സ്പ്രതിനിധിയെ രാഷ്ട്രപതി
പാർലമെൻറി പ്രതിനിധിസംഘം ടാജ്മഹാൽ
ം. 3) ന്യൂഡൽഹി ജിംഖാനാക്ലബ്ബ് നാവിക
പൻ രാജേന്ദ്രസിംഗ്ജി നാവികസേനാമേധാവി
ത്തിൽ.





മേഘദൂതിലെ രസവും അലങ്കാരവും



— കെ. നാരായണൻപോറ്റി, വെള്ളിമന —

(തുടർച്ച)

സരസഭാവകാവ്യമായ മേഘദൂതത്തിൽ തഴെപ്പായുന്ന അലങ്കാരങ്ങളും സമാജസമായി പരിപുഷ്ടി പ്രാപിച്ചിട്ടുണ്ട്:—

ശബ്ദാലങ്കാരങ്ങളിൽ പുനരുക്തവദാഭാസം, അനുപ്രാസത്തിന്റെ പിരിവുകളായ ഛേകാനുപ്രാസം, വൃത്ത്യനുപ്രാസം, ലാടാനുപ്രാസം, യമകം ഇവയും, അർത്ഥാലങ്കാരങ്ങളിൽ:— ഉപമ, പൂർണ്ണോപമ, ശ്രൌതോപമ, അർത്ഥോപമ, ലുപ്തോപമ, ഏകദേശവിവർത്തിനി ഉപമ, സ്മരണ, ശ്രുപകം, പരിണാമം, ശുദ്ധാസന്ദേഹം, അപവരതി, ഉൽപ്രേക്ഷ, ഉത്പ്രേക്ഷ, ഗുണോൽപ്രേക്ഷ, അതിശയോക്തി, തുല്യയോഗിത, ദൃഷ്ടാന്തം, നിദർശനം, വ്യതിരേകം, സഹോക്തി, സമാസോക്തി, പരികരം, പര്യായോക്തി, അർത്ഥാന്തരന്യാസം, അനുമാനം, വിശേഷോക്തി, വിഷമം, യഥാസംഖ്യം, പര്യായം, അർത്ഥാപത്തി, വികല്പം, സമുച്ചയം, പ്രതീപം, ഉദിത്തം, പ്രേയം, എന്നിവയും ആണ്. ഈ അലങ്കാരങ്ങളേയും ഉപപ്പിരിവുകളേയും പറ്റിയുള്ള വിവരണങ്ങളും ലക്ഷണങ്ങളും സാഹിത്യശാസ്ത്രങ്ങളുടെ ലക്ഷണഗ്രന്ഥങ്ങളിൽ സ്പഷ്ടമായി പറയുന്നുണ്ട്. വിസ്തരഭയത്തൽ അവയെ ഇവിടെ പകർത്തുന്നില്ലാ.

ഈ ശബ്ദാലങ്കാരങ്ങളും കവിതകളേയും അർത്ഥാലങ്കാരങ്ങളും അർത്ഥത്തേയും അത്യുത്തകരമാംവണ്ണം മനോഹരവും ഹൃദ്യവും ആക്കിത്തീർത്തിട്ടുണ്ട്. ആ മനോഹാരിതയുടെ സൗന്ദര്യനിർഭരമായ സൌരഭ്യത്തിൽ രസഭാവാദികളും പ്രശസ്തമായും പ്രശാന്തമായും പ്രസന്നമായും പരിപുഷ്ടമായിട്ടുണ്ട്.

ഇനി അവയേ ഓരോന്നും ഉദാഹരണങ്ങൾകൊണ്ടു സ്പഷ്ടമാക്കാൻ ശ്രമിക്കാം:— പുനരുക്തവദാഭാസത്തിനൊരുദാഹരണം നോക്കുക:—

"ഉൽപശ്യാമി ത്വയി തടഗതേ-
(സ്നിഗ്ധാഭിന്നാഞ്ജനാഭേ
സദ്യഃ കൃത്തദ്വിരദരുധിര-
(ശ്ലേഭ ഗൌരസ്യ തസ്യ"
പൂ: മേ: 59

ഇതിൽ രണ്ടാമത്തെ പാദത്തിൽ 'രുധിരരുധിര' എന്ന ശബ്ദങ്ങളുടെ ചേർച്ചയാൽ ഒന്നാമതായിത്തന്നെ 'ദന്ത' മെന്ന അർത്ഥത്തിൽ പുനരുക്തിയാൽ ആഭാസമായിരിക്കുന്നതിനാൽ ഇതിനെ പുനരുക്തവദാഭാസാലങ്കാരമെന്ന് ആലങ്കാരികന്മാർ പറയുന്നു.

ഛേകാനുപ്രാസപ്രയോഗത്തിന്റെ മനോഹാരിത നോക്കുക:—

"സപ്ത്യാശ്വൈഃ കടജകുസുമൈഃ
(കല്പിതാർഘ്യേ തവൈഷ
പ്രീതഃ പ്രീതിപ്രമുഖവചനം
(സ്വാഗതം വ്യാജഹാര"
പൂ: മേ: 4

രണ്ടാമത്തേവരിയിൽ 'പ്രീതഃ പ്രീതി' എന്ന വാക്യാംശത്തിൽ വ്യഞ്ജനസംഘത്തിന്റെ സാദൃശ്യത്തിനു കുഞ്ചലമായ യൌവനത്തെ സുസ്പഷ്ടമായി പ്രശോഭിപ്പിക്കുന്നു. ഇവയെല്ലാം ശബ്ദാലങ്കാരങ്ങൾക്കു ഉദാഹരണമായി എടുത്തു കാണിച്ചുവെങ്കിലും വാങ്മയതപസ്വിയായ കവികുലഗുരുവിന്റെ കവിതകളിലങ്ങോളമിങ്ങോളം സരസഭാവങ്ങളാൽ സമുജ്ജ്വലമായ ശബ്ദഭംഗി ഓളംവെട്ടുകയാണ്.

ഇനിയും അർത്ഥാലങ്കാരങ്ങളുടെ അത്യുത്തമ ഉദാഹരണങ്ങളെടുത്തു നോക്കാം.

എല്ലാറ്റിലും പ്രധാനമായി മധുരഭാവപ്രപേതിമഹാകവിയുടെ പ്രണയപ്രിയയായ ഉപമാലങ്കാരത്തിന്റെ മനോഹരചിത്രം ഇതാ:—

"ഇഷ്ടം വസ്ത്വം ധനപതിഗുണ-
(ഹയായാഃ സഹായനഃ
ക്ഷിപ്രം ക്ഷിപ്രപ്രഥനമവിഘ്നം-
(കൈരവം തൽ ഭജേഥാഃ
രാജന്യാനാം ശിതശരശതൈ-
(ർയ്യത്ര ഗാണ്ഡീവധന്വാ
ധാരാപാതൈസ്ത്വമിവ കമലാ-
(നൃഭ്വർഷന്മുഖാനി."
പൂ: മേ: 48

യക്ഷൻ മേഘത്തോടു പറയുകയാണ്:—കുബേരക്ഷേത്രത്തിൽവച്ചു് അജ്ഞാനം കൈരവന്മാരുടേയും കൈരവപക്ഷപാതികളുടേയും മുഖങ്ങളിൽ ഏപ്രകാരമാണോ തീക്ഷ്ണബാണങ്ങൾ വർഷിച്ചതു്—അതുപോലെ നീയും ശരങ്ങളെപ്പോലെയുള്ള നിന്റെ ജലധാരകൾകൊണ്ടു കമലങ്ങളുടെനേർക്കു വർഷിക്കുക! എന്നതിലെ 'അജ്ഞാനത്തെപ്പോലെ നീയും'—അത്രത്തിൽ ഉപമാനവും ഉപമേയവും തമ്മിലുള്ള സാധർമ്മ്യം 'ഉപമ'യെ അത്യുൽകൃഷ്ടമായ നിലയിലെത്തിച്ചിരിക്കുന്നു.

ഇനി പൂർണ്ണോപമയുടെ ചമൽക്കാരം എങ്ങനെയാണെന്നുനോക്കാം:—

ദീർഘികാവിൻ പടുമദകളും
(ക്വജിതം സാരസാനാം
പ്രത്യൂഷേഷു സ്ഫുടിതകമലാ-
(മോദമൈത്രീകഷായഃ
യത്ര സ്ത്രീണാം ഹരതി സുരത-
(ശ്ലാനിമംഗാനുകൂലഃ
സ്വപ്നോവാതഃ പ്രിയതമ ഇവ
(പ്രാർത്ഥനാചാടുകാരഃ
പൂ: മേ: 31

സ്വപ്നോവാതത്തിന്റെ പരിചരണം പ്രാർത്ഥനാചാടുകാരനായ പ്രിയതമനേർത്തുപോലെയാണെന്നാണ് കവി പറയുന്നതു്. രണ്ടു പേരുടേയും ലളിതവിലാസം ഒരുപോലെയാണ്. ചമൽക്കാരപൂർണ്ണമായ ഈ 'പൂർണ്ണോപമാലങ്കാരം' സർവ്വവിശ്രമങ്ങളേയും അകറ്റി കവിതയ്ക്കു സൌന്ദര്യവും പ്രകാശവും പ്രദാനം ചെയ്തിരിക്കുകയാണ്.

സമാസശ്രുതിയായ 'ലുപ്തോപമ'യും ലോഭമില്ലാതെ കാണാനുണ്ട്. ഉദാഹരണമായി നോക്കുക:—

"നിശ്വാസേനാധരകിസലയ-
(ക്ലേശിനം വിശ്ലിഷന്തീം
ശുദ്ധസ്നാനാൽ പരുഷമളകം
(നൂനമാഗണ്ഡലംബം"
ഉ മേ: 25

ഇതിൽ അത്യുത്തേവരിയിൽ 'അധരകിസലയേവ' (അധരകിസലയത്തേപ്പോലെ) എന്ന സമാസശബ്ദംകൊണ്ടു് ഇവ (ഉപമാനസൂചകശബ്ദം) യെ ലുപ്തമാക്കിയിരിക്കുന്നു. അങ്ങനെ 'അധരകിസലയ'ത്തിൽ സമാസശ്രുതിയായ ലുപ്തോപമയാണെന്നതിന്റെ മനോജ്ഞതാധിക്യം സമാകർഷകമാണ്.

ഇനിയും ഏകദേശവിവർത്തിനി ഉപമയും ശ്രൌതോപമയും സമാജസമായി സമ്മേളിച്ചിരിക്കുന്നതു നോക്കുക:—

"തസ്യോത്സംഗേ പ്രണയിന ഇവ-
(സ്രസ്തഗംഗാദുകൂലം
ന ത്വം ദൃഷ്ട്വാ ന പുനരബലേ
(ജ്ഞാതാസ്യസേ കാമചാരിൻ
യാ വഃ കാലേ വഹതി സലിലോദ്-
ഗാരമുച്ചൈർവിമാന-
മുക്താജാലഗ്രഥിതമളകം
(കാമിനീവാഭ്രവൃന്ദം"
പൂ: മേ: 63

ഈ പദ്യത്തിന്റെ പൂർവ്വാർദ്ധത്തിൽ കൈലാസത്തിന്റെ സാമ്യത പ്രണയിനിയോടാണ്. എന്നിട്ടും അളകയേയും സാമ്യപ്പെടുത്തുന്നില്ല. എന്നതന്നെയുമല്ലാ അയാൾ പ്രണയിനിയുടെ അറിവിനെക്കുറിച്ചു ബഹുമാനം കാണിക്കുന്നുമുണ്ട്. അങ്ങനെയിരിക്കുന്നതുകൊണ്ടു് ഇതൊരു ഏകദേശവിവർത്തിനി ഉപമയാണ്. കവിതയുടെ ഉത്തരാർദ്ധത്തിൽ 'കാമിനീവാഭ്രവൃന്ദം' എന്ന വാക്യാംശത്തിലെ ശ്രൌതോപമ കല്പിയാട്ടുണ്ട്. അളക-ജലവർഷിയായ മേഘസമൂഹത്തെ ക്രോധവിഹീനയായ കാമിനിയുടെ മുക്താമാലാമണ്ഡിതമായ കേശപാശമാണോ എന്നു സന്ദേഹിക്കുകയാണ്. യഥാർത്ഥത്തിൽ ശ്രൌതോപമയുടെ ഈ പ്രകാശനം സഹൃദയഹൃദയാന്തർഭാഗത്തെ കടാക്ഷകമനീയയായ കാമിനിയെപ്പോലെ ചാഞ്ചാടിപ്പിക്കുന്നു.

അർത്ഥോപമയുടെ ഒരുദാഹരണം നോക്കാം:

"ശ്രമണോപാന്തഃ പരിണതഫല-
(ദ്യോതിഭിഃ കാനനാന്തൈ-
സ്ത്വയ്യാരൂഢേ ശിഖരമചലഃ
(സ്നിഗ്ധവേണീസവർണ്ണേ"
പൂ: മേ: 18

ഈ പദ്യത്തിലെ 'സ്നിഗ്ധവേണീ സവർണ്ണേ' വാക്യംശ്ലേഷത്തിൽ 'അത്രോപമ' ഏതത്ഥത്താലംഗോ ച മൽക്കാരപൂർണ്ണമായിരിക്കുന്നു- അതുപോലെതന്നെ ഭാവപൂർണ്ണവുമാണ്. ഇതു സഹൃദയക്കുഭവസിദ്ധമാണ്.

മേൽ കാണിച്ചിട്ടുള്ള ഉപമയുടെ ഉത്തമോദാഹരണങ്ങളും 'ഉപമാകാലിദാസസ്യ' എന്ന ലോകോക്തിയെ നിസ്സന്ദേഹം അലൗകികമാക്കിത്തീർത്തിരിക്കുന്നു. വാങ്മയലോകത്തിലെ വിശാലമായ വിഭവങ്ങളിൽ തന്റെ അതിപ്രിയമായ മേഘദൂതകാവ്യത്തെ ഈ വിശിഷ്ടാലങ്കാരങ്ങളാലലംകൃതമാക്കുകയും അതിലെ കവിതയെ അർത്ഥം, ഭാവം, ധ്വനി ആദിയായ എല്ലാ സാമഗ്രികളെക്കൊണ്ടും വിരഹാർത്തരായ യക്ഷങ്ങളുടെ വിരഹവ്യഥകളെ ത്തീക്ഷ്ണതരമാക്കിത്തീർക്കുന്നതോടൊപ്പം ഹൃദയവേദനയെ സഹൃദയഹൃദയങ്ങളിലേക്കിത്തീർക്കുകയും ചെയ്യുന്നതിൽ കവി പ്രശംസാർഹമായ വൈദഗ്ധ്യം നേടിയിട്ടുണ്ട്.

ഇനി ശ്ലേഷാലങ്കാരപ്രധാനമായ ഒരു ഭാഗം നോക്കുക:—

"യസ്യാം യക്ഷാഃ സിതമണിമയാ-
നേത്യ ഹർമ്മ്യസ്ഥലാനി
ജ്യോതിശ്ഛായാകുസുമരചിതാ-
(നൃത്തമസ്ത്രീസഹായാഃ
ഉ: മേ: 3

ഇതിലെ "ജ്യോതിശ്ഛായാകുസുമം" (നക്ഷത്രങ്ങളുടെ പ്രതിബിംബരൂപങ്ങളായ പൂക്കൾ) എന്ന വാക്യാംശത്തിൽ രൂപകത്തിന്റെ നിരൂപണം നിതരാം നവനവോന്മേഷമായ ഭാവത്തിൽ പ്രസ്പഷ്ടമായിരിക്കുന്നു.

ഉൽപ്രേക്ഷയ്ക്കുദാഹരണം ഇതാ നോക്കുക:—

"ശങ്കാസ്പദം പൃഷ്ടാ ഇവ ജലമുച-
(സ്ഥാദുർദ്ദശം ജാലമാർഗ്ഗൈ-
ർഭൂമോല്പാരന്ധ്രനിർഗ്ഗതനിധ്യ-
(നാം ദൂരേ നിപ്പതന്തി"
ഉ: മേ: 6

ഈ പദ്യാംശത്തിലെ 'ശങ്കാസ്പദം പൃഷ്ടാ ഇവ ജലമുചഃ' (മേഘം പരിഭ്രാന്തനായിത്തീർന്നുവോ എന്നു തോന്നുമാറ്) വാക്യാംശത്തിലുള്ള ഉൽപ്രേക്ഷയാൽ മേഘം എത്രമാത്രം സജീവമായിത്തീർന്നിരിക്കുന്നു. ഉൽപ്രേക്ഷാഭാവനാലോകത്തിലെ സരളമായ പടവുകളുണ്ടെന്നുള്ള കാര്യം വിസ്മരിക്കരുതു്. ഭാവനാഭാവങ്ങളുടെ സഹചാരിയും ഭാവം രസത്തിന്റെ സഹചാരിയുമാണ്. അപ്രകാരംതന്നെ അലങ്കാരം ഭാവത്തേയും രസത്തേയും പോഷിപ്പിക്കുകയും ശോഭിപ്പിക്കുകയും ചെയ്യുന്നു.

ഇനിയും സമാസോക്തിയുടെ മുജ്ജ്വലമായ ഉദാഹരണം എടുക്കാം.

"വേണീഭൂതപ്രതനുസലിലാ-
സാവതീതസ്യ സിന്ധുഃ
പാണ്ഡുഛായാതടരുഹതരു-
ഭ്രംശിഭിർജ്ജീർണ്ണപർണ്ണൈഃ
സൗഭാഗ്യം തേ സുഭഗ! വിരഹാ-
വസ്ഥയാ വ്യഞ്ജയന്തീ
കാശ്യം യേന ത്യജതി വിധിനാ
സ ത്വയൈവോപപാദ്യഃ
പൂ: മേ: 29.

ഹേ മേഘമേ! നിർവിന്ധ്യാനദിയിലെ ജലപ്രവാഹം നാമമാത്രമായ തലമുടിക്കെട്ടുപോലെ ചുരുങ്ങിയിട്ടുണ്ട്. തീരവൃക്ഷങ്ങളിൽനിന്നും പൊഴിഞ്ഞുവീണ ഇലകളാൽ അതിന്റെ കാന്തിതന്നെയും മങ്ങിയിട്ടുണ്ട്. അങ്ങനെ വിരഹാർത്തയായി കഴിയുന്ന നിർവിന്ധ്യാഭഗവതിയുടെ നിന്റെ സൌഭാഗ്യത്തെ മനസാ പ്രശംസിക്കുകയേയുള്ളൂ. പെട്ടെന്നു നീ അവളുടെ ക്ഷീണവും ദുഃഖവും അകറ്റി ആഹ്ലാദഭരിതയാക്കുക എന്നത് നിന്റെ കർത്തവ്യം.

ഇവിടെ മേഘത്തിന്റെയും അവസ്ഥാപ്രവാസിയും വിരഹാർത്തനുമായ നായകന്റെയുപോലെതന്നെയാണ്. നിർവിന്ധ്യാവാഹിനിയായ നായികയേപ്പോലെയും. നായകന്റെ ദർശനം നായികയുടെ വിരഹാവേദം ശ്രീകരിക്കുമല്ലോ. ഇവിടെ മേഘവും നിർവിന്ധ്യാനദിയുംതമ്മിൽ വലിയ സാമ്യമുണ്ട്. നായികാനായകന്മാരുടെ പൊതുമാറ്റത്തിലും സാമ്യമുണ്ട്. അതുകൊണ്ട് ഇതൊരു പൂർണ്ണമായ 'സമാസോക്തി' അലങ്കാരമായിത്തീർന്നു എന്നു മാത്രമുമല്ല 'വേണീഭൂതപ്രതനു' എന്ന ശബ്ദങ്ങളിൽ നായികയുടെ കേശപാശം ശോഷിച്ച പർവതശിഖരംപോലെയാണെന്നു കാണിക്കുന്നു. ഇതൊരു ധ്വനിയാണ്. അങ്ങനെ ഈ സമാസോക്തിയിൽ 'ധ്വനിവികൃതി'യുടെ മനോഹരിതവിഭൂതി പ്രവാഹത്തെപ്പോലെ പെട്ടെന്നു സഹൃദയരുടെ ശ്രദ്ധയെ ആകർഷിക്കുകകൂടി ചെയ്യുന്നു.

സ്മരണ, ഉദാത്തം, എന്നീ അലങ്കാരങ്ങളും ഒരുമിച്ചു സമ്മേളിക്കുന്ന ഒരു പദ്യം നോക്കുക:—

"തസ്യാംസ്തീരേ രചിതശിഖരഃ
പേശലൈരിന്ദ്രനീലൈഃ
ക്രീഡാശൈലഃ കനകകദളീ
വേഷ്ടനപ്രേക്ഷണീയഃ
മൽശ്രേഷിന്യാഃ പ്രിയ ഇതി സഖേ!
ചേതസാ കാതരേണ
പ്രേക്ഷ്യോപാന്തസ്ഫുരിതതടിതം
തത്വം തമേവ നൂനമഗി"
ഉ: മേ: 11

യക്ഷൻ മേഘത്തോടു പറയുന്നു: നീ നീലനിരഭ്രമേഘമാണ്. എന്റെ ക്രീഡാശൈലവും ഇന്ദ്രനീലമണികൾകൊണ്ടു തീർത്തതായതിനാൽ നീലനിറമുള്ളതാണ്. നിന്നിൽനിന്നു മനോഹരമായ മിന്നൽ ഉണ്ടാകുന്നു. അതുപോലെ എന്റെ ക്രീഡാശൈലത്തിന്റെ പ്രാന്തഭാഗങ്ങളും പൊൻകദളീവൃക്ഷങ്ങളാൽ പരിശോഭിതങ്ങളാണ്.' മേഘത്തെ കണ്ടപ്പോൾ യക്ഷന് തന്റെ ക്രീഡാശൈലത്തെക്കുറിച്ചു സ്മരണയുണ്ടാകുന്നു. അതുകൊണ്ടിവിടെ സ്മരണാലങ്കാരത്തിന്റെ വൈശിഷ്ട്യം സൂക്ഷ്മമായിക്കാണാം. കൂടാതെ ലോകാതിശയസമത്തിനെക്കുറിച്ചുള്ള വർണ്ണനകളുള്ളതിനാൽ ഉദാത്തഅലങ്കാരവും മനോഹരമായി സമ്മേളിച്ചിരിക്കുന്നു.

അപ്രകാരംതന്നെ 'തുല്യയോഗിത'യും 'പര്യായോക്തി'യും സംയുക്തരൂപത്തിൽ ഇണങ്ങിയിട്ടുള്ള ഒരു പദ്യം നോക്കുക:—

"ഹാസ്യം ലീലാകമലമളകേ
ബാലകുന്ദാനുവിദ്ധം
നീതം ലോധ്രപ്രസവരജസാ
പാണ്ഡുതാമാനനേ ശ്രീ
ചൂഡാപാശേ നവകുരവകം
ചാരുകർണ്ണേ ശിരീഷം
സീമന്തേ മാ തച്ചരണനഖജം
യത്നു നീപം വധൂനാം."
ഉ: മേ: 2

പ്രസ്തുത കവിതയിൽ അഭ്യൂഹത്തിനായി 'അസ്മി' (ആകുന്നു) എന്ന ഒരേ ഒരു ക്രിയയേ ഉള്ളതെന്നു 'ലീലാകമലം.....ആദിയായവയുടെ കർത്തൃബന്ധം കാണിക്കുന്നു. അതുകൊണ്ടതിലെ 'തുല്യയോഗിതാലങ്കാരം സ്പഷ്ടമാകുന്നു. കൂടാതെ കാന്തിമത്തായ ആവ് പുരുഷന്മാരുടെ വർണ്ണനകൊണ്ടു 'കാരുണിത്വവും അനുകമ്പയും ആവ് സ്ത്രീകളുടേയും സ്ഥിതിവിശേഷങ്ങളുടെ പ്രതീതിയുളവാക്കുന്നു. അതുകൊണ്ട് 'പര്യായോക്തി'യലങ്കാരവും ഇതിൽ സമ്മേളിച്ചിരിക്കുന്നു. രണ്ടിനേയും ചമൽക്കാരപൂർണ്ണമായ സമഞ്ജസ്യം കവിതയുടെ അത്യന്ത യഥാർത്ഥരൂപത്തിൽ ചമൽകൃതമാക്കിത്തീർക്കുന്നു. ഭാവവും പൂർണ്ണരൂപേണ പ്രകാശിക്കുന്നു.

അതിശയോക്തിയുടെ ഒരു ജീവൽചിത്രം നോക്കുക

"തം ജാനീഥഃ പരിമിതകഥം
ജീവിതം മേ ദ്വിതീയം
ദൂരീഭൂതേ മയി സഹചരേ
ചക്രവാകീമിവൈകാം"
ഉ: മേ: 17

ജായയും ജീവനും തമ്മിൽ ഭേദമുണ്ട്. എങ്കിലും അഭേദ്യമായ വ്യവഹാരം ആരോപിക്കുന്നു. ഈ അതിശയോക്തി വിരഹപീഡിതനായ യക്ഷന്റെ അന്തർഹൃദയസ്ഥിതിയായ പ്രിയയുടെനേർക്കുള്ള മമതാബന്ധത്തിന്റെ മാന്ത്രികതത്ത്വത്തെ അതൃധികം സമുജ്ജ്വലമാക്കിച്ചെയ്തിരിക്കുന്നു.

ഇനിയും പരിണാമത്തിന്റെ ആകർഷണീയത എത്രമാത്രമുണ്ടെന്നു നോക്കുക:

"ഉൽപശ്യാമി ദ്രുതമപി സഖേ!
മൽപ്രിയാർത്ഥം യിയാസോഃ
കാലക്ഷേപം ककുഭസുരഭൌ
പർവ്വതേ പർവ്വതേ തേ
ശുക്ലാപാംഗൈസ്സജലനയനൈ
സ്സ്വാഗതീകൃതൃകേകാഃ
പ്രത്യുദ്യാതഃ കഥമപി ഭവാ-
നാത്മ സന്ദേശം വ്യവസ്യേൽ"
പൂ: മേ: 22

കേകാരവത്തിൽ സ്വാഗതപ്രശംസനസൂചനയുണ്ട്. അതുപോലെ



ഡബ്ലൂ.ഡി.എസ് ഇന്റർനാഷണൽ അഡ്മിനിസ്ട്രേഷൻ ആക്റ്റിംഗ്ഡയറക്ടറായി നിയമിതനായിരിക്കുന്ന ഡാറാബർട്ട് എച്ച്. ജാൻസൺ. ഐൻ സഭാവേനായിലെ ടെമ്പിംയൂനിവേഴ്സിറ്റി പ്രസിഡന്റായിരുന്ന ഇദ്ദേഹം.

മേഘത്തിനു പ്രകൃതമായ പ്രസ്ഥാനവും ഇവിടെ കവിതയുടെ അത്യന്തവിശേഷമാക്കി ഭാവത്തെ സ്പഷ്ടമാക്കുകയാണ്. അതിൽനിന്നും വിരഹാർത്തനായ യക്ഷന്റെ അതിശ്രേഷ്ഠപ്രിയയ്ക്കു സന്ദേശമയയ്ക്കുന്നതിനുള്ള വ്യഗ്രതയിൽ വിരഹതീക്ഷ്ണം മധുരമധുരമായ വേദനയിൽക്കൂടി വെളിപ്പെടുന്നു. ഇതിൽ 'പരിണാമാ'ലങ്കാരം മനോഹരമായി പ്രകാശിച്ചിട്ടുണ്ട്.

ഇനി 'കാവ്യലിംഗ'വും അത്യന്തരമ്യമായും മണികാഞ്ചനംപോലെ സമ്മേളിച്ചിരിക്കുന്ന ഒരു പദ്യം നോക്കുക:

"തത്രാരോഢുർ പ്രണയകുപിതാം
ധാതുരാഗൈഃ ശിലായാ-
മാത്മാനം തേ ചരണപതിതം
യാവദിച്ഛാമി കർത്തും
അസ്രൈസ്താവന്മുഹുരുപചിതൈ-
ർദൃഷ്ടിരാലുപ്യതേ മേ
ക്രൂരസ്തസ്മിന്നപി ന സഹതേ
സംഗമം നൌ കൃതാന്തഃ"
ഉ മേ: 39

പ്രസ്തുത കവിതയിൽ ദൃഷ്ടിലോപശ്രുതിയിൽ കാര്യങ്ങളും വിധിവശാൽ നടക്കുകയും അതിന്റെ അസഹനീയമായ ശ്രുതിയേ കാരണസഹിതം സമർത്ഥിക്കുകയുംചെയ്തിരിക്കുന്നതിനാൽ അത്യാന്തരമ്യസംചമൽക്കാരപൂർണ്ണമായിട്ടുണ്ട്. അതുപോലെ അസഹനീയതയും 'ക്രൂര'പദം പ്രയോഗിച്ചിരിക്കയാൽ 'കാവ്യലിംഗം' സ്പു

ഷ്ടമായിക്കാണുന്നും കവിതയുടെ ഭാവസ്ഥിരവും ശ്രേയസ്കരമായിരിക്കുന്നു.

'നിദർശനം'അലങ്കാരത്തിന്റെ ഒരുദാഹരണമിതാ,

"തസ്യാരുഹ്യ പ്രിയമനുമതേ
ശാർങ്ഗിണോ വർണ്ണചോരേ
തസ്യാസ്സ്രഷ്ടോഃ പുനരപി തനും
ഭൂഭൃതോ വാൽ പ്രവാഹം"

പൂ: മേ: 46

മറ്റൊരാളിന്റെ ദൈഹിക്കമായ നിറത്തെ വേറൊന്നു എങ്ങനെ സ്വായത്തമാക്കും? അതുപോലെ അസംഭവമായ വസ്തുസംബന്ധത്തെ ചമ്മണ്ണചമിനദിയിലെ നീചജലത്തേ ശാർങ്ഗപാണിയുടെ നീലനിറം പൂണ്ട ശരീരത്തിനോട് സമാനപ്പെടുത്തിയിരിക്കുന്നു. അതിനാൽ 'നിദർശനം'അലങ്കാരം. പ്രസ്തുത പദ്യത്തിന്റെ അന്ത്യത്തെ ചമൽക്കാരപൂർണ്ണമാക്കിക്കൊണ്ട് സർസഭാവങ്ങളെ പുതുതായി ചമുട്ടിക്കുകയാണ്".

ഇനി 'വിശേഷോക്തി'യുടെ വൈശിഷ്ട്യം നോക്കുക:

നീവീബന്ധോച്ഛ്വസിതശിഥിലം
യത്ര ബിംബാധരോഷ്ഠം
ക്ഷൗമം രശനാഗുണനിഭൃതകരേ-
ഷ്വാകൃഷ്ടിഷ്വളൽസു പ്രിയേഷു
അച്ചിസ്മംനാനഭിമുഖമപി
പ്രാപ്യരത്നപ്രദീപാൻ
ഹ്രീമൂഢാനാം ഭവതി വിഫല-
പ്രേരണാ മൂർണ്ണമുഷ്ടി.

ഉ: മേ: 5.

മുഷ്ടിമുഷ്ടി ചിന്തുകയാണെങ്കിലും ദീപനിർവ്വാണം സാധിക്കുകയെന്നതു് അസംഭവ്യമാണു്". അതുകൊണ്ടു് ഈ 'വിശേഷോക്തി പ്രസ്തുത കവിതാകാമിനിയെ കൂടുതൽ വിശേഷിപ്പിക്കുകയാണു ചെയ്തിരിക്കുന്നതു്".

ഇനി 'പരികരാലങ്കാരത്തിന്റെ പ്രൌഢത നോക്കുക: -

ഭ്രാതുർമ്മിത്രം പ്രിയമവിധവേ!
വിദ്ധിമാമംബുവാഹം
തത്സന്ദേശൈർഹൃദയനിഹിതൈ-
രാഗതം ത്വത്സമീപം
യോ വൃന്ദാനി ത്വരയതി പഥി
ശ്രാമ്യതാം പ്രേക്ഷിതാനാം
മന്ദ്രസ്നിഗ്ധൈർധ്വനിഭിരബലാ-
വേണിമോക്ഷോത്സുകാനി.

ഉ: മേ: 33.

പ്രസ്തുതപദ്യത്തിൽ മേഘത്തിന്റെ —നായകൻ് നായികയുമായി കഴിയുന്നതുവേഗം സമാഗമം ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള സാമർത്ഥ്യം മുതലായവ അഭിപ്രായവൈശിഷ്ട്യത്തോടുകൂടി പ്രയോഗിച്ചിരിക്കുന്നതിനാൽ പരികരാലങ്കാരം പ്രസ്പഷ്ടമായിട്ടുണ്ടു്".

ഇനിയും 'പ്രേയാ'ലങ്കാരത്തിന്റെ പ്രയോഗവൈശിഷ്ട്യം എപ്രകാരമാണെന്നു നോക്കാം:—

ജാതം വംശേ ഭുവനവിദിതേ
പുഷ്കലാ വർത്തകാനാം
ജാനാമി ത്വാം പ്രകൃതിപുരുഷം
കാമരൂപം മഘോനഃ



"മഹാനായ വിമോചകൻ"

അബ്രഹാംലിങ്കന്റെ 144-ാമത്തെ ജന്മദിനം അമേരിക്കൻഐക്യനാടുകളിൽ ഈയിടെ ആചരിക്കപ്പെട്ടുകയുണ്ടായി. വാഷിംഗ്ടൺ നഗരത്തിലെ ലിങ്കൻപ്രതിമമുമ്പാകെ പ്രസിഡൻറു ഐസൻഹൗവർ നമശിരസ്സനായി നിശ്ശബ്ദപ്രാർത്ഥനയിൽ മുഴുകിനിൽക്കുന്നു. അടുത്തു കാണുന്നതു് അംഗരക്ഷകർ പ്രതിമയുടെ മുമ്പിൽ പുഷ്പമാല്യം അർപ്പിക്കുന്നു. മഹാനായ വിമോചകൻ എന്നാണു് ആഭ്യന്തരസമരകാലപ്രസിഡൻറു ലിങ്കൻ ലോകമാകെ അറിയപ്പെട്ടുന്നതു്.

തേനാർദ്രിതം തവയി വിധിവശാ-
ദ്ദൂരബന്ധുർഗ്ഗതോഹം
യാച്ഞാമോഘാവരമധിഗുണേ-
നാധമേ ലബ്ധകാമാ.

പൂ: മേ: 6.

പ്രസ്തുതപദ്യത്തിൽ മേഘത്തിന്റെ നേരേ യക്ഷന്റെ യതീഭവം സമൃക്കാകംവണ്ണം പ്രകടമായിക്കാണുന്നു. വിപ്രലംഭശൃംഗാരത്തിന്റെ പ്രധാനാംഗമായ പ്രേയാലങ്കാരം പ്രണയരസാമോദത്താൽ കരുണപൂർണ്ണമായിട്ടുണ്ടു്.

മധുമധുരമായ മേഘദൂതത്തിലെ മേൽക്കാണിച്ച ചുരുക്കം ചില അലങ്കാരങ്ങളുടെ സവിശേഷമായ ഉദാഹരണങ്ങൾകൊണ്ടു് വെളിവാകുന്നതു്— മഹാകവി കാളിദാസൻ ശബ്ദാലങ്കാരങ്ങളാൽ കവിതാകാമിനിയിൽ ശബ്ദാഭരം ചുമത്താതെ തിരഞ്ഞെടുക്കപ്പെട്ട മനോഹരശബ്ദമണികളാൽ ആകർഷണീയമായ ഹാരങ്ങളുണ്ടാക്കി അവളെ അലങ്കരിക്കുകയാണു ചെയ്തിട്ടുള്ളതെന്നാണു്. അതുകൊണ്ടു് അതിന്റെ ബാഹ്യമായ ശബ്ദസൗന്ദര്യത്തിനും മാധുര്യപൂർണ്ണമായിത്തീരുകയാണു ചെയ്തിട്ടുള്ളതു്.

അതുപോലെതന്നെ അർത്ഥാലങ്കാരപ്രേരണ മഹാകവി കവിതാകാമിനിയെ പൂർണ്ണഭോഗശൃംഗാരിയും അർത്ഥഗൗരവാന്വിതയുമാക്കിത്തീർത്തിരിക്കുന്നു. അതുമൂലം കവിത രസവുംജീവസ്സും ഉള്ളതാകുകയും ചെയ്തിട്ടുണ്ടു്. അങ്ങനെ ശബ്ദാലങ്കാരങ്ങളാൽ കവിതാകാമിനിയെ അണിഞ്ഞൊരുക്കി രൂപമാധുരി പ്രദാനംചെയ്യുകയും അർത്ഥാലങ്കാരം അവളുടെ ജീവനാഡിയെ സ്പർശിച്ചു് ഇക്കിളിയിട്ടുകൊണ്ടു് ഭാവവിലാസിനിയും സരസയും ആക്കുകയും ചെയ്തിട്ടുണ്ടു്.

ചുരുക്കത്തിൽ അലങ്കാരങ്ങളാം കവിതാവധൂടിയുടെ അംഗപ്രത്യംഗങ്ങളിൽ കലാചാതുര്യത്തോടുകൂടി ഇണങ്ങിച്ചേർന്നു് അവളിൽ ഒരുളവെട്ടുന്ന പുതുമനിറഞ്ഞ നവയൌവനത്തെ— കുതിച്ചുപൊന്തുന്ന ധവളധാരാളമായ തരംഗങ്ങളെ മൂടലും അലസാവുമായ ലജ്ജയാലും ഭാവചാഞ്ചല്യത്താലും ഒരുളവെട്ടിച്ചുകൊണ്ടു് തരളവും ഇടതൂർന്നതുമായ രസ്യമാക്കുന്ന കേശപാശത്തെ കോമളിമയും മനോഹാരിതയും ഒഴുക്കും. സർവ്വോപരി സപത്നീയതയും പ്രദാനംചെയ്തുകൊണ്ടു് അവളെ ഭർത്തൃമതിയിലും യോജ്യയായ — അലഭ്യവും അമോഘവുമായ പരിത്യസിംഹാസനത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു.

മേഘദൂതത്തിലെ മോഹനങ്ങളായ അലങ്കാരഭേദം കലാവതിയായ കവിതയുടെ സുന്ദരമായ രൂപത്തെ സൂക്ഷ്മനിരീക്ഷണംചെയ്തു് അർത്ഥത്തെ വിശദീകരിച്ചും ഭാവത്തെ സുഗമമാക്കിയും പ്രശംസനിയമാക്കി അതിൽ വിപ്രലംഭശൃംഗാരത്തിന്റെ രസതരംഗിണികളെ യഥേഷ്ടം വിഹരിക്കുവാൻ മാർഗ്ഗദർശനം ചെയ്യുകയും ചെയ്തിട്ടുണ്ടു്. അതിന്റെ മധുരിമയും പ്രകാശവും എന്നല്ലാം പ്രശാന്തമായ പ്രവാഹവും അനാദ്യവും അനന്തവുമാണു്. ശാശ്വതവും സനാതനവുമാണു്. എന്നമാത്രമുമല്ലാ— പ്രണയംവരെയും വേദനാമയമായ ആനന്ദത്തിന്റെ കരുണാഭിഷേകത്താൽ ഭിന്നസഹൃദയങ്ങളെ ആലോകശീതളമാക്കിക്കൊണ്ടതന്നെ ഇരിക്കുമെന്നും നിസ്സന്ദേഹം പറയാം.

രസരാജ്ഞിപതിയും അലങ്കാരചാതുര്യനും ഭാവഭൂപതിയുമായ കാളിദാസമഹാകവിയുടെ അനശ്വരസൃഷ്ടിയായ മേഘദൂതം സംസ്കൃതസാഹിത്യത്തിനുതന്നെയല്ലാം വിശ്വസാഹിത്യത്തിനുതന്നെ അക്ഷയവും അനുപമവും അതിവിശിഷ്ടവുമായ ഒരു സമ്പത്തുതന്നെയാണെന്നുള്ള പരമാർത്ഥം സാഹിത്യസൌന്ദര്യോപാസകന്മാരിലാരുംതന്നെ നിഷേധിക്കയില്ലാം.

ശ്രീ. രഞ്ജൻസൂരിദേവ് സാഹിത്യമാസിക 'വിശാലഭാരതി'യിലെഴുതിയ ഹിന്ദിലേഖനത്തിന്റെ വിവർത്തനം.

ജപ്പാൻസമ്പ്രദായമനുസരിച്ചുള്ള നെൽകൃഷി

ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള കുറുക്കുവഴി

വിത്തു കുറവും ക്രട്ടതൽ വിളവും

ഏക്കറൊന്നിനു സധാരണയായി വിളയുന്ന 20 മന്നിനുപകരം 35 മന്നു നെല്ലുവീതം 1500000 ഏക്കർ നിലങ്ങളിൽ വിളവുണ്ടാകുന്നെന്നു വിചാരിക്കുക; 750000 ടൺ ക്രൂട്ടതൽ നെൽവിളവാണതു്. ഇതു വെറുമൊരു കണക്കുക്രട്ടൽ മാത്രമല്ല. ജപ്പാനിലെ കൃഷിസമ്പ്രദായം 1500000 ഏക്കർ കൃഷിഭൂമിയിൽ നടപ്പിലാക്കിയാൽ യഥാർത്ഥത്തിൽ സംഭവിക്കുന്ന കൃഷിവിജയമാണിതു്. ഭക്ഷ്യധാന്യങ്ങളുടെ അപര്യാപ്തതയാൽ വിഷമിക്കുന്ന ഇക്കാലത്തു് ഈവിധത്തിലുള്ള ഭക്ഷ്യധാന്യസംവർദ്ധനം സ്വയംപര്യാപ്തതയിലേക്കുള്ള പ്രയാണത്തിൽ ഒരു പുരോഗമനംതന്നെയാണല്ലോ.

ഇൻഡ്യയിൽ ഇപ്പോൾ നെൽകൃഷി ചെയ്യപ്പെടുന്ന ഭൂമിയുടെ വിസ്തീർണ്ണം 750 ലക്ഷം ഏക്കറാണു്. മറ്റൊരു ധാന്യവും ഇത്ര ക്രട്ടതൽ കൃഷിചെയ്യപ്പെടുന്നില്ല. ഇതിൽ മൂന്നിൽ ഒരുഭാഗം ഭൂമി ഏതെങ്കിലുംവിധത്തിലുള്ള ജലസേചനത്താൽ അനുഗ്രഹീതമാണു്. ജപ്പാൻരീതിയനുസരിച്ചു കൃഷി ചെയ്യപ്പെടാവുന്ന 1500000 ഏക്കർ ഭൂമി ആകെയുള്ള നെൽകൃഷിസ്ഥലത്തിന്റെ 25 ശതമാനംമാത്രമാണു്.

എത്രയും പ്രയാസരഹിതമായ ഒരു രീതിയനുസരിച്ചു് ജപ്പാനിൽ ചെയ്തുവരുന്ന നെൽകൃഷിസമ്പ്രദായം അൽഭുതകരമായ ഫലമാണു നൽകിവരുന്നതു്. ഇതരരാജ്യങ്ങളും ശതവത്സരക്കാലങ്ങളായി അസൂയാവഹമായ ജപ്പാനിലെ നെൽവിളവിനെ വീക്ഷിച്ചുകൊണ്ടിരിക്കുന്നു. ജപ്പാന്റെ അനുഭവം ഇൻഡ്യയ്ക്കും അനുകരിക്കാവുന്നതാണു്. ഉപയോഗിക്കാവുന്ന ഓരോ ഇഞ്ചു ഭൂമിയും ജപ്പാൻകാർ കൃഷിക്കുപയോഗിക്കുന്നു. ഒരു തോട്ടക്കാരൻ ഒരൊറ്റ പുഷ്പത്തൈടിക്കു നൽകുന്ന ശ്രദ്ധയാണു് ജപ്പാൻകാർ അവരുടെ നെൽകൃഷിക്കു നൽകുന്നതു്.

നെൽകൃഷിസമ്പ്രദായത്തിൽ ഇൻഡ്യാക്കാർ ജപ്പാൻകാരുടെ രീതിയുടെ പ്രധാനഅംശങ്ങളും പകർത്തുകയാണെങ്കിൽ അതു് ആദായകരമായിരിക്കുന്നതാണു്. ഓരോ സ്ഥലത്തെയും സ്ഥിതിഗതികളനുസരിച്ചു ഭേദപ്പെടുത്തി പ്രയോഗിക്കാവുന്നതാണു് അഭിനവമായ ഈ സമ്പ്രദായം. ഒരു സാധാരണകർഷകനു നടപ്പിൽവരുത്താവുന്ന വയുമാണവ.

ജപ്പാൻകാർ അവരുടെ പറമ്പുകളിലും തട്ടായിക്കിടക്കുന്ന നെൽകൃഷിഭൂമിയിലും കൃഷിചെയ്യുന്ന സമർത്ഥമായ സമ്പ്രദായത്തിനു പ്രധാനമായി അഞ്ചുവശങ്ങളുണ്ടു്.

ഇതിൽ ഒന്നാമത്തേതു് ഞാറുപാകുന്നതിനു് ഉയർന്ന നഴ്സറികളുണ്ടാക്കുകയാണു്. കൊയ്ത്തു കഴിഞ്ഞാൽ അതിനുള്ള ഭാഗം നനവു വിട്ടുന്നതിനുമുമ്പുതന്നെ ഉഴുതു ശരിപ്പെടുത്തണം. ഉഴുന്നതു പ്രായോഗികമല്ലെങ്കിൽ കിളച്ചു കട്ട ഉടയ്ക്കുണം. തടങ്ങളുടെ ആഴം 3 മുതൽ 4 ഇഞ്ചു വരെയാണു്. കളകൾ കളഞ്ഞു ചാണകം മുതലായ വളങ്ങൾ ഇടുകയാണു് അടുത്തതായി ചെയ്യേണ്ടതു്. ഒരേക്കറിനു് 20 ടൺ നല്ലപോലെ മണ്ണിൽ ചേരത്തക്കവിധം ഇടണം. വിത്തു പാകുന്ന ഭാഗം നിലനിരപ്പിൽ നിന്നു 2–3 ഇഞ്ചുയർന്നും, ഓരോതടവും ഒരടിവീതം അകലെയുമായിരിക്കണം. വിത്തുവിതയ്ക്കുന്ന തടത്തിനു പ്രത്യേകം വളമിടേണ്ടതാണു്. അരയ്ക്കുൽ ഇഞ്ചു ഘനത്തിൽ കമ്പോസ്റ്റിടുക. വേരു മണ്ണിന്റെ മേൽത്തട്ടിൽതന്നെയിരിക്കുന്നതിനാണു് ഇപ്രകാരം ചെയ്യുന്നതു്. പറിച്ചുനടുന്നതിനുള്ള സൗകര്യംഉദ്ദേശിച്ചാണു് ഇപ്രകാരം ചെയ്യുന്നതു്. വിത്തു വേഗം വളരുന്നതിനു സഹായിക്കുന്നായി കമ്പോസ്റ്റിന്റെ മുകളിലായി ചാരം നിരത്തേണ്ടതാണു്. വിതയ്ക്കുമ്പോൾ വിത്തു വളവുമായി ചേർത്താണു വിതയ്ക്കേണ്ടതു്.

ജപ്പാൻരീതിയിൽ വിത്തു ലാഭമുണ്ടു്. ജപ്പാനിൽ ഏക്കറിനു 5 റാത്തൽ മുതൽ 6 റാത്തൽവരെ വിത്താണു വിതയ്ക്കുന്നതു്. ഇതു വിതയ്ക്കുന്നതു 1/40 മുതൽ 1/27 ഏക്കർ തടത്തിലാണു വിത്തു പാകുന്നതു്, വരിവരിയായിരിക്കണം.


വിത്തു തിരഞ്ഞെടുക്കുന്നതിൽ ശ്രദ്ധപതിപ്പിക്കേണ്ടതാണു്. വിത്തു പാറിയെടുത്തശേഷം ഒരു തൊട്ടിയിൽ വെള്ളംനിറച്ചു അല്പം ഉപ്പുചേർത്തു അതിൽ ഇടുക. ഘനമുള്ളതും വെള്ളത്തിന്റെ അടിയിൽ താഴുന്നതുമായ വിത്തുമാത്രം വിതയ്ക്കുന്നതിനെടുക്കുക. ജപ്പാനിലെ കൃഷിക്കാർ വിതയ്ക്കുന്നതിനുമുമ്പു് ഒന്നൊരണ്ടാഴ്ച വിത്തു വെള്ളത്തിലിട്ടുവയ്ക്കുന്ന പതിവുണ്ടു്. അല്പം മുളവന്ന വിത്തുകളാണു വിതയ്ക്കുമ്പോൾ തുല്യവലിപ്പത്തിലും തൂപ്പികരമായും വളരുന്നതെന്നു കാണുന്നു.

വിത്തു പാകുന്നതിനുള്ള തടം ശരിപ്പെടുത്തി കഴിഞ്ഞിട്ടുള്ളതിനാൽ കളയുണ്ടാകുമെന്ന ഭയപ്പെടേണ്ടതില്ല. പക്ഷേ ഞാറാകുംമുമ്പു് ഒന്നോ രണ്ടോ പ്രാവശ്യം കളയെടുക്കേണ്ടതാണു്. ആദ്യം കളയെടുത്തുകഴിഞ്ഞു ഒരു ഡോസു വളംകൂടി പ്രയോഗിക്കേണ്ടതാണു്. തൂപ്പികരമായ വളച്ചുയില്ലെങ്കിൽ ഒരുപ്രാവശ്യംകൂടി വളം ഇടേണ്ടതാകുന്നു.


ഞാറു പറിച്ചുനടേണ്ട സമയമായി. വരിവരിയായി നടുന്നതുകൊണ്ടു പല ഗുണങ്ങളും അനുഭവപ്പെടുന്നതാണു്. കളമാറുന്നതിനും മറ്റു പ്രവർത്തനങ്ങൾക്കും കൃഷിക്കാരനു സൗകര്യംകിട്ടുന്നതിനാൽ ക്രട്ടതൽ ശ്രദ്ധിക്കുന്നതിനു സാധിക്കുന്നു. 8 മുതൽ 12 വരെ ഇഞ്ചു അകലത്തിലായിരിക്കണം വരികൾ.

ജപ്പാനിലെ കൃഷിക്കാരനു പറിച്ചുനടീൽ ആരംഭിക്കുന്ന ദിവസം ഒരു സുദിനമാണു്. ഗൃഹനായിക വിശേഷവസ്ത്രങ്ങൾ ധരിക്കുന്നു; വിദ്യാലയങ്ങൾക്കു അന്നു ഒഴിവുദിവസമാണു്, കുട്ടികൾ മാതാപിതാക്കന്മാർക്കു കൃഷിസംബന്ധമായി വേണ്ട സഹായം നൽകുന്നു. ഞാറു പറിച്ചുനടുന്നതു അവരുടെ പ്രാഥമികകർത്തവ്യങ്ങളിലൊന്നാണെന്നു ജപ്പാനിലെ ബാലികാബാലന്മാർക്കു ബോദ്ധ്യമുണ്ടു്. വേരിനു യാതൊരു കേടും സംഭവിക്കാതെ പറിച്ചെടുത്തു ശ്രദ്ധയോടെ മണ്ണിൽ നടുന്നു. അതിവേഗത്തിൽ അവ വളർന്നു പുഷ്ടി പ്രാപിക്കുന്നു.


ഇവിടെയും മറ്റു രീതികളെ അപേക്ഷിച്ചു ജപ്പാൻസമ്പ്രദായം മെച്ചമാണു്. മൂന്നോ അഞ്ചോ ഞാറാണു ഒരുമിച്ചുനടുന്നതു; നാം സാധാരണ 8 മുതൽ 20 വരെ എണ്ണമാണെടുക്കാറുള്ളതു്. ഞാറു ലാഭിക്കാമെന്നു മാ



ഉയർന്ന ഭാഗം 4 അടി വീതിയും 4 ഇഞ്ചു് ഉയരവുമാണു്. ഓരോ തടവും തമ്മിൽ ഒരടി ദൂരമുണ്ടു്. ഈ രീതി കൃഷിക്കു വളംചെയ്യേണ്ടതു് അത്യാവശ്യമാണു്.



നല്ലയിനം വിത്തുകൾ തിരിഞ്ഞെടുക്കുന്നു.



നിലത്തിൽ വരിവരിയായി പറിച്ചുനടുന്നു.



ഞാറു നടുന്ന തെറ്റും ശരിയുമായി അവ കൈകാണിച്ചുചെയ്യുന്ന വിധം.

ത്രമല്ല വളച്ചിലുകൂടി സഹായകവുമാണ ഈ സമ്പ്രദായം. ഒരു പിടിയിലെ എണ്ണം കുറയ്ക്കുകയും കൂട്ടുതൽ സ്വാതന്ത്ര്യമായി വളരുന്നതിനു അനുവദിക്കുകയുമാണ ജപ്പാനിൽ ചെയ്യുന്നതു്.

രണ്ടാഴ്ച വളച്ചിലായിക്കഴിഞ്ഞതിൽ നല്ലതുപോലെ കളയെടുക്കേണ്ടതുമാവശ്യമാണു്. ഏറ്റവും കൂട്ടുതൽ വിളവുകിട്ടണമെങ്കിൽ 100 ചതുരശ്രഅടിയിൽ 100 ഞാറിൽ അധികമോണിയംസൾഫേറ്റും 100 ഞാറിൽ സൂപ്പർഫോസ്ഫേറ്റും കൂട്ടിക്കലർത്തേണ്ടതാണു്. ഈ വളം നെൽച്ചെടിയുടെ വേരിനു ചുറ്റുമുള്ള മണ്ണിൽ കലർത്തണം; അങ്ങനെ ചെയ്താലാണു് കൂട്ടുതൽ വിളവു കിട്ടുന്നതു്. ഇടയ്ക്കിടെ ചെടികളുടെ ഇടയിൽ ചിക്കുകയും



ഇങ്ങനെയായാൽ കൂട്ടുതൽ വിളവു കിട്ടുന്നതാണു്.


തപ്തസ്മരണ



പാച്ചല്ലൂർ എസ്. ഭാസ്കരൻപിള്ള ബി. എ.

കമലാങ്കരപരിലാളിത— എന്ന രീതി

വതിനേഴുവസന്തങ്ങൾകഴിഞ്ഞീടിലുമമലേ!
പരിപൂജിതമാംതാവകരൂപം മമഹൃദയേ
പനിനീരലർതൊഴുതീടിനതവ മോഹനവദനം
കണികാണുവനതുണോടയതുണോജ്വലഭാസ്സിൽ
സുഭഗംതവതളിർമെയ്, മുഗ്ദഹസിതാഞ്ചിതമാന്യം
ശ്രുഭശിലവുമധുനാതെളിയുന്ത സ്മൃതിയിങ്കൽ
മധുമാസമതോരോന്നുമണിഞ്ഞിങ്ങു വതുന്നോരം
മമമാനസമഴലിൻകരിനിഴൽചൂഴ"ന്ത മയങ്ങും
പലവർണ്ണമെഴുംപൂക്കരം വിടർന്നൊരെവിളങ്ങും
മലർവാടികകണ്ടൊല്ലിയിലെന്മാനസമാഴ്ത്തും
കളകോകിലഗാനംമലർവനിയാകെമുഴങ്ങു–
ന്നളവിൽതവകളനിസ്വനമുയരും മമഹൃത്തിൽ
പവമാനവിലോലംഭലമുലമമ്മരമെന്നിൽ
തവവൈണികഗാനസ്മൃതിപകരും പരിതാപം
ചെറുവല്ലികൾതരുവല്ലഭപരിരംഭണമാന്നാ–
നറുപുഞ്ചിരിതുകുമൊഴുമഴലേറിടുമുള്ളിൽ
ശരദൈന്ദവകരലാളിതകമുടോപമമനാഥേ!
പരമോത്സവമായെത്രടിനംനമ്മിലറിഞ്ഞു
പ്രണയംതവഹൃദയാമൃതമകതാർനകരുമ്പോരം
ക്ഷണമാത്രവുമിവനെങ്ങിനെ സതിനിന്നെമറക്കും?
സുരവീഥിയിൽവിലസീടിനതാരാവലിനടുവിൽ
തിരവേൻതവമുഖദർശനകുതുകാലിവനെന്നും
വരുമോയിനിയെന്നാകിലുമരികിൽ മമസരളേ!
നരലോകമിതൊരുനുതനസുരമണ്ഡലമാകാൻ.



ഒടിക്കുക. കതിരുവരുന്നതിനു രണ്ടാഴ്ചയ്ക്കുമുമ്പു് ഇതെല്ലാം നിർത്തേണ്ടതാണു്. അതിനുശേഷം ഏതെങ്കിലും ചെയ്താൽ വിളവു കുറയുന്നതാണു്.

ചില പരിതഃസ്ഥിതികളിൽ ജാപ്പനീസ് സമ്പ്രദായത്തിലുള്ള നെൽകൃഷി ഏറ്റവും കൂട്ടുതൽ വിളവു നൽകുന്നതാണു്. ഇവയാണു് അനുകൂലപരിതഃസ്ഥിതികൾ:—തൃപ്തികരമായ ജലസേചനം, ധാരാളം വളം, വിശദമായ ശ്രദ്ധ.

ബാംബെയിലെ നെൽകൃഷിപ്രദേശങ്ങളിൽ ജപ്പാനീസു കൃഷിസമ്പ്രദായം പ്രയോഗിച്ചുനോക്കിയതിൽ പ്രോത്സാഹജനകമായ ഫലമാണു കണ്ടതു്. ഇൻഡ്യയിൽ ഈ സമ്പ്രദായം വിജയകരമായി പ്രയോഗിക്കപ്പെടാമെന്നാണു ബാംബെയിലെ വിജയം വ്യക്തമാക്കുന്നതു്.

ഇൻഡ്യയിൽ നടത്തിയ പരീക്ഷണങ്ങളുടെ ഫലമായി ശരാശരി ഒരേക്കറിൽനിന്നു 40 മണ്ണിൽ കുറയാതെ വിളവുണ്ടാക്കാമെന്നു കണ്ടിരിക്കുന്നു. വിത്തുകുറവും കൂട്ടുതൽ വിളവും, ഇതാണീസമ്പ്രദായം ചെയ്യുന്നതിൽ. ഭക്ഷ്യകാര്യത്തിൽ വിദേശങ്ങളെ ആശ്രയിക്കാതെ സ്വതന്ത്രമായി നിൽക്കുന്നതിനു ഇൻഡ്യ നടത്തുന്ന സമരത്തിൽ, ഇതു സ്വയംപര്യാപ്തതയിലേക്കുള്ള ഒരു കുതിക്കുവഴിയാണു കാട്ടുന്നതു്.



ഓട്ടോഗ്രാഫ്

★

— രാജു —

സമയം രാത്രി എട്ടുമണി. വിജയൻ ഒരു ട്യൂഷൻമാസ്റ്റർ ആണ്. ഒരു ജോലിക്കുപുറമേ മൂന്നുനാലിടത്തു ട്യൂഷനുമുണ്ടയാൾക്ക്. രാഗിണിയെ പഠിപ്പിക്കുക അയാൾക്കൊരുത്സാഹമാണ്. വിജയന്റെ ഭൂതകാലചരിത്രം അതു മാർഗ്ഗവുമല്ലാതെ കൈകാര്യംചെയ്യാൻ പരുപരുത്ത യാഥാർത്ഥ്യങ്ങളുടെ ഒരു പൂണ്ടുരുപമാണല്ലോ. ഒരു പോരാട്ടം; വ്യക്തിയും ചുറ്റിലുള്ള നോക്കുന്ന പരിതസ്ഥിതികളും തമ്മിൽ. അയാൾ അഭിമാനിച്ചു; പരിതസ്ഥിതികളെ സ്വയം നിയന്ത്രിക്കുമെന്ന്. കലാലയജീവിതം കഷ്ടപ്പാടനുഭവിക്കുന്ന അയാൾക്ക്, അതു സമുദായത്തിന്റെ അഭിപ്രായമാണ്. അതിനു കാരണങ്ങളും ഭാരിദ്ര്യം കൂടപ്പിറപ്പായിരുന്നെന്നും ഇല്ലായ്മ ചങ്ങാതിയായിരുന്നെന്നും.

എന്നാൽ വ്യക്തിപരയും അതു തെറ്റെന്ന്. അവൻതേടിയ ഒരു അഭിപ്രായമുണ്ട്. വരുന്നതു സകലതും സുഖമായി സ്വീകരിക്കയെന്ന്; വിധിയിൻ പരിതസ്ഥിതികൾക്കും രക്തം കുത്തിവെക്കുക.

സമൂഹം മന്ത്രിച്ചു അയാളുടെ ജീവിതം മോശമെന്ന്; അതു പാതി ഇരുടഞ്ഞതാണെങ്കിലും. അയാൾക്കൊരു വിശ്വാസമുണ്ട് തന്റെ ജീവിതം ശ്രേഷ്ഠമാണെന്ന്. വിയർപ്പുതുള്ളികൾ കവിളിലൂടെ ഒഴുകിവീഴുമ്പോൾ തലയുയർത്തി പാഠങ്ങൾ പഠിപ്പിച്ചു. വിയർപ്പുകൊണ്ടു വിദ്യ അഭ്യസിച്ചു. വിജയന്റെ ജീവിതം ശാന്തതയുടേയും സമാധാനത്തിന്റേയും സന്ദേശമാണ്. "വിയർപ്പിന്റെ വിലയും" "വിശപ്പിന്റെ വിളി"യും ഒന്നിച്ചുനിന്ന അയാളിൽ.

കോളേജിൽ പഠിക്കുമ്പോൾതന്നെയുണ്ട് ട്യൂഷൻജോലി. രാവിലെ പത്തുമണിക്കു മുൻപും പകൽ നാലുമണിക്കുശേഷവും ഒരേസമയത്തു്, വിദ്യാർത്ഥിയും അദ്ധ്യാപകനും. ഒരു പുരുഷ. പെൺകുട്ടികളെ പഠിപ്പിക്കുവാനുള്ള തോന്നൽ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നു. അതു കാലം കൊണ്ടു നീങ്ങി. ആരെ പഠിപ്പിച്ചാലും എന്തു പ്രവർത്തിയെടുത്താലും 'തന്നെ തനിക്കു നിയന്ത്രിക്കാം' എന്ന തോന്നൽ അയാളുടെ തെറ്റു തിരുത്തി.

രാഗിണി പത്താംക്ലാസ്സിലാണു പഠിക്കുന്നതു്. വിജയൻ ട്യൂഷൻമാസ്റ്ററും. കേപിഷ്യനാണ് വിജയൻ ചില കാര്യങ്ങളിൽ. പഠിക്കാൻ പറയുന്നതു് പഠിച്ചില്ലെങ്കിൽ എന്നും ചോദ്യം ചോദിക്കും. ഉത്തരം കിട്ടിയില്ലെങ്കിൽ ക്ഷമിക്കും.

ട്യൂഷൻമാസ്റ്ററെ പേടിയാണ് രാഗിണിക്ക്. പക്ഷേ അവൾ അതു് സമ്മതിക്കില്ല. അതു പറയുന്നതും മാർക്കിടുവർ അറിയുന്നതും മോശമല്ലേ? വിജയൻ അവളെ സ്നേഹിച്ചു ഒരുവിദ്യാർത്ഥിനിയെന്നോണം. രാഗിണി അയാളെ ബഹുമാനിച്ചു ഒരു അദ്ധ്യാപകനെപ്പോലെ

മാസ്റ്റർ മിടുക്കനാണെന്ന് അവൾക്കഭിപ്രായമുണ്ട്. അതിൽ അടിയുറച്ചു വിശ്വസിക്കയും ചെയ്യുന്നു. വിജയൻ പറഞ്ഞുകൊടുത്ത ഒരു കണക്ക് തെറ്റെന്ന് അവളുടെ ഫ്രണ്ട് പറഞ്ഞപ്പോൾ അതിനെതിരായി നിന്നു മാസ്റ്റർക്കുവേണ്ടി പൊരുതി. ആ കണക്ക് ശരിയാണെന്ന് ബോദ്ധ്യമായപ്പോൾ അവൾ സന്തോഷിച്ചു; അയാൾ അഭിമാനംകൊണ്ടു.

അവളുടെ ക്ലാസ്സിലെ പരീക്ഷ നടന്നുകൊണ്ടിരിക്കയാണ്. അതും അവസാനത്തെ പരീക്ഷയാണ്. വിജയൻ ചോദിച്ചു: 'രാഗിണി നിന്റെ പരീക്ഷ കഴിഞ്ഞു. ഇനി നാളെ ഞാൻ എന്തിനു വരണം?' അവളുടെ മുഖം വാടി. അവൾ എന്തോണ്ണം പറയേണ്ടതു"? എങ്കിലും അവളുടെ ആത്മാവു മന്ത്രിച്ചു; അയാൾ വരണമെന്ന്.

അവൾ പറഞ്ഞു. മാസ്റ്റർ വരണം. അതു ചോദ്യക്കടലാസ്സ് മനസ്സുകൊടി പറഞ്ഞുതരണം.

നിമിഷങ്ങൾ.....

എന്തോ, അവളുടെ ആ വാക്കുകളുടെ മുമ്പിൽ അയാൾ വഴങ്ങി.

അടുത്തദിവസം അയാളുടെ മുമ്പിൽ അവൾ പോയില്ല.

പിന്നിടൊരിക്കൽ അയാൾ അവളെ കണ്ടു. എന്തെങ്കിലും അവളോടു പറയാതിരിക്കാൻ അയാൾക്കു കഴിഞ്ഞില്ല. അയാൾ പറഞ്ഞു.

'രാഗി. ഞാനും മനുഷ്യനാണ്. ഒരു തുടിക്കുന്ന ഹൃദയം എനിക്കും ഉണ്ട്. എങ്കിലും നീയെന്നെ കാണാൻ കൂട്ടാക്കിയില്ല എന്റെ പ്രവൃത്തിയിൽ വല്ല തെറ്റും.....അയാൾ നിറുത്തി. അതു് അയാളുടെ ഹൃദയത്തിന്റെ വേദനയുടെ നിറഞ്ഞ ശബ്ദമായിരുന്നു.

കാലങ്ങൾ മുന്നോട്ടുപോവുകയാണ്.

വിജയൻ ഡിഗ്രിക്ലാസ്സിലും രാഗിണി ജൂനിയർ ഇന്റർമീഡിയേറ്റിലും പഠിക്കുകയാണ്. അയാൾ സ്നേഹിതൻ ദാമോദരനോടു പറയും, "എനിക്ക് പിന്നിൽ രണ്ടു കുണ്ണകളുണ്ട്." അതിന്റെ വിവരം ദാമോദരനറിയണം. അയാളുടെ പഠിത്തം പ്രവർത്തനം ഇവ ആൽബർട്ടിൻ ഒരു സ്ത്രീഹൃദയമുണ്ടെന്ന് വിശദീകരിക്കും വിജയൻ.

അവൾ പോകുന്ന വഴിയിൽക്കൂടി അയാൾ പോകാറില്ല. സ്ത്രീകളെ കാണുമ്പോൾ തല കുനിച്ചുകളയും. മുഷിഞ്ഞ വസ്ത്രവും, എണ്ണകാണാത്ത തലമുടിയും, അവ ധരിക്കുന്ന ഭോഷനും ഒരു സ്ത്രീയുടെ മുഖത്തുനോക്കാൻ അയാളെ അനുവദിച്ചില്ല.

ട്യൂഷൻ നിന്നപ്പോഴുള്ള ഹൃദയവേദന വലുതാണ്. എന്നും അതു അയാളെ വിഷമിപ്പിക്കുമോ എന്ന സംശയിച്ചു.

വർഷാന്തത്തിൽ ക്ലാസ് സോഷ്യലായി. അന്നയാൾ ഒരു പാട്ടുപാടി. സാധാരണക്കാരനെന്റെപാട്ട്. ഇരുളടഞ്ഞ ജീവിതപശ്ചാത്തലമുള്ളവർക്കുള്ള പാട്ട്. സമൂഹം ചെവിപൊത്തുമെങ്കിലെയെന്നുകേട്ടാൽ. എന്നാൽ അയാളുടെ ജീവിതമായിരുന്ന ആ പാട്ടിൽക്കൂടി പ്രതിഫലിച്ചതു്. മനസ്സിന്തുപ്പിയോടെ പാടി അതിന്റെ ആനന്ദവീചികൾ അന്തരീക്ഷത്തിലൂടെ അവളുടെ ആത്മാവിനേയും ഉലച്ചു. അന്നവൾ ആനന്ദിച്ചുകാണും; അന്നവൾ ചിന്തിച്ചുകാണും; മാസ്റ്റർ ഒരു പാട്ടുകാരനുംകൂടിയാണെന്ന്.

ബി. എസ്സി. പാസായ വിജയൻ അടുത്തൊരു ഫാക്ടറിയിൽ ജോലികിട്ടി. എട്ടുമണിക്കൂർ ജോലിചെയ്യണം. അതുകഴിഞ്ഞു് പാർട്ടിക്കൽ. എത്രയുംകൂടുതൽ ജോലി ചെയ്താൽ വിഷമതകൾ മാറുമെന്നാണ് അയാളുടെ അഭിപ്രായം.

വിജയനുമുണ്ട് ഒരുപഞ്ചവത്സരപദ്ധതി. തകർന്ന കുടുംബത്തിനെ സചേതനം കാലുകളിൽ എഴുന്നേല്പിച്ചുനിറുത്തുക. അതാണതിന്റെ ഉദ്ദേശം. അതിനെ അയാൾ ബഹുമാനിച്ചു; അതിന്റെ സാധ്യതയിൽ വിശ്വസിച്ചു ഒരു കൊല്ലത്തെ അർത്ഥപൂർവ്വമായ വളർച്ചയിൽ അതിശയിച്ചു.

ജീവിതത്തിൽ ഒരു ലക്ഷ്യമുണ്ടെന്നു വിജയൻ. മനസ്സാലോ വാക്കാലോ കർമ്മംകൊണ്ടോ ഒരുവനേയും ശത്രുവായി ഗണിക്കരുതു് എല്ലാവരേയും സ്നേഹിക്കുക. രാഗിണിയെ ഒരു വിദ്യാർത്ഥിനിയായി സ്നേഹിച്ച ആദ്യം. അതുകഴിഞ്ഞുസ്നേഹിച്ചു. സ്നേഹത്തിന് അതുമാത്രമേലുള്ള അർത്ഥം. അതിനു തുല്യമായി വേറൊരുവാക്കില്ലതന്നെ! പിന്നിടയാൾ സംശയിക്കുവാൻതുടങ്ങി അതിന്റെ അർത്ഥം മാറുന്നുവോ എന്ന്.


* * *

വിജയൻ ഇന്നൊരു പുതിയ മനുഷ്യനാണ്. ഒരു ജോലിക്കാരനാംക്ലർക്കയാണ്. രാഗിണി ഇന്നും വിദ്യാർത്ഥിനിതന്നെ. പ്രചോദനങ്ങൾക്കും പ്രേരണകൾക്കും തലകുനിക്കരുതെന്നയാൾ ഉറച്ചു. ഉയരുന്ന വികാരങ്ങളെ ഉറക്കാൻ ശ്രമിച്ചു; ഉയരുന്ന ചിന്തകളെ അടിച്ചമർത്താൻ ആഗ്രഹിച്ചു. ഇപ്പോഴും പഠിപ്പിക്കും ഭംഗിയാംവണ്ണം. രാഗിണി പഠിക്കും ശ്രദ്ധയോടെ. ചോദ്യങ്ങൾക്കുത്തരംപറയും പതിഞ്ഞസ്വരത്തിൽ. കിട്ടാത്തപ്പോൾ മുഖമൊന്നു തുടക്കും, മനസ്സൊന്നു പതറും. വിജയന് ഉരുകും മനസ്സ്. അയാൾ ചോദ്യമവിടെ നിർത്തും.

* * *

കോളേജ് പൂട്ടാറായി. 'ഓട്ടോഗ്രാഫ്' എഴുതിക്കാൻ തിരക്കായി വിദ്യാർത്ഥിവിദ്യാർത്ഥിനികൾക്ക്. രാഗിണിയുടെ ഓട്ടോഗ്രാഫിൽ ആദ്യത്തെപ്പേജ് വിജയനാണ്. വിജയൻ ഓട്ടോഗ്രാഫ്ബുക്ക് വാങ്ങിയിട്ടില്ല; അതിൽ ആരും എഴുതിയിട്ടുമില്ല. എന്നാൽ എഴുതിക്കൊടുക്കുന്നതിൽ വിരോധമില്ലയാൾക്ക്.

അതിൽ അയാൾ എഴുതിമുന്നുവാ



മഹിളാ "സമ്പദ്വ്യവഹാരം" — ഡൽഹിയിൽ 15-3-53-ൽ കൂടിയ വനിതാസമ്മേളനത്തിൽ മിസ്സിസ് ഭണ്ഡാരെയിൽ ദേശമുഖ് ഉൽഘാടനപ്രസംഗം നടത്തുന്നു. മിസ്സിസ് രാമേശ്വരിനെഹ്രുവാണ് ഉൽഘാടനയോഗത്തിൽ അദ്ധ്യക്ഷംവഹിച്ചതു്. മിസ്സിസ് സുചേതാകൃപലാനി, മിസ്സിസ് ഹന്നാസൈൻ എന്നീ മഹതികളെയും ചിത്രത്തിൽ കാണാം.

ക്കുകയും! പരിതഃസ്ഥിതികളെ കീഴടക്കുക; മനസ്സിന്റെ ശക്തിയിൽ വിശ്വസിച്ചു പുരോഗമിക്കുക; അങ്ങനെ സമുദായത്തിലെ നല്ലംഗമായിത്തീരുക. രാഗിണിക്ക് ആ വാക്കുകളുടെ അർത്ഥം മനസ്സിലായില്ല. മറ്റുള്ളവർ അതു വായിച്ചിട്ടുപറഞ്ഞു നന്നായിട്ടുണ്ടെന്ന്". അതിൽ അവൾ ആനന്ദിച്ചു.

അവൾക്കറിയണം അതിന്റെ അർത്ഥം. മാസ്റ്റരോടുതന്നെ ചോദിച്ചാലെന്തു"? ധൈര്യം അവലംബിച്ച് അന്നവൾ ചോദിച്ചു. അവൻ പറഞ്ഞു "അർത്ഥം മനസ്സിലാകുന്നില്ല. വേറെ ഒന്നെഴുതിത്തന്നാൽ....." വിജയനതിൽ വിഷമിച്ചു. അയാൾ ധൈര്യം അവലംബിച്ചു പ്രതിവചിച്ചു.

"സന്ദേഹം ഓളംവെട്ടുന്ന ഈ ഓട്ടോഗ്രാഫിൽ എന്തെഴുത്തുവേണ്ട. അതു് ഒന്നുകിൽ തുടച്ചുനീക്കാം. അതല്ലെങ്കിൽ കീറിക്കളയാം." അയാൾ അറിഞ്ഞില്ല എന്താണു പറഞ്ഞതെന്ന്. അവളുടെ മുഖംമാറി. അതിൽ ഒരു കാളിമ പ്രത്യക്ഷപ്പെട്ടു. ഒരുദ്ദേശ്യം! വിജയനതോന്നി അവൾക്കതോന്നിയെന്ന്. അവൾ ശാന്തമായി; ദൃഢചിത്തയായി പറഞ്ഞു.

"എന്തെഴുതിയാലും എനിക്കിഷ്ടമാണ്. എന്നാൽ മനസ്സിലാകാത്തതുകൊണ്ടു വേറൊന്നെഴുതണമെന്നുപറഞ്ഞതാണ്". അതിൽ വല്ലതും....." "അവൾ നിർത്തി. അവൾക്കൊരു ഗാംഭീര്യമുണ്ടായിരുന്നു അതുപറയുമ്പോൾ.

വിജയൻ ഇതു പ്രതീക്ഷിച്ചില്ല. ആ വാക്കുകൾക്കത്രഭാരമുണ്ട്. വിജയന്റെ തോൽവി സമ്മതിച്ചു. നന്ദിപറഞ്ഞു. പക്ഷേ അയാൾക്കതോന്നി എന്തോ ഒന്നയാളെ വലയ്ക്കുന്നുവെന്ന്. മനസ്സിനൊരു കാഠിന്യത; തലയ്ക്കൊരുഭാരം.

വികാരങ്ങളുടെ വേലിയേറ്റത്തിൽ അയാൾ വിയർത്തു; ഒരുപുതിയ ആളായതുപോലെ അയാൾക്കുതോന്നി. എന്തെഴുതിയാലും അതിൽ സന്തോഷിക്കുന്ന ഒരുസ്ത്രീഹൃദയം ഉണ്ടെല്ലോ എന്നയാൾ സമാധാനിച്ചു. ആവശ്യപ്രകാരം വേറൊരുവാചകം എഴുതികൊടുത്തു് താങ്ങാനാവാത്ത ഹൃദയഭാരത്തോടെ അയാൾ മേഹകടന്നു.

മനസ്സിന്റെ സമാധാനംപോയി; ശാന്തത നിശ്ചേഷ്ടമായി. അയാൾക്കൊരു സംശയം! തന്റെ സ്നേഹം ഒരു പുതിയത്രപം കൈക്കൊണ്ടതോ? അവൾ അതല്ലേ തന്നിൽനിന്നു പ്രതീക്ഷിക്കുന്നതു്? അതു് ഇതേവരെ വിജയൻ ആരാഞ്ഞില്ല. തന്റെ കഴിവുകളെല്ലാം മരവിച്ചതുപോലെന്നു തോന്നി. ആ പ്രശ്നം സമുദായത്തിന്റെനേക്കു് പൊക്കിപ്പിടിച്ചാലോ? ഒരു കൊഞ്ഞനംകുത്തലായിരിക്കും അതിനുത്തരം ലഭിക്കുക. ഒരുകാലത്തു് പരിതഃസ്ഥിതികളെ നിയന്ത്രിച്ചതാണയാൾ; ഇന്നവയെ ഭയക്കുന്നു.

അയാൾ ഒന്നാലോചിച്ചു. മനസ്സുഖത്തിനു അവിടത്തെ ജീവിതം പറ്റില്ല; മറ്റുനാട്ടിലെവിടെയെങ്കിലും പിച്ചതെണ്ടിയെങ്കിലും ജീവിതം നിലനിർത്തുക.

... ...

... ...

മധുരസ്വപ്നങ്ങൾ നിർമ്മിച്ച പാശ്ചാത്തലം ഇന്നില്ലയാൾക്കു്. ഇന്നും ഒരു ഹൃദയമുണ്ടു്. പക്ഷേ അതു് തകർന്നുപോയി. തെന്നുവുതെണ്ടുമ്പോൾ വലച്ച അയാളെ ഒരുചിന്ത; ജോലിക്കുനേപേക്ഷിച്ചുനടക്കുമ്പോൾ വിഷമിപ്പിച്ച ഒരുചിന്ത! തന്നെ രാഗിണി സ്നേഹിച്ചോ? അവൾ അത്രമാത്രം വളരുമോ? തന്റെ സ്നേഹം മനസ്സിലാക്കാനുള്ള കഴിവവൾക്കുണ്ടോ?

അയാളുടെ പഞ്ചവത്സരപദ്ധതി എവിടെ! സുഖജീവിതമെവിടെ, എവിടേക്കയാൾപോകുന്നു? ആരോ?...

★

പുസ്തകങ്ങൾ

മലയാളത്തിൽ പ്രചാരത്തിലുള്ള നോവൽ, ചെറുകഥ, വേദാന്തം, വൈദ്യം, ജ്യോതിഷം, തച്ചുശാസ്ത്രം, ജീവചരിത്രം, നിഘണ്ടു, നാടകം, കാവ്യം, നിഘണ്ടുക്കൾ, തുള്ളൽക്കഥകൾ തുടങ്ങിയുള്ള അനവധി ഗ്രന്ഥങ്ങളും, ചിട്ടി, സഹകരണസംഘം, എൻ. എസ്സ്. എസ്സ്. മുതലായവകൾക്കുള്ള റിക്കാർഡുകളും, പ്രാഥമികം മുതൽ ഹിന്ദിവിദ്വാൻവരെയുള്ള എല്ലാ ഹിന്ദിപുസ്തകങ്ങളും മറ്റുള്ള ഹിന്ദിപുസ്തകങ്ങളും, കാളേജിലേയ്ക്കും സ്കൂളിലേയ്ക്കും ആവശ്യമുള്ള എല്ലാ പുസ്തകങ്ങളും ഇവിടെ എപ്പോഴും മൊത്തമായും ചില്ലറയായും കിട്ടുന്നതാണ്.

ഹിന്ദി ടെക്സ്റ്റുകളും ഗൈഡുകളും ഡിക്ഷ്ണറികളും

പ്രാഥമിക് തുടങ്ങി ഹിന്ദിവിദ്വാൻവരെയുള്ള എല്ലാ ക്ലാസ്സിലേക്കും ഉള്ള ഹിന്ദി, മലയാളം, ഹിന്ദിവിദ്വാന്റെ ഇംഗ്ലീഷ്ടെക്സ്റ്റ്, ഗൈഡുകളും മുതലായവ മൊത്തമായും ചില്ലറയായും കിട്ടുന്നതാണ്.

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ് & ബുക്ക്ഡിപ്പോ, കൊല്ലം.

ബ്രാഞ്ചുകൾ: പുത്തൻചന്ത-തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

കോന്നിയൂർ ആർ. നരേന്ദ്രനാഥ് ബി. എസ്-സി. ബി. എൽ.

മുകിലിനോട്

★

കാണുകനീയീമാർഗ്ഗം മുകിലേ
കരുണക്കടലിൻമകളേ.....


1 അഗതികളായിരമായിരമിവിടെ
വിഗതമനസ്കികളായി
അവശതമാറിപ്പുതുതളിരിവിടീ–
വിടപിയിൽ വികസിച്ചീടാൻ. (കാണു)

2 നീലാംബരമതിലലയാതഴകേ
നീയാമലമുകളണയൂ
മഹിമകലർന്നൊരു മുനിവരനെപ്പോൽ
മഞ്ഞുപൊതിഞ്ഞൊരുമലയിൽ. (കാണു)

3 എന്നാൽവിധിയാൽചേന്നൊരുനിന്നുടെ
ദുർന്നയമാകെ മായും
സൽഗുരുവരുളും സന്ദേശത്താൽ
ചപലതയകലുംപോലെ. (കാണു)

4 കളയരുതേനീ വിലതീരാത്തൊരു
കമനീയതപം മുകിലേ
കരളിൽകാമ്യതചൊരിയൂ നവരസ
കലികേ!,മഴയായ്ഭൂവിൽ. (കാണു)

★



ഇൻഡ്യൻകർദ്ദിനാളിനു സ്വീകരണം — ഇൻഡ്യയിൽനിന്നു് ഇതംപ്രഥമമായി കർദ്ദിനാൾപദത്തിലേയ്ക്കുയർത്തപ്പെട്ട കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യാസിനു സ്വീഡൻഹിയിൽവച്ചു് അപ്പോസ്തോലിക്ക് ഇൻറർനൂൻഷ്യോ ഡാ: മാർട്ടിൻ എച്ച്. ലൂക്കാസ്സ് ഒരു സ്വീകരണം നൽകുകയുണ്ടായി. സ്വീകരണത്തിൽ സംബന്ധിച്ച ഡാ: രാധാകൃഷ്ണനായി ഡാ: മാർട്ടിൻ ലൂക്കാസ്സ് കർദ്ദിനാൾ ഗ്രേഷ്യാസ്സിനെ പരിചയപ്പെടുത്തുന്നു.



വനിതാപംക്തി

സ്ത്രീകളും സമുദായ സേവനവും

★

— എസ്. ജാനകിഅമ്മ —

ഇൻഡ്യൻ പ്രധാനമന്ത്രി ശ്രീ. നെഹ്റു ഇയ്യിടെ തിരു-കൊച്ചി സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിന്റെ പുത്രി ശ്രീമതി ഇന്ദിരാഗാന്ധി, 'ഭാരതസേവകസമാജ'ത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം വി. ജെ. ടൗൺഹാളിൽവച്ചുകൂടിയ ഒരു യോഗത്തിൽ പ്രസംഗിക്കുകയുണ്ടായി. തിരുവനന്തപുരത്തെ സാമൂഹ്യപ്രവർത്തകർക്കുവേണ്ടി വിളിച്ചുകൂട്ടിയ ആ യോഗത്തിൽ സ്ത്രീകളായിരുന്നു അധികം സംബന്ധിച്ചിരുന്നത്. സാമൂഹ്യസേവനത്തിൽ ഏർപ്പെട്ടിരുന്ന ധാരാളം വ്യക്തികൾ ആ യോഗത്തിൽ സംബന്ധിച്ചിരുന്നുവെങ്കിലും അതു അവരുടെ ഒരു സമ്മേളനമായിരുന്നുവെന്നു പറയുന്നതു മുഴുവനും ശരിയല്ല. എന്നാൽ സദസ്സിനെ അഭിസംബോധനചെയ്തുകൊണ്ടു ശ്രീമതി ഇന്ദിരാഗാന്ധി അതിമനോഹരവും ചിന്തോദ്ദീപകവുമായ ഒരു പ്രസംഗം ചെയ്തു. അതിന്റെ മാറ്റൊലി അവിടെ സന്നിഹിതരായിരുന്ന ഏതാനുംപേരുടെയെങ്കിലും ഹൃദയങ്ങളിൽ പ്രതിധ്വനിക്കുന്നുണ്ടായിരിക്കണം.

കേരളത്തിലെ സ്ത്രീകൾ വിദ്യാഭ്യാസത്തിലും ഉൽപതിഷ്ണുത്വത്തിലും ഉയർന്ന നിലയിൽ നിൽക്കുന്നവരെന്നാണു പരക്കെയുള്ള വിശ്വാസം. ഉദ്യോഗങ്ങളിലും പൊതുരംഗങ്ങളിലും ഏകദേശം പുരുഷന്മാരോടൊപ്പമുള്ള പങ്കു സ്ത്രീകളും വഹിക്കുന്നുണ്ട്. എന്നാൽ ഇൻഡ്യയിലെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു വളരെ കുറച്ചുപേർ മാത്രമേ നമ്മുടെ നാട്ടിൽ സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു സേവനം ചെയ്യുന്നുള്ളൂ. ഈ കുറവു പരിഹരിക്കേണ്ടതു് ഈ നാട്ടിലെ അഭ്യസ്തവിദ്യരായ സ്ത്രീകളുടെ ഒഴിച്ചുകൂടാൻ നിവൃത്തിയില്ലാത്ത ഒരു ചുമതലയാകുന്നു.

ഇൻഡ്യ ഒരു യോഗക്ഷേമരാഷ്ട്രമാണല്ലോ. അതുകൊണ്ടു് സാമൂഹ്യസേവനം ഇവിടെ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണു്. നമ്മുടെ ഭരണഘടനയിൽ വിഭാവനം ചെയ്തിരിക്കുന്ന രീതിയിൽ മാതൃകാപരമായ ഒരു രാഷ്ട്രത്തിന്റെ നിർമ്മിതി ബോധപൂർവമായ ഒരു രാഷ്ട്രനിർമ്മാണപ്രവർത്തനങ്ങൾകൊണ്ടേ സാധിക്കുകയുള്ളൂ. അത്തരം പ്രവർത്തനങ്ങൾ വിജയിക്കുന്നതു് വിശാലമായ ഒരു വീക്ഷണഗതിയും നിസ്വാർത്ഥമായ സേവനസന്നദ്ധതയും കൊണ്ടു മാത്രമാണു്. വിദ്യാഭ്യാസമെന്നു പറയുന്നതു സ്കൂൾ വിദ്യാഭ്യാസമോ സർവകലാശാലാവിദ്യാഭ്യാസമോ മാത്രമല്ല, നേരേമറിച്ചു് രാഷ്ട്രനിർമ്മാണത്തിൽ ഓരോ പൗരനും ചെയ്യേണ്ട കൃത്യങ്ങൾ ചെയ്തീർക്കാനുള്ള സന്നദ്ധതയും ധർമ്മബോധവും നൽകുന്ന സാമൂഹ്യവിദ്യാഭ്യാസമാണു്. അതാണു് ഇന്നു ഏറ്റവും അത്യാവശ്യമായിരിക്കുന്നതു്.

സാമൂഹ്യസേവനത്തിന്റെ ആവശ്യകതയെ ചോദ്യംചെയ്യുന്നവർ അധികമായി ആരും കാണുമെന്നു തോന്നുന്നില്ല. ഈ നാട്ടിലെ എല്ലാ രാഷ്ട്രീയപാർട്ടികളും സംഘടനകളും സേവനത്തിന്റെ അത്യാവശ്യത്തെപ്പറ്റി ഉരുന്നിപ്പറയാറുണ്ടു്. ഇൻഡ്യയിൽ സ്ത്രീകളുടെ ഇടയിൽ സ്ത്രീകൾതന്നെ നടത്തിവരുന്ന അനേകം സാമൂഹ്യസേവനപ്രവർത്തനങ്ങളുണ്ടു്. 'ഇൻഡ്യൻ കൗൺഫറൻസ് ഓഫ് സോഷ്യൽ സർവീസു്,' 'ഗിൽഡ് ഓഫ് സർവീസു്' എന്നിവ അവയിൽ ചിലതുമാത്രമാണു്. ഇയ്യിടെ ഡോക്ടർ രാജേന്ദ്രപ്രസാദ് മദ്രാസു് സന്ദർശിച്ച അവസരത്തിൽ അവിടെ സാമൂഹ്യസേവനം നടത്തുന്ന എൺപതിൽപരം സ്ഥാപനങ്ങളും സംഘടനകളും ചേർന്നു് അദ്ദേഹത്തിനു ഒരു സ്വീകരണം നൽകുകയുണ്ടായി. അതിൽ പ്രധാനപങ്കു നിർവഹിച്ചതു് സ്ത്രീകളായിരുന്നു.

ഈ നാട്ടിലും സാമൂഹ്യസേവനത്തിനുവേണ്ടിയുള്ള പല സംഘടനകളും സ്ഥാപനങ്ങളുമുണ്ടു്. അവയൊന്നും ഫലപ്രദമായ തരത്തിൽ പ്രവർത്തിക്കുന്നില്ലെന്ന വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. കസ്തൂർബാകേന്ദ്രം, മഹിളാമന്ദിരം, മഹിളാലയം തുടങ്ങിയുള്ള ചുരുക്കം ചില സ്ഥാപനങ്ങളും മാത്രമേ പ്രയോജനകരമായി എന്തെങ്കിലും പ്രവർത്തിക്കുന്നുള്ളൂ.

ഇന്ത്യയിലുള്ള മിക്ക കോളേജുകളിലും 'സോഷ്യൽസർവീസ്' ലീഗുകൾ സംഘടിപ്പിച്ചു് സാമൂഹ്യപ്രവർത്തനങ്ങളും നടത്തുന്നുണ്ടു്. എന്നാൽ അതൊക്കെ പേരിനും പെരുമയ്ക്കുംവേണ്ടിമാത്രംചെയ്യുന്ന കാര്യങ്ങളല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾ വല്ലപ്പോഴും സമീപസ്ഥലങ്ങളിലുള്ള 'സ്ലമു'കളിലോ, ഗ്രാമങ്ങളിലോ അടിച്ചായപ്പെട്ടിട്ടുണ്ടു്. അതു് ഏറ്റവും നല്ല ഒരു മാതൃകയായിരിക്കും. യുവത്വത്തിനുമാത്രമേ എന്തിനും സന്നദ്ധമായ ആവേശവും കരുത്തും നൽകുവാൻ സാധിക്കുകയുള്ളൂ. അതിനാൽ ഈ വിഷയത്തിലും യുവാക്കളായ സർവകലാശാലാ വിദ്യാർത്ഥികൾ മുന്നോട്ടുവരേണ്ടതാണു്. സ്ത്രീകൾക്കാണെങ്കിൽ, വിവാഹത്തിനും കുടുംബജീവിതത്തിനും മുൻപായിട്ടു മാത്രമേ കൂടുതൽ സമയം ഇങ്ങനെയുള്ള പ്രവർത്തനങ്ങൾക്കു സാധിക്കുകയുള്ളൂ. സാമൂഹ്യസേവനം ജീവിതവൃത്തിയായി സ്വീകരിച്ചിട്ടുള്ളവരുടെ കാര്യം വേറെയാണു്. അതിനാൽ കുറഞ്ഞതു രണ്ടു വർഷത്തെ സാമൂഹ്യസേവനമെങ്കിലും ചെയ്തതിനുശേഷമേ നമ്മുടെ സർവകലാശാലാ വിദ്യാർത്ഥിനികളായ യുവതികൾ വൈവാഹികജീവിതത്തിൽ പ്രവേശിക്കുകയുള്ളുവെന്നു തീരുമാനിച്ചാൽ ഏറ്റവും മാതൃകാപരമായിരിക്കും. അങ്ങനെയായാൽ നമ്മുടെ ഗ്രാമങ്ങളിൽ എത്രമാത്രം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ സാധിക്കും? അഭ്യസ്തവിദ്യരായ സ്ത്രീകൾ ഇക്കാര്യത്തിൽ ഒരു മാതൃകാപരമായ പുരോഗമനം സാമൂഹ്യജീവിതത്തിലുണ്ടാക്കും.

പാശ്ചാത്യരാജ്യങ്ങളിൽ സാമൂഹ്യസേവനത്തിനു മുന്നോട്ടുവരുന്നവർക്കു്, നമ്മുടെ നാട്ടിലേതുപോലെ തീവ്രങ്ങളായ കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടതായിട്ടില്ല. പ്രവർത്തനത്തിനുള്ള സാഹചര്യങ്ങൾ നമ്മുടെ നാട്ടിൽ വളരെ വിരളമാണു്. അതായിരിക്കാം നമ്മുടെ നാട്ടിൽ സാമൂഹ്യസേവനത്തിനു് അധികം ആളുകൾ മുന്നോട്ടു വരാതിരിക്കുന്നതു്. പാശ്ചാത്യരാജ്യങ്ങളിൽ പൊതുപ്രവർത്തനത്തിനു ജീവിതം ബലിയർപ്പിച്ചുവരുന്നവരെ സഹായിക്കുവാൻ സമുദായം സദാ സന്നദ്ധമാണു്.

മനുഷ്യൻ ഒരു സമുദായജീവിയായിരിക്കുന്നിടത്തോളംകാലം സമൂഹത്തിന്റെ പ്രശ്നങ്ങളും പ്രവർത്തനങ്ങളും ഉണ്ടായിരിക്കും. അവയുടെ നിർവഹണത്തിനായി സാമൂഹ്യപ്രവർത്തകരും ആവശ്യമാണു്. അങ്ങിനെയുള്ള പ്രവർത്തനത്തിനുള്ള സഹായസഹകരണങ്ങളും ചെയ്തുകൊടുക്കേണ്ടതു് ജനങ്ങൾ വരുണു്. അതിനാൽ ഗ്രാമീണജീവിതത്തെ ഉദ്ധരിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി ഓരോരുത്തരും കുറച്ചെങ്കിലും സമയം ചെലവഴിക്കേണ്ടതാണു്.

ജീവിതത്തിലെ വിശ്രമരഹിതമായ പ്രയത്നങ്ങൾകൊണ്ടു് സാമൂഹ്യസേവനത്തിനു സമയമുണ്ടാക്കുകയില്ലെന്നുപറയുന്നവരുണ്ടാകും. സർവകലാശാലാവിദ്യാർത്ഥികൾക്കു് പഠിത്തം കഴിയാറാകുമ്പോൾ ഏതാനുംകാലത്തെ സാമൂഹ്യസേവനത്തിനുശേഷമേ, ഡിഗ്രിനൽകാവൂയെന്നു് ചില സാമൂഹ്യപരിഷ്കർത്താക്കൾ അഭിപ്രായപ്പെട്ടിട്ടുണ്ടു്. അതു് ഏറ്റവും നല്ല ഒരു മാതൃകയായിരിക്കും. യുവത്വത്തിനുമാത്രമേ എന്തിനും സന്നദ്ധമായ ആവേശവും കരുത്തും നൽകുവാൻ സാധിക്കുകയുള്ളൂ. അതിനാൽ ഈ വിഷയത്തിലും യുവാക്കളായ സർവകലാശാലാ വിദ്യാർത്ഥികൾ മുന്നോട്ടുവരേണ്ടതാണു്. സ്ത്രീകൾക്കാണെങ്കിൽ, വിവാഹത്തിനും കുടുംബജീവിതത്തിനും മുൻപായിട്ടു മാത്രമേ കൂടുതൽ സമയം ഇങ്ങനെയുള്ള പ്രവർത്തനങ്ങൾക്കു സാധിക്കുകയുള്ളൂ. സാമൂഹ്യസേവനം ജീവിതവൃത്തിയായി സ്വീകരിച്ചിട്ടുള്ളവരുടെ കാര്യം വേറെയാണു്. അതിനാൽ കുറഞ്ഞതു രണ്ടു വർഷത്തെ സാമൂഹ്യസേവനമെങ്കിലും ചെയ്തതിനുശേഷമേ നമ്മുടെ സർവകലാശാലാ വിദ്യാർത്ഥിനികളായ യുവതികൾ വൈവാഹികജീവിതത്തിൽ പ്രവേശിക്കുകയുള്ളുവെന്നു തീരുമാനിച്ചാൽ ഏറ്റവും മാതൃകാപരമായിരിക്കും. അങ്ങനെയായാൽ നമ്മുടെ ഗ്രാമങ്ങളിൽ എത്രമാത്രം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ സാധിക്കും? അഭ്യസ്തവിദ്യരായ സ്ത്രീകൾ ഇക്കാര്യത്തിൽ ഒരു മാതൃകാപരമായ പുരോഗമനം സാമൂഹ്യജീവിതത്തിലുണ്ടാക്കും.

പാശ്ചാത്യരാജ്യങ്ങളിൽ സാമൂഹ്യസേവനത്തിനു മുന്നോട്ടുവരുന്നവർക്കു്, നമ്മുടെ നാട്ടിലേതുപോലെ തീവ്രങ്ങളായ കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടതായിട്ടില്ല. പ്രവർത്തനത്തിനുള്ള സാഹചര്യങ്ങൾ നമ്മുടെ നാട്ടിൽ വളരെ വിരളമാണു്. അതായിരിക്കാം നമ്മുടെ നാട്ടിൽ സാമൂഹ്യസേവനത്തിനു് അധികം ആളുകൾ മുന്നോട്ടു വരാതിരിക്കുന്നതു്. പാശ്ചാത്യരാജ്യങ്ങളിൽ പൊതുപ്രവർത്തനത്തിനു ജീവിതം ബലിയർപ്പിച്ചുവരുന്നവരെ സഹായിക്കുവാൻ സമുദായം സദാ സന്നദ്ധമാണു്.

മനുഷ്യൻ ഒരു സമുദായജീവിയായിരിക്കുന്നിടത്തോളംകാലം സമൂഹത്തിന്റെ പ്രശ്നങ്ങളും പ്രവർത്തനങ്ങളും ഉണ്ടായിരിക്കും. അവയുടെ നിർവഹണത്തിനായി സാമൂഹ്യപ്രവർത്തകരും ആവശ്യമാണു്. അങ്ങിനെയുള്ള പ്രവർത്തനത്തിനുള്ള സഹായസഹകരണങ്ങളും ചെയ്തുകൊടുക്കേണ്ടതു് ജനങ്ങൾ



(5-ംപേജിൽനിന്നും തുടർച്ച)

നടപടികൾകൊണ്ടെ ഐ. എ. എഫ്. പെട്ടെന്നുതന്നെ ക്ലേശങ്ങൾ ശക്തവും സംഘടിതവുമായ ഒരു സൈന്യമായി വികസിച്ചു. അടുത്ത മൂന്നുവർഷത്തിനുള്ളിൽ അതിനെ തിക്കും പുനഃസംഘടിപ്പിച്ചു ആധുനീകരിക്കുകയുണ്ടായി. സ്വാതന്ത്ര്യത്തിന്റെ പ്രഥമ വർഷത്തിൽ ക്ലേശത്തോടെ അഭയാർത്ഥികളെ മാറ്റുകയും കാശ്മീർസമരം നടക്കുകയും ചെയ്തപ്പോൾ ഐ. എ. എഫ്. അതിന്റെ ഏറ്റവും വലിയ സേവനങ്ങളാണ് നിർവ്വഹിച്ചത്.

ആധുനീകരണം

1948-ൽ ആദ്യസംഘം ജറ്റ് ബോംബയർവിമാനങ്ങളുടെ ആഗമനം വിമാനസേനയുടെ ആധുനീകരണത്തിലെ ഒരു സുപ്രധാനപുരോഗതിയെ കുറിക്കുകയുണ്ടായി. 1949 ലെ വ്യാപകഫലങ്ങൾ ഉരുക്കൊള്ളുന്ന സംഘടനാപരമായ മാറ്റങ്ങളുണ്ടാക്കി. വിമാനഫൈറ്റർകമാൻഡുകളുടെ പുനഃസംഘടിപ്പിക്കൽ, പ്രവർത്തനകമാൻഡുകളുടെ സംസ്ഥാപനം, സംപൂർണ്ണമായ ടെയിനിംഗുപദ്ധതിയുടെ നടപ്പിലാക്കൽ, നാവിഗേഷൻ ടെയിനിംഗുസ്കൂളുകളുടെയും ടെക്നിക്കൽ ടെയിനിംഗുസ്കൂളുകളുടെയും ഉൽഘാടനം എന്നിവ ഐ. എ. എഫിനെ ഒന്നുകൂടി നവീകരിച്ചു. ആഫീസറന്മാരുടെ ടെക്നിക്കൽടെയിനിംഗും വൈമാനികരുടെ ടെക്നിക്കൽ ടെയിനിംഗും സംബന്ധിച്ചു വിമാനസേനയെ സ്വയംപര്യാപ്തമാക്കുവാനുള്ള ഒരു സുപ്രധാനപടിയാണിത്.

യുദ്ധത്തിലെന്നപോലെ സമാധാനകാലത്തും നമ്മുടെ വിമാനസേന ഒന്നാംതരം സോഫനമനുഷ്ഠിക്കുന്ന ഒരു വകുപ്പായിരിക്കുമെന്നും ഇന്ത്യൻ വിമാനസേന തെളിയിച്ചു. കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ ആസാമിലും പഞ്ചാബിലും ദുരിതഗ്രസ്തരായ ജനങ്ങളെ സഹായിക്കുന്നതിൽ നടത്തിയ സേവനങ്ങളും സ്മരണീയമാണ്. ബമ്മീസ് വിമാനസേനയ്ക്കുവേണ്ടി ബമ്മഗവർമ്മെന്റ് ഇന്ത്യൻവിമാനസേനയിൽ നൽകിയ വെള്ളിടാഫി ഐ. എ. എഫിനോടുള്ള ബമ്മയുടെ ആദരവിനെ കുറിക്കുന്നു. താംബരത്തെ ഐ എ എഫ് ടെയിനിംഗുസ്കൂളിൽനിന്നുള്ള ആദ്യസംഘം ബമ്മീസ് പരിശീലകരുടെ പാസിംഗ്ഔട്ടും ഏഷ്യൻരാഷ്ട്രങ്ങളുടെയിടയിൽ നമ്മുടെ രാജ്യത്തിനും നമ്മുടെ വിമാനസേനയ്ക്കുമുള്ള നൂതനപദവിയേയാണു കുറിക്കുന്നത്.

കഴിഞ്ഞ ഏഴുവർഷക്കാലമായി നമ്മുടെ മുൻപന്തിയിൽ ശക്തിപ്പെടുത്താൻ കൂട്ടായ് ബോംബർസ്ക്വാഡ്രണും ഫൈറ്റർ സ്ക്വാഡ്രണുകളും ട്രാൻസ്പോർട്ട് യൂണിറ്റുകളും ഹെലികോപ്റ്റർ യൂണിറ്റുകളും ഉൾപ്പെടെ ഇരുപത്തിയഞ്ചു സ്ക്വാഡ്രണുകൾ ഐ. എ. എഫിനു കൂട്ടിച്ചേർത്തിട്ടുണ്ട്. ഇന്നുകൂടെ ഐ എ എഫ് എല്ലുറപ്പുകൂടി ഒത്തിണങ്ങിയ ഒരു നല്ല വിമാനസേനയാണ്. എയർ അക്കാഡമികളും ഗ്രൗണ്ട് അക്കാഡമികളും നൂതനമായ ടെക്നിക്കൽകോളേജും അതിന്റെ പരിശീലനസ്ഥാപനങ്ങളുടെ ശൃംഖലയിലെ സുപ്രധാന കണ്ണികളാണ്. ഈ വകുപ്പിന്റെ വകയായി മാത്രം രണ്ടു ആസ്പത്രികളും ഏറ്റവും നൂതനമായ രണ്ടു സർവീസ് ഡിപ്പോകളുമുണ്ട്.

പ്രാധാന്യമർഹിക്കുന്ന നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളതു അവിതർക്കിതമാണ്. എങ്കിലും പലതും ചെയ്യാനുണ്ട്. ഇന്ത്യൻവിമാനസേന ഇന്ത്യയുടെ വിസ്തൃതിയെ പരിഗണിച്ചു കേവലം ചെറിയ ഒരു സൈന്യം മാത്രമാണ്. ഒരു രാജ്യത്തിന്റെ പ്രതിരോധത്തിൽ വിമാനശക്തിക്കുള്ള പ്രാധാന്യത്തെ പരിഗണിച്ചു വിമാനസൈന്യം വിപുലീകരിക്കാതെ ഗത്യന്തരമില്ല. വിമാനവകുപ്പിനു ലഭിക്കുന്ന പൊതുജനപിന്തുണകൊണ്ടു ഇന്ത്യൻവിമാനം ഉപര്യുപരി അഭിവൃദ്ധിപ്രാപിക്കുന്ന ഒരു വലിയ സൈന്യമാകുമെന്നുള്ളതിനു സംശയമില്ല.

—o—

ക്ലേശങ്ങൾ ഉണ്ടാകുമ്പോൾ ഒരു കുടുംബത്തിലെ അംഗങ്ങൾ തമ്മിൽ കലഹിക്കുന്നതു സാധാരണമാണ്. ഇതിനു ഒരു അപവാദമാണ് ഈ കുടുംബം. ഇവിടെ ഭാര്യയും ഭർത്താവും തമ്മിൽ കലഹിക്കുന്നു. ഭർത്താവിന്റെ അമ്മയും സഹോദരിയും ഭാര്യയുടെ പക്ഷത്തുനിന്നു ഭർത്താവിനെ ശകാരിക്കുന്നു. ഭർത്താവിന്റെ അച്ഛൻ മാത്രം ഒന്നും മിണ്ടാതെ ഇരിക്കുന്നു.

ഒരു ഭാഗത്തു ഭാര്യയും അമ്മയും സഹോദരിയും ഭർത്താവിനെ ശകാരിക്കുന്നു. മറുഭാഗത്തു ഭർത്താവ് ഒറ്റയ്ക്കു നിന്നു പൊരുതുന്നു. ഇതാണു ചിത്രം.

ഭർത്താവിന്റെ അച്ഛൻ ഒന്നും മിണ്ടാതെ ഇരിക്കുന്നു.

ഭർത്താവിന്റെ അമ്മയും സഹോദരിയും ഭാര്യയുടെ പക്ഷത്തുനിന്നു ഭർത്താവിനെ ശകാരിക്കുന്നു.

ഭാര്യയും ഭർത്താവും തമ്മിൽ കലഹിക്കുന്നു.

ഭർത്താവിന്റെ അച്ഛൻ ഒന്നും മിണ്ടാതെ ഇരിക്കുന്നു.

ഭർത്താവിന്റെ അമ്മയും സഹോദരിയും ഭാര്യയുടെ പക്ഷത്തുനിന്നു ഭർത്താവിനെ ശകാരിക്കുന്നു.

ഭാര്യയും ഭർത്താവും തമ്മിൽ കലഹിക്കുന്നു.

ഭർത്താവിന്റെ അച്ഛൻ ഒന്നും മിണ്ടാതെ ഇരിക്കുന്നു.

ഭർത്താവിന്റെ അമ്മയും സഹോദരിയും ഭാര്യയുടെ പക്ഷത്തുനിന്നു ഭർത്താവിനെ ശകാരിക്കുന്നു.

ഭാര്യയും ഭർത്താവും തമ്മിൽ കലഹിക്കുന്നു.

ഭർത്താവിന്റെ അച്ഛൻ ഒന്നും മിണ്ടാതെ ഇരിക്കുന്നു.

ഭർത്താവിന്റെ അമ്മയും സഹോദരിയും ഭാര്യയുടെ പക്ഷത്തുനിന്നു ഭർത്താവിനെ ശകാരിക്കുന്നു.

ഭാര്യയും ഭർത്താവും തമ്മിൽ കലഹിക്കുന്നു.

ഭർത്താവിന്റെ അച്ഛൻ ഒന്നും മിണ്ടാതെ ഇരിക്കുന്നു.

ഭർത്താവിന്റെ അമ്മയും സഹോദരിയും ഭാര്യയുടെ പക്ഷത്തുനിന്നു ഭർത്താവിനെ ശകാരിക്കുന്നു.

ഭാര്യയും ഭർത്താവും തമ്മിൽ കലഹിക്കുന്നു.

ഭർത്താവിന്റെ അച്ഛൻ ഒന്നും മിണ്ടാതെ ഇരിക്കുന്നു.



ശൈലീപ്രദീപം

★

ഗ്രന്ഥകർത്താവ്

കവിതിലകൻ വടക്കുംകൂർ രാജരാജവർമ്മരാജാ

കൊച്ചി ഭാഷാപരിഷ്കരണകമ്മിറ്റിയിൽനിന്നും

പ്രസിദ്ധം ചെയ്യുന്നത്

വി: ശ്രു: 6

ഏതൊരുഭാഷയ്ക്കും സ്വന്തമായും സ്വതന്ത്രമായും അഭിമാനിക്കാനുള്ള പൂർണ്ണസ്വത്തൊണ് ശൈലി. ചികിത്സാഗ്രന്ഥങ്ങളും പരിശോധിച്ചാൽ രോഗത്തിനുകിടക്കുന്ന മനുഷ്യന്റെ വിവരം ചേർത്തിട്ടുള്ള ഔഷധയോഗങ്ങളും കാണാം. എന്നാൽ വിദഗ്ദ്ധന്മാരായ വൈദ്യന്മാർ ഒറ്റമൂലിയിലുണ്ടെ തുല്യാലശമനംവരുത്തി രോഗിയെ ആശ്വസിപ്പിക്കുന്ന അനുഭവവും ധാരാളമുണ്ട്. ഏതാണ്ടതുപോലെയുള്ള ഒരു നിലയാണ് ഭാഷയിൽ ശൈലികൾക്കുമുള്ളതു്. സ്ഥാനംഅറിഞ്ഞു പ്രയോഗിച്ചാൽ ഇതു കുറിക്കുകൊള്ളുന്നതായി ശൈലിയെപ്പോലെ മറ്റൊന്നില്ലതന്നെ. ഏതുസാഹിത്യത്തിലുള്ളും മഹാരഥന്മാർ അമോഘമായ ദിവ്യാസ്ത്രമായി ശൈലികളെ തൂണീരത്തിൽ സൂക്ഷിച്ചു മർമ്മസ്ഥാനത്തു പ്രയോഗിച്ചു വിജയംപരിച്ചിട്ടുള്ളതായി കാണാം.

ഇത്രമാത്രം പ്രയോജനപ്രദമായുള്ള ശൈലി മലയാളത്തിലും കുറവല്ല. മലയാളഭാഷാഭണ്ഡാഗാരത്തിൽ ഈ പഴയ ഇരുമ്പായ്പ്പകളെ എല്ലാക്കാലങ്ങളിലുമുള്ള സാഹിത്യകാരന്മാർ അത്യാവശ്യസന്ദർഭങ്ങളിൽ അവലംബിക്കാതെയുമിരുന്നിട്ടില്ല. എന്നാൽ കാലംപെല്ലുംതോറും അവയിൽ പലതും വിസ്മൃതിപാരാവാരത്തിലടിഞ്ഞുപോകുന്നതൊന്നു പറയത്തരമില്ല. അവയെ സത്വരം പിക്കുന്നതിനു കുറുമായ ശ്രമമൊന്നും നടന്നതായും അറിവില്ല. പഴഞ്ചൊല്ലുകളും, എന്നപേരിൽ പൈലോപോലും ഇതിൽ രണ്ടായിരംഎണ്ണത്തോളം സംഗ്രഹിച്ചതായി കേട്ടിട്ടുള്ളതല്ലാതെ അതു കാണാൻ സാധിച്ചിട്ടുള്ളവർ ചുരുങ്ങും. ടി. രാമലിംഗംപിള്ളയുടെ ശൈലിനിഘണ്ടുവാണ ഇതിൽ എടുത്തുപറയത്തക്കതായി ഭാഷയ്ക്കു ലഭിച്ചിട്ടുള്ള ഏകഗ്രന്ഥം. ശൈലീനിഘണ്ടുവിൽ ഉദാഹരണങ്ങൾ [illegible] ധികവും സകപോലകല്പിതമാ[illegible]യാൽ ന സാധുമന്യ പ്രയോഗവിജ്ഞാനം എന്ന പറയത്തക്ക ഒരു സൂനത അതിനു സംഭവിച്ചുപോയി. ശ്രീ വടക്കുംകൂർ രാജരാജവർമ്മരാജാ അവർകളുടെ ശൈലിപ്രദീപം സംസ്കൃതത്തിലും മലയാളത്തിലും ഉള്ള ഉൽകൃഷ്ടഗ്രന്ഥങ്ങളിൽ ഉൾപ്പെട്ട ശൈലികളെയും, മഹാകവികൾക്കു അതിലുള്ള ഉന്നതത്തെയും സ്പഷ്ടമാക്കി നിഘണ്ടുവിനുവേണ്ട സാമഗ്രിയും സാധിച്ചിരിക്കയാണ്. മലയാളത്തെ സംബന്ധിച്ചിടത്തോളം ഈ മഹാകൃത്യം സാധിക്കുന്നതിനു തമ്പുരാനല്ലാതെ മറ്റാരുംതന്നെയില്ലെന്നു ധൈര്യമായി പറയാം. സംസ്കൃതത്തിലും മലയാളത്തിലും ആയി ഇത്ര വിപുലമായ ഗ്രന്ഥപരിചയം ലഭിച്ചിട്ടുള്ളവർ ഇന്നു ചുരുങ്ങും. ഗ്രന്ഥപരിചയം മാത്രംകൊണ്ടും ഇക്കാര്യം സാധിക്കാവുന്നതല്ല. സന്ദർഭാനുസൃതമായി ശൈലികളെ സമാഹരിക്കുന്നതിനു് അന്യാദൃശമായ മേധാശക്തിയും കൂടിയേതീരൂ എന്നുണ്ടു്. തമ്പുരാനു ലഭിച്ച ഈ അപൂർവ്വാനുഗ്രഹത്തെ മലയാളികൾക്കു ഫലപ്രദമാക്കണമെന്ന സദിച്ഛാപരതന്ത്രന്റെ ഒരു പരിണതഫലമാണു് ഈ ശൈലീപ്രദീപം.

എന്നാൽ ശൈലീപ്രദീപം സമൂത്തിയായിയെന്നു ഇവിടെ അഭിപ്രായമില്ല. കൊട്ടാരത്തിലും ഉൽകൃഷ്ടജനപദത്തിലും മാത്രം പൊങ്ങമറിയിട്ടുള്ള തമ്പുരാനു വർഗ്ഗീയാടിസ്ഥാനത്തിലും മാറാം സാധാരണയായിട്ടുള്ള പല ശൈലികളും പരിചയപ്പെടാൻ സാധിക്കുമില്ലല്ലോ. ഏൻചത്തേക്കോഴിക്കു, ഉണ്ടിരുന്ന നായ്ക്കു വിളിതേന്നി, കൊങ്ങിണി പുലിയെ കണ്ടപോലെ, ഈ രീതിയിൽ പല ശൈലികളും അവയോടുള്ള രസകരമായ കഥകളോടുകൂടി മലയാളത്തിൽ ഇന്നു പ്രചരിക്കുന്നുണ്ടു്. [illegible]കൻ കഥകളുടെ പ്രഭാവമുൾക്കൊണ്ടു ഈ ശൈലിയുടെ സ്വത്തു പിക്കുന്നതു വിശ്രമാവസരത്തിൽ ഒരു വിശിഷ്ടഭോജ്യമായിത്തീരും. ശൈലിപ്രദീപത്തിനു ശ്രീ: വടക്കുംകൂറിന്റെ പീഠിക പഠനയോഗ്യമായ ഒരു സാഹിത്യപ്രബന്ധമായിട്ടുണ്ടു്. ഭാഷാപരിഷ്കരണകമ്മിറ്റിയുടെ ഏതുദ്ദേശ്യത്തെ അഭിനന്ദിക്കുന്നതിനേക്കാൾ ഈ ഗ്രന്ഥകർത്താവിനെ അഭിനന്ദിക്കുന്നതുതന്നെയാണു് കൂടുതൽ ഉചിതമെന്നു തോന്നുന്നു.

★

നന്ദിനി

അഥവാ

ആശാന്റെ വള്ളത്തുപുത്തി

★

ഗ്രന്ഥകർത്താവു്,

കെ. കേശവൻ

പ്രസാധിക,

കെ. കല്യാണിക്കുട്ടിഅമ്മ

കമലാലയം — മുണ്ടയ്ക്കൽ.

പുരാവൃത്തപരാമർശമായ ഇതിവൃത്തമാണു നന്ദിനിക്കുള്ളതു്. കൊല്ലംനഗരത്തിന്റെ പ്രാന്തഭൂവിലുള്ള മുണ്ടയ്ക്കൽ, ആശാന്മാരുടെ അധിനിവേശംകൊണ്ടു പ്രസിദ്ധിയാർജ്ജിച്ച ഒരു പ്രദേശമാണു്. ഈ കഥാസംഭവകാലത്തു വല്ലാർയ്യനാശാൻ എന്നയാളിൽ പ്രഥിതനായ ഒരു പ്രതാപശാലിയായിരുന്ന കരനാഥൻ. പുത്രീസഹിതം ക്ഷേത്രദർശനത്തിനുപോയ്പ്പെട്ട അന്തർജ്ജനത്തെ അപഹരിക്കാൻ ശ്രമിച്ച അറബിയെ വധിച്ചു് ആശാൻ ആ അബലകളെ പരിരക്ഷിച്ചു. അചിരേണ ആ അന്തർജ്ജനവും സന്താനവും ആശാനെ അഭയം പ്രാപിക്കുന്നു. അന്തർജ്ജനത്തിന്റെ പുത്രിയാണു കഥാനായികയായ നന്ദിനി. ആശാന്റെ ദൗഹിത്രനായ ചന്ദ്രശേഖരനും ഇതേ ബ്രാഹ്മണകുമാരിയുമായി അനന്തരഗത്തിൽപെട്ടുന്നു. പാണ്ഡ്യരാജ്യവുമായുണ്ടായ യുദ്ധത്തിൽ ദേശിംഗനാടിന്റെ പടത്തലവനായ ചന്ദ്രശേഖരൻ പാണ്ഡിക്കപോകേണ്ടിവരികയും. രണ്ടുകൊല്ലത്തെ പടയോട്ടത്തിനുശേഷം വിജയശ്രീലാളിതനായി തിരിച്ചുവന്ന രാജകീയാനുമതിയോടുകൂടിയും നമ്പൂതിരിമാരുടെ സഹകരണത്തോടെയും ആ നമ്പൂതിരികന്യകയെ ചന്ദ്രശേഖരനശാൻ വിവാഹം ചെയ്യുന്നതായിട്ടാണു ഈ ലഘുകാവ്യനിബന്ധനം. പൂർവ്വോത്തരഭാഗങ്ങളിൽ സംഘടിപ്പിച്ചിരിക്കുന്ന ഈ കഥാവസ്തു സംസ്കൃതവൃത്തത്തെ ആണു പ്രവിഭാഗംപാധിയാക്കിയിട്ടുള്ളതു്.

മുണ്ടയ്ക്കൽശാന്മാരുടെ ഇന്നത്തെ പ്രശസ്തിയെ ഉപജീവിച്ചുകൊണ്ടുള്ളതാണ് ഈ കാവ്യാരംഭം കൂട്ടംബപ്രശസ്തിപരമെന്ന പരിധിയിൽ വ്യാപരിക്കുകൊണ്ടായിരിക്കാം ശ്രീ: കേശവൻറെ കവിതയ്ക്കു വേണ്ടത്ര ഓജപുഷ്ടി ലഭിക്കാതെപോയിട്ടുള്ളതു്. വികാരോപഗ്രഥനത്തിനുവേണ്ടുന്ന സൂക്ഷ്മവിലോകനകുശലത, കവി ഇതിൽ വേണ്ടുവോളം പ്രദർശിപ്പിച്ചുവെന്നു വിശ്വസിക്കുവയ്യ.

ശ്രീ: കേശവന്റെ വാസനാഭാസുരമായ രചനാവൃത്തി സാധീനമായിട്ടുണ്ടെന്നു് ഈ കാവ്യത്തിലെ പലഭാഗങ്ങളും സാക്ഷ്യംവഹിക്കുന്നുണ്ടു്. രചനാവൃത്തി അക്ലിഷ്ടവും അമൃണവുമായി തുടരാൻ അദ്ദേഹത്തിനു സാധിക്കാതെവന്നതൊന്നു പറയത്തരമില്ല. ചരിത്രപശ്ചാത്തലത്തിൽക്കൂടെയുള്ള കാവ്യധാവിൽ വിവരണസ്വഭാവം ഏറിപ്പോകുന്നതുമല്ല. നന്ദിനിയും ഈ അഭിപ്രായത്തിൽനിന്നും ഭിന്നമല്ല. കഥാനായകന്മാരുടെ സാത്വികാദിഭാവങ്ങൾക്കു് ഉദ്ദീപനം നൽകി രസസമൃദ്ധി സാധിക്കുമെന്നുള്ള കാവ്യകലാതത്വത്തെക്കാൾ കൂടുംബപ്രശസ്തിയെ പ്രകീർത്തിക്കുമെന്നുള്ളതായിപ്പോയി കവിയുടെ ഉദ്ദേശം. അതിൽ അദ്ദേഹം അഭിനന്ദനീയമായ വിജയംവരിക്കുകയും ചെയ്തു.

—സി. എം. പി.

★

കൈപ്പറ്റി

നാഷണൽബുക്കു സ്റ്റാൾ കോട്ടയം വക പ്രസിദ്ധീകരണങ്ങൾ

★

ജനനനിയന്ത്രണം—

ഗ്രന്ഥകർത്താ, ഡാക്ടർ സി. ആർ. നാരായണൻ എം. ഏ; എം. എസ്സ്. സി. ഡി. ഫിൽ. പേജ് 241 വില ശ്രു: 3.

കഷ്ണ്ടിസംഹാരി—

ഗ്രന്ഥകർത്താ, പി. കെ. രാജരാജവർമ്മ, പേജ് 238 വില ശ്രു: 2.

തൊണ്ടിവസ്തു (2-ാംപതിപ്പു)—

ഗ്രന്ഥകർത്താ, തകഴി ശിവശങ്കരപ്പിള്ള. പേജ് 104 വില ശ്രു: 1.

കനത്ത മതിൽ—

ഗ്രന്ഥകർത്രി, കെ. സരസ്വതി അമ്മ. പേജ് 138 വില ശ്രു: 1. ണ: 4.

പിശാചും മനുഷ്യനും—

ഗ്രന്ഥകർത്താ, ആലപ്പുഴ പി. ഏ. ഏ ഖദർ. പേജ് 125 വില ശ്രു: 1. ണ: 4.

ജേതാക്കൾ (3-ാംപതിപ്പു)—

ഗ്രന്ഥകർത്താ, പൊൻകുന്നം വക്കി. പേജ് 171 വില ശ്രു: 1. ണ: 8.

ഇരുപത്തൊന്നു ദിവസങ്ങൾ (സാമുദായിക നോവൽ)—

ഗ്രന്ഥകർത്താ, വള്ളംകുളം പി. ജി. പിള്ള. പേജ് 148 വില ശ്രു: 1. ണ: 4.



ചെറുകഥ

ആലോചനാശക്തി

★

പണ്ട് 'സോമൻ' എന്നൊരു കവി ഉണ്ടായിരുന്നു. അദ്ദേഹം വിവാഹശേഷം ഭാര്യവീട്ടിലായിരുന്നു താമസിച്ചിരുന്നത്. ഇങ്ങനെ അധികനാളും കഴിഞ്ഞപ്പോൾ ഭാര്യവീട്ടുകാർക്ക് അയാളെ വേണ്ടവിധം വേണ്ടാതെ വന്നു. ഇതു അദ്ദേഹത്തിന്റെ ഭാര്യയെ വല്ലാതെ അലട്ടി. തെഴിലില്ലാതിരുന്ന സോമൻ ഒടുവിൽ കുന്നുകാലികളെ മേയ്ക്കുന്നതിലേക്കായി വിട്ടിട്ട് സോമൻ ഒരു മരച്ചുവട്ടിൽ ഇരുന്നു കവിതകൾ രചിക്കുക സാധാരണയായിരുന്നു. വീട്ടുകാരുടെ ശകാരംകേട്ട കവിയുടെഭാര്യ 'മീനാക്ഷി അസ്വസ്ഥയായി. ആ സ്ത്രീ വിവരം തന്റെ ഭർത്താവിനെ അറിയിച്ചു. അതുകേട്ട കവി പറഞ്ഞു: "ഞാൻ ഇതുവരെ സന്തോഷിച്ചതു് ഒരു രണ്ടുവരി കവിതമാത്രമാണു്. അതുകൊണ്ടുപോയി വിറ്റു നീ ആവശ്യങ്ങൾനടത്തുക'. അവൾ അതു വാങ്ങിക്കൊണ്ടുപോയി. മറ്റൊരു സ്ത്രീക്കു വിറ്റു തന്റെ ആവശ്യങ്ങൾ നടത്തി. കവിത വാങ്ങിയ സ്ത്രീയുടെ ഭർത്താവു പതിനഞ്ചുകൊല്ലം മുൻപു് പട്ടാളത്തിൽപോയതാണു്. ഇതുവരെ തിരിച്ചുവന്നിട്ടില്ല. അയാളും പോകുമ്പോൾ അവൾ ഗർഭിണിയായിരുന്നു. അവൾക്കു തമ്മിൽ കത്തിടപാടുകൾനടത്തുന്നതിനു സൗകര്യമുണ്ടായില്ല. അങ്ങനെയിരിക്കെ അയാൾ യാതൊരു മുന്നറിയിപ്പുംകൂടാതെ ഒരുദിവസംരാത്രി തിരിച്ചുവന്നു. അപ്പോൾ അവൾ തന്റെ പതിനഞ്ചുവയസ്സുള്ള പുത്രനോടുകൂടി ശയിക്കയായിരുന്നു.

ആ മുറിയിൽ ഒരു കൊച്ചുവിളക്കിരുന്നു മങ്ങുന്നതായിരുന്നു. ആ വിളക്കിനുസമീപം സോമന്റെ കവിത തൂങ്ങിക്കിടന്നിരുന്നു. തന്റെ ഭാര്യയുടെസമീപം മറ്റൊരാൾ ശയിക്കുന്നതുകണ്ടപ്പോൾ അയാൾക്കു വലിയ കോപമുണ്ടായി. ഉറയിൽനിന്നു വാളൂരി ആ കുമാരനെ വെട്ടാൻ ഓങ്ങി. അപ്പോൾ വാൾ കവിതയിൽതട്ടി. അയാൾ അതെടുത്തു ശ്രദ്ധിച്ചുവായിച്ചു.

"ആലോചിക്കാതെപ്രവർത്തിച്ചാൽ ആപത്തുണ്ടെന്നുനിശ്ചയം."

ഇതായിരുന്നു കവിത. അതു വായിച്ചപ്പോൾ ആലോചനാശക്തി അയാളിൽ തലയുയർത്തി. അയാൾ ഭാര്യയെവിളിച്ചു അതാരാണെന്നു ചോദിച്ചു. ഉടൻതന്നെ ഭാര്യ മകനെവിളിച്ചുപറഞ്ഞു: "മകനെ, ഇതാനിന്നുടെ നിൻറെഅച്ഛൻ. അദ്ദേഹത്തെ വന്ദിയ്ക്കു" അതനുസരിച്ചു അവൻ അയാളെവന്ദിച്ചു. അങ്ങനെ തന്റെ അവിവേകംമൂലം മരിക്കേണ്ടുപോയതിനെ അകാലമൃത്യുവിൽനിന്നും രക്ഷിച്ച ആ കവിതയേയും, കവിതയുടെ കർത്താവിനേയും അയാൾക്കു എന്തെന്നില്ലാത്ത പ്രതിപത്തിതോന്നി, അയാൾ സോമന്റെ കവിതയാണെന്നു ഭാര്യയിൽനിന്നു അയാൾമനസ്സിലാക്കി. അങ്ങനെ അയാൾ സോമനെ ഭാര്യയും വേണ്ടുവോളം സഹായം ചെയ്തുകൊടുത്തു. അങ്ങനെ സോമനും ഭാര്യയും സുഖമായി കാലക്ഷേപംചെയ്തുവന്നു. സോമന്റെ ആ കവിത ഒരു ബാലനെ അകാലമൃത്യുവിൽനിന്നും രക്ഷിച്ചു. സഹോദരങ്ങളെ, നിങ്ങളും ആലോചനാപൂർവ്വം പ്രവൃത്തിക്കുവാൻ ഈ എളിയസഹോദരി അപേക്ഷിച്ചുകൊള്ളുന്നു.

സി. ഡി. ശാന്തകുമാരി
അംഗനമ്പർ—105.

★

ഒരു അത്ഭുതകഥ

★

എന്റെ അപ്പുപ്പൻ (അമ്മയുടെ അച്ഛൻ) ധർമ്മതല്പരനും ഈശ്വരഭക്തിയുള്ള ആളും ആയിരുന്നു. അതിനാൽ ധാരാളം ഭക്തജനങ്ങളും നല്ല യാളുകളും ഞങ്ങളുടെ വീട്ടിൽ വരുന്നതിനും ആ മഹത്തുക്കളിൽനിന്നും പല നല്ല കാര്യങ്ങളും ഗ്രഹിക്കുന്നതിനും ഇടയായിട്ടുണ്ട്. അവരിൽ ഒരാളായ ശ്രീനരസിംഹ ക്ഷുദ്രാണ്ഡ സ്വാമിയുടെ കഥയിൽ അല്പം പറയാം. സ്വാമികളും തെക്കൻതിരുവിതാംകൂർകാരനും ഒരു ട്രിൽമംസ്സുരും ആയിരുന്നു. യോഗാഭ്യാസിയും ഭക്തശ്രേണിയും ആയ സ്വാമികൾ ഉദ്യോഗം രാജിവച്ചിട്ട് സന്യാസിക്കുകയായിരുന്നു. സ്വാമികൾ അനുവധി ശിഷ്യന്മാരോടുകൂടി സഞ്ചരിക്കുന്ന കാലത്തു് ഞങ്ങളുടെ വീട്ടിൽ വന്നു അന്നു് ഉദയംമുതൽ അടുത്ത ദിവസം ഉദയംവരെ ഭജനയും പാരായണവും നടത്തിക്കൊണ്ടിരിക്കും. ഏതാണ്ടു് മുപ്പതുവർഷത്തിനു മുൻപു് അന്നു് എന്റെ അമ്മയുടെ കുട്ടിക്കാലമാണു്. അക്കാലത്തു കാലിൽ ഒരു വ്രണം ഉണ്ടായി ചികിത്സകൊണ്ടു സുഖമാകാതെ നിലവിളിച്ചുകൊണ്ടു കിടക്കയാണു്. സ്വാമി ശിഷ്യന്മാരോടുകൂടി ഉച്ചയ്ക്കു് ഊണിനു ഭാവിച്ചു. കൊച്ചുകുട്ടിയുടെ കരച്ചിൽകേട്ടു് അദ്ദേഹം കുട്ടിയെ വിളിച്ചു് വ്രണം നല്ലവണ്ണം നോക്കിയിട്ടു്, "പേടിക്കേണ്ടാ, സുഖമാകും" എന്നു പറഞ്ഞു് വിഭൂതിയെടുത്തു് [illegible] എടുത്തു [illegible] വന്നവർ ഊണു കഴിയുന്നസമയംവരെ വ്രണത്തിൽ ഒഴിച്ചുകൊണ്ടിരുന്നു. അതിനുശേഷം വെള്ള തുണികൊണ്ടു് കാൽ കെട്ടുകയുംചെയ്തു. അക്കാലങ്ങളിൽ സ്വാമി യാതൊരു ആഹാരവും കഴിച്ചിരുന്നില്ല. അടുത്ത ദിവസം രാവിലെ ശിഷ്യഗണങ്ങളോടുകൂടി യാത്രയായ ഭാവിച്ച സമയം അദ്ദേഹം അമ്മയെ വിളിച്ചു കാലിലെ കെട്ടഴിച്ചു. വ്രണം നിശ്ശേഷം കരിഞ്ഞു സുഖമായിരിക്കുന്നതായികണ്ടു് സകല ജനങ്ങളും അതിശയിച്ചു. പിന്നീടൊരിക്കൽ രാത്രി ഭജന നടന്നുകൊണ്ടിരുന്നപ്പോൾ വിളക്കിലെല്ലാം എണ്ണതീർന്നു. വീണ്ടും കൊണ്ടുവരുന്നതിനു താമസം നേരിട്ടുമെന്നു സ്വാമി മനസ്സിലാക്കി. അടുത്തുള്ള ഒരു പാത്രത്തിലിരുന്ന പച്ചവെള്ളമെടുത്തു എല്ലാവിളക്കും നിറയെ ഒഴിച്ചു. പ്രഭാതത്തിൽ ഭജന നിർത്തുന്നതുവരെ ഈ വിളക്കുകളും ഭംഗിയായി പ്രകാശിച്ചുകൊണ്ടിരുന്നു. ഇപ്രകാരമുള്ള അനവധി അത്ഭുതപ്രവർത്തികൾചെയ്ത ഭക്തനായ സ്വാമികൾ മാവേലിക്കര ഉമ്പർനാടു് എന്ന സ്ഥലത്തുവച്ചു മഹാസമാധി പ്രാപിച്ചു. സമാധിദിനമായ മീനമാസത്തിലെ പൂരംനക്ഷത്രം ആണ്ടുതോറും വിവിധ പരിപാടികളോടുകൂടി ഉമ്പർനാടു് ആശ്രമത്തിൽ ആഘോഷിച്ചുവരുന്നുണ്ടു്. ക്ഷണനേരംകൊണ്ടു് ധാരാളം ഭക്തജനങ്ങൾ അന്നേദിവസം അവിടെ കൂടി ഗുരുപൂജയിൽ പങ്കുകൊള്ളുക പതിവുണ്ടു്.

ഈശ്വരഭക്തനായ്ക്കു കഴിയാത്തതായി ഒന്നുംതന്നെ ഇല്ലെന്നു് ഈ കഥകൊണ്ടു് അമ്മ എന്നെ മനസ്സിലാക്കി ഇപ്രകാരമുള്ള മറ്റു ചില അനുഭവകഥകളും എന്നെ പിന്നീടു് എഴുതിയറിയിച്ചുകൊള്ളാം.

എസ്. കൊച്ചുനാരായൻ,
പി. [illegible] ചന്ദ്രൻ (159)

★

കുട്ടിച്ചേച്ചിക്കുള്ള കത്തു്

പ്രിയപ്പെട്ട കുട്ടിച്ചേച്ചിക്കു്,

ഞാൻ സ്കൂളിലെ ആനിവേഴ്സറിസംബന്ധിച്ചുനടന്ന ചെറുകഥാമത്സരത്തിനും, ഉപന്യാസമത്സരത്തിനും ചേരുകയും രണ്ടിനും ഒന്നാംസ്ഥാനാർഹയാകയുംചെയ്തു. ഈ വിവരം ഇതുവരെയും ചേച്ചിയെ അറിയിക്കാഞ്ഞതു പരീക്ഷയുടെ ബാഹുല്യംമൂലമാണു്. പരീക്ഷയ്ക്കു ഒരുവിധം നല്ലതുപോലെ എഴുതിയിട്ടുണ്ടു്. എനിക്കു ചെറുകഥയെഴുതാൻ വാസനയുള്ള ഒരു കുട്ടുകാരിയെ പരിചയപ്പെട്ടിത്തിരേണ്ടതു് അത്യാവശ്യമാണു്. ഉപേക്ഷ വിചാരിക്കരുതേ.

സി. ഡി. ശാന്തകുമാരി.

★

കോഴിവളത്തൽ —
ഗ്രന്ഥകർത്താവു്, കെ. ഡൊമിനിക്കു് ചെറിയാൻ. പേജു് 123
വില രൂ: 1. ണ. 4.

ചിത (ഒരു സംശ്ലേഷണഗാനം)
ഗ്രന്ഥകർത്താവു്, ആനന്ദക്കുട്ടൻ എം. ഏ പേജു് 39 വില ണ. 8.

പഞ്ചായത്തുകൾ(പരിഷ്കരിച്ച പുതിയ പതിപ്പു്)—
ഗ്രന്ഥകർത്താവു്, ആർ. കേശവൻനായർ, പഞ്ചായത്തു് അസി: ഡയറക്ടർ. പേജു് 152
വില രൂ: 1. ണ. 4.

തോട്ടി (2-ാംപതിപ്പു്)—
ഗ്രന്ഥകർത്താവു്, നാഗവള്ളി ആർ. എസ്. കുറുപ്പു്. പേജു് 171
വില രൂ 1 ണ. 8.

കുഞ്ഞന്റെശേഷം (ആധുനിക മലയാളസാഹിത്യം നിരൂപകന്റെ ദൃഷ്ടിയിൽ)—
ഗ്രന്ഥകർത്താവു്, മാടശ്ശേരി മാധവവാര്യർ. പേജു് 574. വില രൂ: 5.

കവി—
ഗ്രന്ഥകർത്താവു്, മണ്ണാലത്തു് ശ്രീധരൻ. പേജു് 25 വില ണ. 8.

കൈപ്പുന്നം —
ഗ്രന്ഥകർത്താവു്, കൈപ്പുട്ടൂർ നാരായണൻകുട്ടി പേജു് 72 വില ണ 12.

★

അംഗങ്ങളുടെ പേരുവിവരം

★

(തുടച്ച്)

1142 റ്റി. എൻ. തങ്കപ്പൻപിള്ള, കോയിക്കൽവീട്ട്, മയ്യനാട് P. O. (പുസ്തകപാരായണം.)
1143 എസ്. ഇന്ദിരാഭായി, വലിയമഠം, പട്ടാഴി P. O.
1144 പി. എൻ. ശേഖരനാഥൻപിള്ള, പുത്തൻപുരവീട്ട്, മയ്യനാട് P. O. (ചെറുകഥാവായന)
1145 പി. കെ. ഗോപാലകൃഷ്ണപിള്ള, വെള്ളനാട്ടുവട്ടത്തറവീട്ട്, ആതിനാട്ടുവടക്ക് ക്ലാപ്പന P. O. (കഥയെഴുത്ത്)
1146 ജി. രാമചന്ദ്രൻനായർ C/o വി. ജനാർദ്ദനൻപിള്ള, കഥകളിഭാഗവതർ, കൈതക്കോട്ട്, കിഴക്കേക്കല്ലട P. O.
1147 പി. കെ. ടാഗോർ, റോസ്മൗണ്ട്, വഞ്ചിയൂർ, തിരുവനന്തപുരം. (ട്രെയിനിംഗ്)
1148 ആർ. ഗോവിന്ദകുമാർ, പാലാത്തറ, ഹരിപ്പാട് P. O. (ചിത്രമെഴുത്ത്)
1149 കെ. ശ്രീധരൻപിള്ള, കളീക്കൽ, കടയിനിക്കാട്ട്, കുണ്ടറ P. O.
1150 കെ. വിജയകുമാർ, ടി ടി
1151 എസ്. രാമചന്ദ്രൻനായർ, ഫാറം IV. ഡി. ജി. ഇ. എച്ച്. എസ്. കൊല്ലം. (ചെറുകഥ)
1152 പി. ശങ്കരനാശാരി, വള്ളിത്തറയിൽ, എരുവാപടിഞ്ഞാറ്, കായംകുളം (നൂൽനൂല്പ്)
1153 പി. രവീന്ദ്രൻനായർ, വെളിയിൽവീട്ട്, തൈക്കാട്ടുശ്ശേരി, ചേർത്തല. (ട്രെയിനിംഗ്, കഥ)
1154 റ്റി. സരസ്വതിഅമ്മ, പാറയ്ക്കൽവീട്ട്, വിളക്കുടി P. O. കുന്നിക്കോട്ട് (പഠിത്തം)
1155 ജി. ആർ. ഭാസ്കരൻനായർ, ഗണപതികണ്ടത്തിൽവീട്ട്, കൈപ്പുഴ പന്തളം P. O. ([illegible])
1156 കെ. കെ. രാമചന്ദ്രൻപിള്ള, കോയിക്കൽവീട്ട്, അഞ്ചൽ P. O. (ചെറുകഥ)
1157 ആർ. രാധാകൃഷ്ണൻനായർ C o എസ്. രാമകൃഷ്ണപിള്ള, റ്റി. സി. നമ്പർ 5. ശാസ്തമംഗലം, തിരുവനന്തപുരം (ചിത്രമെഴുത്ത്)
1158 കുമാരി ശ്രീദേവി, പുഷ്പമള്ളിൽവായ്ത്ത, ഹരിപ്പാട് (സംഗീതം)
1159 ജി. രാജശേഖരൻനായർ C/o കെ. ഗോപാലൻനായർ, സക്കാർ വൈദ്യശാല, കലഞ്ഞൂർ (ചിത്രമെഴുത്ത്)
1160 കെ. രാധാകൃഷ്ണപിള്ള, കളീക്കൽവീട്ട്, കടയിനിക്കാട്ട്, കുണ്ടറ. (ചെറുകഥ)
1161 കെ. രാജശേഖരൻപിള്ള ടി ടി (ചെറുകഥയെഴുത്ത്)
1162 സി. ഉഷാദേവി, ഉഷാഭവൻ, തോട്ടക്കാട്ടുകര, ആലുവാ (സ്റ്റാമ്പു ശേഖരണം)
1163 പി. ശ്യാമളാദേവി, [illegible]രവിലാസം, ചാങ്ങ, ആയ്മാട് (ചെറുകഥയെഴുത്ത്)
1164 കെ. വിജയവർമ്മരാജാ, മൺകുന്നത്തുമഠം, വെളിയം, പൂയപ്പള്ളി (ചെറുകഥയെഴുത്ത്)
1165 ആർ. മോഹനവർമ്മരാജാ, ടി ടി (പടംവരപ്പ്)
1166 എം. സൂക്ഷ്മാദേവിതമ്പുരാട്ടി ടി ടി (പുസ്തകപാരായണം)
1167 പി. കെ. രാമചന്ദ്രൻനായർ, ഇന്ദിരാഭവൻ കിഴക്കേക്കര, കൊട്ടാരക്കര (ചെറുകഥയെഴുത്ത്)
1168 എം. എൻ. ത്രിവിക്രമമേനോൻ C/o ഏ. പി. നീലകണ്ഠപ്പിള്ള, ഹെഡ്മാസ്റ്റർ, ഏ. ഇ. എച്ച്. സ്കൂൾ, മങ്കൊമ്പ്. (സ്റ്റാമ്പുശേഖരണം)
1169 പി. അംബികാദേവി, ലക്ഷ്മിവിലാസംവായ്ത്ത, പുഷ്പക്കുടം, ഹരിപ്പാട് P. O. (ചെറുകഥയെഴുത്ത്)
1170 എസ്. സുധാമണി, പാലാത്തറവായ്ത്ത, ഹരിപ്പാട് P. O. (ചെറുകഥയെഴുത്ത്)
1171 എസ്. ഗോവിന്ദൻനായർ, കടവിൽപറമ്പിൽ, പല്ലന, തുക്കുന്നപ്പുഴ. (ഉപന്യാസരചന)
1172 ജി. സരസ്വതിഅമ്മ, മുകളിലഴികത്തുവീട്ട്, മഞ്ചല്ലൂർ, പത്തനാപുരം (തീപ്പെട്ടിലേബിൽശേഖരണം)
1173 എസ്. രാധാഭായി, ആനന്ദവിലാസം, കന്നിമേൽ, കിളികൊല്ലൂർ, കൊല്ലം. (സംഗീതം)
1174 കെ. എസ്. വിക്രമൻനായർ, വടക്കവിളകത്തുവീട്ട്, [illegible]ഞ്ചിയം, തിരുവനന്തപുരം (തീപ്പെട്ടിപടം ശേഖരണം)

(തുടരും)

ഞാഴപ്പുതിപ്പ്

ചിത്രമത്സരം


എന്റെ ബഹുമാനപ്പെട്ട കൂട്ടിച്ചേച്ചിക്കു വിനീതമായ നമസ്കാരം.

എന്നെ ബാലസംഘത്തിൽ ചേരുവാൻ പ്രേരിപ്പിച്ചതു് 241-ാംലക്കത്തിലെ കൂട്ടിച്ചേച്ചിയുടെ കത്താണ്. ചേച്ചി പറയുന്ന ആ ചിത്രകലാമത്സരത്തിൽ ഈ കൊല്ലം എനിക്കു ചേരണമെന്നാഗ്രഹമുണ്ട്. അതിനാൽ കൂട്ടിച്ചേച്ചി അതിനുവേണ്ടുന്ന സകല സൗകര്യങ്ങളും അടുത്ത കത്തിൽ എഴുതുമല്ലോ. ചിത്രകലാവാസനയുള്ള കൂട്ടികൾക്കു ഈ മത്സരം ഒരു വിജയംതന്നെയാണെന്നു കൂട്ടിച്ചേച്ചി. ഇങ്ങിനെ ഒരു ചിത്രകലാമത്സരം നടത്തുന്ന "ശങ്കേഴ്സ് വീക്ക്ലി" അധിപരെ ഞങ്ങൾ അനുമോദിക്കുന്നു. ഇങ്ങിനെ ഒരു മത്സരം നടത്തുന്നുണ്ടെന്നു ഞങ്ങളെ അറിയിച്ചുതന്ന കൂട്ടിച്ചേച്ചിയെ ഞങ്ങൾ കൃപ്പകയ്യോടെ നമസ്കരിക്കുന്നു.

എന്നു്,
വാത്സല്യമയിയായ
ചേച്ചിയുടെ കൊച്ചുണ്ണൻ
എ. ശ്രീധൻ, അഴീക്കോട്.

★





പി. ജി. രാധാകൃഷ്ണൻനായർ, കിളികൊല്ലൂർ. അംഗനമ്പർ (9)

മായാ-മണ്ഡലം

★

എൻ. ബാപ്പുറാവു ബി.ഏ; ബി.എൽ.

[illegible]ദേശത്തെ ഒരു മാളികയിൽ [illegible]ന്ധനത്തിൽപ്പെട്ടഴലുന്ന നായികയെ വിമുക്തയാക്കുവാൻ, വിനോദസഞ്ചാരത്തിനിടയിൽ നായകൻ ചെയ്യുന്ന ശ്രമങ്ങളും, ഉത്തരോത്തരം വർണ്ണനയുന്ന മായാവരണങ്ങളും നീങ്ങി ഒടുവിൽ മായാമണ്ഡലത്തിന്റെ യാഥാർത്ഥ്യം വെളിപ്പെടുന്നതും മാറുമറയ അൽഭുത കഥാഭാഗങ്ങളും.

വില രൂ: 2. ണ. 8.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

ലോകവൃത്താന്തപത്രി

കൊറിയൻയുദ്ധം അവസാനിപ്പിക്കാൻ വലിയ പ്രതിബന്ധമായി ശേഷിക്കുന്ന യുദ്ധത്തടവുകാരുടെ പ്രശ്നത്തിനു ഒരു പോംവഴിയെന്നനിലയിൽ തിരിച്ചുപോകണമെന്നു നിർബന്ധിക്കുന്ന യുദ്ധത്തടവുകാരെയെല്ലാം അന്യോന്യം കൈമാറ്റം ചെയ്യണമെന്നുള്ള ചൈനീസ് പ്രധാനമന്ത്രി മി. ചൂയെൻലായിയുടെ നിർദ്ദേശം സമാധാനത്തിലേക്കുള്ള ഒരു വലിയ ചുവടുവയ്പാണെന്നതിനു സംശയമില്ല. രോഗികളായും വയസ്സായും മുറിവേറ്റവരുമായ യുദ്ധതടവുകാരെ അന്യോന്യം കൈമാറണമെന്നുള്ള ഐക്യരാഷ്ട്രസംഘടനയുടെ നിർദ്ദേശത്തിനു മറുപടിയായിട്ടാണ് ചൈനീസ് പ്രധാനമന്ത്രി ഈ പുതിയ സന്ധിനിർദ്ദേശം പുറപ്പെടുവിച്ചിരിക്കുന്നത്. ശേഷിക്കുന്ന തടവുകാരുടെ കാര്യം ന്യായമായി തീരുമാനിക്കപ്പെടുന്നതുവരെ ഒരു നിഷ്പക്ഷരാജ്യത്തെ സൂക്ഷിപ്പുകേന്ദ്രത്തിൽ കൊണ്ടുപോയി പാർപ്പിക്കണമെന്നും ചൂയെൻലായി നിർദ്ദേശിച്ചിരിക്കുന്നു. ചൈനയുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളതിലേയ്ക്കും എറ്റവും അനുരഞ്ജകമായ ഈ നിർദ്ദേശങ്ങളെ കേവലം പ്രചരണമെന്നു കരുതി കൊറിയായിലെ ഐക്യരാഷ്ട്രകമാൻഡ് തള്ളിക്കളഞ്ഞുകൂടാത്തതാണ്. എതുംപ്രോത്സാഹജനകമായ ഒരു സന്ധിനിർദ്ദേശമാണിതെന്ന് ഇതേപ്പറ്റി പല ഡെലിഗേഷനുകളും സമ്മതിക്കുന്നുണ്ട്. പുതിയ ചൈനീസ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഉടനടിതന്നെ സന്ധിസംഭാഷണങ്ങൾ ആരംഭിക്കാൻ ഐക്യരാഷ്ട്രകമാൻഡ് നടപടികൈക്കൊള്ളേണ്ടതാണ് വശ്യം. കൊറിയായിലെ സ്ഥിതിഗതികൾ പരിഹരിക്കുവാൻമാത്രമുതകുന്ന ഒരു നിർദ്ദേശമാണിതെന്നുള്ളതിനു സംശയമില്ല. ജനറൽ അസംബ്ലി അടിയന്തിരമായിത്തന്നെ ഈ നിർദ്ദേശത്തെപ്പറ്റി ചർച്ചചെയ്യുകൊറിയായിൽ സമാധാനം സ്ഥാപിക്കേണ്ടതാണ്. അതിനു തക്കതായ കാരണവശാലും ഈ സുവർണ്ണാവസരം പാഴാക്കിക്കളയാതിരിക്കുകയും. പുതിയ സന്ധിനിർദ്ദേശങ്ങളും ലോകത്തെമ്പാടുമുള്ള സമാധാനത്തിനുള്ള പുതിയ പ്രത്യാശകളും ഇളക്കിവിട്ടിട്ടുണ്ട്. ആ പ്രത്യാശകളും സഫലമായിത്തീരുമെന്നുതന്നെ വിശ്വസിക്കുക.

ബർമ്മയിൽ ക്രമിനാശങ്ങൾസേനയുടെ സംന്നിധ്യത്തെപ്പറ്റിയുള്ള ബർമ്മയുടെ പരാതി അന്വേഷിക്കാൻ ജനറൽ അസംബ്ലി സമ്മതിച്ചിരിക്കുന്നതു് ആശ്വാസകരമാണ്. ഈ ക്രമിനാശങ്ങൾസേനയ്ക്കു യു. എസിന്റെ സഹായംകൂടിയുണ്ടെന്നാണ് ബർമ്മയുടെ അഭിപ്രായം. തൻനിമിത്തം ബർമ്മയ്ക്കുള്ള അമേരിക്കൻ സഹായം നിർത്തിവയ്ക്കുവാൻ അമേരിക്കയോടു് ആവശ്യപ്പെടണം ബർമ്മ നിർബന്ധിതയായിത്തീർന്നു. പ്രധാനമന്ത്രി നെഹ്റുവിന്റെ ബർമ്മസന്ദർശനത്തിനിടയിൽ ഈ പ്രശ്നത്തെപ്പറ്റി അദ്ദേഹംചെയ്ത പ്രസ്താവനയിൽ ബർമ്മയിലെ ക്രമിനാശങ്ങൾ സേനയ്ക്കു് അമേരിക്ക പിൻതുണനൽകുന്നതു ശരിയാണെങ്കിൽ അതു വാസ്തവമായിരിക്കുമെന്നതന്നെ പറഞ്ഞിരിക്കുന്നു.

ഐക്യരാഷ്ട്രസെക്രട്ടറി ജനറൽ പദവി ഒഴിയുന്ന ട്രിഗ്വിലിക്കുപകരം ഒരു സ്വീഡിഷ് സമ്പത്തികവിദഗ്ദ്ധനായ മി: ഡാഗ് ഹമർസ്കോൾഡിനെ തൽസ്ഥാനത്തേയ്ക്കു തിരഞ്ഞെടുത്തുകൊണ്ടുള്ള സുപാർശ ചെയ്യാൻ രക്ഷ്യസുരക്ഷാസമിതിയും പാശ്ചാത്യശക്തികളും സമ്മതിച്ചതോടെ അതു സംബന്ധിച്ചുള്ള സ്തംഭനവും അവസാനിച്ചിരിക്കുന്നു. പിന്നിട്ടനടന്ന രക്ഷാസമിതിയുടെ ഒരു രഹസ്യയോഗത്തിൽ ഈ തിരുമാനം ഏകാഭിപ്രായേന സ്വീകരിക്കപ്പെടുകയുണ്ടായി. ഇതു് ശീതയുദ്ധത്തിനു ശമനമുണ്ടാക്കാൻ ഉപകരിക്കാതിരിക്കയില്ല. കൊറിയൻ യുദ്ധാരംഭത്തു പൊതുവേ ഒരു മന്ദിപ്പു സംഭവിച്ചിട്ടുണ്ട്. പുതിയ സന്ധിനിർദ്ദേശങ്ങൾ കൊറിയായിലെ ലക്ഷോപലക്ഷം ജനങ്ങളുടെ പ്രത്യേക ലോകമൊട്ടാകെയുള്ള കോടാനുകോടി ജനങ്ങളും സ്വാഗതംചെയ്യുന്നുണ്ടെന്നുള്ളതിനു ഒരു ദൃഷ്ടാന്തമാണിതു്.

ബ്രിട്ടനിൽ മേരിരാജ്ഞിയുടെ ചരമം മുതൽക്കുള്ള പഞ്ചമന്റെ കാലഘട്ടത്തിലെ അവസാന സ്തംഭലയിലെ അവസാന കണ്ണിയുടെ തിരോധാനത്തെയാണ് കുറിക്കുന്നതു്. ഇന്ത്യയുടെ ചക്രവർത്തിപദമേറിയിരുന്ന ജോർജ് പഞ്ചമന്റെ പത്നിയായിരുന്ന മേരിരാജ്ഞി. ജോർജ് പഞ്ചമനും മേരിരാജ്ഞിയും ഇന്ത്യ സന്ദർശിച്ച ഡെൽഹിയിൽ ഡർബാർ നടത്തിയ സംഭവം ഇവിടെ സുരണീയമാണ്. ഇംഗ്ലണ്ടു് മേരിരാജ്ഞിയുടെ ചരമത്തിൽ ദുഃഖമാചരിച്ചിരിക്കുന്നു.

പശ്ചിമയൂറോപ്പിൽ ബാൾക്കൺ വെൻങ്കലകും പശ്ചിമജർമ്മനി അംഗീകരിച്ച ശരിവച്ചതോടെ യൂറോപ്യൻ സൈന്യത്തിന്റെ രൂപീകരണംസംബന്ധിച്ചു ഉണ്ടായിരുന്ന മുഖ്യ പ്രതിബന്ധം നീങ്ങിയിരിക്കുന്നു. എന്നിരുന്നാലും പശ്ചിമജർമ്മനിയിൽ തങ്ങളുടെ രാജ്യത്തെ വിഭ്യാത്യശക്തികളുടെ ഡിഫൻസ് പദ്ധതിയിലുൾപ്പെടുത്തുന്നതിനോടു എതിർപ്പുപ്രകടിപ്പിക്കുന്ന ഗണ്യമായ ഒരു വിഭാഗം ജനങ്ങൾ ഉണ്ടെന്നകാര്യം നിഷേധിക്കുന്നതല്ല. ഫ്രാൻസുമന്ത്രിമാരുടെ യു. എസ്. സന്ദർശനത്തിനു ഇതുമായി ബന്ധമുണ്ടെന്നും പറയേണ്ടതില്ലല്ലോ.

മധ്യപൂർവ്വദേശത്തെ സ്ഥിതിഗതികളും ഒന്നിനൊന്നു മുഖ്യത്വമുണ്ടായതെ പ്രാപിക്കുന്ന ലക്ഷണമാണുള്ളതു്. ഈജിപ്തിൽ ബ്രിട്ടീഷ് സേന നിരുപാധികം സ്വയംകണ്ടൽമേഖല വിടണമെന്നു പ്രധാനമന്ത്രി നഹ്ഹാസ് നിർബന്ധിച്ചുകൊണ്ടിരിക്കുന്നു. ഫറൂക്കിന്റെ പതനി നരീമൻ ഫറൂക്കുമായി വേർപെട്ട ഈജിപ്തിൽ തിരിച്ചെത്തിയിരിക്കുന്നു. ഇതിനിടെ ഈജിപ്തിനെ ഒരു റിപ്പബ്ലിക്കാക്കുകയാണ് വേണ്ടതെന്നു ഭരണഘടനാനുരൂപീകരണനിർദ്ദേശകകമ്മിറ്റി ശുപാർശചെയ്തിരിക്കുന്നു. പെഴ്സ്യയിൽ ബ്രിട്ടന്റെ പുതിയ എണ്ണനിർദ്ദേശവും നിരസിക്കപ്പെട്ടു. ആഫ്രിക്കയിൽ കീനിയായിലും ഭക്ഷിണാഫ്രിക്കയിലും നാട്ടുകാരുടേയും ഇന്ത്യാക്കാരുടേയുമേലുള്ള മർദ്ദനങ്ങൾ തുടർന്നുവരുന്നു.

പാകിസ്ഥാനിൽ അഹമ്മദീയവിരുദ്ധപ്രക്ഷോഭണം ശമിച്ചിട്ടുണ്ടെങ്കിലും അറസ്റ്റും തടവുശിക്ഷകളും തുടരുന്നുണ്ട്. ഡയറക്ടറായുടെ നേതൃത്വത്തിലുള്ള പഞ്ചാബ് മന്ത്രിസഭയുടെ രാജിയാണ് മറ്റൊരുസംഭവവികാസം. അഹമ്മദീയസമുദായത്തിൽപെട്ട സഫറുള്ളഖാനെ മാറ്റണമെന്നു ഗ്രൂപ്പർശചെയ്ത പഞ്ചാബ് മന്ത്രിസഭ ഡയറക്ടറായുടെ നേതൃത്വത്തിലുള്ളതായിരുന്നു. പ്രസ്തുത പ്രക്ഷോഭണവുമായി ഡയറക്ടറായുടെ മന്ത്രിസഭയ്ക്കു വലിയ ബന്ധമുണ്ടായിരുന്നതുകൊണ്ടു ഡയറക്ടറായുടെ നീക്കംചെയ്യണം തൽസ്ഥാനത്തു ഫിറോസ് ഖാൻനൂണിനെ മുഖ്യമന്ത്രിയാക്കുവാനും പ്രധാനമന്ത്രി മി: കബ്രാജ് നാസിമുദ്ദീൻ നടപടി കൈക്കൊള്ളുകയുണ്ടായി. എന്നാൽ ഡയറക്ടറായുടെ നീക്കംകൊണ്ടു സ്ഥിതിഗതികൾ ഭേദപ്പെട്ടുമോ എന്നു കണ്ടറിയേണ്ടതുണ്ട്.

ഇന്ത്യാപാകിസ്ഥാൻ മുഖക്കത്തിനു ശമനമുണ്ടാക്കാൻ ഉഭയപ്രധാനമന്ത്രിമാരും തമ്മിലുള്ള കൂടിക്കാഴ്ച്ച തെളിക്കാൻ ഇന്ത്യനും പാകിസ്ഥാനും വിദേശകാര്യഉദ്യോഗസ്ഥന്മാർ തമ്മിൽ സംഭാഷണമാരംഭിക്കുമെന്നറിയുന്നു. ഇതും പ്രോത്സാഹജനകമായ ഒരു വാർത്തയാണ്.

ഇന്ത്യൻ പാർലമെന്റിൽ പുതിയ ആന്ധ്രാസ്റ്റേറ്റ് അക്ടോബർ 1-ാം തീയതി ഉൽഘാടനംചെയ്യുന്നതാണെന്നുള്ള പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റുവിന്റെ പ്രസ്താവന ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഇന്ത്യയിലെ ഒന്നാമത്തെ ഭാഷാപ്രവിശ്യയാണ് ഇതുമൂലം അനുവദിക്കപ്പെടുന്നതു്. മദ്രാസ് സ്റ്റേറ്റിലെ തെലുങ്കുസംസാരിക്കുന്ന ഡിസ്ട്രിക്ടുകളും ഹൈദ്രാബാദ് ഡിസ്ട്രിക്ടിലെ ഏതാനും താലൂക്കുകളും പുതിയ [illegible] മർഹിക്കുന്ന വാർത്തകളാകുന്നു.



പ്രബുദ്ധകേരളത്തെ സ്നേഹിക്കുന്ന ഹൈന്ദവ ടിബ്ബൺ യൂത്തു് മോറേണിലേയ്ക്കുള്ള ഇന്ത്യൻ ഡെലിഗേറ്റ്. യു. എസ്സിലുള്ള തന്റെ അനുഭവങ്ങൾ വായിസ് അഫ് അമേരിക്കയുടെ ഹിന്ദി ഭാഷാസംവിധാനത്തിൽ ഏപ്രിൽ 7-ാംനു- വ്യാഴാഴ്ച, ഇന്ത്യൻ സമയം വൈകുന്നേരം 6-30-നു് വിവരിക്കുന്നതാണ്.

റബ്ബറെടുക്കുന്നനാട്ടിൽ

വാലേത്തു കെ. ഭാസ്കരൻനായർ
എം. എസ്സ്-സി. (ബോംബെ) ആർ. ആർ. ഐ. മലയം

VI



'ഇപ്പോ' റെയിൽവേ സ്റ്റേഷൻ.

ഫെഡറേറ്റഡ് മലയാസ്റ്റേറ്റ്സ് (F. M. S.) എന്നറിയപ്പെടുന്ന ആധുനിക മലയാ മുഹമ്മദീയസുൽത്താന്മാരാൽ ഭരിക്കപ്പെടുന്ന ഒൻപതു നാട്ടുരാജ്യങ്ങളും മലാക്കാ, പെനാങ്ക്, പ്രോവിൻസുവെല്ലസ്ലി എന്നീ മൂന്നു ബ്രിട്ടീഷ് പുതികരാജ്യങ്ങളും ഉൾപ്പെടുന്നതാണ്. മലയാ യോട് ബന്ധിച്ചുകിടക്കുന്നതും ഏറ്റവും പ്രധാനപ്പെട്ട ഒരു പട്ടണവുമായ സിംഗപ്പൂർ ഒരു പ്രത്യേകകോളനിയാണ്. ഭരണപരമായി അതു മലയായിൽനിന്ന് വിട്ടുനിൽക്കുന്നുവെന്നുമാത്രമല്ല, വരിപൂർണ്ണമായിട്ടും അതു ബ്രിട്ടീഷുപരമാധികാരത്തിൻ കീഴിലാണ്. തുറമുഖവും കച്ചവടപ്രധാന്യവുമാണ് സിംഗപ്പൂരിന്റെ ഉയർച്ചയ്ക്കു ഹേതു. ജനസംഖ്യയിൽ ഇവിടെ മികച്ചുനിൽക്കുന്നതു ചൈനാമാരാണ്.


ഐക്യമലയായിലെ ഒൻപതു നാട്ടുരാജ്യങ്ങളും ജൊഹോർ, നെഗ്രി സെംബ്ളാൻ, സെലാംഗ്ഗൂർ, പഹാങ്ങ്, പെറാക്ക്, കെഡാ, കെളന്തൻ, ട്രെംഗനു, പേർളിസ് എന്നിവയാണ്. ഇവയിൽ സെലാംഗ്ഗൂറിന്റെ തലസ്ഥാനമായ കൊലാലംപൂർ ഐക്യമലയായുടെ തലസ്ഥാനംകൂടിയാണ്. ഐക്യമലയാലിന്റെ ഒന്നാമത്തെപട്ടണം കൊലാലംപൂരാണെന്നു പറയാം. ബ്രിട്ടീഷ്ഹൈക്കമ്മീഷണറുടെ ഔദ്യോഗികവാസസ്ഥാനമായ കൊൺസിൽ സമ്മേളിക്കുന്ന സ്ഥലം, സുപ്രീംകോർട്ടുവിധേയമായ മലയങ്ങൾ, ഐക്യസംസ്ഥാനിന്റെ വാണിജ്യകേന്ദ്രവകുപ്പിന്റെ പ്രവർത്തനങ്ങൾ ഇങ്ങനെ പലതുംകൊണ്ടും കൊലാലംപൂർ പ്രാധാന്യം അർഹിക്കുന്നു. കൊലാലംപൂർ കടലിൽനിന്ന് വളരെ ഉള്ളിലായതുകൊണ്ടു മറ്റുവിധത്തിൽ ചെയ്യുന്നതിനാൽ തുറമുഖസൗകര്യമില്ല. ഇതിനേറ്റവുമടുത്ത തുറമുഖം പോർട്ടുസെറാൻഹാം ആണ്.

പ്രകൃതിരമണീയതയിൽ മലയായിലെ മറ്റേതുനഗരങ്ങളിൽവെച്ചും മികച്ചുനിൽക്കുന്ന ഒരു ചെറുപട്ടണമാണ് പെനാങ്ക്. ഇന്ത്യയിൽനിന്നും മറ്റു പടിഞ്ഞാറൻപ്രദേശങ്ങളിൽനിന്നും ജലമാർഗ്ഗം മലയായിലേയ്ക്കു വരുന്ന ജനങ്ങളെ ആദ്യമായി സ്വാഗതംചെയ്യുന്ന മലയൻകരപ്രദേശം പെനാങ്കാണ്. പ്രശാന്തമായ കടൽപ്പരപ്പും രോമാഞ്ചമണിയിക്കുന്ന കുളിർകാറ്റും ജലപ്പരപ്പിൽ അങ്ങിങ്ങായി മുഴച്ചുയർന്ന വെൺമേഘങ്ങളെ ഉമ്മവെച്ചുകൊണ്ടുനിൽക്കുന്ന പച്ചനിറത്തിലുള്ള കുന്നുകളും എല്ലാംകൂടി ആ ഹൃദയംവർഞ്ജകമായ അന്തരീക്ഷമാണവിടെ. സിംഗപ്പൂരുകഴിഞ്ഞാൽപിന്നെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന മലയായിലെ തുറമുഖവുമിതുതന്നെയാണ്.

അടുത്തതായി പ്രാധാന്യമർഹിക്കുന്ന പട്ടണം മലാക്കായാണ്. ശതവർഷങ്ങൾക്കുമുൻപു കേഴിക്കോട്ടിനു കേരളത്തിലുണ്ടായിരുന്ന പ്രാധാന്യം മലയായിൽ മലാക്കായിക്കുമുണ്ടായിരുന്നു. ഇടവും വലവും പെനാങ്കും സിംഗപ്പൂരും ഉയർന്നതോടുകൂടി മലാക്കായുടെ പ്രാധാന്യം ക്ഷയിച്ചുപോയി. പുരാതനകാലങ്ങളിൽ മലയായിലെ ഏറ്റവും മികച്ചനിന്നിരുന്ന വാണിജ്യകേന്ദ്രം മലാക്കായായിരുന്നു.

പറങ്കികൾ ആദ്യമായി മലയായിൽ കാലുകുത്തിയതു മലാക്കായിൽക്കുടിയാണ്. മലാക്കാ കേന്ദ്രമാക്കിക്കൊണ്ട് നൂറ്റാണ്ടുകളോളം അവർ ഭരണം നടത്തിയിട്ടുണ്ട്. വിദേശികൾ തമ്മിലുള്ള അധികാരവടംവലിയുടെ സമരരംഗങ്ങളും മലാക്കായിൽതന്നെയായിരുന്നു. പറങ്കികൾ അന്നു കെട്ടിയിട്ടുള്ള കോട്ടകളും പള്ളികളും ഇന്നും ചരിത്രത്തിലെ കൗതുകവസ്തുക്കളായി മലാക്കായിൽ അവശേഷിക്കുന്നുണ്ട്. പറങ്കികളുടെ ഭരണത്തെപ്പറ്റി ഇംഗ്ലീഷുകാരന്റെ ചരിത്രം പറയുന്നതു അവർ പരസ്പരം സ്നേഹിതന്മാരായി ശണിച്ചില്ലെന്നും ശക്തികൊണ്ടു ജനതയെക്കീഴടക്കിയെന്നും വിഭവങ്ങളും ചൂഷണംചെയ്തെന്നുമാണ്. അതെങ്ങനെയായാലും ഇംഗ്ലീഷുകാരന്റെ വരവോടുകൂടിയാണ് പറങ്കികളും ലന്തക്കാരും മലയായിൽനിന്നു പിൻവാങ്ങിയതു. ഇന്നും മലാക്കായിൽ പറങ്കികളുടെ അനന്തരഗാമികളെന്നു പറയപ്പെടുന്ന ഒരു കൂട്ടർ പറങ്കികളുടെ ഭരണകാലസ്മരണകളേയും പൂർവ്വകാലബന്ധങ്ങളേയും അയവിറക്കിക്കൊണ്ടു കഴിയുന്നുണ്ട്, ഇവരുടെ നടപ്പുകളും രീതികളുമെല്ലാം കാണുമ്പോൾ ഏതാണ്ട് ഇന്ത്യയിലെ ഗോവാണികളേപ്പോലിരിയുള്ള സ്മരണയാണുണ്ടാകുക.

മലയായേപ്പറ്റി പലതും ഈ ഏതാനും ലേഖനങ്ങളിലായി ഞാൻ കുറിക്കുകയുണ്ടായി. വളരെ അപൂർണ്ണമായ ഒരു ചിത്രീകരണമേ ഇതുകൊണ്ടു സാധിച്ചിട്ടുള്ളുവെന്നെനിക്കുതന്നെ ബോദ്ധ്യമുണ്ട്. വളച്ചുംപരിവർത്തനങ്ങളും അതിവേഗം പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു ചെറുരാജ്യമാണിന്നു മലയാ. സംഭവബഹുലങ്ങളായ നാളുകൾ എണ്ണിഎണ്ണിക്കഴിയുമ്പോൾ ചരിത്രകാരൻ അലതല്ലി ഇളകിമറിയുന്ന അതിശക്തമായ ഒരു ജലപ്രവാഹത്തേയും കുത്തനെ നിൽക്കുന്ന പാറക്കെട്ടുകളേയും നോക്കി നിശ്ചലനായി നിൽക്കുന്ന ഒരു കലാകാരനെ നോക്കണം. മുകനായി നിൽക്കുകയാണ്. തിരിയും തീപ്പും കല്പിക്കുവാൻ അവർ അതിപ്രാചീനമായ തൂലിക ചലിക്കുവാനിരിക്കുന്നു. നാളെ സുരയുടെ ഏടുകൾ പകർത്തുവാനോ, കാലത്തെ വിശകലനംചെയ്യുവാനോ തുനിയുന്ന ആ കലാകാരന്റെ



പെനാങ്കു് ബോട്ടാണിക്കൽഗാർഡൻ.

അഥവാ ചരിത്രകാരന്റെ തൂലിക അഭിമാനംകൊള്ളിക്കുന്ന രാഷ്ട്രീയ പാരമ്പര്യത്തിനേറെയും അഭികാമ്യമായ സമൂഹജീവിതത്തിനേറെയും, ബുദ്ധിജീവികളെ അനവരതം ചിന്തിപ്പിക്കുന്ന സംസ്കാരികബന്ധങ്ങളുടേയും ഏടുകൾ കുറിക്കുകയായിരിക്കും എന്നെനിക്കു് ഉത്തമവിശ്വാസമുണ്ട്.



ആളുകൾ കൂട്ടിച്ചുതാമസിക്കുന്ന [illegible]

(2-ംപേജിൽനിന്നു തുടച്ച്)

ടെ നഷ്ടപ്പെട്ടുപോകുമെന്ന ബുദ്ധിശാലികളായ ഇക്കൂട്ടർക്ക് നിശ്ചയമുണ്ട്. സ്ഥാപിതതാല്പര്യത്തെ നിലനിർത്തുവാനായിമലയാളചലച്ചിത്രങ്ങളെഅവർ മനഃപൂർവം ദ്രോഹിച്ചുകൊണ്ടിരിക്കയാണ്. സാങ്കേതികപരാധീനതകളും മലയാളചലച്ചിത്രങ്ങളുടെ പുരോഗതിക്കു പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നുണ്ട്. മലയാളചലച്ചിത്രങ്ങളുടെ സാങ്കേതികമായ ശോഷിക്കുവും ചിത്രങ്ങളുടെ പരാജയത്തിനു മാറ്റൊരു തെളിച്ചു കൊണ്ടിരിക്കുന്നുണ്ടെങ്കിലും അതിനുള്ള പരമാർത്ഥവും ഇവിടെ പ്രസ്തുതമാക്കുന്നില്ല. ഇപ്പോഴുള്ള [illegible] ലപരിതഃസ്ഥിതിയിൽകൂടി ഒരു [illegible] യാളചലച്ചിത്രം സംപൂർണ്ണമാ[illegible] ജയിക്കുന്നതിനുള്ള സാദ്ധ്യ[illegible] ലോകം വിരളമാണെന്നുള്ളതു [illegible] മാകുന്നുണ്ടല്ലോ. [illegible] കൂടിനോക്കുമ്പോൾ തിരമാല പോലെ കലാവൈകല്യങ്ങൾക്കുള്ള [illegible] യ ഉത്തരവാദിത്വം നിർമ്മാതാവിന്റെ ചുമത്തുന്നതു സാഹസമായിരിക്കും. ഏതായാലും തിരമാലയിൽ കാണുന്ന ന്യൂനതകളെ നിരീക്ഷണനിലയിൽ വച്ചുണ്ടിക്കാണിച്ചില്ലെങ്കിൽ അതൊരുതരത്തിൽ ഉപകാരത്തിനു പകരം അപകാരത്തിനു തന്നെ കാരണമായിരിക്കുകയുമില്ലല്ലോ. തിരമാല ഒരു പക്ഷേ സാമ്പത്തികമായി വലിയ വിജയംനേടിയില്ലെങ്കിലും കലാംശമായ അതിന്റെ [illegible] അവഗണിക്കത്തക്കതല്ല. തിരമാലയിൽ തുടങ്ങിവെച്ച നല്ല പാരമ്പര്യം കാത്തുരക്ഷിച്ചു സിനിമാവ്യവസായികളും പകർത്തി മുന്നോട്ടുപോകുമെങ്കിൽ മലയാളസിനിമാ ആരോഗ്യകരമായി വളരുകയും വികസിക്കുകയും ചെയ്യുമെന്നു നമുക്ക് ന്യായമായി പ്രതീക്ഷിക്കാവുന്നതാണ്.

ഒരുചിത്രം വിമർശിക്കുമ്പോൾ ആദ്യമായി അന്വേഷിക്കേണ്ടതു് അതിന്റെ കഥാരചയിതാവിനെക്കുറിച്ചാണല്ലോ. തിരമാലയുടെ കഥ എഴുതിയതു് പ്രസിദ്ധ സാഹിത്യകാരനായ ശ്രീ: ടി. എൻ. ഗോപിനാഥൻനായരാണ്. ചലച്ചിത്രത്തിനു അനുയോജ്യമായ കഥകളും എഴുതുന്നതിൽ ടി. എൻ. ഗോപിനാഥൻനായർക്ക് വേണ്ടത്ര പരിചയംസിദ്ധിക്കേണ്ടിയിരിക്കുന്നുവെന്നാണ് തിരമാല സൂചിപ്പിക്കുന്നതു്. സാധാരണ സിനിമായിൽകണ്ടിട്ടുള്ള മുച്ചിരിപ്രേമമാണ് തിരമാലയിലേയും പ്രമേയം. ലക്ഷ്മിയും അമ്മുവും വേണു എന്ന നിർധനനെ പ്രേമിക്കുന്നു. അവർ ഇരുവരുടേയും പ്രേമം പരിതഃസ്ഥിതികളുടെ പ്രത്യാഘാതങ്ങളാൽ പൊട്ടിത്തകർന്മണ്ണടിയുന്നു. പക്ഷേ കഥാഗതിയിൽ മാറ്റ മലയാളചലച്ചിത്രങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ തിരമാല ഒരുകാര്യത്തിൽ വ്യത്യസ്തത പ്രകടിപ്പിച്ചിട്ടുണ്ട്. തിരമാല മലയാളത്തിലെ പ്രഥമ "ട്രാജഡി"യാണ്. ഈ വ്യത്യസ്തത മലയാളചലച്ചിത്രങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വഴിതിരിവും പുതുമയുമാണ്. തിരമാല ഒരു ട്രാജഡിയാണെങ്കിലും ഒരു ശോകാത്മകകഥ പ്രേക്ഷകഹൃദയങ്ങളിൽ സംജാതമാക്കേണ്ട വികാരനിർഭരതജനിപ്പിക്കുന്നതിൽ ഈ ചിത്രം വേണ്ടത്ര വിജയിച്ചിട്ടില്ല. വേണ്ട പ്രകൃതിക്ഷോഭത്തിൽ പെട്ടെന്നു മരിക്കുന്നെങ്കിലും എന്തിനു കാഥികൻ ആത്മഹത്യമില്ലാതെ അയാളെ കൊലപ്പെടുത്തി എന്നൊരു ചോദ്യം പ്രേക്ഷകരിൽനിന്നുയർന്നിരിക്കുകയില്ല. ആ ചോദ്യത്തിന്റെ ഉദയം "ട്രാജഡി"യുടെ ഉദ്ദേശശുദ്ധിയിൽ കളങ്കം കലർത്തുന്നുണ്ട്. കാണികളുടെ കരളിൽതറയ്ക്കുവാൻതക്ക കഴിവുള്ള കത്തിയും ഇതിലെ "ട്രാജിക്കു"ഭാവത്തിനു ഇല്ലാതെപോയിട്ടുണ്ട്. അതു അശക്തമായ ഒരു ട്രാജഡിയാണ് തിരമാല. പ്രേക്ഷകർ പൊട്ടിക്കരയേണ്ടരംഗത്തിൽപോലും നിർവികാരതയോടെ ഇരിക്കുന്നതുകാണാം. മനുഷ്യജീവിതത്തിലെ ഏറിപ്പോരിക്കൊള്ളുന്ന ജീവൽപ്രശ്നങ്ങളെ അടിസ്ഥാനമാക്കിയായിരിക്കണം സിനിമാക്കഥകളും രചിക്കേണ്ടതു്. സാമൂഹ്യശിക്ഷണമാണല്ലോ കലയുടെ മൌലികധർമ്മം. ഭാവനാലോകത്തിലെ അയഥാർത്ഥകഥകളിൽനിന്നും നഷ്ടപ്പാടനുഭവിക്കുന്ന ഭൂമിയിലെ മനുഷ്യർക്കു ആശ്വാസത്തിന്റെ ജീവനുള്ളകഥകളായി സാധാരണജനതയുടെ ചലിക്കുകല രൂപമെടുക്കേണ്ടതാണ്. നിത്യജീവിതത്തിലെ സാധാരണസംഭവങ്ങളെ അതേമട്ടിൽ യാതൊരു അസ്വാഭാവികതയും കലർത്താതെ സെല്ലുലോയിഡിലേക്കു പകർത്തിയിരുന്നുവെങ്കിൽ തിരമാലയുടെ വിജയശതമാനം വർദ്ധിക്കുമായിരുന്നു. ഉയരുന്ന തലമുറയ്ക്കു നൽകാൻ തിരമാലയ്ക്കു പുതിയ സന്ദേശങ്ങളൊന്നുമില്ല. മദ്യപാനവും വ്യഭിചാരവും മനുഷ്യനെ നശിപ്പിക്കുമെന്നുള്ളതാണ് തിരമാല നൽകുന്ന സന്ദേശം. യഥാർത്ഥപ്രേമം ത്യാഗമാണെന്നും തിരമാല ഉൽബോധിപ്പിക്കുന്നുണ്ട്. എന്താണ് തിരമാലയുടെ കഥ എന്നു നോക്കുക. പ്രകൃതിസൌന്ദര്യം അലതല്ലുന്ന ഒരു മനോഹരഗ്രാമത്തിലെ പ്രമുഖ തറവാടാണ് പൂമംഗലം. കുടുംബാധിപനായ കുപ്പിനു ഭാര്യയില്ലായിരുന്നു. (മലയാളചലച്ചിത്രങ്ങളിലെ കുടുംബാധിപന്മാരുടെ ഭാര്യമാർ മരിച്ചതിനുശേഷമാണല്ലോ മിക്ക ചിത്രങ്ങളിലേയും കഥ ആരംഭിക്കുന്നതു്) പൂമംഗലത്തെ കുപ്പിന്റെ ഏക മകളായ ലക്ഷ്മിയും ഗ്രാമത്തിലെ കടത്തുകാരൻ പണിക്കരുടെ മകനായ വേണുവും തമ്മിൽ ബാല്യകാലത്തു് ഒരുമിച്ചു വളർന്നവരായിരുന്നു. പ്രായമായപ്പോൾ കൂടുതൽ അവർ പ്രണയബദ്ധരായി. (മലയാളചലച്ചിത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പ്രഭുകുമാരികളും വേലക്കാരനെമാത്രമെ പ്രേമിക്കുകയുള്ളു എന്ന ഇതിനകം പല മലയാളചലച്ചിത്രങ്ങളും തെളിയിച്ചിട്ടുണ്ടല്ലോ. നായകൻ പണക്കാരനാണെങ്കിൽ നായിക നിർധനയും താഴ്ന്നജാതിയിൽ പെട്ടവളുമായിരിക്കണമെന്നും ഒരു അലിഖിത നിയമമുണ്ടെന്നു തോന്നുന്നു.) പക്ഷേ ആഭിജാത്യക്കാരനായ കുപ്പിനു് മകളുടെ പ്രേമബന്ധം രുചിച്ചില്ല. വിജയൻ എന്നൊരു സമ്പന്നനെക്കൊണ്ടു് കുപ്പു് ലക്ഷ്മിയെ വിവാഹംകഴിപ്പിച്ചു. കുപ്പിന്റെ കാര്യസ്ഥൻ പാച്ചുപിള്ളയ്ക്കു് അമ്മു എന്നൊരു മകളുണ്ടായിരുന്നു. പാച്ചുപിള്ളയും പണിക്കരും അമ്മുവും വേണുവുമായുള്ള വിവാഹബന്ധം ആഗ്രഹിച്ചു. പക്ഷെ ലക്ഷ്മിയെ ലഭിക്കാതായപ്പോൾ വേണു നാടുവിട്ടു പട്ടണത്തിൽപോയി ഒരു ഹോട്ടൽജോലിക്കാരനാകുന്നു. മധുവിധു ആഘോഷിക്കുവാൻ വിജയനും ലക്ഷ്മിയുംകൂടി ആ ഹോട്ടലിൽ എത്തിച്ചേരുന്നു. ഐസ്ക്രീം കൊണ്ടുകൊടുക്കുവാൻ നിയുക്തനായ വേണു വിചാരിച്ചിരിക്കാതെ ലക്ഷ്മിയെക്കണ്ടപ്പോൾ അമ്പരന്നു ഐസ്ക്രീം പാത്രത്തോടെ താഴെവീണുതകർന്നു. കുപിതനായ ഹോട്ടൽ മാനേജർ വേണുവിനെ മർദ്ദിക്കുന്നു. തൊഴിലാളികളും പെട്ടെന്നൊരു പണിമുടക്കനടത്തി മാനേജരെക്കൊണ്ടു് ക്ഷമായാചനം ചെയ്യിക്കുന്നു. ഹോട്ടലിലെ നർത്തകിയായ സപ്നലതയിൽ വിജയൻ ആകൃഷ്ടനാകുന്നു. ചൂതുകളിയും വ്യഭിചാരവും കൊണ്ടു വിജയൻ നശിക്കുന്നു. ഒടുവിൽ പണമെല്ലാം തീർന്നപ്പോൾ സപ്നലത വിജയനെ പുറംതള്ളുന്നു. വിജയൻ കല്ലെറിഞ്ഞു സപ്നലതയുടെ ഗൃഹം നശിപ്പിക്കുകയും ചെയ്യുന്നു. തത്സമയം ഹോട്ടൽ മാനേജർ സ്ഥലത്തെത്തി വിജയനുമായി ഏറ്റുമുട്ടുന്നു. വേണു വിജയനെ ആ സന്ദർഭത്തിൽ രക്ഷിക്കുന്നു. ഇതിനിടയിൽ ഭർത്താവിനെ പിരിഞ്ഞ ലക്ഷ്മി യാചകിയായി തെണ്ടിത്തിരിയുന്നു. (മലയാളചലച്ചിത്രങ്ങളിലെ മിക്ക നായികമാരും ഇങ്ങിനെ വീട്ടിൽനിന്നും വെളിയിലിറങ്ങി റോഡിൽ അലയുന്നതായി പലപ്പോഴും കണ്ടിട്ടുള്ളതാണല്ലോ?) പഴയതിനെ കാണാൻ കുപ്പിപ്പാട്ടുങ്ങളുമായി എത്തിയ കുപ്പുനേയും പാച്ചുപിള്ളയേയും വിജയന്റെ ഒഴിഞ്ഞ വീടാണ് സ്വാഗതം ചെയ്യുന്നതു്. തന്റെ പാപപ്പൂവുത്തികളിൽ പശ്ചാത്തപിച്ച മനമുരുകിക്കഴിയുന്ന വിജയനിൽനിന്നു കുപ്പു് ലക്ഷ്മി വീട്ടുവിട്ടുപോയ വിവരമെല്ലാം ധരിക്കുന്നു. കുപ്പു് വിജയനോടുകൂടി സഹൃഹത്തിലേയ്ക്കു മടങ്ങുന്നു. ഇതിനകം വേണു ഹോട്ടലിലെ ജോലി ഉപേക്ഷിച്ചു വീട്ടിൽ മടങ്ങിഎത്തി കടത്തുകാരനായി ജീവിതം ആരംഭിച്ചിരുന്നു. അമ്മുവിന്റെ വേർപാടിനെ ആഗമനം ഒരു അനുഗ്രഹമായിത്തീർന്നു. ലക്ഷ്മി അലഞ്ഞുതിരിഞ്ഞു പൂമംഗലത്തിലേയ്ക്കുള്ള മാർഗ്ഗമധ്യേ [illegible] എത്തുകടത്തി. അപ്പോഴേയ്ക്കും മറുകരയിൽ കുപ്പും വിജയനും എത്തിച്ചേർന്നു. അവരെക്കൂടി കടത്തുകടത്തുവാൻ തുനിയുമ്പോൾ പെട്ടെന്നുണ്ടായ കൊടുങ്കാറ്റിൽ വഞ്ചി മറിഞ്ഞു വേണു മരണമടയുന്നു. വേണുവിന്റെ മൃതശരീരം തിരമാലകൾ അടിച്ചു കരയ്ക്കടുക്കുന്നതോടെ കഥയും പര്യവസാനിക്കുന്നു.

കഥയ്ക്കു പറയത്തക്ക പുതുമയൊന്നുമില്ല. കഥയിൽ അസംഭാവ്യതകളും അസംബന്ധങ്ങളും അനവധിയാണ്. വേണു ലക്ഷ്മിയെ കടത്തുകടത്തിക്കഴിയുമ്പോൾ മറുകരയിൽ വിജയനേയും കുപ്പിനേയും കാണുന്നു. അവരെക്കൂടി ഇക്കരയ്ക്കു കടത്തുകടത്തുവാൻ ശ്രമിക്കുമ്പോൾ പെട്ടെന്നു കൊടുങ്കാറ്റും വെള്ളപ്പൊക്കവുമുണ്ടായി വേണു മരിക്കുന്നതായിക്കാണിക്കുന്നതു് വിഡ്ഡിത്തമാകുമെന്നു മാത്രമേ വിശ്വസിക്കുവാൻ നിവൃത്തിയുള്ളൂ. മഴപെയ്യുന്നതായി കാണിച്ചിട്ടില്ല. ഒരു കാറ്റിന്റെ ചലനം കാണിച്ചിട്ടു് പെട്ടെന്നു വെള്ളപ്പൊക്കവും കാണിച്ചിരിക്കുന്നു. അഞ്ചുപത്തുമിനിട്ടിനുള്ളിൽ ഇത്രമാത്രം പ്രമാദമായ വെള്ളപ്പൊക്കമുണ്ടാകുക സാധാരണലോകത്തു സംഭവിക്കുന്ന കാര്യമല്ല. ചെറുകാലത്തെ വെള്ളവും വെള്ളപ്പൊക്കവും പരിചയിച്ച വേണു വെള്ളപ്പൊക്കത്തിനു മരിക്കുന്നിടയാകുന്നതും വിചിത്രംതന്നെ. ഏതായാലും കാഥികന്റെ ഭാവനയിൽ ഇമ്മാതിരി പ്രളയങ്ങളെല്ലാം സൃഷ്ടിക്കാം. സാധാരണലോകത്തു മിനൽവേഗത്തിൽ ഇതൊന്നും സംഭവിക്കാറില്ല. ഹോട്ടലിലെ മാനേജർ വേണുവിനെ മർദ്ദിച്ചതുസംബന്ധിച്ചുണ്ടാകുന്ന പണിമുടക്കും ക്ഷമായാചനവുംമറ്റും കേവലം പൊടികയിമയമായ രീതിയിലാണ് പ്രദർശിപ്പിച്ചിരിക്കുന്നതു്. വേണുവും ലക്ഷ്മിയുടെയുള്ള പ്രണയവേഴ്ച കണ്ടു് കുപ്പു് വേണുവിന്റെ താണ്ഡവസ്ഥലത്തു താഡിച്ചതിനുശേഷം ഇന്നും നാട്ടിലെങ്ങും കണ്ടുപോകുന്നതിനു് ഒരു സുഗ്രീവാജ്ഞ പുറപ്പെടുവിക്കുന്നു. അനന്തരാത്രിതന്നെ വേണു പിതാവിനോടുപോലും യാത്ര പറയാതെ നാടുവിടുന്നു. ഇരുപതാംനൂറ്റാണ്ടിൽ ഇമ്മാതിരിയുള്ള യുവാക്കന്മാരെ കാണാൻ കഴിയുമോ എന്നും സംശയമാണ്. പോരെങ്കിൽ വേണു വിപ്ലവപരമായ ചിന്താഗതിയുള്ള ഒരു യുവാവാണെന്നാണ് കഥാഗതിയിൽനിന്നും അനുമാനിക്കേണ്ടതും. വളരെക്കാലം പിതാവിനെക്കുറിച്ചു് യാതൊന്നും അന്വേഷിക്കാതെ വേണു ജീവിക്കുന്നതും സാധാരണ മനുഷ്യപ്രകൃതിക്കുചേർന്ന സ്വഭാവവിശേഷമായിട്ടില്ല. കണ്ടക്ടർ സൈക്കിളിന്റെ പിറകിൽ വേലക്കാരത്തിയെ പിടിച്ചുകയറ്റി ഇരുത്തി വിജയന്റെ വീട്ടുമുറ്റത്തു സൈക്കിൾചവുട്ടുന്നതും മറ്റും സാധാരണ ഡ്രൈവർമാർ കാണിക്കാത്ത വികൃതികളായിട്ടുണ്ട്. പാച്ചു